കൗമുദി



ഈ ലക്കത്തിൽ

കുറിപ്പുകൾ — കെ ബാലകൃഷ്ണൻ

തോരണയുദ്ധം — കിഴക്കുകം

പത്രാധിപരോടു സംസാരിക്കുക — പത്രാധിപർ

സ്പോർട്ട്സ്

യങ്ങ് ചലഞ്ചേഴ്സിന്റെ മൈത്രയാത്ര — ശ്യാമകൃഷ്ണൻ

ഒരു പൊൻകിനാവിന്റെ പൊലിയൽ (ചെറുകഥ) — കെ യു. അബ്ദുൽഖാദർ

വനിതാപംക്തി

യീണുമൊരുപ്പുൾനംക്കുടി — മിസ് ജി ജി. നാഥ്

അല്പസ്സഹം പ്രാണസങ്കടം (വിനോദോദ്യാനം) — സുകുമാർ

സഖി (കവിത) — കെ. പൊന്ന്യം

മലയാള ചലച്ചിത്രങ്ങൾ

എന്തുകൊണ്ട് പരാജയപ്പെട്ടു — ആന്റർ. കേശവൻ നായർ,

കയമുടിലീഗ് — ഉഷച്ചേച്ചി

തന്തയുടെ വിലാപം (കവിത) — ജി രാധാകൃഷ്ണൻനായർ

അവക്കുവേണ്ടി (ചെറുകഥ) — തലയടി. ശാന്തകുമാരി

അച്ഛൻ വരും. (കവിത) — പി. കെ. ഗോപാലൻ

പുതിയലോകത്തിന്റെ വെളിച്ചം (കവിത) — സി. ജെ. മണ്ണാമൂട്ട്

ചെക്കോവിന്റെ രണ്ടു നാടകങ്ങൾ — എ അബ്ദുൽബാരി

മാവൊസെതുംഗ് വാൻസായ് മഹിരോത്സവങ്ങൾ — എൻ. ശ്രീകണ്ഠൻനായർ എം. പി.

കേരളസംസ്കാരവും കലകളും — എം. എസ്സ്.

ജീവിതസമരം — സി. കേശവൻ

അബ്ബാസ് എഴുതുന്നു. നവവത്സരസമ്മാനങ്ങൾ

താരാപഥം ചൈനയിലെ ചലച്ചിത്രവ്യവസായം — വി. പി സാറേ

കഴിഞ്ഞലക്കം

മുഖചിത്രം: — ബീനാറായി

ബഹിഷ്കൃതമന്ത്രിസഭ
അധികാരത്തിൽ
ഇന്നു്
111-ാം ദിവസം

പത്രാധിപർ—കെ. ബാലകൃഷ്ണൻ

Reg. M. 5661 Phone No- 2128 സഹപത്രാധിപർ സി. എൻ. ശ്രീകണ്ഠൻനായർ.

കുടുംബസഞ്ചിക

പുസ്തകം 4 1129 ധനു 27 തിങ്കൾ ലക്കം 42

കെ. സി. മാമ്മൻമാപ്പിള

ഒരു ദീർഘമായ യാത്രകഴിഞ്ഞു നാരകം ക്ഷീണിച്ചു വീട്ടിൽമടങ്ങിവന്ന ഞാൻ ഒരു കിടന്നതേയുള്ളൂ. ഫോണിൽ ബെല്ലടിക്കുന്നതുകേട്ടു ഫോണെടുത്തു ഞാൻ ഏൻറെ പേരുപറഞ്ഞു. "അച്ചുണ്ണനല്ലോ?" എന്നായിരുന്നു ഉത്തരം. ഇതുപറഞ്ഞ ഞാൻ മറുപടിപറഞ്ഞു. രാത്രി രണ്ടുമണിക്കു അച്ചുണ്ണനെ അന്വേഷിക്കാൻ ഏന്നെ തപ്പിമുണക്കിയവരെ ഞാൻ മനസാ പഴിച്ചു. "ങ്ങ് അതു ബാലൻ!" ഒരു വിവരംപറയാനാണു് വിളിച്ചതു്. കെ. സി മാമ്മൻമാപ്പിള മരിച്ചുപോയി" എപ്പോഴെന്നു ഞാൻ ചോദിച്ചു. മരിച്ചിട്ടു കഷ്ടിച്ചു രണ്ടു മണിക്കൂറെ ആയിട്ടുണ്ടുള്ളൂ, അദ്ദേഹം ഫോൺ നിലത്തുവയ്ക്കുന്ന ശബ്ദം ഞാൻകേട്ട ഏൻറെ കയ്യിൽ റസീവർ അപ്പോഴും അങ്ങനെയിരിക്കുന്നു "ശ്രീ. സി. വി. കുഞ്ഞുരാമൻ മരിച്ചുപോയി" എന്നു പറഞ്ഞുകേട്ടതുപോലെ ഒരു തോന്നൽ. ഞാൻ വളരെ അടുത്തു പഴകിയിട്ടില്ലെങ്കിലും എനിക്കു ശ്രീ. മാമ്മൻമാപ്പിളയെ വളരെ അടുത്തറിയാം. ഒരിക്കൽ ടി. കെ. യുടെ മന്ത്രിസമകാലത്തു ഒരു പ്രസ്കാൺഫറൻസിൽവച്ചു ഏന്നെ അദ്ദേഹത്തിനു പരിചയപ്പെടുത്തി. ഞാൻ ഒരു സിഗററ്റ്പുകച്ചുകൊണ്ടിരുന്നതു അദ്ദേഹംകാണാതെ ടേബ്ളുകളുടെ തട്ടിക്കൊണ്ടിരുന്നു. അദ്ദേഹം ഇടയ്ക്കയ്യ്കൊണ്ടു ഏന്നെ പിടിച്ചു ശരീരത്തോടു ചേർത്തുനിറുത്തി. "വളരെ കേമതിയായിപ്പോയി. ഇപ്പോൾ എഴുതുന്നതുണ്ടോ?" എന്നദ്ദേഹം ചോദിച്ചു ഞാൻ മനസ്സിലാകുന്നതുപോലെചിരിച്ചു, അദ്ദേഹം മയിലിലയിലിരുന്ന കാലത്തു അച്ചുണ്ണൻ മയിലിലായിരുന്നു. അന്നു ഞാൻ അതിരഹസ്യങ്ങളായ ചില മർഗ്ഗങ്ങളിലൂടെ അച്ചുണ്ണനു കുത്തുകളയയ്ക്കുക പതിവുണ്ടായിരുന്നു. നീണ്ടുനിണ്ടു പോകുന്ന ഏൻറെ സാഹിത്യസൃഷ്ടികളായിരുന്നു അവ. ഞാൻ നാലാംഫാറ്റത്തിലോമറ്റോ പഠിക്കുന്ന കാലമാണു്. കുത്തുകൾ നിറയെ തെറ്റുകളുമായിരിക്കും എങ്കിലും മയിലിൽ ഏൻറെ കുത്തുകൾ ക്രൂശ്ക്രൂടി വായിക്കപ്പെട്ടിരുന്നു എന്നു ഞാൻ അറിയുന്നുണ്ടായിരുന്നു. അദ്ദേഹം ആ കുത്തുകളുടെ കാര്യമാണു സൂചിപ്പിച്ചതു്. അന്നു അദ്ദേഹം അമ്മയെ കാണുന്നതിനായി വീട്ടിൽ വന്നിരുന്നു. കടലാസു വാങ്ങുന്ന കാര്യങ്ങളെപ്പറ്റി സൂക്ഷമാരംഭമായവന ചില ഉപദേശങ്ങളുമൊക്കെ നൽകിയതായി ഒരു നേരിയ ഓർമ്മയുണ്ടു്. ഫോൺ നിലത്തുവച്ചിട്ട ഞാൻ ഉടനെതന്നെ ആഫീസിലേയ്ക്കു പോയി. ഈ വാർത്ത അടുത്ത പ്രഭാതത്തിലിറങ്ങുന്ന കടലാസുകളിലുണ്ടോ എന്നറിയാനാണു് ഞാൻ ആഫീസിലേയ്ക്കു പോയതു്. ഈ വാർത്തയുമായി അങ്ങിനെകം പത്രം അച്ചടിച്ചു് പാക്കു് ചെയ്തു തുടങ്ങിയിരുന്നു. ഏൻറെ ആഫീസിൽ ഏൻറെ മുറിയിലേയ്ക്കു ഞാൻ പോയി, അവിടെ രണ്ടു ചിത്രങ്ങളുണ്ടു്. ഒന്നു അച്ചുണ്ണൻറേയും മറ്റൊന്നു മുത്തശ്ശൻറേയുമാണു്. സ്നേഹത്തിൻറെയും കണ്ണീരിൻറെയും മുദ്രകൾ. ഏൻറെ ചിന്തയിൽ സ്നേഹവും മരണവും അപ്പോൾ പൊന്തിനിന്നിരുന്നു. ഏകദേശം വിങ്ങിപ്പൊട്ടുന്നതായി തോന്നി ഒന്നു ഞാൻ എഴുതിയയ്ക്കുന്നതു അരമണിക്കൂറായിരിക്കും. വിലയേറിയ ഏന്തോ ഒന്നു കളഞ്ഞുപോയ ഒരു പ്രതീതിയാണെനിക്കനുഭവപ്പെട്ടിരുന്നതു്. ഞാൻ ഒരു പത്രപ്രവർത്തകനാണു്. കഴിയുമെങ്കിൽ അങ്ങനെതന്നെ ജീവിതശേഷം കഴിക്കണമെന്നും ആഗ്രഹമുണ്ടു്. മലയാള പത്രലോകത്തിനു വിസ്മരിക്കാൻ സാധ്യമല്ലാത്ത ഒരു പേരാണു് "കെ. സി മാമ്മൻമാപ്പിള." പത്രലോകത്തിൽ ഏറ്റവും ക്രൂരൻ പഴക്കവും പ്രായവുമുള്ളതുകൊണ്ടല്ല അദ്ദേഹത്തിൻറെ പേരു് വിസ്മരിക്കാൻ അസാധ്യമായിത്തീർന്നിരുന്നതു്. മലയാളപത്രപ്രവർത്തനത്തിൽ കെ. സി. അദ്ദേഹത്തിനേതായ ചില സംഭാവനകളും നൽകിയിട്ടുണ്ടു്. പത്രലോകത്തിനു് കെ സി. നൽകിയ ഏറ്റവും വലിയ സംഭാവനയാണു് ഇന്നു വി. കൃഷ്ണപിള്ള. ശ്രീ ജി പി. നീലകണ്ഠപ്പിള്ളയുടെ തിരഞ്ഞെടുപ്പുസംബന്ധിച്ചു പ്രവർത്തനങ്ങൾക്കായി ഒരു രാത്രി ജി. പി. യും കൊച്ചുണ്ണി ബാലകൃഷ്ണൻ തമ്പിയുമൊത്തു് യാതൊരു മുൻപരിചയവുമില്ലാതെ ഏൻറെ വീട്ടിൽ കയറിവന്നു് ആഹാരം ചോദിച്ചുകൊണ്ടു് സംഭാഷണമാരംഭിച്ച ഇന്നു വി. യുടെ ചിത്രം ശ്രീ കെ സി. മാമ്മൻമാപ്പിളതന്നെ കലാവിരുതോടെ വരച്ചിട്ടുണ്ടു്. അന്നു രാത്രിയാണു് ഇന്നു വി. അദ്ദേഹത്തെ എം. എൽ. സി. കഥ എഴുതിയതു്. കണക്ടർ കുട്ടികഥകൾക്കു് പ്രോത്സാഹനം നൽകിയതു് എം. എൽ സി. കഥകളായിരുന്നു. ഇന്നു വി കൃഷ്ണപിള്ളയെ രക്ഷയിൽ കിട്ടിയാൽ പരമാവധി അതുകൊണ്ടു് എങ്ങനെ പ്രയോജനപ്പെടുത്താമെന്നു കണ്ടുപിടിക്കാൻ കഴിഞ്ഞ ദീർഘദൃഷ്ടിസമ്പന്നനായ ഒരു പത്രാധിപരായിരുന്നു ശ്രീ. കെ. സി. മാമ്മൻമാപ്പിള. ഒരു പത്രാധിപത്നം ഒരു പത്രമുതലാളിയും ഇന്നുവരെ ചെയ്തിട്ടില്ലാത്ത ഒരു കാര്യം ശ്രീ. കെ. സി മാമ്മൻമാപ്പിള ചെയ്തു. മനോരമയ്ക്കു് മൂന്നാംകിടയിലുള്ള ഒരാഴ്ചപ്പതിപ്പുണ്ടാക്കി അതിൻറെ പൂർണ്ണമായ ക്രമത്വവും സാമ്പത്തിക നേട്ടങ്ങളും ഇന്നുവിക്കു വിട്ടുകൊടുത്തു. പുതുതായി ഒരു പത്രം തുടങ്ങുന്നതിനു് മുതലാക്കേണ്ടിയിരുന്ന ചിലവുകളും മറ്റും മനോരമതന്നെ വഹിക്കുകയും ചെയ്തു. ഒരു സ്ഥലത്തും സ്ഥിരമായി മാറ്റാതെ ബാഹ്യമുഖങ്ങളായ പ്രവർത്തനങ്ങളിൽ സദാ വ്യാപൃതനായിരുന്ന ഇന്നു വിയെ ഒരു പത്രമാഫീസിൽ ഇരുത്തു് ഒരു പത്രത്തിൻറെ വിജയത്തിനുവേണ്ടി ഇടതടവില്ലാതെ പണിയെടുപ്പിക്കാൻ സ്നേഹം നിറഞ്ഞ പ്രേരണചെലുത്താൻ കഴിഞ്ഞു എന്നുള്ളതു് ഒരു പത്രാധിപത്വത്തിൻറെ അത്യുത്തമകരമായ നേട്ടമായാണു് എനിക്കു തോന്നുന്നതു് ഒരു തികഞ്ഞ കലാകാരനെ സാമ്പത്തിക നേട്ടങ്ങൾ കാണിച്ചു് അദ്ദേഹത്തിനു അതിലെത്രയോ അധികം ആഗ്രഹമുണ്ടായിരുന്നാലും കർമ്മോൽമുഖനാക്കുക നിസ്സാരമായി സാധിക്കുന്ന ഒരു കാര്യമല്ല. ഇന്നു വി. യുടെ പേ

രുചിച്ചും സങ്കല്പനാമങ്ങളിലും ഒട്ടേറെ കലാസൃഷ്ടികൾ മനോരമവഴി പുറത്തുവന്നിട്ടുണ്ട്. ഇ. വി ഏഴീതിയതല്ലാം മനോരമയ്ക്കും മാമ്മൻമാപ്പിളക്കും ഇഷ്ടപ്പെട്ട കാര്യങ്ങളായിരിക്കണമെന്നില്ല. കലാകാരന്റെ സ്വാതന്ത്ര്യത്തെപ്പറ്റി ഇന്നും വാഗ്വിവാദങ്ങളും പ്രസംഗങ്ങളും നടക്കുണ്ടു് ഒരു കലാകാരനു് നിരങ്കുശമായ സ്വാതന്ത്ര്യംനൽകുന്നകാര്യത്തിൽ ശ്രീ മാമ്മൻമാപ്പിളയോടും വിശാലമനസ്കത പ്രകടമാക്കിയിട്ടുള്ള പത്രാധിപന്മാർ മലയാളത്തിൽ വളരെ ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല രാഷ്ട്രീയകാര്യങ്ങളും സമൂഹജീവിതത്തിൽ സമൂലമായ പ്രേരണകൊടുത്തുകൊണ്ടിരിക്കുന്നതോടെ ശ്രീ മാമ്മൻമാപ്പിളയും തന്റെ വ്യക്തമായ ചില രാഷ്ട്രീയ ചിന്താഗതികളുടെ വിശ്വാസിയും പ്രചാരകനുമായി മാറി. അദ്ദേഹത്തിന്റെ ചിന്താഗതികളോടു് യോജിപ്പില്ലാത്തവരുടെ കൂട്ടത്തിലാണു് ഞാൻ ഇന്നു് ശ്രീ മാമ്മൻമാപ്പിളയെ നാം കൂട്ടത്തലും അറിഞ്ഞതു് ഈ രാഷ്ട്രീയ ചിന്താഗതിയുമായി ബന്ധപ്പെട്ടിരിയാണു്. മലയാള പത്രലോകത്തിനും ഭാഷയുടെ അഭിവൃദ്ധിക്കും കലാകാരന്മാരുടെ സ്വതന്ത്രമായ വളർച്ചക്കും പത്രപ്രവർത്തനത്തിന്റെ മറ്റന്യതയ്ക്കും അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകളും ഈ രാഷ്ട്രീയധ്രുവനിക്ഷ്പക്ഷതയിൽ മറച്ചുവയ്ക്കാവുന്നവയല്ല പത്രപ്രവർത്തനംതന്നെ ഈ നാട്ടിൽ വേണ്ടിടത്തോളം വേരോടിക്കഴിഞ്ഞിട്ടില്ലാത്ത ഒരു സന്ദർഭത്തിൽ പത്രപ്രവർത്തനത്തിനു് അദ്ദേഹം സ്വീകരിച്ച മാനദണ്ഡം ഇന്നും അദ്ദേഹത്തെക്കൊണ്ടു് അംഗീകരിപ്പിക്കുന്ന ഏപ്പോഴെങ്കിലും മാർഗ്ഗം തെളിക്കേണ്ടതു് ഒരിക്കലും അണയാൻ പാടില്ലാത്ത ഒരു മാർഗ്ഗദീപമാണു്. അദ്ദേഹത്തിന്റെ രാഷ്ട്രീയവിശ്വാസങ്ങളെത്രതന്നെ ആയിരുന്നാലും മനുഷ്യസ്നേഹത്തിനു് അദ്ദേഹം കല്പിച്ചിരുന്ന മൂല്യം അസൂയാർഹമാംവണ്ണം ഉന്നതമായിരുന്നുവെന്നു് സമ്മതിച്ചേ മതിയാകൂ. പത്രപ്രവർത്തനത്തിലെ ഒരു ഗുരുനാഥനെന്നും സമൂഹജീവിതത്തിൽ ഒരു പിതാമഹൻ എന്നും ഇന്നു് എനിക്കനുഭവപ്പെടുന്ന കുമുദി അദ്ദേഹത്തിന്റെ ശവകുടീരത്തിൽ മനോരമ ആഴ്പ്പതിപ്പിന്റെ സ്ഥാപകനു് വാരികകളുടെ പേരിൽ ഭാഷയുടെ പേരിൽ കൃതജ്ഞതനിറഞ്ഞ കുസുമവലയം സമർപ്പിക്കുന്നു.

— കെ. ബാലകൃഷ്ണൻ

കലണ്ടർ കൈപ്പറ്റി

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ 1954-ലെ കലണ്ടർ കൈപ്പറ്റി നന്ദി പറയുന്നു. പുതുവത്സരത്തിൽ ഈ സ്ഥാപനങ്ങൾക്കെല്ലാം ഞങ്ങളും ഭാവുകങ്ങൾ നേരുന്നു.

1. റയിൻബോ ഇംക് അൻഡ് വാർണിഷ് മാനുഫാക്ചറിംഗ് കമ്പനി, ബാംഗ്ലൂർ.
2. തനിനിറം, തിരുവനന്തപുരം.
3. ട്രാവൻകൂർ കോവ്സ്റ്റോറീവ് ഇൻഡസ്ട്രീസ്റ്റ്, തിരുവനന്തപുരം.
4. എസ്. വി. പ്രൊഡക്ഷൻസ്, ഇരിഞ്ഞാലക്കുട.
5 യൂണിയൻപ്രസ്സ്, തിരുവനന്തപുരം.
6. ഗോൾഡ് സ്റ്റാർ ഇംക് കമ്പനി ലിമിറ്റഡ്, മദ്രാസ്.
7. സിറ്റി മോട്ടോഴ്സ്, തിരുവനന്തപുരം.
8 ജയ കാർപ്പറേഷൻ, തിരുവനന്തപുരം.
9 സ്വതന്ത്രഫാർമസി, ചാലക്കുടി.
10. കവിയാലുമാം, കനയ്യർ.
11. വിജയമോഹൻപ്രസ്സ്, നെടുമങ്ങാട്.
12. ഉദയാപ്രസ്സ് അൻഡ് ബുക്ക്സ്റ്റാൾ, പുനലൂർ.
13. നിയോ ഫർണിച്ചർമാർട്ട്, തിരുവനന്തപുരം.
14. അയുർവ്വേദാശ്രമം ഫാർമസി, അഹമ്മദ്നഗർ.
15 ഇന്ത്യൻ ചിട്ടിഫണ്ട്, തിരുവനന്തപുരം.
16. ആർ എസ്. പി റഫിംഗ്ഡ് പ്ലാസ്റ്റോ, തിരുവനന്തപുരം.

—പത്രാധിപർ.



തോരണയുദ്ധം

വിഷ്ക്കുംഭം

ബാലിസുഗ്രീവന്മാരുടെ ആസ്ഥാനമായ കിഷ്ക്കിന്ധയിൽ ഒരു അന്തഃച്ഛിദ്രമുണ്ടായി. പാരമ്പര്യം വഴിക്കും ചരിത്രപരമായ കാരണങ്ങളാലും എൻ എസ്. എസ്. എന്ന ബാലിയുടെ കയ്യിലായിരുന്ന രാജ്യഭരണം അനന്തനായ എസ്. എൻ. ഡി. പി രാജകാര്യങ്ങളിൽ യാതൊരു കൈകാര്യവും ഇല്ലായിരുന്നു. പക്ഷെ അനന്തനായ സുഗ്രീവന് അതിൽ പരിഭവം ഉണ്ടായില്ലെന്നുമാത്രമല്ല ജ്യേഷ്ഠനുമായി വളരെ രമ്യമായി കഴിഞ്ഞുകൂടുകയുമായിരുന്നു. കിഷ്ക്കിന്ധയിലെ ഈ ശാന്തസ്ഥിതി ദേവകൃത്യമായി ഭൂമിയിൽ അവതരിച്ച രാമന്റെ പ്രവൃത്തിപന്ഥാവിനെ സഹായിക്കുകയില്ലെന്നകണ്ട ദേവകോപം അസ്വസ്ഥരായി. കിഷ്ക്കിന്ധയിലെ നിശ്ചലമായ അന്തരീക്ഷത്തിൽ കാർമൊണ്ടൽ വന്നുകേറി. വീണപോന്നിയായ ദേവഷി എൻ. വി. ജോസഫ് കിഷ്ക്കിന്ധയിലേയ്ക്കു തിരിച്ച ഒരുനാഥം പ്രഭാതത്തിൽ കിഷ്ക്കിന്ധയിലെ ജനങ്ങൾ അകാശത്തു ഒരു അത്ഭുതം ദർശിച്ചു അത്യന്തം തേജസ്വിയായ ഒരാൾ അകാശമാർഗ്ഗത്തിൽ നിന്നും ഭൂമിയിലേക്കവതരിക്കുന്നു കണ്ടു ലോകം ഒന്നാകെ അത്ഭുതസ്തബ്ധരായി ആദിത്യദേവനാണോ എന്നു് ചിലർ സംശയിച്ചു. സൂര്യനായിരിക്കാൻ ഇടയില്ല എന്തെന്നാൽ സൂര്യന്റെ ഗതി വിലങ്ങനെയാണല്ലോ! പിന്നെ സർവ്വസംഹാരകനായ അഗ്നിഭഗവാനായിരിക്കുമോ എന്നായി സംശയം. അതും ആയിരിക്കാനിടയില്ല. എന്തെന്നാൽ അഗ്നിയുടെ ഗതി താഴെ നിന്നും മേലോട്ടാണല്ലോ വരുന്നതു പ്രസിദ്ധമാണല്ലോ! അങ്ങിനെ ജനങ്ങൾ സംഭ്രമിച്ചു നോക്കിനിന്നപ്പോൾ, ഹിമവാന്റെ കൊടുമുടിയിൽ പഴുത്തു മഞ്ഞളിച്ച വലിയൊരുകുടം നിൽക്കുന്നതുപോലെ കർപ്പൂരപരാഗ ക്ഷുമാരംപോലെ വെളുത്ത ശരീരത്തിൽ ചെമ്പിച്ച നിൽക്കുന്ന ജടാഭാരവുമായി, ഇടതടവില്ലാതെ ജപമാലയും കൊന്തയും കയ്യിലേന്തി കൈകാര്യംചെയ്യുകയാൽ ഞാറാം തേഞ്ഞു ശോഭിക്കുന്ന തള്ളവിരലിലെയും ചൂണ്ടുവിരലിലേയും നഖങ്ങളാൽ അതിരന്തം പ്രശോഭിതനായ സാക്ഷാൽ ദീപിക പത്രാധിപർ എൻ. വി. ജോസഫ് അവിടെ അവതീർണ്ണനായി. ഹിരണ്യശ്മശ്രുവായിരിക്കുന്ന ആ മഹർഷിയെക്കണ്ടു് എസ്. എൻ. ഡി. പി. പ്രസിഡണ്ടും ജഗന്നിവാസനമായ്രിക്കുന്ന സാക്ഷാൽ അയ്യപ്പൻ രത്നപീഠത്തിൽനിന്നും ചാടിയെഴുന്നേറ്റു് മഹർഷിയെ സല്ക്കരിച്ചിരുത്തി കുശലപ്രശ്നം ചെയ്തു

എൻ. വി ജോസഫ് ഉവാച:-

ഇഹപരലോകങ്ങളും ഉള്ളിൽസ്ഥിതിചെയ്യുന്നുണ്ടെങ്കിലും നീ നിന്റെ

ഇൻഡ്യൻ ചിട്ടിഫണ്ട്

ക്ലിപ്പം, തിരുവനന്തപുരം—1.

12500 രൂപയുടെ

പ്രതിമാസലേലച്ചിട്ടി "കൃഷ്ണസെക്യൂരിറ്റിയിന്മേൽ"

പുതുതായി വിണ്ടും ഉടനെ ആരംഭിക്കുന്നു

(A)	75 രൂ.	40 മാസം	രൂ. 3000	(E)	$17\frac{1}{2}$ രൂ.	40 മാസം	രൂ. 700x2
(B)	50 ,,	,,	2000	(F)	15 ,,	,, ,,	600
(C)	$37\frac{1}{2}$,,	,,	1500	(G)	$12\frac{1}{2}$,,	,, ,,	500x4
(D)	25 ,,	,,	100x2				

ഉടനെ ചിട്ടികൾ തുടങ്ങുന്നു. ആവശ്യപ്പെട്ടാലുടനെ വന്നുലേലം ചെയ്യിക്കുന്നതുമാണ്.

കെ. രാമോദരൻപിള്ള,

മാനേജിംഗ് ഡയറക്ടർ.

രക്കി അറിയുന്നില്ല വിശ്വപൗരത്വമുള്ള ജയിക്കാൻ പോകുന്ന ആ മംഗലമഹാശക്തിയെ തട്ടിയുണർത്തിയാൽ നീയും നിന്റെ ആരാധകരും ഇങ്ങിനെ കിഷ്കിന്ധയിൽഎന്നും അടിമകളായി കഴിയേണ്ടിവരുകയില്ല രാജ്യഭാരണം ബാലികയുടെ കിവച്ചിരിക്കുകയല്ലേ? ഈ കുരങ്ങൻ അവസാനിപ്പിക്കുവാൻ നമുക്കു സംഘടിക്കാം കോൺഗ്രസ്സോലിക്കാകാൻഗ്രസ്സും മുസ്ലീംലീഗും എസ് എൻ. ഡി പി യും ചേർന്ന് ഒരു സംയുക്ത കൂട്ടുകെട്ടുണ്ടാക്കിയാൽ എൻ എസ്. എസ്സിന്റെ കയ്യിൽനിന്നും രാജ്യാധികാരം നമുക്കു പിടിച്ചെടുക്കാം.

ഇങ്ങിനെ ഉപദേശിച്ചുകൊണ്ട് നാരദൻ അപ്രത്യക്ഷനായി. ശ്രീവാൻ അതളിച്ചെയ്യുന്നു് അക്ഷരം പ്രതി ശരിയാണെന്ന് സുഗ്രീവനു ബോദ്ധ്യംവന്നു. അതിന്റെ ഫലമായി രാമലക്ഷ്മണന്മാരും സുഗ്രീവനുമായിട്ടുള്ള മുപ്പിരിസംയുക്തം ഉടലെടുത്തു.

അഭിഷേക വിഘ്നം

തനിക്കു വാർദ്ധക്യകാലം വന്നു ചേർന്നതിനാലും, ജനങ്ങളുടെ ഹിതം അങ്ങിനെയായതിനാലും രാമനെ യുവരാജാവായി അഭിഷേകം കഴിച്ചുകാണ്മാൻ ദശരഥൻ തീരുമാനിച്ചു. യുവരാജ്യാഭിഷേകത്തിനുള്ള ഒരുക്കങ്ങളും പൂർത്തിയായി. ഇനി ടി. എം വരഗീസിനെ പട്ടംകെട്ടിക്കാനുള്ള ചടങ്ങുമാത്രമേ അവശേഷിക്കുന്നുള്ളൂ. അതുകണ്ട് ദേവലോകത്തു പരിഭ്രമമായി രാവണവധത്തിനായി അവതരിച്ചിരിക്കുന്ന രാമൻ അയോദ്ധ്യാധിപതിയായാൽ തങ്ങളുടെ കാര്യം അപകടത്തിലാവും എന്നവർ മനക്കട്ടികണ്ടറിഞ്ഞു. ദേവകളുടെ അഭ്യർത്ഥനപ്രകാരം വാണീദേവി മന്ഥരയെന്ന കഞ്ഞുജയുടെ നാവിൽ കുടിയേറി. മന്ഥര ചെന്ന് കൈകേയിയെ ഇളക്കി പാട്ടിലാക്കി അന്നു രാത്രി ദശരഥൻ കൈകേയിയുടെ മണിമാറയിൽ ചെന്നപ്പോൾ അവൾ തലമുടിയും അഴിച്ചിട്ട് കണ്ണുനീരും ഒഴുക്കിക്കൊണ്ട് വെറുംനിലത്തുകിടക്കുന്നു. അതുകണ്ട് ദശരഥൻറമനസ്സു പതറി. രാമനെ വനവാസത്തിനയയ്ക്കാനും ഭരതനെ വാഴിക്കാനും രാജാവ് സമ്മതിച്ചു. പിറേന്നു പുലർന്നപ്പോൾ അയോദ്ധ്യാവാസികൾ ശ്രവിച്ചതു് ടി. എം വരഗീസിന്റെ അഭിഷേകംമുടങ്ങിപ്പോയ എന്ന വാർത്തയായിരുന്നു.

പൊതുജനാഭിപ്രായം കൂട്ടുകേറുന്നു

ദശരഥന്റെ വാഗ്ദാനം നിറവേറ്റാനായി ടി. എം വരഗീസും സീ. കേശവനും വനവാസത്തിനു പുറപ്പെട്ട പൊതുജനാഭിപ്രായം എന്ന സീതയാകട്ടെ.

"എന്നാര്യപുത്രൻ വനത്തിനു പോയാൽ
പിന്നിപ്പുരീവാസമെന്തിനു വേണ്ടി?"

എന്നു ചൊല്ലി. അങ്ങിനെ രാമലക്ഷ്മണന്മാരും സീതയും ദണ്ഡകാരണ്യത്തിൽ പ്രവേശിച്ച് മഹർഷി മാരെയെല്ലാം വണങ്ങിയതിനുശേഷം പഞ്ചവടിയിൽ ഒരു പർണ്ണശാല യുണ്ടാക്കി താമസമാരംഭിച്ചു. അങ്ങിനെ ചിലനാൾ ചെന്നപ്പോൾ ടി. കെ. നാരായണപിള്ള സൈന്യസമേതം അവിടെഎത്തി ജ്യേഷ്ഠനെ അയോദ്ധ്യയിലേയ്ക്കു ക്ഷണിച്ചു വരഗീസുകരുടെ തന്ത്രപൂർവ്വം ആ അഭ്യർത്ഥന നിരസിച്ചു. പതിന്നാലു മാസംകഴിഞ്ഞു താൻ തിരിച്ചുവന്നു രാജ്യഭാരം ഏറ്റെടുത്തുകൊള്ളാമെന്നുള്ള കരാറിൽ ടി കെ. നാരായണപിള്ള അയോദ്ധ്യാധിപതിയായി പകരംവാങ്ങിക്കൊള്ളാമെന്നു സമ്മതിച്ചു. അയോദ്ധ്യയിൽ മടങ്ങിയെത്തിയ നാരായണപിള്ള വരഗീസിന്റെ പാദുകംവച്ചു പൂജിച്ചു്, വരഗീസിനുവേണ്ടി രാജ്യം ഭരിച്ചു.

സീതാപഹരണം

പഞ്ചവടിയിലെ പർണ്ണശാലയിൽ താമസിക്കുന്ന ജഗന്മോഹിനിയായ പൊതുജനാഭിപ്രായം എന്ന സീതാദേവിയെ അപഹരിച്ചുകൊണ്ടുപോകുവാൻ ലങ്കാധിപതിയായ രാവണൻ നിശ്ചയിച്ചു. പി. എസ്. നടരാജപിള്ളയെ പൊന്മാനാക്കി അങ്ങോട്ടയച്ചു. അവൻ വന്ന പർണ്ണശാലയുടെ സമീപപ്രദേശത്തു നിന്നുകൊണ്ട് സീതയെ കടാക്ഷിക്കുകയും, അവിടെയുള്ള ശ്രീരാമപ്രദേശത്തു ഇല്ലിച്ചാടിക്കളിക്കുകയും ചെയ്തപ്പോൾ സീതയ്ക്ക് അവനെ കിട്ടണമെന്ന മോഹം ജനിച്ചു സീതയെ ലക്ഷ്മണന്റെ രക്ഷയിൽ ആക്കിക്കൊണ്ട് രാമൻ വില്ലുമെടുത്തു മാനിന്റെ പുറകെ ഓടി. ഓടിയോടി ഡൽഹിവരെ എത്തിയ മാനിനെ രാമൻ അമ്പെയ്തു വീഴ്ത്തി. "അയ്യോ! കേശവാ! ഞാനിതാ മരിക്കാറായി. ഓടിവായോ!" എന്നുള്ള ദീനരോദനത്തോടെ മാരീചൻ ദിവംഗതനായി. രാമന്റെ നിലവിളികേട്ട സീത വിഷമിച്ച ലക്ഷ്മണനെ പിടിച്ചുതള്ളി രാമന്റെ രക്ഷയ്ക്കായി വനാന്തരത്തിലേയ്ക്കയച്ചു.

രാമലക്ഷ്മണന്മാർ അകന്നതക്കംനോക്കി രാവണൻ അവിടെ എത്തി സീതയെ പുഷ്പകവിമാനത്തിൽ കേറ്റി തെക്കോട്ടുകൊണ്ടുപോയി. അങ്ങിനെ പോകുംവഴി സീതയുടെ നിലവിളികേട്ട കമ്പളത്തു രങ്കപ്പിള്ള അഷ്ടമുടിക്കായലിന്റെ തീരത്തുവച്ച് നഖരക്ഷുണ്ണങ്ങൾകൊണ്ട് ഘോരഘോരം രാവണനോടേറ്റു. ആ യുദ്ധത്തിൽ പക്ഷങ്ങൾ ഛേദിക്കപ്പെട്ട നിലയിൽ ആ പക്ഷിരാജൻ തല്ക്ഷണം അന്ത്യപ്രാണനായി നിലംപതിച്ചു.

സുഗ്രീവസഖ്യം

രാക്ഷസമായയിൽ വഞ്ചിതരായ രാമലക്ഷ്മണന്മാർ തിരിച്ചുവന്നു നോക്കിയപ്പോൾ പർണ്ണശാല ശൂന്യമായി കണ്ടു വാവിട്ട നിലവിളിച്ചു.

"മമതതനി സീതേ!
പുനരെവിടെ നീ പോയ്
അതുകിൽ മമ വാവാ!"

എന്നു നിലവിളിച്ചുകൊണ്ടുപോ[കു]ന്ന പൊതുജനാഭിപ്രായം നഷ്ടപ്പെട്ട വരഗീസ് കേശവന്മാർ ആ കാട്ടിലെ[ല]ക്കെ അലഞ്ഞുനടന്നു. ഒടുവിൽ [ക]

ക്ഷ്കിന്ധയിൽഎത്തി. ബാലിയെ പേടിച്ചു സുഗ്രീവൻ അന്ന അങ്കർ ഗുണ്ടിൽ വസിക്കുകയായിരുന്നു. പുത്രനായിവന്നചേർന്ന ബന്ധുക്ക ളെ കെ. പി. നീലകണ്ഠപ്പിള്ളയവ ന്ന കഴുത്തിലേറ്റിക്കൊണ്ടു പോയി കഠാച്ചക്കോണത്തുകുന്നിൽവച്ചു രാ മലക്ഷ്മണന്മാരും സുഗ്രീവനും ത മ്മിൽ ഒരു സഖ്യം ഒപ്പുവച്ചു—ഇവ ക്കുട്ടരും പരസ്പരം സഹായിച്ചു കൊള്ളാമെന്നു് ബാലിയെ ഒഴി യെയ്യെ കൊന്നു് രാജ്യം സുഗ്രീ വനു നൽകാമെന്നു് രാമനും, സീ തയെ രാമനു വീണ്ടെടുത്തുകൊടു ക്കാമെന്നു് സുഗ്രീവനും പ്രതിജ്ഞ ചെയ്തു.

ബാലിവധം

കഠാച്ചക്കോണത്തു കുന്നിന്റെ അടിവാരത്തുവച്ചു് മന്ത്രശങ്കരന്മാർ എന്ന കപിദ്വന്ദ്വം അതിഭയങ്കര മായി ഏറ്റുമുട്ടി. അപ്പോൾ ഒരു മരത്തിന്റെ മറപറ്റി നിന്നുകൊ ണ്ടു് ടി. എം. വരശീസു് വില്ലുകുല ച്ചു് അസ്ത്രംവലിച്ചുവിട്ടു. അതു സായ കം ചെന്നമന്ത്രത്തിന്റെ നെഞ്ചിൽ തറച്ചു. ടി. എം. വരശീസിന്റെ ദീർഘപരിശ്രമത്തേയും കായബ്യത്തേയും പുകഴ്ത്തിക്കൊണ്ടു് ബാലി പരശതി യടഞ്ഞു.

സമുദ്രലംഘനം

ബാലിവധത്തിനുശേഷം കാലവ ർഷവും ശരല്ക്കാലവർഷവും ചെയ്തു തീർന്നെങ്കിലും സുഗ്രീവൻ സഖ്യം പരിപാലിച്ചു കാണായ്കയാൽ രാമൻ കോപിഷ്ഠനായി. ഉടനെ സീതാന്വേഷണത്തിനായി നാലു ദിക്കിലേക്കും വാനരപ്പട പുറപ്പെട്ടു. തത്ക്കാലദിക്കിലോക്കി പുറപ്പെട്ട പടയുടെ തലവനായ കെ. പി. നീലകണ്ഠപ്പിള്ളയെ വി ളിച്ചു് വരശീസു് മുമ്പോതിരവും അടയാളവാക്യവും ഏല്പിച്ചുവിട്ടു— അതു വാനരസൈന്യം പമ്പനദി യിലെത്തിയപ്പോൾ ചന്ദ്രഹാസത്തിന്റെ വെട്ടുകൊണ്ടു് പക്ഷങ്ങൾ നഷ്ട പ്പെട്ടു് അല്പപ്രാണനായിക്കിടന്ന കഴുകപ്പിള്ളയെകണ്ടു സീതാദേവിയെ തിരുവനന്തപുരത്തു തന്നെ അശോകവനികയിൽ ഭദ്രമാ യിസൂക്ഷിച്ചു വച്ചിരിക്കുകയാണെ ന്നു് ഗർഭദൃഷ്ടിയായ ഈ പക്ഷിരാജൻ പറഞ്ഞു അധികം താമസിയാതെ ചരമമടഞ്ഞ ജഡായു യിന്റെ ഉത്തേജിയകർമ്മം യഥാചാ രം നിർവ്വഹിച്ചുകൊണ്ടു് വാനരപ്പട തിരുവനന്തപുരം ലക്ഷ്യമാക്കി വീ ണ്ടും പ്രയാണമാരംഭിച്ചു. അങ്ങിനെ മുമ്പോട്ടു നീങ്ങിയ വാനരപ്പട നൂറു യോജന വിസ്താരത്തിൽ പരന്നുകി ടക്കുന്ന ഒരു സമുദ്രത്തിന്റെ മുമ്പിൽ ചെന്നു മുട്ടിനിന്നു. ഈ കടലിനക്കരെയാണു് സീതാദേവിയെ കടി യിരുത്തിയിരിക്കുന്നതു്. മരങ്ങാടി കളായ നാം ഈ പ്രതിബന്ധം ചാടിക്കടക്കുകതന്നെ വേണ്ടിയിരി ക്കുന്നു. ആരുണ്ടിതിനു കരുത്തുള്ള വർ—എന്നു് പാറത്തിൽ മുപ്പന്മാർ വിളിച്ചു ചോദിച്ചു.

ഹനുമാന്റെ പൂർവ്വചരിത്രം

മുപ്പന്റെ ആഹ്വാനമനുസരിച്ചു കപികൾ തങ്ങളുടെ ചാട്ടത്തിന്റെ റിക്കാർഡുകൾ സമർപ്പിച്ചു. അറു യോജന, പന്ത്രണ്ടു യോജന, 38 യോജന, അങ്ങിനെ 41 യോജന വരെ ചാടിയവർ ഉണ്ടു്. 100 യോജനക്കാരെ ആരെയും കണ്ടി ല്ല. അവസാനം പോരാ അങ്ങോട്ടും ഇങ്ങോട്ടും, ചാടണമെങ്കിൽ കുറഞ്ഞതു് 200 യോജന ചാടാൻ കഴിവുള്ളവൻതന്നെ ഉണ്ടാകണമ ല്ലൊ. അതിനാരുണ്ടു് എന്നു തിര ക്കിയപ്പോൾ ജാംബവാൻ ഇങ്ങി നെ വെളിപ്പാടുകൊണ്ടു:—

ഇക്കൂട്ടത്തിൽ ഇതിനു സമർത്ഥ നായി ഒരാളെ മാത്രമേ ഞാൻ അറിയുന്നുള്ളൂ. അതു വായുപുത്രനാ യ കെ. പി. നീലകണ്ഠപ്പിള്ളയല്ലാതെ മറ്റാരുമല്ല. ഇവനെ ഒപ്പറിട്ടപ്പോൾ തന്നെ കുതിച്ചുചാട്ടവും ഇവൻ അഭ്യസിച്ചിരിക്കുന്നു. ഇരുമ്പു മുറിച്ചു മുരൽ കൊണ്ടെടികൊണ്ടു തലപൊട്ടിയ പ്പോൾ ഇവൻ 1000 യോജന ഒപ്പം ചാടി സിങ്കപ്പൂർവരെപോയി മട ങ്ങിവന്നവനാണു്. സൂര്യൻ ഉദിച്ചു വരുന്ന രാജ്യമാണു് സിങ്കപ്പൂർ. അ വിടെപ്പോയി ആ പൊൻകനിയും തട്ടിറപ്പെടുത്തുകൊണ്ടാണിവർ തിരി ച്ചുവന്നതു്. അവിടെനിന്നും മട ങ്ങിവരുന്നതിനുശേഷം യാതൊരു ഏ ടാകൂടത്തിനും പോകാതെ, ചാട്ടം തന്നെ മറന്നമട്ടിൽ ഇവൻ ഒളുങ്ങി കഴിഞ്ഞു. അതുകൊണ്ടിവൻ ചാട്ട മൊക്കെ മറന്നുപോയെന്നു കരുത രുതു്. വേണ്ടിവന്നാൽ ഇനിയും ചാടാൻ ഇവൻ കരുത്തനാണു്.

THE
TARAPADHAM

ADVERTISEMENT RATES.

Cover Front Page	Rs.	125
„ Last Page	„	100
„ 2nd Page	„	75
„ 3rd Page	„	75
Inner Full Page	„	50
„ Half Page	„	30
„ Pr inch Single Col.	„	2

ആ ഹനുമാനെവിടെ? അവൻ മുമ്പോട്ടുവരട്ടെ—എന്നു് കപികളെ ല്ലാം ആർത്തുവിളിച്ചു

ലങ്കാപ്രവേശം

കീർത്തനങ്ങൾ കേട്ടിളകിയ ഹനു മാൻ വേളീകുന്നിന്റെ ഉച്ചി യിൽ കേറിനിന്നുകൊണ്ടൊന്നലറി. കല്പാന്തരോയം തള്ളിവരുന്നപോലു ള്ള ആ അലർച്ച കേട്ടു് മഠവള്ള കപികൾ മോഹാലസ്യപ്പെട്ടു. കഴുത്തുനീട്ടി, നെഞ്ചു പെരുക്കി, കാൽമടയു് വക്കുച്ചു്, കൈകളും ആകാശത്തു പരത്തിപ്പി ടിച്ചു് വായും ഉയർത്തിപ്പിടിച്ചു് തി രുവനന്തപുരം പ്രതി അവൻ ആ കാശത്തേയ്ക്കുന്നപ്പോൾ, കഠിനം കല്ലത്തു കായലിൽ അലകളയർന്നു; വാനപുരം ആകെ ഒഴുങ്ങനിന്നു; മുതലപ്പാഴി താനെ അടഞ്ഞു. അരയാളുത്തിലെ തൊണ്ടുകഴിക ളെല്ലാം സ്തംഭിച്ചുനിന്നു.

അനന്തരം സന്ധ്യയോടുകൂടി ഹനു മാൻ ലങ്കാനഗരത്തിന്റെ ബാഹ്യ പ്രാകാരങ്ങൾ ഭേദിച്ചു് അകത്തുകട ന്നു. മാർഗ്ഗം വിലങ്ങിയിരുന്നിന്ന ല ങ്കാ ലക്ഷ്മിയെ ഇടിച്ചു തകർ ത്തുകൊണ്ടാണു് അടി യുറപ്പിച്ചതു്. അവിടെനിന്നും ഓടി യോടിച്ചു. ലങ്കാനഗരിയിലുള്ള മ ണിമേടകളുടെ മണിയറകളെ ല്ലാം പരിശോധിച്ചതിലും ഒരിട ത്തും സീതാദേവിയെ കണ്ടെത്തായ്ക യാൽ മനമുഴറിനടന്ന ഹനുമാൻ അ ങ്ങിനെ സഞ്ചരിക്കുമ്പോൾ അശോ കവനികയിൽ ശിംശപാമൂലത്തിൽ ഭദ്രമായി കാത്തുസൂക്ഷിക്കപ്പെട്ടനി വളായ ദേവിയെ കണ്ടെത്തി.

ഹനുമദ് — സീതാസംവാദം

കുവൽക്കാരെല്ലാം ഉറങ്ങിയ തക്കം നോക്കി ഹനുമാൻ ദേവി യുടെ മുമ്പിൽനിന്നു താണുതൊഴുതു. അല്ലയോ ദേവി! പൊയ്മുഖനാമി പ്പായമോ നീ ഏതൻ ക്രൂരപോ നാലും നിന്നെ ഞാൻ തോളിലേ റ്റി അക്കരെകടന്ന രാമസന്നിധി യിൽ എത്തിയ്ക്കുവാം—ഹനുമാന്റെ ഈ അഭ്യർത്ഥനയെ സീത വിശ്വസിച്ചില്ല. ഉടനെ ഹനുമാൻ തന്റെ വി ശ്വരൂപം പ്രകടിപ്പിച്ചു് ഈ രാ ജ്യത്തെ ഏറ്റവും ഉന്നതനാണ് താനെന്നു് ദേവിയെ ബോദ്ധ്യപ്പെടുത്തി. ദുർന്നയനിന്റെകൂടെ ഞാൻ വരുന്നില്ല. അല്ലെങ്കിലും അതുമാറ്റമായിട്ടാണിവിടെ കടന്നിരിക്കുന്നതു്. രാമൻ വന്നു നേരിട്ടുയുദ്ധം ചെയ്യുന്നതെന്നെ വീണ്ടെടുക്കണം—എന്നു് ദേവി ഹനുമാനോടുപറഞ്ഞു.

തോരണയുദ്ധം

അശോകവനികയിൽനിന്നും പി ൻവാങ്ങിയ ഹനുമാൻ ഉദ്യാന ത്തിൽ പ്രവേശിച്ചു് മരങ്ങളും തകർത്തു ഇടിച്ചു. ഒരു കുരങ്ങൻവന്നു ഉദ്യാനം തകർക്കുന്നുവെന്നും, ഉദ്യാനപാലകരെയെല്ലാം അടിച്ചുകൊന്നുവെന്നും കേട്ടപ്പോൾ ഇന്ദ്രജിത്തു് കോപാക്രാന്തനായി വന്നു് അവനെ പിടിച്ചു കെട്ടി രാവണസന്നിധിയിൽ ഹാജരാക്കി. ഉന്നതമായ സിംഹാസനത്തിൽ ഇ രിക്കുന്ന ചട്ടംതാണപിള്ളയെ ക ണ്ടപ്പോൾ കെ. പി. നീലകണ്ഠ പിള്ളയുടെ മക്കടബുദ്ധി വിജൃം ഭിച്ചു. സ്വന്തം വാൽവളച്ചു് ഉര ലുപോലെ ഒരുക്കി അതിന്റെ മുകളിൽ പൃഷ്ഠംകത്തി അവൻ താ ണപിള്ളയെക്കാളും ഒപ്പം കാണിച്ചു. വകതിരിവില്ലാത്ത ഈ ദൂത നെ നല്ല പാഠം പഠിപ്പിച്ചുവിടാൻ താണപിള്ള ആജ്ഞാപിച്ചതനുസ രിച്ചുഅവന്റെ വാലിൽ നിറയെ തുണിമുറിച്ചെണ്ണയൊഴിച്ചു തീകൊ ളുത്തിവിട്ടു. വാലിൽ തീപിടിച്ച നീലകണ്ഠപ്പിള്ള ചിറയിൻകീഴി ലേയ്ക്കു തന്നെ തിരിച്ചുചാടിയെന്നും അഞ്ചുതെങ്ങിൽ കായലിൽ മുങ്ങി യാണു് വാലിലെ തീകെടുത്തിയ തെന്നും അതോടെ അവിടത്തെ കൊലുക ശല്യം അവസാനിച്ചു വെന്നും അതുവഴി വന്ന തൊണ്ട വള്ളക്കാർ ഒരേ വാർത്ത പ്രചരി പ്പിച്ചു.

—

പത്രാധിപരോട് സംസാരിക്കുക

[ഈ പംക്തിയിൽ പത്രാധിപർ വായനക്കാരുമായി സംസാരിക്കാൻ ശ്രമിക്കുന്നു. നിങ്ങൾക്കു ഇഷ്ടമുള്ള കാര്യം ചോദ്യരൂപത്തിൽ പത്രാധിപർക്കു എഴുതുക. കവറിനു മുകളിൽ "ചോദ്യം" എന്നു കാണിച്ചിരിക്കണം. നന്നായിരുന്നാൽ നിങ്ങളുടെ ചോദ്യത്തിനു അണു കൃപാ സമ്മാനം ലഭിക്കും. പത്രാധിപർ]

എൻ. തങ്കപ്പൻ, മാത്തൂള, സിലോൺ.

താങ്കൾ വായനക്കാരുമായി സല്ലപിക്കുന്നുള്ള ഒരു പംക്തിയായികരുതുന്ന ചോദ്യോത്തരപംക്തിയിൽ ചോദ്യങ്ങൾ തിരഞ്ഞെടുക്കുന്നതിൽ ചില രാഷ്ട്രീയം കടന്നുകൂടിയിട്ടുണ്ടെന്നു തെളിയിച്ചുതന്നാൽ ?

ഞാൻ രാഷ്ട്രീയത്തെപ്പറ്റിയും സംസാരിക്കാറുണ്ട്. ഈ പംക്തിയിലും പുറത്തും രാഷ്ട്രീയത്തിൽനിന്നു ഒളിച്ചോടാറില്ല.

പി. കെ. കാർത്തികേയൻനായർ, തിരുവനന്തപുരം

സി. എൻ. ശ്രീകണ്ഠൻനായർ ഇപ്പോഴും പെരുന്നാന്നിയിലാണോ താമസം?

ശ്രീകണ്ഠൻ പേട്ടയിൽ താമസമായിട്ടു ഒരു വർഷത്തിനു മേലായി. എന്തിനാണു അന്വേഷിക്കുന്നതു?

എൻ. എ. റഷീദ, കോട്ടയം.

കോൺഗ്രസ്സിന്റെ നയപരിപാടികളോടു വിയോജിപ്പുള്ളവർ കോൺഗ്രസ്സിൽതന്നെ നിൽക്കുന്നതിനെപ്പറ്റി എന്താണു പത്രാധിപരുടെ അഭിപ്രായം?

നാം രാഷ്ട്രീയരംഗത്തു വലിയ യാഥാസ്ഥിതികരാണ്. ഏതും പാർട്ടി മാറുന്നവരെപ്പറ്റി നമുക്കു വലിയ ബഹുമാനമില്ല. കോൺഗ്രസ്സിനോടു പിണങ്ങി അടുത്ത ദിവസം ജനാധിപത്യമുന്നണി പ്ലാറ്റ്ഫാറത്തിൽ പോയി പ്രസംഗിച്ചു രണ്ടുനാൾ കഴിഞ്ഞു വീണ്ടും കോൺഗ്രസ്സിൽപോകുന്ന പല മന്നന്മാരും നമ്മുടെ നാട്ടിലുണ്ട്. അവരെക്കാൾ ഒച്ചമാണ ഈ മാഠാതെ നിൽക്കുന്ന കോൺഗ്രസ്സുകാരെന്നു പറയാം. അവർ പറയുന്നതു അവർ കോൺഗ്രസ്സിനെ നന്നാക്കിയെടുക്കാൻ പോകുന്നെന്നാണ്. ഇങ്ങനെ നന്നാക്കിയെടുക്കാൻ പോകുന്നവരും നശിക്കുന്നതായല്ലാതെ കോൺഗ്രസ്സ് നന്നാകുന്നതായി നാമിതുവരെ കണ്ടിട്ടില്ല.

റവ. വി. വർഗ്ഗീസ്, വ. പറവൂർ

മനുഷ്യനെ വൃക്ഷത്തോടുപമിക്കാമോ?

മനുഷ്യരുടെയിടയിൽ കൂടെ പാഴ്മരങ്ങളുണ്ടെന്നു തീർച്ചയാണ്.

എൽ. പ്രഭാവതി, കായംകുളം.

തിരഞ്ഞെടുപ്പു അടുത്തുവരുംതോറും ഈ പംക്തി ഇല്ലാതാകുമോ?

ഇല്ല. തിരഞ്ഞെടുപ്പുകാലത്തു ഈ പംക്തി കൂടുതൽ സജീവമാക്കണമെന്നാണുദ്ദേശിക്കുന്നതു. ഓരോ നിയോജകമണ്ഡലങ്ങളിൽ കോൺഗ്രസ്സുകാർ നടത്തുന്ന കള്ളപ്രചരണങ്ങൾ എനിക്കെഴുതി അയയ്ക്കുക അതിനുള്ള മറുപടി ഞാൻ ഈ പംക്തിയിൽ ഹ്രസ്വമായി പറയാം. അത്തരം ചോദ്യങ്ങൾ കവറിനുമുകളിൽ "ഇലക്ഷൻ" എന്നെഴുതി അയച്ചാൽ അതു പൊളിക്കാൻ ആഫീസിലെ ഏർപ്പാടുചെയ്യാം.

കെ. വനജം, വിമൻസ് കോളേജ്.

കുമുദിയിലെ വനിതാപംക്തിയെ കാർമേഘങ്ങൾക്കിടയിൽ അകപ്പെട്ടുപോയ ചന്ദ്രനോടും കുമുദി ലീഗിനെ ചന്ദ്രികയോടും ഉപമിക്കാമെങ്കിൽ ചോദ്യോത്തരപംക്തിയെ എന്തിനോടുപമിക്കാം?

അസൂയകരമായ, എന്നാൽ ചിലർക്കു പ്രയോജനകരമായ പെരുമഴയോടു്.

കെ. ജി. ചെല്ലപ്പപ്പണിക്കർ, ആലപ്പുഴ.

മി. ബാലനും പനച്ചിക്കലിയും തമ്മിൽ ഒരു വിജനസ്ഥലത്തു സന്ധിച്ചാൽ?

ജനവാസമുള്ള സ്ഥലത്തു പൊരുതിചേരാൻ ഞങ്ങൾ മനസ്സിച്ചേർന്നു പദ്ധതി തയ്യാറാക്കും.

കെ. എൻ. സുകുമാരൻ, ആനയറ.

കുമുദി പത്രാധിപസമിതിയിൽ ഏറ്റവും മിടുക്കനായ പത്രാധിപർ ആരാണു്?

ഒരു പത്രത്തിന്റെ വിജയം ഒരു പത്രാധിപരെ ആശ്രയിച്ചിരിക്കുന്ന കാര്യമല്ല. കുമുദിക്കു രണ്ടു പത്രാധിപന്മാരുണ്ടു്. ഈ പംക്തിയും കുമുദി കുറിപ്പുകളും മാത്രമാണു് ഞാൻ പത്രാധിപരായുള്ള പംക്തികൾ, ബാക്കിയെല്ലാം ശ്രീകണ്ഠൻ പത്രാധിപത്യം വഹിക്കുന്ന പംക്തികളാണു്. എന്റെ മിടുക്കു കാണിക്കാൻ എനിക്കു കിട്ടുന്ന അവസരങ്ങളും ശ്രീകണ്ഠനു കിട്ടാറില്ല. എന്നിട്ടും നിങ്ങൾ ഈ ചോദ്യം ചോദിച്ചസ്ഥിതിക്കു് ശ്രീകണ്ഠനാണു മിടുക്കനെന്നു കരുതേണ്ടിയിരിക്കുന്നു.

കെ. ഇല്യാസ്കുട്ടി, പറവൂർ.

സിഗററ്റുവലിക്കുന്ന ആളുകൾ സിഗററ്റു തീരാറാകുമ്പോൾ വേഗം വേഗം രണ്ടുമൂന്നുപ്രാവശ്യം കടിച്ചിട്ടു ദൂരത്തെറിയുന്നു. ഇതു എന്തിനോടു താരതമ്യപ്പെടുത്താം?

ഒരു സിഗററ്റിലെ അവസാനപുകയും ഒരു യുവതിയുടെ പ്രഥമചുംബനവും ഒരുപോലാണെന്നു് ഒരു ചൊല്ലുണ്ടു്.

കെ. കേശവപിള്ള, കുഴിത്തുറ.

കർത്തവ്യത്തിൽനിന്നു മനുഷ്യനെ പിന്തിരിപ്പിക്കുന്നതെന്താണു്?

പരിസരം

എം. കെ. വേലായുധൻ, കിളിമാനൂർ

കോൺഗ്രസ്സിൽക്കൂടി മന്ത്രിയാകാൻ ശ്രമിക്കുന്ന സാമ്പത്തിക ശേഷികുറഞ്ഞ ഇടനിലക്കാരേപ്പറ്റി പത്രാധിപരുടെ അഭിപ്രായമെന്താണ്?

വിരൂപികളും സ്വഭാവശുദ്ധിയില്ലാത്തവരും അതേസമയം നല്ല പണക്കാരികളുമായ വിധവകളെ വിവാഹംകഴിച്ചു ഭർത്താവ് ജോലി സ്വീകരിക്കുന്ന ചില സുന്ദരവിഡ്ഢികളില്ലേ? ഇവ ഒരു അളവുവരെ ഒപ്പത്തിനാം.

എൻ. രാമകൃഷ്ണൻനായർ, ഏലൂവാ.

ജീവിതത്തിലെ ഏറ്റവും വലിയ ഗതികേടെന്താണ്?

നിങ്ങളുടെ മനോവ്യാപാരങ്ങൾ മനസ്സിലാക്കുവാനും ഉപകാരം നിക്കാനും കഴിയാത്ത സ്നേഹിതന്മാരുണ്ടാകുക.

രാജേന്ദ്രബാബു, വെന്നിക്കോട്.

എന്റെ സാർ പറയുന്ന പണ്ഡിതനെഹ്റുവിനെ ഭരണഭാരം ഏല്പിക്കുന്നതിനേക്കാൾ ജയിലിൽ ഇടുന്നതാണ് നല്ലത് എന്ന്. പത്രാധിപരുടെ അഭിപ്രായം എന്താണ്?

പണ്ഡിതനെഹ്റു ജയിലിൽ കിടന്നാൽ ഭരണം കിടപ്പുകങ്ങളെഴുതുമെന്നുള്ളതാണ് നിങ്ങളുടെ അദ്ധ്യാപകൻ ഉദ്ദേശിച്ചതെങ്കിൽ ഞാൻ അദ്ദേഹത്തോടു യോജിക്കുന്നു.

പി. കെ. തങ്കപ്പൻനായർ, ഇടപ്പഴിഞ്ഞി.

താങ്കൾ തെരഞ്ഞെടുപ്പിനു് നിൽക്കുന്നില്ലെന്നു് ഔദ്യോഗികപട്ടികയിൽ കണ്ടു. തിരുവനന്തപുരം നമ്പർ മൂന്നിൽ താങ്കളാണ് സ്ഥാനാർത്ഥിയെന്നു് നഗരംമുഴുവൻ പറയുന്നു. ഏതാണ് വിശ്വസിക്കേണ്ടതു് പത്രാധിപരെ?

രണ്ടും ശരിയാണ്. അവസാനത്തെ ശരി പ്രാബല്യത്തിലിരിക്കുന്നു. ഞാൻ അങ്ങനെ ഒരു സ്ഥാനാർത്ഥിയായിരുന്നു. ചരിത്രം ചികഞ്ഞിട്ടു പ്രയോജനമില്ല. എന്തായാലും സ്ഥാനാർത്ഥി ആകേണ്ടിവന്ന സ്ഥിതിക്കു ആത്മാർത്ഥതയോടുകൂടിത്തന്നെ അക്കാര്യത്തിൽ പ്രവർത്തിക്കണമെന്നാഗ്രഹമുണ്ട്. നിങ്ങളും സഹായിക്കുമോ?

സരോജിനി കെ. കെ., ചിങ്ങവനം.

പ്രതിയോഗികളുടെ മരണത്തിൽ പത്രാധിപർ അത്രക്കധികം ചൊരിയുമോ?

വ്യക്തിപരമായി എനിക്കു് ഒരു പ്രതിയോഗിയുമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഈ കൊച്ചുലോകത്തിൽ ഹ്രസ്വമായ ഒരു നാടകമഭിനയിക്കുന്നതിനിടയിൽ പ്രേക്ഷകർ രസിക്കുന്നോ ഇല്ലയോ എന്നു നോക്കി അഭിനയിക്കാൻ നമുക്കു് ഒഴിവോ സമയം കിട്ടുമോ? എല്ലാവർക്കും നമ്മുടെ ജീവിതനാടകം രസിക്കണമെന്നില്ല. അവരോടു കയർക്കുന്നതിൽ വലിയ അർത്ഥമില്ല. നമുക്കു് അവരുമായി അഭിപ്രായഭിന്നതയുണ്ടാകാം. അതു എല്ലാ മണ്ഡലങ്ങളിലേയ്ക്കും വ്യാപിച്ചുകണ്ടാൽ ചിരന്തനമായിൽ അകൽച്ചയെന്നില്ല.

കുമാരി, മുവാറ്റുപുഴ.

മരണം, അതിനെ താങ്കൾ ഭയപ്പെടുന്നുണ്ടോ?

ഭയപ്പെടുക്കുന്നു. മരണത്തെ ഞാൻ ഒരു ദിവസം കണ്ടു. കോട്ടഗിരി മലയിടുക്കിൽ രണ്ടു ദിവസമായി ചിതറിക്കിടക്കുന്നതായ സഹോദരന്റെ ശരീരത്തിൽ ഞാൻ ഭയപ്പെട്ടില്ല. അന്നുമുതൽ എനിക്കു മരണത്തെപ്പറ്റിയുള്ള ഭയവും തീർന്നു. ജീവിതത്തിലെ ഒരു ഘട്ടം മാത്രമാണു മരണം. ഒരു വസ്തു നശിക്കുന്നു. പക്ഷേ ആ വസ്തു അവശേഷിപ്പിച്ച ചിന്തകൾ തുടർന്നുകൊണ്ടേയിരിക്കും.

പി. സി നാരായണൻനായർ, പാൽക്കുളങ്ങര.

നിങ്ങൾക്കേറ്റവും ഇഷ്ടപ്പെട്ടവിഷം ഏതാണ്?

ഒരു ഡബിൾമുണ്ടും വെള്ളഷർട്ടും.

എൻ. കെ. വാസുദേവപ്പണിക്കർ, കോട്ടയം.

ഒരു പാർട്ടിയുടെ സ്ഥാനാർത്ഥിയായി നിൽക്കുന്നയാൾ വിജയിച്ചാൽ അയാൾക്കു വ്യക്തിപരമായ ഒരു നില നിയമസഭയ്ക്കുള്ളിൽ എടുക്കാൻ സാധിക്കുമോ?

വ്യക്തികൾ ചേരുന്നതാണ് പാർട്ടി എന്നു പറയുന്നു. അനേകവ്യക്തികൾ ഒന്നിച്ചുചേർന്നു പൊതുവായ ഒരു ചിന്താശതി അവിഷ്കരിക്കുന്നു. തീരുമാനങ്ങളെടുക്കുന്നു. ആ തീരുമാനങ്ങൾ പാലിക്കാൻ ആ പാർട്ടിയുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികളും ബാദ്ധ്യസ്ഥരാണ്. അങ്ങനെ ചെയ്യാതിരിക്കുന്നവർ നിരുത്തരവാദികളുമാണ്.

പി. ജോൺ, കായംകുളം.

ഇന്നത്തെ മന്ത്രിസഭ ഇതേനിലയിൽ തുടരുന്നതു ശരിയാണെന്നു നിങ്ങളെക്കാൾ നിയമകാര്യങ്ങളറിയാവുന്നവരെല്ലാം പറഞ്ഞിട്ടും നിങ്ങൾ നിങ്ങളുടെ "വാരോല"യിൽ ബഹിഷ്കൃതമന്ത്രിസഭ എന്ന എല്ലാ അക്ഷരവും എഴുതിവിടുന്നതു എന്തർത്ഥത്തിലാണ്?

ഈ മന്ത്രിസഭ തുടരുന്നതു ശരിയാണെന്നു പറഞ്ഞതെല്ലാം വക്കീലന്മാരാണ്. അവർ മന്ത്രിസഭയുടെ വക്കാലത്തു പല കാരണങ്ങളാലും ഉള്ളവരുമാണ്. മറിച്ചു ഒരു വാദമുണ്ട്. ഞാനും മാറ്റു ചിലരും പറയാൻ ശ്രമിക്കുന്നതു ആ വാദമാണ്. വിശ്വാസപ്രമേയം അവതരിപ്പിച്ചു പരാജയപ്പെട്ട ഒരു മന്ത്രിസഭ അതുരോടും ഉത്തരവാദിത്വമില്ലാതെ എല്ലാ അധികാരങ്ങളോടുംകൂടി ആറുമാസം തുടർന്നുഭരിച്ചതിനു ലോകത്തു ഒരു സ്ഥലത്തും ഒരു ഉദാഹരണം കണ്ടുപിടിക്കാൻ സാധ്യമല്ല. ഇങ്ങനെ നിരുത്തരവാദപരമായി ഭരണാധികാരത്തിൽ തുടരുന്നതിനു ഭരണഘടനയിൽനിന്നു മുഴികഴിവുകൾ കണ്ടുപിടിക്കുക ജനാധിപത്യവിരുദ്ധമാണ് അതു പറയുമ്പോൾ നിയമം ഉല്ലംഘിച്ചുവിടവുകളുണ്ടാക്കുന്നതിൽ കഥയില്ല.

സമ്മാനം

ഈ ആഴ്ചയിലെ സമ്മാനം, പറവൂർ കെ. ഭാസിക്കായിക്കു നൽകുന്നു.



യങ്ങ് ചലഞ്ചേഴ്സിന്റെ ജൈത്രയാത്ര

[ശ്യാമകൃഷ്ണൻ]

തിരുവനന്തപുരത്തെ ടെന്നീസ്സ് പ്രേമികൾക്കു സുപരിചിതനും ഭാരതത്തിലെ ജൂനിയർ ഭേദിയ ചാമ്പ്യനുമായ മദിരാശിയിലെ ശ്രീ രാമനാഥൻകൃഷ്ണൻ ഭേദിയലാണ് ടെന്നീസ്സ് ചാമ്പ്യൻഷിപ്പു മത്സരത്തിലെ സിംഗിൾസ് ടൈറ്റിൽ കരസ്ഥമാക്കി ലോകമെമ്പാടുമുള്ള ടെന്നീസ്സുപ്രേമികളെ അത്ഭുത പരതന്ത്രരാക്കിയിരിക്കുന്നത്. ലോക ടെന്നീസ്സ്രംഗത്തു് മുൻപന്തിയിൽ നിൽക്കുന്ന ആസ്ത്രേലിയയിലെ മഹാരഥന്മാരിലൊരാളായ അക്കിൽ ഖ്യാളിനെ സ്ട്രെയിറ്റ് സെറ്റുകളിൽ നിശ്ശേഷം പരാജയപ്പെടുത്തിയ ഈ അനാഗതശ്മശ്രുവിന്റെ നിഷ്പ്രഭണം സ്പോർട്ട്സ്രംഗത്തെ വലിയൊരിന്ദ്രജാലമായി വളരെക്കാലം അവശേഷിക്കുമെന്നു തോന്നുന്നു. എന്തിനധികം പറയുന്നു ഭാരതത്തിനഭിമാനിക്കാവുന്ന ഈ യുവാവിന്റെ ജൈത്രയാത്ര വിംബിൾഡണിലെ ഒടുവിൽ കോർട്ടിൽ വിജയപതാക നാട്ടുന്ന കാലം വിദൂരമല്ലെന്നു നമുക്കു വിശ്വസിക്കാം

വനിതാസിംഗിൾസ് രംഗത്തെ ചാമ്പ്യനായ ശ്രീമതി റിഗ്ഗാമാവർ, ഡബിൾസ്രംഗത്തെ പുതിയ ചാമ്പ്യന്മാരായ ഇഫ്തിക്കർ അഹമ്മദു, ആക്കിൻസ്റ്റാം എന്നിവരെക്കൂടി നമുക്കു സ്മരിക്കാം

* * *


ടെന്നീസ്സുപ്രേമികളുടെ ശ്രദ്ധകേന്ദ്രീകരിച്ചിരുന്ന ഡേവിസ്സ്കപ്പു മത്സരങ്ങളിൽ ആസ്ത്രേലിയ ചിരകാലമായി ലോകടെന്നീസ്സ് ആധിപത്യത്തിനവേണ്ടി അവിശ്രമം യത്നിക്കുന്ന അമേരിക്കയുടെ സ്വപ്നസൗധം നാലാമതൊരിക്കൽക്കൂടി തകർത്തു തരിപ്പണമാക്കിയിരിക്കുന്നു സെഡ്രിമാന്റെ കാൽനഖേന്ദുമരീചികയും പിന്തുടരുന്ന ഫോഡും റോസുവാളുംതന്നെയായിരുന്ന പ്രസ്തുത വിജയത്തിന്റെ ശില്പികളും.

* * *

ആസ്ത്രേലിയയിലെ 'ഫ്റീക്ക്' ബഹളംപോലെ ഹെവൽസൺ, ഇംഗ്ലണ്ടിലെ ആർംസ്ട്രോങ്ങും വാറുകിൻസ് എന്നിവരുടെ ആഗമനത്തോടുകൂടി ഭാരതത്തിൽ പര്യടനം നടത്തിവരുന്ന രഞ്ജിട്രോഫി ക്രിക്കറ്റ് റീമിന്റെ ഭാഗ്യനക്ഷത്രം തെളിഞ്ഞിരിക്കുന്ന ഇൻഡ്യയുടെ ധീരമായ പരാജയത്തിൽ ജനുവരി 3-ാം- പര്യവസാനിച്ച കൽക്കട്ടയിലെ മൂന്നാംടെസ്റ്റുമൽസരം തന്നെ ഇതിനു മതിയായ തെളിവാണ്. ക്രിക്കറ്റുപ്രേമികളും വിശ്വാസം മുഴുവൻ അർപ്പിച്ചിരുന്ന ക്യാപ്റ്റൻ അധികാരി, പങ്കജ് റോയി, ഹസാരെ, ഗഡ്കാരി എന്നിവരുടെ വിക്കറ്റുകളും യഥാക്രമം, 24, 21, 0, 7 എന്നീ റൺസിന് ഹെവർസൺ അപഹരിച്ചു കളഞ്ഞു. ഉദ്ഗാടനത്തെ മഹത്തായ 112 റൺസ് ആയിരുന്ന ഭാരതത്തിന്റെ ഗണനീയമായ നേട്ടം. ബ്രോഡ് 4 വിക്കറ്റുകളും കരസ്ഥമാക്കിയതോടെ 238 റൺസിന് ഭാരതത്തിന്റെ ഒന്നാം ഇന്നിങ്ങ്സ്സ് പുത്തിയായി. പ്രതീക്ഷകളോടെ എല്ലാവരും ഉറ്റുനോക്കിയ :ഇംപ്രേ (6 വിക്കറ്റ്) ഗുലാം അഹമ്മദ് (3 വിക്കറ്റ്) എന്നിവർ ഫലപ്രദമായി ബൗൾചെയ്തിട്ടും രഞ്ജിട്രോഫിലി റീം 245 റൺസ് കരസ്ഥമാക്കി. ആശാപൂർണ്ണമായ ഒരന്തരീക്ഷത്തിൽ ഇൻഡ്യൻ റീം രചിതിയ ഇന്നിങ്ങ്സ് ആരംഭിച്ചു. 4 റൺസിന് അധികാരിയേയും, റൺസ് നൽകാതെ മഞ്ജ്രേക്കറേയും, 25 റൺസിന് ഗഡ്കാരിയേയും, ഒരു റൺസിന് സുന്ദരത്തേയും, 5 റൺസിന ഗ്രലാമിനേയും ഹെവർസൺ പുറത്താക്കി. പരക്ഷീണനിരന്തരസാധാരണമായ ആ കൈമിടുക്കു അധികംപേർ പ്രതീക്ഷിക്കാത്ത രാംചന്ദിന്റെ മുൻപിൽ ഫലപ്രദമാകുന്നതിനുമുൻപു ധീരനായ ആ കാവൽഭടൻ 111 റൺസ് കരസ്ഥമാക്കി. ലോഡർ (3 വിക്കറ്റ്) മാർഷൽ (ഒന്നു്) എന്നിവർക്കൂടി ഹെവർസൺ തുടങ്ങിവച്ച ജോലി പൂർത്തിയാക്കി. 190 റൺസിനു ഭാരതത്തിന്റെ രണ്ടാം ഇന്നിങ്ങ്സ് സമാപിച്ചു. 4 വിക്കറ്റിനു് 187 റൺസ് കരസ്ഥമാക്കി രഞ്ജിട്രോഫിലി റീം മറുപടി പറഞ്ഞതോടെ ഭാരതത്തെ പരാജയത്തിലാഴ്ത്തിക്കൊണ്ടു മൂന്നാം ടെസ്റ്റുമത്സരം പര്യവസാനിച്ചു ഹെവർസൺ ഇൗ 'ഫാം' പരിരക്ഷിക്കുമോയെന്നു നമുക്കു കൗതുകപൂർവ്വം വീക്ഷിക്കാം

* * *


മദിരാശിയിലെ 4-ാം ടെസ്റ്റുമൽസരത്തിൽ നമ്മുടെ ക്രിക്കറ്റു പ്രേമികൾക്കു സുപരിചിതനായ ഗുലാംഅഹമ്മദ് ഇൻഡ്യൻ റീമി



ഒക്ഷിണേന്ത്യൻ യാളിബാൾ ടൂർണമെന്റിൽ വിജയികളായ തിരു-കൊച്ചി പോലീസ് റീം.

ഇരിക്കുന്നവർ ഇടത്തുനിന്നു:— ഏ. പി. കോയാ, കെ കരുണാകരക്കുറുപ്പ്, സൈവൽ രാജു.

നിൽക്കുന്നവർ ഇടത്തുനിന്നു:—വേലായുധൻ നായർ, എഡ്വിൻ, ഹൈഗ്രോസു, ശ്രീധരൻ പിള്ള, ആലി.



ക്കോഴിക്കോട്ടെ പണ്ഡിതശ്രേഷ്ഠനുമായ കൊല്ലങ്കോട്ട് പി. ഗോപാലൻനായർ അവർകളുടെ ലളിതവും വിസ്തൃതവുമായ ഭാഷാവ്യാഖ്യാനത്തോടുകൂടിയ

ശ്രീമത് ഭഗവത്ഗീത

ക്രൗൺ $\frac{1}{4}$-ൽ ഒന്നാംതരം മേനിക്കടലാസ്സിൽ മംഗിയായി അച്ചടിച്ച് സന്ദർഭോചിതങ്ങളായ 6 കമനീയ ചിത്രങ്ങളും ചേർത്ത് മനോഹരമായ ബയിൻഡു ചെയ്തിട്ടുള്ള പുതിയ രണ്ടാം പതിപ്പ് വില 10ക യിൽ നിന്നും 7ക യാക്കി കുറച്ചിരിക്കുന്നു.

ഭ്രമനയജ്ഞം

(ശാന്തിനികേതനം കൃഷ്ണൻനായർ)

സമാധാനമായ മാർഗ്ഗത്തിൽക്കൂടി ഭൂമി പ്രയത്നവർഗ്ഗത്തിന്റേതായിമാറി ഇന്ത്യയിലെ പ്രശ്നത്തിനൊരു പരിഹാരം നേടുവാൻ വേണ്ടി ശാന്തിനികേതനായ വിനോബാജി ആരംഭിച്ചിട്ടുള്ള ഭ്രമനയജ്ഞത്തിന്റെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരൊന്നാന്തരം പ്രസിദ്ധീകരണം. ഇതിൽ വിനോബാജിയുടെ ജീവചരിത്രവും അടങ്ങിയിരിക്കുന്നു. വില 1ക.

പി കെ. ബ്രദേർസ്—കോഴിക്കോട്

നയിക്കുന്നതാരെന്നു ഏറെ വിശ്വാസയോഗ്യമായി അറിയുന്നു.

* * * *

അന്തർ സർവ്വകലാശാലാ ഭക്ഷിണമേഖല ക്രിക്കറ്റ് ഫൈനൽസ് മൽസരത്തിൽ കേവലം രണ്ടു റൺസിനു മൈസൂർ ബാംഗ്ലയെ പരാജയപ്പെടുത്തിയിരിക്കുന്നു

* * *

ഇക്കാല്ലത്തെ ദേശീയ ഹാക്കി ചാമ്പ്യൻഷിപ്പുമത്സരം മാർച്ചിൽ ഹൈദ്രാബാദിൽവച്ചുനടത്താൻ തീരുമാനിച്ചിരിക്കുന്നു.

* * * *

1956-ലെ ഒളിമ്പിക്കുശയിംസ് മെൽബോണിൽവച്ചു നടത്തുന്നകാര്യം സംശയാസ്പദമാണെന്നു പ്രസിസങ്ഘുണ്ടേജ് സൂചിപ്പിച്ചിരിക്കുന്നു.

* * *

വിപുലമായതോതിൽ നടത്തപ്പെട്ട മലപ്പുറം മൊയ്തുമക്കോറിയൽ ഫുട്ബാൾ ടൂർണ്ണമെൻറിലെ ഫൈനൽസിൽ തിരു-കൊച്ചി ഫുട്ബാൾ രംഗത്തെ മണിമേപമായ തിരുവനന്തപുരം യങ്ങ് ചലഞ്ചേഴ്സ് ഒരു ഗോളിനു കണ്ണൂർ സ്പിറിറ്റ്സ്സ്പോർട്സിനെ തോല്പിച്ചു വിജയംവരിച്ചിരിക്കുന്നു.

യങ്ങ് ചലഞ്ചേഴ്സിന്റെ അവിശ്വസനീയമായ ഒരു ദർശനമായി മാറുന്ന തിരുവിതാംകൂർ ഫോർമസ രത്തിലെ ചലഞ്ചേഴ്സ്-ബാം ബെ ഡൈനാമോസ്സ സംഘട്ടനം ടോഫിമത്സരത്തോടനുബന്ധിച്ചു ഇതെഴുതുന്നയവരെ നടന്ന മൽസരങ്ങളിൽ ഏകനഗംഭീരമായ സംഘട്ടനമായിരുന്ന അവിസ്മരണീയമായ മൽസരം. ഉല്ലുണ്ടാകുലമായ ഒരു രംഗത്തിൽ അജയ്യരെന്നു പലരും വിശ്വസിച്ച ഡൈനാമോസ് കളത്തിലിറങ്ങി. പ്രേക്ഷകർ കണ്ണടച്ചു തുറക്കുന്നതിനുമുൻപ് കളി ആരംഭിക്കുന്ന വിസിലിന്റെ അലകടൽ മായുന്നതിനുമുമ്പ് ചലഞ്ചേഴ്സ് പ്രഥമ ഗോൾ അടിച്ചു. പിന്നെ ഒരു 'ലണ്ടൻ ബ്ലിറ്റ്സ്' തന്നെ പ്രേക്ഷകർ കണ്ടു. ഒരു ഫൈനൽറിക്കു മുമ്പും വേണ്ടുവോളം ഗോളും അടിച്ചു ഡൈനാമോസ്സിനു 5 ഗോൾ കൊടുത്ത ചലഞ്ചേഴ്സ് തുടയിരിക്കണക്കിനു പ്രേക്ഷകരെ വിസ്മയഭരിതരാക്കി. ഹൃദ്യമായ വലിയ വിസ്മയങ്ങൾ ഇനി റാമിൻറിനു ഈ മത്സരത്തിൻ നിന്നും പ്രതീക്ഷിക്കാമെന്നു പറയാൻ ഏനിക്കു മടിയില്ല. ഫുട്ബാൾപ്രേമികളെ സംബന്ധിച്ചിടത്തോളം വലിയതോതിൽ നിർഭാഗ്യമായിത്തന്നെ പ്രസ്തുത മത്സരത്തിലെ മധുരഭംഗസ്സ്-സ്യൂഡൽഫിഹീറോസ്സ് മത്സരം. ഫുട്ബാൾ ഫുട്ബാളിന്റെ പ്രാഥമിക പാഠങ്ങൾ പഠിക്കാത്തൊരു റഫറീ ഭേദപ്പെട്ടൊരു റഫറിമിന്റെ നേരെ പൊരുതാനിറങ്ങിയാൽ അതെത്ര ഖേദജനകമായ 'ഫാർ' ആയിരിക്കുമെന്നു വായനക്കാർക്കറിയാമോയെന്നോ? അതെങ്ങിനെയായാലും ഞങ്ങൾ അന്നു കളിവിലത്തെ വിസിലടി കേൾക്കാൻ നിശ്ശബ്ദം പ്രാർത്ഥിച്ച നാലാംതരം റഫറിമുകൾ വരുത്താനിടയായ സാഹചര്യങ്ങളേപ്പറ്റി ഖേദിച്ചു

രോഗശാന്തിക്കും ശരീര രക്ഷയ്ക്കും അത്യുത്തമം ആയുർവ്വേദമരുന്നാണ്

പക്ഷേ, മരുന്നുകൾ വാങ്ങുമ്പോൾ ശ്രദ്ധിക്കാത്തവർ നിശ്ചയമായും നിരാശരാകും

യാതൊരു കലർപ്പും ക്ലേശവും കൂടാതെ വിധിപ്രകാരം തയ്യാർ ചെയ്യുവാൻ വൃത്തിയായി സൂക്ഷിച്ചിട്ടുള്ളതുമായ മരുന്നുകൾ എവിടെ കിട്ടുമെന്നുള്ളതാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടതു്. ഒരിക്കലും നിരാശ നേരിടാതിരിക്കണമെങ്കിൽ ഔഷധനിർമ്മാണത്തിനു് സപ്തസ്വർണ്ണമെഡൽ കീർത്തിമുദ്ര നേടിയ

ആറങ്ങൽ ശ്രീകൃഷ്ണാ ഫാർമസിയിലെ

പരിശുദ്ധരായ മരുന്നുകൾ വാങ്ങുക.

തിരുവനന്തപുരം ആയുശാല മെയിൻറോഡരുകിലുള്ള ഞങ്ങളുടെ

ബ്രാഞ്ച് സന്ദർശിക്കുവിൻ

N. B രോഗികളെ സൗജന്യമായി പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതിനു പാർപ്പും പാകതയും ചികിത്സാനൈപുണ്യവും തികഞ്ഞ ഒരു വൈദ്യൻ സദാ ബ്രാഞ്ചിൽ ഉണ്ടായിരിക്കും.

ബി. എൻ. ശ്രീധരനുണ്ണി,
(പ്രൊപ്രൈറ്റർ)

KSC

ഒരു പൊൻകിനാവിന്റെ പൊലിയൽ

★

★ കെ. യു. അബ്ദുൽഖാദർ ★

പുതിയ മുറിയിലേയ്ക്കു കയറിയിട്ട് ബാലകൃഷ്ണൻ പടിഞ്ഞാറ്റയിലേയ്ക്കുള്ള ജാലകങ്ങളും രണ്ടും മലർക്കെ തുറന്നിട്ട നടന്ന ക്ഷീണവും പൂട്ടും തണുപ്പു കലർന്ന ശുദ്ധവായുവേല്ക്കുന്നതോടും മാറിയേക്കാം. കാറ്റണഞ്ഞു തീർക്കാൻവേണ്ടിഅയാളം ഷർട്ടിന്റെ ബട്ടൺ അഴിച്ചിട്ടു.

കാറ്റുകൊണ്ട് ആശ്വാസത്തോടെ ഒന്നു നെടുതായി നിശ്വസിച്ചുകൊണ്ട് അയാളം ജാലകത്തിലൂടെ പടിഞ്ഞാറു മാശത്തേയ്ക്കു നോക്കി. പെട്ടെന്നു ഒരു ഡാൽ നക്ഷത്രം പൊട്ടിവീഴുന്നതു കാണുമ്പോളുണ്ടാകുന്ന വിസ്മയത്തോടെ അയാളുടെ മിഴികളും വിരിഞ്ഞു. ഒരു മധുരസ്വപ്നം കാണുന്നപോലെ തോന്നി. ഇതൊരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല അകലത്തെ മുറിയിലേയ്ക്കു കയറിയിരുന്നിട്ട് അകാമായിരുന്ന ഇപ്പോണി? അപരിചിതനായ ഒരു യുവാവിൽനിന്നു പത്തുമാരമാത്രം അകലെ ഇരുന്നു ഇതു് ചെയ്യേണ്ടിയിരുന്നില്ല?

സുന്ദരിയാണു്. അരണ്ട പൗർണ്ണമിനിലാവിന്റെ നിറം. കറുത്ത മിനുത്ത തലമുടി അല്പം ചുരുണ്ടു് നീണ്ടു കിടക്കുന്നു. ഇരുവും പുരണ്ട തിരമാലയുടെ പാളിപോലെ. മുടൽ മഞ്ഞിന്റെ നേർമ്മയുള്ള ഒരു തട്ടം തലമുടിയെ യഥാമാക്കിയിട്ടുകൊണ്ട് കീഴോട്ട് ഉന്തിവീണ കിടക്കുന്നു കാറ്റു തട്ടി തലമുടിച്ചുരുളുകളും തട്ടവും വിറകൊള്ളുകയാണു്

പൂമുഖത്തെ സിമന്റുപുരിയ അരമതിലിലാണു് അവൾ കയറിഇരിക്കുന്നതു്, ഉയർത്തിയ വലതുകാൽ മുട്ടിന്മേൽ പറിച്ചിക്കിടന്നു പാദുന്ന ഒരു ഇളം നീലശീല അവൾ ഉന്നിക്കൊണ്ടിരിക്കയാണു്. വസ്ത്രത്തുമായി സൂചി കയറുകയും ഇറങ്ങുകയുംചെയ്യുന്നു. ഭ്രകന്മുണ്ടായാൽ കൂടി അറിയാത്ത ഏകാഗ്രതയോടെ അവൾ തുന്നുകയാണു്. വിരലുകളിലെ മോതിരക്കല്ലുകൾ ഉയരുംമിയിൽ മന്ദഹസിക്കുന്ന മഞ്ഞുകണംപോലെ പ്രകാശം പൊഴിക്കുന്നു നേത്തുചുമന്ന ചുണ്ടുകളിലൂടെ അധരം കറഞ്ഞ കാട്ടുചോലയുടെ കളകളംപോലെ ഒരു ഗാനം ഒഴുകുകയാണു്. കേൾക്കാൻ ഇമ്പമുണ്ടു്. എങ്കിലും അതിൽ പ്രതിധ്വനിക്കുന്നുമുണ്ടു്.

എന്തോ അനക്കംകേട്ടു് അവൾ ഞെട്ടലോടെ മുഖമുയർത്തിനോക്കി. മനൽകൽ അയാളുടെ മന്ദഹാസം വിരിഞ്ഞ മുഖംകണ്ടു. പെട്ടെന്നു് ചുണ്ടുകളിൽനിന്നു കാട്ടുചോലയുടെ പ്രവാഹം നിലച്ചു. മുഖത്തു് എന്തോ മിന്നിപ്പൊലിയുന്നപോലെ തോന്നി. ഉടൻവീഴുന്ന തട്ടം വലിച്ചിട്ടുകൊണ്ടു് മേൽപാളിയിൽനിന്നു മിന്നൽപ്പിണർ പൊലിഞ്ഞുമായുന്നവേഗത്തിൽ അവൾ അകത്തേക്കോടിമറഞ്ഞുകളഞ്ഞു

ബാലകൃഷ്ണന ചിരിപൊട്ടി നേരിയ നിരാശയും ഉണ്ടാകാതിരുന്നില്ല. ഏകാന്തതയിൽ മിഴികൾക്കു കുളിരേകാൻ ഒരു നല്ല അയല്പക്കാരി ഇതാ ഉണ്ടായിരിക്കുന്നു? അവൾ അറിയാതെ ഒരു ഉർവ്വശീമിനിന്റെ സാന്നിദ്ധ്യവും പാടിനോക്കിനിന്നുപോം. എങ്കിലും....ഒന്നു ചുമ്മാ നോക്കുകമാത്രം ചെയ്തതിനു ഇങ്ങിനെ ഓടിമറയേണ്ടിയിരുന്നില്ല?

അല്പനേരം അവിടെ നോക്കിനിന്നിട്ടും ആ മറഞ്ഞുപോയ കിനാവു് വീണ്ടും എത്തിയില്ല. അവൾ വരികയില്ലേ? വന്നില്ലെങ്കിൽ....അതു് ഭയങ്കര അക്രമമല്ലെങ്കിൽ പിന്നെ എന്താണു്?

ചുണ്ടിൽ ഒരു മൂളിപ്പാട്ടുമായി ബാലകൃഷ്ണൻ പുറത്തേക്കിറങ്ങി. അയൽപക്കത്തെ ഒന്നു പോയിട്ട് തിരിച്ചു പോരാം. ഇറങ്ങുമ്പോൾ അയാൾ കസ്തൂരി കുറുത്ത ഒരിക്കണ്ണിറിഞ്ഞു അങ്ങോട്ടു നോക്കി. വാതിലിനു വെളിയിൽ ഒരു തെളിഞ്ഞ നീലക്കണ്ണും, മുഖം അല്പം കാറുള്ള നക്ഷത്രം വിരിഞ്ഞ ഒരു കവിളും മാത്രം കണ്ടു പെട്ടെന്നതും മറഞ്ഞുപോയി. ഇളം കാറ്റിൽ മറവിലേക്കു തെന്നിമാറിയ ഒരു പൂവിന്റെ ചിത്രം അയാളുടെ ഇതിനാണെങ്കിൽ എന്തിനവൾ അവ പുറത്തു കാണിച്ചു?

തിരിച്ചുവന്നപ്പോൾ സന്ധ്യമയങ്ങിയിരുന്നു. എങ്കിലും തെളിഞ്ഞ നിലാവുണ്ടു്. ആകാശം നീലപ്പട്ടുവിരിച്ച മുല്ലത്താലംപോലെ നക്ഷത്രങ്ങൾ നിറഞ്ഞു മിന്നുന്നു. നല്ല കാറുമുണ്ടു്. അയാൾ മണൽ വിരിച്ച മാറ്റത്തു തന്നെ ഇരുന്നു.

എരിയുന്ന മേശവിളക്കുമായി അവൾ പുറത്തേക്കു വന്നു. അതു് അരമതലിൽ വെച്ചിട്ട് അരികെ തന്നെ ചാരിയിരുന്ന അലുമിനിയം ഉയർത്തി വെച്ചു കാൽമുട്ടുകളിൽ അവൾ മുഖം ചായ്ച്ചു ക്രമേണ പാതി മയക്കത്തിൽ ലയിച്ച അവൾ മന്ദം ആടാൻ തുടങ്ങി. തനിച്ചാണോ താമസിക്കുന്നതു്? അതാകാൻ വഴി. മധുവണിഞ്ഞ ഈ പൂവു് തേടി ഒരു വണ്ടും എത്തിയിട്ടില്ലെങ്കിൽ....ഒരു പുമ്പാറ പോലും.....

ഒട്ടനേരം കഴിഞ്ഞിട്ടും അവൾ മയക്കത്തിൽ നിന്നു ഉണർന്നില്ല. അയാൾക്കു അല്പം അമിവു് തോന്നി. പാവം! നിദ്രവേലുന്ന ഈ നല്ല രാത്രിയിൽ ഏകാന്തതയുടെ വേദനയിൽ എരിയേണ്ടി വന്നല്ലോ ജീവിതത്തിന്റെ വസന്തകാലമാണിതു്. കരളിൽ കിനാവിന്റെ ഒരുമാട്ടകം തീരിഞ്ഞിരിക്കും. ഒരു കൊച്ചു പുമ്പാറയെങ്കിലും ഇതുവരെ പറന്നണഞ്ഞിട്ടില്ലേ?

പാതിരാ കഴിഞ്ഞപ്പോൾ അവൾ മയക്കത്തിൽ നിന്നുണർന്നു. മുക്കത്തിന്റെ ഭാരം താങ്ങുന്ന കൺപോളകളും തിരുമ്മി ലോലമാക്കിയിട്ട് അവൾ നിലാവിൽ അകലേക്കു നോക്കി. മുഖത്തുള്ള നിരാശയുടെ നിഴൽ ഇഴയുന്നതു് അയാൾ കണ്ടു. അമ്പിളിയിൽ കാമുകനെക്കാണുമ്പോലെ പിന്നെയും അവൾ ഉല്ലാസത്തോടെ അകലേയ്ക്കു നോക്കി.

പാതിരാ കഴിഞ്ഞിട്ടും ഉറങ്ങാൻ കഴിയാത്തതെന്താണു്? വീട്ടിലായിരുന്നപ്പോൾ വളരെ നേരത്തെ ഉറങ്ങിയിരുന്നു. ഏതോ ഗാനശകലം കാതുകളിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കയാണു്. കാട്ടുചോലയുടെ കളകളം കലർന്ന ഗാനം. എന്നാലും ഉറങ്ങിയില്ലെങ്കിൽ രാവിലെ ആപ്പീസിൽ പോകുന്നതെങ്ങിനെ? അയാൾ അകത്തു കയറി ജാലകത്തിനരികിലേയ്ക്കു കട്ടിൽ നീക്കിയിട്ടു കിടന്നു പത്തുവാരമാത്രം അകലെയുള്ള ആ പൂമുഖത്തു് ഉല്ലാസത്തോടെ ഉലാത്തിക്കൊണ്ടു് അവൾ അപ്പോഴും വിടർത്തയിലേയ്ക്കു നോക്കുകയാണു്.

നിലാവു് നിറഞ്ഞ മാറത്തേക്കിറങ്ങിനിന്ന അവൾ പിന്നെയും ദൂരേയ്ക്കു നോക്കി. മുഖം കൂടുതൽ മങ്ങുകയാണു്. ആരെയാണു ഈ വൈകിയവേളയിൽ കാത്തുനിൽക്കുന്നതു്?

പാതിരാ കഴിഞ്ഞു കുറെയായപ്പോൾ അയാളുടെ ബാപ്പ വന്നു കയറി. ഇരുണ്ടു കവിളൊട്ടിയ മുഖമാകെ വസൂരിക്കുഴികളും നിറഞ്ഞ ഒരു മനുഷ്യൻ. ഉണങ്ങിയ വിറകിൻകമ്പുപോലെ വികൃതമായ ദേഹം. തലയിൽ ഒരു അഴുക്കുണ്ടു് ചുറ്റിക്കെട്ടിയിട്ടുമുണ്ടു്.

സ്ഖലനനിവാരണി

യുവലോകത്തിനു അനുഗ്രഹീതമായ ഒരു ആയുർവ്വേദൗഷധം

മൂത്രത്തിനുമുമ്പോ പിമ്പോ തുള്ളിതുള്ളിയായോ ഇന്ദ്രിയംപോകുക, മലവിസർജ്ജനത്തിൽ ശക്തിയായി മുക്കുകനിമിത്തം ശുക്ലം വാൻപോകുക, സ്വപ്നംകണ്ടോ കാണാതെയോ ഉറക്കത്തിൽ അറിഞ്ഞോ അറിയാതേയോ ഇന്ദ്രിയം സ്ഖലിക്കുക, അരിമാവു കലക്കിയ രൂപത്തിൽ മൂത്രത്തിൽ കലർന്ന് ഇന്ദ്രിയംപോവുക, സ്ത്രീകളെ വിചാരിക്കുകയോ തൊടുകയോ ചെയ്താൽ പെട്ടെന്ന് ഇന്ദ്രിയം സ്രവിക്കുക ഇങ്ങനെ ഇന്ദ്രിയസംബന്ധമായുണ്ടാകുന്ന നാരവധി സ്ഖലനരോഗങ്ങളെ രണ്ടു ആഴ്ചകൊണ്ടു പരിപൂർണ്ണമായി ശമിപ്പിക്കുന്നതിനു ഞങ്ങളുടെ **സ്ഖലനനിവാരണി** തികച്ചും ഫലപ്രദമെന്നു ഞങ്ങളും ഉത്തരവാദിത്വത്തോടുകൂടി ഉറപ്പു പറയുന്നു.

രണ്ടു ആഴ്ചക്കാലത്തേയ്ക്കുള്ള ഡപ്പി I-ക്ക് 5 ക. 8 ണ. വി. പി. ചാർജ്ജ് പുറമേ

വി. പി. യായി ആവശ്യപ്പെടുക. മാനേജർ, **S. D. ഫാർമസി**, നാഗമഹാൾ, H O. ആലപ്പുഴ

ബ്രാഞ്ച്:—9/94 LUZ, മൈലാപ്പൂർ, മദ്രാസ്.

അമ്പതുവയസ്സായിക്കാണും. ഈ മനുഷ്യനു ഇതു നല്ല ഒരു പെണ്ണിനെ എങ്ങിനെ മകളായി കിട്ടി?

അവരും അയാളും വിളമ്പിക്കൊടുക്കുന്നതു കണ്ടു. വളയണിഞ്ഞ ആ കൈകളും വിറയ്ക്കുന്നതെന്താണു? അയാളും എന്തോ ശകാരിച്ചുപ്രാകും അവരും നടുങ്ങിമാറിക്കളഞ്ഞു ഇതു പേടിയാണോ?

ബാലകൃഷ്ണനു തീരെ ഉറക്കം വന്നില്ല. അപ്പുറം കിടന്ന ആ മനുഷ്യൻ മുഖക്കാരൻ ചെയ്യരുവുന്ന സ്വരത്തിൽ ചുമച്ചു തകർക്കുകയാണു്. എന്തൊരു ശനി പിടിച്ചുവനാണു് വീടകംകൊട്ടത്തിട്ടുണ്ട് ഉറങ്ങാൻ കിടക്കുന്നതെന്നു അയാൾ അറിഞ്ഞിരിക്കയില്ല. ചെവിയിൽ ചുമയുടെ ശബ്ദം അയുകിപോലെ പിന്നേയും വന്നലച്ചു ഒ! ശനി ഉറക്കുകയില്ല. അയാൾ അകാട്ടുചോലയുടെ കളകളരവം ഓർത്തു. മന്ദഹാസം വിരിഞ്ഞ ചുണ്ടും നാണക്കുഴി കവിളുകളും.....പിന്നെ അഞ്ഞണിഞ്ഞ നിലാവുപോലെ നമ്മെമറിയ തട്ടവും ചുരുണ്ടു നീണ്ട തുടയും.....

അവരും ഇടയ്ക്കിടെ വിളക്കു കൊളുത്തി കോലായിലുമായി പുറത്തേക്കു വരികയും പോകുകയും ചെയ്തുകൊണ്ടിരുന്നു. അയാൾ കരച്ചുയർത്തി അവളെ വിളിച്ചിട്ടുകയാണോ?

ഉറങ്ങാൻ കഴിയുന്നില്ല ഒരുവിധം ഉറങ്ങുന്നുവുകയില്ല അവരും ആ കാട്ടുചോലയുടെ കളകളും പിന്നേയും ഓർത്തു കൊണ്ടിരുന്നപ്പോൾ വീണ്ടും തുടങ്ങുന്നു. മധുരവും കടുപ്പവുമുണ്ടു.....

രാവിലെ കണികണ്ടുണർന്നു അവളെയാണു്. പാതുങ്ങിയും കഴുകി വൃത്തിയാക്കിക്കൊണ്ടു നിന്നിരുന്ന മെലിഞ്ഞുനീണ്ട കൈകളിൽകിടന്ന കുപ്പിവളകളും കിലുങ്ങി കൺകോണുകളിൽ പ്രകാശം കതിരിട്ടു നിൽക്കുന്നതു് കാണാം അയാളും നോക്കിനിന്നപ്പോൾ ഏതയത്തിലൂടെ പിന്നേയും കാട്ടുചോല ഒഴുകാൻ തുടങ്ങി മറക്കാൻകഴിയുന്നില്ല അവരുടെ കുളികഴിഞ്ഞു അപ്പുപ്പീസിലേക്കിറങ്ങി. നോക്കിനിന്ന സമയം നിങ്ങിയതറിഞ്ഞില്ല. നാശം പിടിച്ച അവളുടെ ഒരു കാട്ടുപോരു ചിരിവന്നുപോയി.

സന്ധ്യക്കു തിരിച്ചുവരുമ്പോൾ കുളത്തിൽ ആരോ തല്ലിയലച്ചു കുളിക്കുന്ന മലമലനങ്ങളും അയാൾ കേട്ടു ഏതു മൃഗമാകട്ടെയെന്നു ചോദിക്കുകയുണ്ടായതേ ഉള്ളൂ.....?

പൊന്തനോക്കിയപ്പോൾ ചുണ്ടുകളിൽ പുഞ്ചിരിയുറി, മിഴികൾ വിരിഞ്ഞു. പാടംമുതൽ നെടുകെവരെ ഒരു തരിതരിപ്പു് ഇരച്ചുകയറി. കഴുത്തോളം വെള്ളത്തിൽ മുങ്ങിനിന്നു അവരും കുളിക്കുകയാണു്? കുളക്കരയിലെ അഴിയിൽ തട്ടവും കുപ്പായവുമൊക്കെ കിടന്നുലയുന്നുണ്ടു് ഒളിയുണ്ടാക്കാതെ പൊട്ടിവിരിഞ്ഞ ചിരി കടിച്ചുനിറുത്തിക്കൊണ്ടു് അയാൾ [illegible] ക്കം നടന്നു.

കുളികഴിഞ്ഞു അവരും ഈറൻ മുടി പിന്നിയിട്ടു വസ്ത്രങ്ങൾ മാറി തല മുടിയിൽ തട്ടമെടുത്തണിഞ്ഞു. കൈകളിൽ കിടന്ന വളകളും ചിരിക്കുന്നതു് അയാൾ കേട്ടു. അവരും നടന്നു വരുകയാണു്. തല മുടിയിൽ കിടന്ന നേന്ത്രയേറിയ തട്ടം പാറുന്നു.

അയാളെ മുമ്പിൽ കണ്ടു് അവരും ഒന്നുകുലോടെ നിന്നു. കരളും കിട്ടുങ്ങിയിരിക്കും. വെളിച്ചം മുകന്നു മിഴികളും ഒന്നു വിരിഞ്ഞിട്ടു പാതി കൂമ്പി താണുപോയി. കാൽ വിരലുകളും ചിത്രപ്പണിയിൽ ഏച്ചുപ്പിടുകയാണു്

ചുണ്ടിൽ മന്ദഹാസം ഞെക്കിവിരുത്തിക്കൊണ്ടു അയാൾ പതുക്കെ ചോദിച്ചു: "ഇവിടെയാണല്ലേ കുളിക്കാറു?"

തട്ടമണിഞ്ഞ തലമുടി അഞ്ഞുന്നുകൊണ്ടു ചുണ്ടുകളും ചലിച്ചെന്നും ഇല്ലെന്നും തോന്നി. നാണക്കാരിയാണെന്നു തോന്നുന്നു.

"വെള്ളം നല്ലതാണോ?"

"ഹതെ?" ചുമന്ന ചുണ്ടുകളും വിറച്ചു.

അപ്പോൾ ശബ്ദിക്കാനറിയാം. മാധുര്യമുള്ളതുകൊണ്ടായാം ഇതു പിള്ളേരു കാണിക്കുന്നതു്. അന്യൻ ആസ്വദിക്കുമെല്ലാ?

തലയുടെ പിൻവശം ചൊറിഞ്ഞുകൊണ്ടു് ബാലകൃഷ്ണൻ പറഞ്ഞു: "ഞാൻ പുതിയ അയല്ക്കാരനാണു്. അറിഞ്ഞിരിക്കും അല്ലേ?"

വളകളും ചിരിച്ചു. ചുണ്ടുകൾക്കിടയിൽ മുല്ലമൊട്ടുകളും കണ്ടു. വാസനയും ഉണ്ടോ?

ചിരിച്ചുകൊണ്ടു് അയാൾ പറഞ്ഞു: "സ്ഥലം മാറിവന്നതാണു്. കറെ കിഴക്കുമാറിയാണു് ജോലിസ്ഥലം"

അവരും മറവിടേക്കോ നോക്കി. അപ്പോഴും വളകളും ചിരിച്ചു വെള്ളിനക്ഷത്രങ്ങൾ നീലസമുദ്രം പ്രതിബിംബിച്ചുപോലെ അഴകേറിയ കണ്ണുകളും.

"പേരെന്താണു്?"

ചുമന്ന ചുണ്ടുകളും അനങ്ങി. തേൻപൊട്ടുമെന്നു അയാൾക്കു തോന്നി. ഒരു അരിപ്രാവിന്റെ ക്രൂജനം: "സരിത"

ഏതയത്തിൽ പളുങ്കുമണികളും കിലുങ്ങുകയാണു്. രോമാഞ്ചം ഉതിരുന്നോ? പതുക്കെ അയാളും ചോദിച്ചു: "പിന്നെ.....ക്രൂടെയുള്ളതു് ഭാഗ്യയാണോ?"

അവളുടെ മുഖം പെട്ടെന്നു മങ്ങി. കണ്ണിൽ നിഴലുകളും പതിഞ്ഞു ചോദിച്ചതു് തെറ്റായോ? ഇളിഭ്യനായി നിൽക്കുമ്പോളും പളുങ്കുമണികളും കിലുങ്ങി: "ഹല്ല"

"മൂത്ത ഇക്ക അവിടിരിക്കും?"

മുഖം വീണ്ടും വിളറി. കവിളിൽ നിന്നു ചോരയുടെ ചുമപ്പു് മായുകയാണോ?

ശബ്ദം വല്ലാതെ ഇടറി. "ഹതെന്ന കൊട്ടു് ആളാണു്."

ബാലകൃഷ്ണന്റെ ഉള്ളിൽ മിന്നൽ പിണരുകളും പൂളഞ്ഞു ഇടിനാദവുമുണ്ടോ? ആ ഉണങ്ങിയമരക്കമ്പു് അവളുടെ ഭർത്താവാണെന്നോ! സകലതിനേയും അയാൾക്കു കോപംതോന്നി. ഏതാരക്രമമാണു്! ചവിട്ടിയരയ്ക്കപ്പെടുന്ന ഒരു പൂവിന്റെ ചിത്രം അയാൾ ഓർത്തു. ഒന്നിട്ടും കാട്ടുചോലയുടെ കളകളം അയാളുടെ കായുകളിൽ പ്രതിധ്വനിച്ചു. പിന്നെ ഇവമുള്ള വളക്കിലുക്കവും കിനാവുപൂത്ത കരളിന്റെ ഇടിപ്പുകളും പോലെ.

* * *

ബാലകൃഷ്ണന്റെ ജോലിയൊന്നും ശരിയാവുന്നില്ല എന്തോ വല്ലായ്മ പിടികിട്ടിയിരിക്കയാണു്. പേനതീരെ നീങ്ങുന്നില്ലെന്നതോന്നി തുടവട്ടം കൈകളും നീട്ടിക്കുടയും എന്നിട്ടും പറയുന്നില്ല. മനസ്സിന്റെ കണ്ണാടിക്കുമുമ്പിൽ ഒരു അഴകുള്ള കിനാവു് വിരിഞ്ഞുവരും. മുല്ലമൊട്ടുകളും വിരിയുന്ന ചുണ്ടും ഏകാന്തതയുടെ വേദന കലർന്ന മിഴികളും കവിൾത്തടങ്ങളിൽ അഴകുഞ്ഞ നാണക്കുഴികളും പൊട്ടിവിരിയുന്ന പിന്നെ ഏതോ ഗാനത്തിന്റെ കളകളമാണു് ചെവി പൊത്തിയിട്ടും മുഴങ്ങിക്കൊണ്ടിരുന്നു.

വീട്ടിൽനിന്നു മോയുടെ എഴുത്തു കിട്ടിയപ്പോൾ അയാൾക്കു കഠിനമായ വെറുപ്പുതോന്നി നരകത്തിൽപോലും അവളുടെ ശകാരം പിന്തുടരുന്നുമല്ലൊ? പെട്ടെന്നൊ

നും അയാളെയ്ക്കാൻ വായിച്ചില്ല വലിച്ചു ചീന്തിക്കളയാൻ തോന്നി വൃത്തികെട്ട അക്ഷരങ്ങളിൽ അവൾ എഴുതിക്കൂട്ടിയിരിക്കയാണ്. "നിങ്ങൾ പോയിട്ട് പിന്നെ ഒരു വിവരവുമില്ലല്ലോ? ഞാനിവിടെ എങ്ങിനെ കഴിയുന്നുവെന്ന ഒരു ചിന്തയുംകൂടെ സുഖിക്കയായിരിക്കും. എല്ലാവരും ചത്തിട്ട് ഒറാക്കു വായാമെന്നാണോ വിചാരം? അതോ അവിടെ വല്ല അട്ടക്കാരിയേയും.....".....

കഠിനമായ ദുഃഖത്തോടെ അയാൾ ആ കടലാസ് ചീന്തിയെറിഞ്ഞു അട്ടക്കാരി? ആരെയാണാ മുദേവി അട്ടക്കാരിയെന്നു വിളിച്ചതു്? അട്ടത്തുണ്ടായിരുന്നെങ്കിൽ പല്ലിടിച്ചു കൊഴിക്കായിരുന്നു! ആ നീണ്ടുവിടവുകളുള്ള പല്ലുകളുടെ നിരയും കത്തുന്ന ചോരക്കണ്ണുകളും അയാൾ ഓർത്തു വെറുപ്പോടെ പല്ലുകൾ ഞെരിച്ചു. അയാൾ പിന്നേയും പിന്നേയും പിറുപിറുത്തു. "നശിച്ച ശൂർപ്പണഖയെ വേളികഴിച്ചതിൽപിന്നെ മനുഷ്യനു നാശമേയുള്ളൂ. ശപിക്കപ്പെട്ട....."

സന്ധ്യയ്ക്കുവന്നപ്പോൾ അവൾ കുളികഴിഞ്ഞുപോകാൻ ഒരുങ്ങുകയാണ്. മുഖം കൂടുതൽ പ്രസന്നമാണെന്നു തോന്നി. പുഞ്ചിരിയിൽ പൂത്തിരികത്തുന്നപ്രകാശം, എന്താണ് പറയുന്നതു്? അവളെ കാണുമ്പോൾ നാവിന്റെ ശക്തി നശിച്ചുപോകുന്നു.

"ഇന്നു് വേഗം കുളികഴിഞ്ഞല്ലോ?"

അവൾ പുഞ്ചിരിതൂകി. മുല്ലമൊട്ടുകൾ ഉതിർന്നുവീണതായി തോന്നി. "ഇന്നു് വരാൻ ബയ്യി. അതാണുങ്ങനെ തോന്നുന്നതു്!"

കളിയാക്കുകയാണോ? അവളുടെ മുഖത്തേക്കു അയാൾ നോക്കി ഇരുമധുരമായി അവൾക്കു ചിരിക്കാൻ കഴിയുമോ? മീനാക്ഷിയുടെ നീണ്ടുവിടവുള്ള ചെമ്പൻ പല്ലുകളിൽ ഈ പ്രകാശം ഒരിക്കലും കണ്ടിട്ടില്ല. എന്തൊരു ശൂർപ്പണഖയാണവൾ!

ദിവസവും അയാൾ അവളെ കാണാതിരുന്നെങ്കിലും കുറച്ചേ സംസാരിക്കയുള്ളൂ വാക്കുകൾക്കു വംശിയ പാപ്പത്തുണ്ട്. തൊഴുവു ചുങ്കം പിരിവുകാരനാണ്. രാത്രിയും പുഴവക്കിൽ ജോലിയുണ്ടു്. അന്തിയുറക്കവും അവിടെയാണു്. ഇടക്കു മാത്രം അവളെ കാണാൻ വരും. വെളുപ്പിനെ മുയ് മണ്ടുകയും ചെയ്യും. രാത്രിയും പകലും അവൾ അവിടെ തനിച്ചാണു്.

മറ്റൊരുത്തനോക്കിക്കൊണ്ടു് അയാൾ ചോദിച്ചു:

"ഇന്നും രത്തോവു് വരില്ലേ?"

അവളുടെ കണ്ണുകളിലെ കിരണങ്ങൾ മാരോന്നോരോന്നായി പൊലിഞ്ഞു. മുഖംതാണു. ഇടറിയ സ്വരത്തിൽ അവൾ പറഞ്ഞു. "ആ? ഒരു നേരം വന്നെങ്കിലായി അതൊന്നും കാത്തിരുന്നിട്ടു് ബ്രോല്ല."

"തനിച്ചിരിക്കാൻ വിഷമമുണ്ടോ?"

മിഴികളിൽ ലജ്ജയുടെ നീലിമ മുകർന്നു

"ഇരിക്കാതെന്തു ചെയ്യും? എന്തെങ്കിലും പേടിയായിരുന്നെന്നോ? എന്നാലും അട്ടത്തൊരാളുണ്ടെന്ന സമാധാനം പേടി ഇച്ചിരി കൊറക്കുണ്ടു്."

തെല്ലുനേരംകൂടി നിന്നിട്ടു അവൾ പതുക്കെ നടന്നകന്നു. വളകിലുക്കം നേർത്തു നേർത്തു ഇല്ലാതാവുന്നതുവരെ അയാൾ ശ്രദ്ധിച്ചുനിന്നു. എന്തു മധുരമാണു്?

കിടന്നിട്ടു തീരെ ഉറക്കംവന്നില്ല അവൾ അവിടെ തനിച്ചിരിക്കയാണു്. തലമുടിയിൽനിന്നു നേർമ്മയേറിയ കസവുതട്ടം കീഴോട്ടു് ഊർന്നു വീണു കിടക്കുന്നു പാതി മയങ്ങി അവൾ ചുമർചാരി ഇരിക്കയാണു്. ഉറക്കംതുങ്ങി താഴെ വീണുപോകുമോ? എന്നാലും അയാൾ അനങ്ങാതെ ഉറങ്ങാതെ കിടക്കുന്നുണ്ടെന്നോർത്തു് അവളുടെ ഭയം മായുന്നുണ്ടായിരിക്കും.

രാവിലെ അവളെ കണികണ്ടപ്പോൾ ഉറക്കത്തിന്റെ ക്ഷീണം തുങ്ങുന്ന കൺപോളകളും തിരുമ്മിക്കൊണ്ടു് അയാൾ പറഞ്ഞു "ഇന്നലെ തീരെ ഉറക്കം വന്നില്ല"

പതുക്കെ അവൾ പറഞ്ഞു. "ഇനിക്കും."

ഒപ്പോട്ടിവന്ന ചിരി മറയ്ക്കാൻ വേണ്ടി അയാൾ മുഖംതിരിച്ചുകളഞ്ഞു അവളിൽനിന്നുണ്ടായ ലജ്ജകളിക്കാൻവേണ്ടി അവളും.

സന്ധ്യയ്ക്കു് അയാൾ പതിവിലും മുമ്പുവന്നു.

കുളിച്ചുകഴിഞ്ഞിട്ടും അവൾ പോയിരുന്നില്ല. കുത്തുനിൽക്കുകയായിരുന്നോ? എങ്കിൽ എന്തു മാശ്യമാണു്?

കണ്ടപാടെ അയാൾ പറഞ്ഞു: "ഇന്നു ജോലിയൊന്നും ശരിയായില്ല"

ചിരിച്ചുകൊണ്ടു് അവൾ ചോദിക്കുകയാണു് "അതെന്തേ?"

ചോദ്യംകേൾക്കണോ? എന്തോയെന്നു്? ഒന്നും അറിയാഞ്ഞപോലെയാണിപ്പോഴും.

കുറച്ചുനേരത്തേക്കു് ആരും മിണ്ടിയില്ല. ഒടുവിൽ അവൾ ചോദിച്ചു. "നാട്ടിലേക്കു് പോന്നില്ലേ?"

നിരാശകലർന്ന സ്വരത്തിൽ അയാൾ പറഞ്ഞു. "പോകാൻ തോന്നുന്നില്ല"

"എന്തേ"

പറ്റെയും എന്തേയെന്നു്! അവൾ കാണാതെ പല്ലുകൾ ഞെരിച്ചു. എങ്കിലും പറഞ്ഞു: "ഇവിടെ നിന്നു് പോകണമെല്ലാ എന്നോർക്കുമ്പോൾ....."

അവളുടെ കരം ചിരിക്കുന്നുണ്ടാകും. ഒരു പക്ഷേ കുളിർകോരിയിരിക്കും. അത്മം തികച്ചും മനസ്സിലാക്കിയിരിക്കുമോ?

"പെണ്ണിനെ ഞെണ്ണിപ്പിക്കരുതു്." അവളുടെ സ്വരം പതറിയിരുന്നു. അതിൽ വേദനയുടെ ഞരക്കങ്ങൾ കേൾക്കുന്നില്ലേ?

മറ്റൊരുത്തനോക്കിക്കൊണ്ടു് അയാൾ പറഞ്ഞു:

"അവൾക്കെന്നെ കണ്ണെടുത്തു കണ്ടുകൂടാ. എന്നും ശകാരവും തല്ലും പിടിയുമാണു്. നരകമാണതിലും ഭേദം?

"ഓ! നുണ!"

"നുണയല്ലേ? അല്ലെങ്കിലും അങ്ങിനെയാണു്!" അയാൾ പരിഭവം നടിച്ചു മുഖം അല്പം ചിരിച്ചു നിന്നു.

ഇരുളിൽ കാഴ്ചകൾ മറഞ്ഞുപോയി. അവളേയും വ്യക്തമായി കണ്ടുകൂടാ. വളയുടെ ചിരികേൾക്കാം അയാൾ ചോദിച്ചു "പോകണ്ടേ?"

പെട്ടെന്നു് അവൾ ധൃതിപിടിച്ചു: "പറഞ്ഞു നിന്നു നേരംപോയതറിഞ്ഞില്ല."

അവൾ പോയിക്കഴിഞ്ഞപ്പോൾ ബാലകൃഷ്ണൻ ഓർത്തുനിന്നു. നിലാവുപോലെ മന്ദഹാസമുദിച്ചു മുഖം.....കിനാവിന്റെ വെളിച്ചവും കടമ്പിന്റെ നീലിമയും മുകർന്ന മിഴികൾ..... ...ഹൃദയത്തെ മധുരികരിക്കയും മുറുകിപിടിപ്പിക്കയും ചെയ്യുന്ന കാട്ടുചോലയുടെ കളകളം.....പിന്നെ ഏകാന്തതയുടെ നേർവേൽ വിങ്ങുന്ന കരളും.....

* * *

വസൂരിമുഖക്കാരനായ ആ മനുഷ്യനു എന്തെങ്കിലുമറിയാമെന്നാണല്ലോ? ഉണ്ടെങ്കിൽത്തന്നെ അതു തീരെ മരവിച്ചുപോയിരിക്കും. അവൾ ഏകാന്തതയുടെ വേദനയിൽ മുഴുകിയുകൊണ്ടിരിക്കുമ്പോൾ ഒരു പാതിരാവിൽ അയാൾ വന്നു കയറുന്നതു് കാണാം. പുലരുന്നതിനുമുമ്പു അവിടംവിട്ടുകയും ചെയ്യും. രാവിലെ അവളുടെ കണ്ണുകളിൽ നീർ പഠിഞ്ഞിരിക്കുന്നതു് കാണാം! ആവിയിൽ വെന്ത പൂവിതളുകൾപോലെ തോന്നും.

"എന്തു പറ്റി?" രാവിലെ അയാൾ ചോദിച്ചു.

"ഒന്നുപറ്റി" തെറി പറഞ്ഞുകൂട്ടിതല്ലും വന്നു." അവൾ ഇടർച്ചയോടെ പറഞ്ഞു മിഴികൾ കൂടുതൽ നനഞ്ഞുവന്നു.

"എന്തു നാണു?"

അവൾ കീഴോട്ടു നോക്കിനിന്നു ഒരു നിമിഷം കഴിഞ്ഞു പതുക്കെ ഇടർച്ചയോടെ പറഞ്ഞു: "ഇഞ്ഞവിടെ വന്നു കളിക്കുമെന്നു്? ഏതാണ്ടൊക്കെ അറിഞ്ഞപോലെ ഒരു പറച്ചിൽ.'

അയാൾക്കു തെല്ലുനേരം മിണ്ടിയില്ല. മനം വേദനിക്കുന്നതായി തോന്നി. എന്തുകൊണ്ടാണിതു്?

"പിന്നെ എന്തു ചെയ്യുമെന്നു്? അവിടെ കളമില്ലല്ലോ?"

"കളിക്കണ്ടായെന്നു്?" മുഖം വളരെ താഴ്ത്തിയിട്ടു് മുറിഞ്ഞ വാക്കുകളിൽ അവൾ പറഞ്ഞു: "കളിച്ചാലും.....നമ്മൾ രണ്ടാളും തമ്മിൽ.....രണ്ടിടയിലും.... അവരുടെ കളിയുമെന്നു?" ശബ്ദം വാക്കുകളെ തടഞ്ഞു നിർത്തി. നെഞ്ചു് നോവുകയാണോ?

പിരിഞ്ഞു പോന്നിട്ടും ബാലകൃഷ്ണൻ വളരെ നേരത്തേയ്ക്കു് പലതും ഓർത്തുനിന്നു ആപ്പീസിൽ പോകേണ്ട സമയം തെറ്റി. പോകേണ്ടെന്നുതന്നെ തോന്നി. എങ്കിലും മടിയോടെ ഇറങ്ങിനടന്നു.

ജോലി തീരെ ശ്രദ്ധിയായില്ല. കൽപ്പടുക്കുതിയുമായി നില്ക്കുന്ന വസൂരിമുഖക്കാരന്റെ ചിത്രം ഒ

വാസുദേവ വിലാസം
കുറിഞ്ഞിക്കുഴമ്പ്
പ്രസവാനന്തരസ്ത്രീകളായ ക്ഷീണം, ഞരമ്പു തളർച്ച, ഇന്ദ്രിയം, ഉദരശൂല മുതലായവയെ ഉന്മൂലനംചെയ്യ് പൂർവ്വവൽ യുവത്വം കൊടുക്കുന്ന ഒരുത്തമ ഔഷധം
നിർമ്മാതാക്കൾ:
വാസുദേവവിലാസം വൈദ്യശാല
കോട്ടയ്ക്കകം, തിരുവനന്തപുരം
ഡ്രാഫ്റ്റുകൾ:
1 പുത്തൻചന്ത, തിരുവനന്തപുരം. 2. ഹരിപ്പാട്.

ത്തു. മുഖത്തിൽ കിനാവു കണ്ട മിഴികളും മന്ദഹാസം വിരിഞ്ഞ ചുണ്ടുകളുമുള്ള അവളെ. കൊന്നുകളയുമെന്നോ?

വീട്ടിൽ നിന്നു ഭാര്യയുടെ എഴുത്തുകിട്ടി. വലിച്ചു പറിക്കാൻ അയാൾക്കു തോന്നി. മേലിൽ എഴുതേണ്ടതില്ലെന്നു ആധിക്കാരി ശ്രീപ്പണവയെ അറിയിച്ചാലോ? അവൾ കരിച്ചിരിക്കയാണ് "നിങ്ങൾ കുടുംബത്തെ തീരെ മറന്നുപോയോ? ഇവിടെയുള്ളവർ ചത്തോ ജീവിച്ചോ എന്ന അന്വേഷണം പോലുമില്ല. നല്ല ഉടുപ്പ് സ്ത്രീധനം വാങ്ങി എന്നെ പിടിച്ചുകൊണ്ടു പോന്നതാണ്. ഈ നഗരത്തിൽ വന്നു വീണതിൽ പിന്നെ ചത്തതിനു സമമാണ്....ഈ പേരിൽ കിടക്കാൻ എനിക്കിഷ്ടമില്ല. വേണ്ടെങ്കിൽ നിങ്ങൾ എന്നെ ഉപേക്ഷിച്ചേക്കൂ!"

രണ്ടു കൈകൊണ്ടും കുട്ടിപ്പിടിച്ചു അയാൾ ആ കടലാസ്സു കീറി കരുക്കി. തിരുമ്മിത്തിരുമ്മി ചെറുതാക്കി ചില്ലുകൂടും ശക്തിയായി അമർത്തി തൊടച്ചു. മുഖമെഴുതിയിരിക്കണ!

തിരിച്ചുചെന്നപ്പോൾ അവൾ കുളിക്കാൻ വന്നിട്ടില്ല. ഇതുയും വൈകാറില്ല. എഴുത്തുകൊണ്ടാണോ വരാഞ്ഞത്? അയാൾ കാത്തിരുന്നു.

സന്ധ്യയായിട്ടും അവൾ വന്നില്ല. ഉള്ളിൽ നേരിയ ഏതിലിൽ അനക്കമുണ്ടായിട്ടു. പിണങ്ങിയിരിക്കുമോ? വിളിച്ചു ചോദിക്കാനും തോന്നിയില്ല. പിണക്കമാണെങ്കിൽ.... ഓർക്കുമ്പോൾ അകം നോവുന്നു.

രാത്രി ഇരുളിലാണ്ടു. അയാൾ മുറിയിലേക്ക് കയറിയില്ല. മുറത്തെമണലിൽ വേദനിപ്പിക്കുന്ന ഓർമ്മകളുമായി ഇരുന്നു. കാറ്റു രണ്ടുകിലും വല്ലാത്തൊരുള്ളൽ.

അരമതിലിൽ അവൾ വന്നിരിക്കുന്നതുകണ്ടു അയാളെ തീരെ നോക്കുന്നില്ല. വെറുത്തുപോയിരിക്കും മുഖംചെന്നനിന്നു മുഖംപിടിച്ചു യത്തി എന്തു തെറ്റുചെയ്തെന്നു ചോദിച്ചാലോ? വേണ്ട അവൾക്കു വിരോധമാണെങ്കിൽ....കുറ്റം ഓർക്കാതിരിക്കാൻ സാധ്യമായെങ്കിൽ!

രാത്രിയായിട്ടും അവൾ അകത്തേക്കു എഴുന്നേറ്റുപോയില്ല. അയാൾ മുറ്റത്തുതന്നെയിരുന്നു. മുറക്കം വരുന്നില്ല. അവൾക്കും മുറങ്ങാൻ കഴിയുന്നില്ലായിരിക്കും. എന്നാലും എത്രനേരം ഇങ്ങിനെയിരിക്കും? ഭർത്താവ് വന്നുകയ്യും കുത്തിക്കുട. ഏതു സ്ത്രീയുടെ വേദനയകറ്റാനുണ്ടാകും. പുറത്തുകാണിക്കാതെ എല്ലാം അടക്കുകയാണ്.

പാതിരയായിട്ടും അവൾ മുറങ്ങാൻവേണ്ടി അകത്തേക്കുപോയില്ല. ഇതിനു മുമ്പേ അവൾ വിളക്കണച്ചു പോകാറുണ്ടായിരുന്നു തിരിഞ്ഞുനോക്കുകപോലുമുടെചെയ്യാതെ പിന്നേയും ഇരിക്കുകയാണ്. വേദനസഹിക്കാൻ കഴിയുന്നുണ്ടോ? അയാൾക്കും വേദനതോന്നി. മുറക്കം തീരെ എത്തിനോക്കുന്നില്ല.

തെല്ലുകഴിഞ്ഞപ്പോൾ അവൾ എണീറ്റുനിന്നു അയാളെ നോക്കുന്നതുകണ്ടു. മിഴികൾ നനയുന്നു. ചുണ്ടുകൾ വെൺമയേറിയ പല്ലുകൾകൊണ്ടു അമർത്തിപ്പിടിച്ചിരിക്കയാണ്. കരയാൻപോകയാണോ?

ഉൽക്കണ്ഠയോടെ അയാൾ പടികടന്നു അവളുടെ അരികിലേക്കു ചെന്നു. എന്നിട്ട് രണ്ടുപേരും പരസ്പരം നോക്കിനിന്നു. അവളുടെ മിഴികളിൽ നീർപാറിനിൽപുണ്ട് വേദന അവയിലായതായിരിക്കും. കരളും പുകഞ്ഞിരിക്കുമോ?

"സഹിഹാ?" അയാൾ വിളിച്ചു അവൾ നോക്കി. ഏങ്ങലടിയിലേക്കു കുളമ്മയോടെ തുണുകയറുന്നതോട്ടം.

"മുറങ്ങാൻ കഴിയുന്നില്ല. എന്തേ?"

"ഞാനറിഞ്ഞിട്ട് നാളു പലതായി. നമ്മൊന്നും ഇതുണ്ടായിരുന്നില്ല." അവൾ പറഞ്ഞു സ്വരം ഇടറിയിരുന്നു.

"തനിച്ചിരിക്കാനാണോ ഇഷ്ടം?"

"അവനവനു തന്നേയിരിക്കും?"

"എനിക്കില്ല. സത്യം!"

"പിന്നെ ഇനിക്കാണോ?"

അവൾ വേദനയോടെ മന്ദഹസിച്ചു. ചുണ്ടിൽ നിലാവെളിച്ചം പരന്നപോലെ. കണ്ണീർ ചിരിക്കുന്നു. അയാളും പുഞ്ചിരിച്ചുകൊണ്ടു എന്നിട്ടു രണ്ടുപേരും മൂകരായി ഇരുന്നു വളരെ കഴിഞ്ഞിട്ടും ആരും മിണ്ടിയില്ല.

ഒടുവിൽ അയാൾ ചോദിച്ചു: "ഉറക്കം വരുന്നില്ലേ?"

"തീരെയില്ല."

അയാൾ അവളെനോക്കി. മിഴികൾ ഇടഞ്ഞു, അവളുടേതു പാതിക്രുവി താണുപോയി.

തെല്ലു കഴിഞ്ഞു അയാൾ ചിരിച്ചുകൊണ്ടു ചോദിച്ചു: "പിന്നെ പുലർച്ചവരെ ഇങ്ങിനെ ഇരിക്കുമെന്നാണോ?"

"ആ!"

രാവിനെ അയാൾ ഇറങ്ങിപ്പോകുമ്പോൾ അവളെ അവിടെയെങ്ങും കണ്ടില്ല. അയാൾ ഇറങ്ങുമ്പോൾ മന്ദഹസിച്ചുകൊണ്ടു നിൽക്കുമായിരുന്നു. ആ പതിവു മറന്നിരിക്കുമോ?

മടിച്ചു മടിച്ചു അയാൾ പോയി.....

സന്ധ്യയ്ക്കു തിരിച്ചു വന്നിട്ടും അവളെ കണ്ടില്ല. ഇറയത്തു മേശവിളക്കു മങ്ങി മങ്ങി കത്തുന്നുണ്ട്. അവൾ ദിവസവും അരമതിൽ ചാരിയാണ് ഇരിക്കുക. എന്താണ് തീരെ പുറത്തു വരാത്തത്?

ഓർത്തൊന്നു നിൽക്കുമ്പോൾ അവിടെ അകത്തുനിന്നു അവളുടെ തേങ്ങലും കേട്ട ശക്തിയായ വേദനയിൽഏറിഞ്ഞു പിടയുന്നപോലെ അയാൾ അകം തൊട്ടിവിറച്ചു. ഓടിച്ചെന്നു അയാൾ അവളുടെ മുറിയിൽ കയറി നോക്കി നിലത്തു വിരിച്ച പായയിൽ കിടന്നു അവൾ വേദന സഹിക്കാൻ കഴിയാതെ തൊളിഞ്ഞു പിരിയുകയാണ്. അയാളുടെ കണ്ണുകൾ ഇരുണ്ടു

"എന്തു പറ്റി?"

അവൾ വയറിൽ കൈവച്ചു ശക്തിയായി അമർത്തിക്കൊണ്ടു പണിപ്പെട്ടു പറഞ്ഞു: "വേദന..... സഹിക്കാൻ മേല.'

അവൾക്കരികെ നിലത്തു മുട്ടുകുത്തിയിരുന്നകൊണ്ടു അയാൾ ചോദിച്ചു: "എപ്പോൾ തുടങ്ങി?"

"ഇന്നലെ രാത്രി. കുടക്കുടി വരുന്നു."

"എന്നെ അറിയിച്ചില്ല അല്ലേ?"

"എന്തിനു വേറൊരാളെക്കൂടി നോവിപ്പിക്കണം?"

അവളുടെ മിഴികളിൽ നീർപാറിയിരുന്ന അവയിലേയ്ക്കു അലിവോടെ നോക്കിക്കൊണ്ടു അയാൾ തെല്ലുനേരം ഇരുന്നു പിന്നെ പതുക്കെ ചോദിച്ചു. "ഭർത്താവിനെത്തോ?"

"അറിഞ്ഞിട്ടും കുറ്റംമുണ്ടാതെ പോയി. കെടന്ന കിടപ്പുകണ്ടോ?" കണ്ണുകൾ നിറഞ്ഞു. ഇടറുവാൻ വെമ്പുകയാണ്

"കരയേണ്ട. വേദനകുറും."

അയാൾ ഇരുളിലേയ്ക്കു ഇറങ്ങിനടന്നു. എങ്ങോട്ടാണെന്നു പറഞ്ഞില്ല. പടികടന്നിട്ട് അയാൾ ഇരുട്ടിലൂടെ മാഞ്ഞു.....

തിരിച്ചുവന്നപ്പോഴേക്കും വേദന ഭയങ്കരമായിക്കഴിഞ്ഞിരുന്ന കരളിൽ ചുണ്ടൽകൊളുത്തിയപോലെ അവൾ കിടന്നു പുളഞ്ഞു. അയാളുടെ ഹൃദയം മുറുക്കെ മിടിച്ചു. അവളുടെ അരികിൽ ഒട്ടുകുത്തിയിരുന്നിട്ട് അയാൾ തന്റെ കയ്യിലെ കുപ്പിയുടെ അടപ്പുരി ഒരു കൊഴുത്ത തൈലം അവളുടെ വയറിൽ പുരട്ടിക്കൊടുത്തു. മന്ദം തടവുകയും ചെയ്തു. പിന്നെ ഒരു ഗുളിക യെടുത്തു അവളുടെ വായ്ക്കുവെച്ചു

(ശേഷം 16-ാംപേജിൽ)



"വീണ്ടുമൊരുപ്രശ്നംകൂടി"



(മിസ്സ് ജി. ജി. നാഥ്)

കുമാരിയുടെ "ഒരു പ്രശ്നം"മാണ് ഏന്നെ "വീണ്ടുമൊരു പ്രശ്നം കൂടി" കാണാൻ പ്രേരിപ്പിച്ചതു്. സ്ത്രീലോകത്തെപ്പറ്റി പല പ്രശ്നങ്ങളും എന്റെ ചിന്താമണ്ഡലത്തിൽ ഉദിക്കുന്നുണ്ടെങ്കിലും, സഹിതീദേവി അടുത്തുവരാത്തതുകൊണ്ടിതുവരെ മനം ഭേദിച്ചു. ഇനി ഏതായാലും ചിലതു പറയുകയാണു്.

"സ്ത്രീ ഒരു ഭാരമാണു്." പുരുഷന്മാരും സ്ത്രീകളും എന്നുവേണ്ടാ, യുവതലമുറതന്നെ, :വിർപ്പുമുട്ടിനിൽക്കുന്ന സത്യം പെൺമക്കളുടെ മുഖത്തുനിന്നു് അവരുടെ അമ്മമാർപോലും പറയുന്നുണ്ടു്. "എന്നാപ്പിന്നെന്തിനു് പെറ്റു" എന്നു ചോദിക്കാൻ എനിക്കു പലപ്പോഴും തോന്നിയിട്ടുണ്ടു്. എങ്കിലും ഇന്നും, എല്ലാവരുടേയും മുമ്പിൽ ഒരുകൊച്ചുകുഞ്ഞായ ഞാൻ അമ്മമാരോടു് എങ്ങിനെയാണു് ഇതു പറയുന്നതു് എന്നേയ്ക്കു ക്ഷമിക്കുകയാണു്. എന്തായാലും ഈ സ്ത്രീവിരുദ്ധക്കാരോടെല്ലാം നാക്കുകൊണ്ടു് പ്പോഴും അങ്ങേയറ്റം സമരം ചെയ്യാറുണ്ടു്. "വിവാഹം കഴിച്ചുകൊടുക്കുക" അതാണു് ഈ ഭാരവാഹത്തിന്റെ പോംവഴി. താവാടിന അപമാനം വരുത്തിയാലൊ എന്നൊക്കെയാണു ഇക്കൂട്ടരുടെ ഭയം.

ഏതായാലും എന്റെ ഭാവനയിൽ ഒരു സ്ത്രീ ഒരിക്കലും ഒരു ഭാരമാകുകില്ല. കുറേ മുൻപുവരെ എന്റെ വാദം ഇങ്ങിനെയായിരുന്നു. എന്റെ പ്രതീക്ഷ ഇതായിരുന്നു. സ്ത്രീ ഒരിക്കലും പുരുഷന്റെ അടിമയാകരുതു്. കുടുംബത്തിലും, പൊതുരംഗങ്ങളിലും എല്ലാം പുരുഷനു തുല്യമായ അവകാശങ്ങൾ സ്ത്രീയ്ക്കുംഉണ്ടായിരിക്കണം സ്ത്രീപുരുഷഭേദം പാടില്ല പുരുഷന്റെ സുഖസാധനമായിത്തീരരുതു് സ്ത്രീ. നേരെമറിച്ചു് സ്നേഹമയിയായ ഒരുഭാര്യ, സഹോദരി, വാത്സല്യം നിറഞ്ഞ ഒരു മാതാവു് ഇതായിരുന്നു എന്റെ ഭാവനയിലെ സ്ത്രീ എന്റെ മക്കളെത്തന്നെ ആദ്യമായി ഞാൻ ആ നിലയിൽ കാണിച്ചുകൊടുക്കും. ഞാൻ വിവാഹിതയാകും. പ്രസവിക്കും. എന്റെ ആൺമക്കളും, പെൺമക്കളും തമ്മിൽ യാതൊരു കാര്യത്തിലും അസമത്വത ഉണ്ടായിരിക്കയില്ല. സ്വതന്ത്രമായി ജീവിക്കാൻ വേണ്ട ഒരു നിലയിൽ അവരെ എത്തിക്കും. പിന്നെ അവർക്കും മാതൃത്വം നിഷേധിക്കപ്പെട്ടുകയില്ല. സാമ്പത്തികകാര്യത്തിൽ മാതൃത്വം നിഷേധിയ്ക്കപ്പെടുന്നതിന്റെ ഒന്നാമത്തെ ഉപാധി. അങ്ങനെ എന്റെ മക്കളും സ്ത്രീ പുരുഷവ്യത്യാസമില്ലാത്ത സാമൂഹ്യ വ്യവസ്ഥിതിയിലെ വഴികാട്ടികളായിത്തീരും.

പക്ഷേ, എന്റെ പ്രതീക്ഷകളെല്ലാം തകർന്നു. കുമാരിയുടെ സ്ഥിതി തന്നെ എന്നേയും ഭാഗ്യത്തിനു ഒരു ഭാരമായിക്കരുതുന്ന ഒരു പുരുഷനെയാണു് ഞാൻ എന്റെ മകളുടെ അച്ഛനാകുവാൻ ആശിച്ചതു്. ഒരു വിപ്ലവകാരിയും, പുരോഗമനാശയക്കാരനും യുവാവുമായ ഒരു പുരുഷനാണു് പറയുന്നതു്, ഭാരം വഹിയ്ക്കാൻ കഴിവില്ലെന്നു്. എന്തു ചെയ്യാം. എന്റെയും മാതൃത്വം പുഷ്പിക്കാതെ തന്നെ നശിക്കും പുരോഗമനക്കാരുടെ വാദം ഇതാണെങ്കിൽ മറ്റുള്ളവരുടെ കാര്യം പറയണോ?

ഈ കുമാരിയുടെ വാദം ഒന്നു നോക്കട്ടെ! സ്നേഹസമ്പന്നമായ നമ്മുടെ ഹൃദയം സമർപ്പിക്കാൻ ഒരു പുരുഷഹൃദയം വേണം. ഒരു പുരുഷനെ പരിചരിക്കാൻ, അയാളുടെ സ്നേഹപൂർണ്ണമായ പെരുമാറ്റത്തിൽ സംതൃപ്തി അടയുവാൻ ഏതൊരു സ്ത്രീയും ആഗ്രഹിക്കും. ഒരു മാതാവാകുക-സ്വന്തം മജ്ജാവിന്റെഒരു രണ്ടാംപതിപ്പിനെ കണ്ടു തൃപ്തിയടയുക അതാണു് ഒരു സ്ത്രീയുടെ ഏറ്റവും വലിയ ആഗ്രഹം. അതേ—മാതൃത്വം സ്ത്രീയുടെ ജന്മാവകാശമാണു്. അതാരും നിഷേധിച്ചുകൂടാ. ഏതു ത്യാഗം സഹിച്ചും അതവർക്കു നൽകാൻ കഴിയുന്ന പുരുഷൻ അഭിനന്ദനാർഹനാണു്. പരിപാവനമായ മാതൃത്വം മാനിക്കപ്പെടേണമെങ്കിൽ പുരുഷൻ വിവാഹക്കമ്പോളത്തിലെ വിൽപ്പനച്ചരക്കായിരിക്കുന്ന ഇന്നത്തെ രീതി മാറണം. ദാരിദ്ര്യവും മറ്റു പരാധീനതകളുമുണ്ടെങ്കിലും സ്നേഹപൂർണ്ണമായ കുടുംബജീവിതത്തിനു വേണ്ടി പുരുഷലോകമേ! ഭാരവാഹം ഉപേക്ഷിച്ചു ധൈര്യമായി മുന്നോട്ടേയ്ക്കു വരൂ. മഹനീയമായ മാതൃത്വത്തെ മാനിക്കൂ,

കുമാരീ, കുമാരിയുടെ അവസാനത്തെ "അഠ കൈപ്പയോഗം" ഇതാണെന്നു ഞാനുദ്ദേശിച്ചില്ല. ഒരു മാതാവാകാനുള്ള അതിയായ ആഗ്രഹം ഹേതുവായി നിങ്ങൾ സമുദായത്തിന്റെ മുൻപിൽ അപരാധിനിയാകുന്നതേ. കുമാരിയെപ്പോലെതന്നെ വിദ്യാഭ്യാസമുള്ള എനിക്കും പത്തിരുപത്തിമൂന്നുവയസ്സ് പ്രായമേറുള്ളൂ. പക്ഷേ മനസ്സിനെനിയന്ത്രിക്കാൻ വളരെ കഴിവുണ്ടു്. തെറ്റിലേക്കു് വഴുതിവീഴാതിരിക്കാൻ ഈ ഏട്ടിയസഹോദരി വിനീതമായഭ്യർത്ഥിക്കുന്നു

ഒരു മാതാവാകാനുള്ള നമ്മുടെ (കുമാരിയും ഞാനും—എല്ലാരും) അവകാശംപോലെതന്നെ നമ്മുടെ കുഞ്ഞിനു് (അങ്ങിനെ ഒന്നുണ്ടായാൽ) 'അച്ഛാ' എന്നു വിളിക്കുമ്പോൾ 'എന്തോ' എന്നു വിളികേൾക്കാൻ ഒരു പിതാവുണ്ടായിരിക്കാനുള്ള അവകാശം നാം നിഷേധിച്ചുകൂടാ. സ്വന്തം കുഞ്ഞിനെ മടിയിൽ വച്ചു താലോലിക്കുമ്പോൾ..... .....മ്മേ.....ച്ചാ എന്നു വിളിക്കുമ്പോൾ '....ച്ചാ...യിളി എന്നേക്കും ഉടച്ചുകളയാൻ നമുക്കാവില്ല. അങ്ങിനെ നമ്മുടെ കുഞ്ഞിന്റെ പിതൃത്വം അവകാശപ്പെടാൻ ഒരു പുരുഷനില്ലാത്തിടത്തോളം, മാതൃത്വം നിഷേധിക്കപ്പെട്ടുകൊള്ളട്ടെ, അതിൽ ഉത്കണ്ഠിക്കാതിരിക്കൂ.

മാതൃത്വത്തിനു് വേണ്ടി, ആ മാതൃത്വം നമുക്കു ഏകിയ കുഞ്ഞിനു് ഒരു പിതൃസ്ഥാനം നിഷേധിക്കരുതു്. നിരാശക്കുട്ടന്മാരേ, ധൈര്യമായി, അഭിമാനത്തോടെ "ഞാനൊരു നിത്യകന്യകയായിത്തന്നെ മരിക്കുന്നു" എന്ന ലോകത്തിനു് കാണിച്ചുകൊണ്ടു് ആത്മഹത്യ ചെയ്യൂ. അതിനു ഞാനും കൂട്ടുണ്ടു്. ഇതിനെക്കാൾ വലിയ ഒരു പ്രശ്നമായിരിക്കും അച്ഛനില്ലാത്ത ആ കുഞ്ഞു്. അങ്ങിനെ "വീണ്ടുമൊരു പ്രശ്നംകൂടി ഉദിക്കാതിരിക്കട്ടെ!

—

18 രൂപാമാത്രം

ഇംഗ്ലീഷ് പഠിക്കാൻ

(സ്വന്തഭവനത്തിലിരുന്നു്)

ഏ. ബി. സി മുതൽ ആരംഭിക്കാം. ഫീസ് 3 രൂപാ. വീതം അതിവേഗം ഇംഗ്ലീഷിൽ എഴുതാൻ—വായിക്കാൻ സംഭാഷണം നടത്താൻ സാധിക്കും. കൂടുതൽവിവരത്തിനു ഒരു കാർഡയയ്ക്കുക.

ചന്ദ്രാകാളേജ്

പഴവങ്ങാടി (K. W.)

തിരുവനന്തപുരം-1.

USHA

(14-ാംപേജിൽനിന്നും തുടർച്ച)

ഇട്ടുകൊടുത്തു. അതവനെ നന്നഞ്ഞിറക്കി.

ജമയടയാതെ അയാൾ അവളെ നോക്കിക്കൊണ്ടിരുന്നു അല്പം കഴിഞ്ഞു ചോദിച്ചു: നോവിനു കുറച്ചു കുറവുണ്ടോ?',

അവൾ ഞെളിഞ്ഞു പിരിഞ്ഞിരുന്നില്ല. വയറിൽ മൃദുവായി തടവിക്കൊണ്ട് പതുക്കെ പറഞ്ഞു: "വളരെ കൊറവുണ്ട്."

അയാൾ പിന്നേയും തൈലം പുരട്ടിക്കൊടുത്തു. വേദന മന്ദം അറിയാറിവന്ന അവൾ പുഞ്ചിരിതൂകാൻ ശ്രമിച്ചു. ആനന്ദംകൊണ്ട് അയാളുടെ ഉള്ളം പൊട്ടിത്തരിച്ചു. അവൾ ഏണീറ്റിരുന്നു

ചിരിച്ചുകൊണ്ട് അവൾ പറഞ്ഞു! "മരിച്ചുപോവുന്ന തോന്നി."

"ഇപ്പോളോ?"

"ഇഞ്ഞിമരിക്കുല"

"ഉം?"

"കരാമം പിടിച്ചുണ്ട് പോരാനുണ്ടല്ലേ!"

വേദന കലർന്ന ആനന്ദത്തോടെ അയാൾ മന്ദഹസിച്ചു. അതു കണ്ട അവളും. വളരെ നേരത്തേക്ക രണ്ടു പേരും ഒന്നും മിണ്ടാതെ ഇരുന്നു. പതിരയോടടുക്കുകയാണ് ഒരു പക്ഷെ ത്തോവ് കയറി വന്നാൽ....അതുതീരെ മറന്നിരിക്കയായിരുന്നു!

നടുക്കത്തോടെ അയാൾ ചോദിച്ചു: "ഇനി ഞാൻ പോകട്ടെട്?"

"എന്നെ ഒറ്റക്കിട്ടിട്ടോ?

"വ്യസനമുണ്ട്. എന്നാലും ഭർത്താവ് കണ്ടുകൊണ്ടുവന്നാൽ കൊന്നുകളയില്ലേ?"

"മരിക്കട്ടെ" അവൾ പുഞ്ചിരിതൂകി വേദന കലർന്നിരുന്നു.

"തനിച്ചോ? വേണ്ട. രാവിലെ വരാം. കിടന്നാലും ഉറക്കം വരില്ല എന്നാലും....."

തെല്ലുനേരം അവളെ നോക്കിയിരുന്നിട്ട് അയാൾ എണീറ്റപോന്നു. അവളുടെ നെടുവീർപ്പിന്റെ അലകൾ കാതുകളെ ഉത്തമി. അലിവും വിരഹവേദനയും തോന്നിയിരിക്കാം.....

പാതിരയ്ക്ക് ത്തോവ് കയറിച്ചെല്ലുന്നത് അയാൾ കണ്ടു.

കഠിനമായ കോപംകൊണ്ട്, വിറച്ചിരുന്നു

അടക്കിയ സ്വരത്തിൽ അവൾ ഭർത്താവ് എന്തെല്ലാമോ ചോദിക്കുന്നതു കേട്ടു. ഒന്നും വ്യക്തമായില്ല. തന്നെ പല പ്രാവശ്യവും ശകാരിക്കുന്നതു ബാലകൃഷ്ണൻ കേട്ടു. അവൾ പതറിയ സ്വരത്തിൽ എന്തോ പറഞ്ഞു. കഠിനമായ കോപത്തോടെ അയാൾ മത്തനെക്കുപ്പി എറിഞ്ഞുടയ്ക്കുന്ന ശബ്ദം കേട്ടു. വിശന്നു പുലിയെ കണ്ട മാൻകുട്ടിയെപ്പോലെ പുറത്തേയ്ക്കു പിടഞ്ഞോടിയ അവളുടെ മുണ്ടു തലമുടിയിൽ അള്ളിപ്പിടിച്ചു അയാൾ അകത്തേയ്ക്കു വലിച്ചു. വാതിൽ കൊട്ടിയടയ്ക്കുന്നതു കേട്ടപ്പോൾ ബാലകൃഷ്ണന്റെ കരളും കിടുകിടുത്തു.

ശക്തിയേറിയ രണ്ടു മൂന്നു ഇടിയുടെ ശബ്ദം സഹിക്കുന്നതിനുകാത്ത വേദനയോടെ അവൾ പിടഞ്ഞു കരയുന്നു. ചുമരിനോടു ചേർത്തു നിറുത്തി അടിച്ചു ചവിട്ടുന്ന ഒച്ചക്കൂടെ അലർച്ചയും. "ജീവനോടെ ചുട്ടമെടീ നിന്നെ? നീ....നീ.... കാഫറിന്റെ ക്കുടെ....."

ബാലകൃഷ്ണൻ നിന്നു ഏരിപൊരികൊണ്ടു. അലച്ചിൽ തീരുന്നു. അവൾ കരളും കീറിയ വേദനയോടെ ഏങ്ങുകയാണ്. ശ്വാസം നിന്നുപോയേക്കാം.

കലിയോടെ ഉള്ളിക്കൊണ്ട് അയാൾ പിന്നേയും ചവിട്ടി. തടവിക്കൊടുത്ത വയറിലായിരിക്കാം മൃദുവായിരുന്നു മാറിലായിരിക്കാം. അയാൾ പിശാചിന്റെ ശബ്ദത്തിൽ അലറുകയാണ്. "ഇതെത്തങ്ങൻ പടിവിട്ട് പുറത്തു പോയാനിന്ന ഞാൻ അവത്തു നാലായി കീറിക്കളയും! അരിഞ്ഞരിഞ്ഞു നുറുക്കും! ഫ്ഫ കാഫറിന്റെ....."

രണ്ടു ദിവസം അവളെ തീരെ പുറത്തു കണ്ടില്ല. അകത്തു നിന്നു വേദനയുടെ ഞരക്കങ്ങളും പുറപ്പെട്ടുകൊണ്ടിരുന്നു അവൾ ഒന്നും കഴിച്ചിട്ടില്ലേ? അയാൾക്ക അങ്ങോട്ടു ചെല്ലാനും തോന്നിയില്ല ത്തോവ് ക്രൂടക്കൂടെ കയറിച്ചെന്നു കൊണ്ടിരുന്നു. ഉറക്കെ അലറിയിട്ട് ഇറങ്ങിപ്പോകും. പല പ്രാവശ്യവും അയാൾ താക്കീതു ചെയ്തു 'വളപ്പുവിട്ട് നീയെങ്ങാൻ പൊത്തുപോയാ.... നിന്നെ അരിഞ്ഞു നുറുക്കും."

ആപ്പീസിൽ നിന്നു വന്നിട്ട് അയാൾമിഴിപൂട്ടാതെ അങ്ങോട്ടുതന്നെ നോക്കിക്കൊണ്ടിരുന്നു. ഒന്നിനും ഒരു ഉത്സാഹം തോന്നിയില്ല. വളരെ നേരം നോക്കിയിരുന്നിട്ടും അവളെ പുറത്തു കണ്ടില്ല.

മൂന്നാമത്തെ ദിവസം ത്തോവ് പോയി. രാത്രി അയാളുടെ വളപ്പ് കടന്നു അവൾ നിഴൽപോലെ വന്നു കുഴഞ്ഞു വീണു. അടിയുടെ പാടുകൾ കുമിളിച്ചുകണ്ടു. ചോര പൊടിയുന്ന അനങ്ങുമ്പോൾ നോവുന്നുണ്ടാവാം

സഹതാപം ധ്വനിക്കുന്ന മൃദുസ്വരത്തിൽ അയാൾ ചോദിച്ചു "വളരെ ഇടിച്ചു അല്ലേ?"

"മരിച്ചില്ല" അവൾ ചിരിക്കാൻശ്രമിച്ചു എങ്കിലും കഴിഞ്ഞില്ല.

'സഹിക്കാൻ കഴിഞ്ഞോ?"

"തടവിത്തന്ന കയ്യിനപറ്റി ഓർത്തപ്പോ വേദനതോന്നീല!"

ഉള്ളിനിറയെ മന്ദഹസിച്ചുകൊണ്ട് അയാൾ പറഞ്ഞു: "ഞാൻനിന്നു ഉരുകുകയായിരുന്നു പാഞ്ഞുവന്നെങ്കിലോ എന്നോർത്തു."

നീലാവ് പെയ്യുന്ന മാറത്തു അവളുടെ കണ്ണുകളിലേക്കു നോക്കിക്കൊണ്ട് അയാൾനിന്നു വളരെ നേരത്തേക്ക് അതും മിണ്ടിയില്ല. തുടിക്കുന്ന ഹൃദയമാകെ വേദനയും ആനന്ദവുമാണ്. അവളുടേതിലും അങ്ങിനെയായിരിക്കും തുടിപ്പുകൾ കേൾക്കുന്നുണ്ടോ?

തെല്ലുകൂടി അടുത്തുനിന്നു മന്ദഹസിച്ചുകൊണ്ട് അവൾ ചോദിച്ചു: "ഒന്നും പറയാത്തതു?"

മിണ്ടാൻ കഴിഞ്ഞില്ല എല്ലാം ഓർത്തുപോയി. അയാൾ ചവിട്ടി ഞെരിച്ചപ്പോൾ വേദനകൊണ്ട് അവൾ പിടഞ്ഞിരിക്കും എന്തിനു വേണ്ടി അവൾ വേദനസഹിച്ചു? അയാൾക്കുവേണ്ടിയല്ലെങ്കിൽ പിന്നെ.....

ആ നനഞ്ഞ കണ്ണുകളിലേക്കു അയാൾ നോക്കിനിന്നു മൃദുസ്വരത്തിൽ അയാൾ ചോദിച്ചു: "ഇടിച്ചുകൊന്നാലും സഹിക്കും അല്ലേ?"

അവൾ ചിരിച്ചു മങ്ങിയ നക്ഷത്രങ്ങൾപോലെ കണ്ണുകൾ പ്രകാശിച്ചു: "ഇനിക്കൊന്നും മറക്കാൻമേല. കണാഞ്ഞിട്ട് ഇന്നെയയാനും ഉറക്കം വന്നില്ല ഓർത്തേത്തു കേട്ടാ.'

പിന്നേയും അയാൾ ആ നീലിമ കലർന്നും നനവുപറ്റിയതുമായ മിഴികളിലേക്കു നോക്കിനിന്നു. അലിവും വേദനയും തോന്നി. അയാൾക്കുവേണ്ടി അവൾ ജീവിതമാകെ വേദനയിൽ ഏരിയണമെന്നോ?

വിറയലോടെ അയാൾ വിളിച്ചു: "സരീഫാ!"

"ഉം"

"പിന്നേയും അ തെളിഞ്ഞുമിന്നുന്ന മിഴികളിൽ ഞെട്ടിപ്പോകുന്നതോളം ഏറിഞ്ഞു കൊണ്ടുനിന്ന ഒടുവിൽ സഹതാപം നിറഞ്ഞുതുടിക്കുന്ന കരളിനെ മറയ്ക്കിനിറുത്താനാകാതെ അയാൾ പറഞ്ഞു "ഇതിങ്ങനെ തുടരണമെന്നു ഞാനാഗ്രഹിക്കുന്നില്ല. എന്നെ മറക്കൻ ശ്രമിക്കു! വെറുത്തുകൊള്ളും എന്നെ! ഇല്ലെങ്കിൽ അയാൾ ഒരു നല്ല പെണ്ണിനെ കൊന്നുകളയും! അതു വേണ്ടാ എന്നെ....."

അവൾ അന്ധാളിച്ചു അപ്രതീക്ഷിതമായി ആശ്വാതമേറ്റപോലെ. ഭ്രാന്തുപറയുന്നോ? അയാളെ അന്ധാളിപ്പോടെ തുറിച്ചുനോക്കിനിന്നു. മനം പറയാനാകുന്നില്ല കണ്ണിൽ നനവൂറിവന്നു. ഒടുവിൽ കുറച്ചുകൂടെ അടുത്തുനിന്നുകൊണ്ടു അവൾ വിക്കി "മറക്കാൻമേല ജീവൻ പോവുംവരെ ഇനിക്കതു മേല" സ്വരംവിട്ടുമാറാതെ പതറിയിരുന്നു, കരച്ചിൽ കലർന്നിട്ടില്ലേ?

അവളുടെ ഏല്ലുമുഴുപ്പു മാറിലേയ്ക്കു അയാൾ നോക്കി അവൾ മറഹിച്ചു മറിച്ചു വയ്ക്കയാണ്. മുഖത്തികച്ചും പ്രസന്നയായി കണ്ണിലെ ദുഃഖം അകംകാണാതെയായോ? ചോര ഉറഞ്ഞിക്കിടക്കുകയാണോ?

കീഴോട്ട് നോക്കിക്കൊണ്ട് അയാൾ പറഞ്ഞു. "ഞാൻ വിവാഹിതനാണ്. കാഫറും'

നെഞ്ചിൽ കൈവെച്ചുകൊണ്ട് അവൾ അയാളെ ദീനമായി നോക്കി. നോവിൽ ഏരിയുന്ന കരളിന്റെ തുടിപ്പുകളെപ്പറ്റി ഇനിയും അറിഞ്ഞിട്ടില്ലേ എന്ന മട്ടിൽ, അയാൾ മുഖമുയർത്തി നോക്കിയില്ല. അവളിൽനിന്നു അകന്നുമാറാൻ ശ്രമിക്കുകയാണോ?

അയാൾ പതുക്കെ പറഞ്ഞു: "ഞാൻമൂലം ഒരു നല്ല ഹൃദയം ഏരിയുന്നതു കാണുമ്പോൾ....വേണ്ട എന്നെ വെറുക്കാൻ ശ്രമിക്കു!"

കരച്ചിലോടെ അവൾ ചേർന്നിരുന്നു. പൂട്ടിയ ഉച്ഛ്വാസവായു അയാളുടെ മിടിച്ചുയരുകയും അമരുകയും ചെയ്യുന്ന മാറിൽ തട്ടിയോടി. അയാൾ അവളുടെ മുഖത്തേയ്ക്കു നിസ്സഹായതയോടെ നോക്കി അവളുടെ കണ്ണുകൾ നിറയുകയാണ് പൂട്ടിയ കണ്ണീർത്തുള്ളികൾ അയാളുടെ പാദങ്ങൾക്കുമീതെ പൊട്ടിവീണു. അവിടം പൊള്ളുന്നപോലെ തോന്നി.

കഥ തുടരുന്നു

സംസാരിക്കാൻ പഠിച്ചിട്ടില്ലാത്തവനെ പോലെ അയാൾ വിക്കി വിക്കി പറഞ്ഞു: "എന്നെ ഇനി.... നോക്കേണ്ട സംസാരിക്കുകയും വേണ്ട! അകലാൻ ശ്രമിക്ക്! എന്നിട്ട് തള്ളാവിനെ സ്നേഹിക്ക്! എനിക്കൊന്നേ മാർഗ്ഗമുണ്ടു്. അവളിൽ ഒന്നു കുഞ്ഞും....ഞാനതു ചെയ്യട്ടെ!"

തട്ടം ഉയർന്നുപോയി നെഞ്ചിടിപ്പ് അയാളുടെ കാതുകളിൽ ഉറക്കെ വന്നലച്ചു. ഏങ്ങാൻ ഭാവിക്കയാണോ? വിറകൊള്ളുന്ന ചുണ്ടുകൾക്കിടയിലൂടെ നുരങ്ങിയ വാക്കുകൾ ചോർന്നു വന്നു:

"പറയല്ലേ തിരെ സഹിക്കാൻ മേല....നമുക്കെന്നും ഇങ്ങനെ ജീവിച്ചുടെ? മരിക്കുന്നതുവരെ....?"

നീരുറയുന്ന ആ മിഴികളിലേക്ക് പിന്നേയും അയാൾ നോക്കി. പിന്നെ മുഖംതിരിച്ചുകൊണ്ടു പറഞ്ഞു: "വയ്യ. ഞാൻ മൂലം ഒരു നല്ല ഹൃദയം എരിയുന്നതു കാണാനാവില്ല.... വേണ്ട, നമുക്ക് അകലാൻ ശ്രമിക്കാം പൊയ്ക്കോളൂ! ഇനി കാണേണ്ട. ഞാൻ ഈ സ്ഥലം വിട്ട് മറ്റെവിടേക്കെങ്കിലും പോയേക്കാം എന്നാലും ഇതു വയ്യ."

അയാൾ അകത്തുകയറി. എന്നിട്ട് വാതിൽ കൊട്ടിയടച്ചു അവൾ വാതിലിൽ ഉരുളുരെ മുട്ടിവിളിച്ചു. 'ഒന്നു തൊറക്ക്? ങാ? കട്ടപ്പുകാണിക്കല്ലേ?'

അയാൾ അനങ്ങിയില്ല. കരയാൻതോന്നി. അവൾ കേൾക്കാതിരിക്കാൻവേണ്ടി അയാൾ ചുണ്ടുകൾ പൊട്ടുമാറ് കടിച്ചമർത്തി. അവളുടെ മുട്ടുകൾ കാതിലെയ്ക്കു തിരിക്കാൻവേണ്ടി അയാൾ ഉള്ളംകൈകൾ കൊണ്ട് പൊത്തിയടച്ചു. എന്നിട്ടും അവളുടെ തേക്കത്തിന്റെ നേരിയ അലകൾ എല്ലാം ഭേദിച്ചു കരളിലേക്കു തുളച്ചുകയറുകയാണ്. വേദനസഹിക്കാൻ കഴിഞ്ഞില്ല

* * *

പാതിരയ്ക്കു അവിടെ അവളുടെ തേങ്ങൽ കൊടുങ്കാറ്റുപോലെ വന്നുകയറി മാറത്തിരുന്ന അവളുടെ നീണ്ടുചുരുണ്ട തലമുടി പുറത്തിട്ടു ടിച്ചു അകത്തേക്കു ഇഴച്ചുകൊണ്ടു പോയി. വാതിൽ ശക്തിയായി കൊട്ടിയടച്ചശബ്ദംകേട്ടു. നീണ്ടുനിന്ന ശ്മശാനത്തിലെ നിശ്ശബ്ദതപോലെയുള്ള മരവിപ്പിനുശേഷം അയാൾ കടിച്ചമർത്തിയ പല്ലുകൾക്കിടയിലൂടെ അലറുന്നതു കേട്ടു: "എല്ലാം അറിഞ്ഞൊടിഞ്ഞാൻ? നീയവടെ പോയിരുന്നല്ലേ? കാമ്പറി ൻറെകൂടെ....ചിശാചേ?"

ശക്തിയായ ചവിട്ടിൽ വാതിൽ ശബ്ദം. ബാലകൃഷ്ണൻ നെഞ്ചിൽ വെടിയേറ്റു കിടക്കുന്ന വേദനയോടെ കൈവച്ചമർത്തിക്കൊണ്ട് ഇരുളിലേക്കു തുറിച്ചുനോക്കി. തുടിക്കുന്ന നെഞ്ചിലാണോ ചവിട്ടിയതു്? കിനാവു് പൂങ്കരം തകർന്നിരിക്കും കണ്ണിണകളും തുളുമ്പുന്നുണ്ടാകും.

മൃദുവായ മാംസത്തിൽ ആഞ്ഞു ചവിട്ടുന്ന ശബ്ദം പിന്നേയും കേട്ടു അവളുടെ ദീനമായ ഏങ്ങൽ ഇരുളിൽ ഒപ്പതിഞ്ഞ വായുവിലേക്കുതിച്ചു ചാടി. സിംഹത്തിൻറെ വായിൽ പെട്ട് പിടയുന്ന മാൻ കുഞ്ഞിൻറെ തുപോലെ. ചെവികളും കൊട്ടിയടച്ചിട്ടും ഭേദിച്ചു തുണ്ടു കടലുകളെയാണ്.

"നിന്നെ ഞാൻ കൊല്ലുമെടീ?"

പിന്നേയും ആഞ്ഞു ചവിട്ടുകയാണ്. മാംസം കീറിയിരിക്കും. നേത്ത അസ്ഥികളും നുറുങ്ങുന്നുണ്ടാകും. ആത്മാവു് പിടയുന്ന വേദനയോടെ അവൾ ഏങ്ങുന്നു: "ഹോ! എൻറെ അമ്മാ?"

ഏതയത്തിൽ ദുഃഖത്തിൻറെ മഹാഭോരവുമായി അയാൾ ആഫീസിലേക്കു പോകുമ്പോൾ അങ്ങോട്ടൊളിഞ്ഞുനോക്കി. അവളുടെ ഞരക്കത്തിൻറെ നേരിയ അലകളാലി വായുവിൽ ഇഴഞ്ഞുകൊണ്ടിരുന്നു. പുറത്തു് പിന്നിൽ കൈകെട്ടിപിണച്ചുവെച്ചു കുത്തുന്ന കണ്ണുകളോടെ തേങ്ങാവു് മുലാഞ്ഞുകൊണ്ടിരുന്നു. അവളെ തടവിലാക്കി പുറത്തുപോകാതിരിക്കാൻവേണ്ടി കാത്തുനില്ക്കുകയാണ്. ഇനി അയല്ക്കാരെന കാണാൻ അനുവദിക്കുകയില്ലപോലും?

ജോലി കഴിഞ്ഞിട്ടുംബാലകൃഷ്ണൻ പാർപ്പിടത്തിലേയ്ക്കു തിരിച്ചു ചെന്നില്ല. റേഡിയോടെ പാതിരാവരെ അലഞ്ഞു. ഒടുവിൽ ഒരു സുഹൃത്തിൻറെകൂടെ ഉറങ്ങാൻപോയി. തിരെ ഉറങ്ങാൻ കഴിഞ്ഞില്ല മനസ്സിൻറെ കണ്ണുകൾക്കുമുമ്പിൽ ചോരയൊലിക്കുന്ന വുണങ്ങളുമായി അവൾ ഇഴഞ്ഞെത്തുന്നു. കരഞ്ഞും അമ്മിപ്പിച്ച കണ്ണുകൾ....കരച്ചിൽ വന്നു മുട്ടുന്ന ചുണ്ടുകൾ.....

ഏഴു ദിവസത്തേയ്ക്ക് അയാൾ താമസസ്ഥലം എങ്ങുനോക്കുകപോലും ചെയ്തില്ല. ജോലി കഴിഞ്ഞാൽ ദുഃഖത്തിൻറെ ഭാരം തുങ്ങുന്ന ഹൃദയവുമായി ചുമ്മാ അലയും. ഒരുതരത്തിലെങ്കിലുംകൂടെ ഉറങ്ങാൻ പോകും. ഉറക്കം വരികയില്ല. അവൾക്കും ഉറങ്ങാൻ കഴിയുന്നുണ്ടാവുകയില്ല. ഓർത്തോർത്തു കിടക്കുകയാവും. ഹൃദയം നൊന്തുനൊന്തു വിങ്ങുന്നുണ്ടാകും. അവൾ അയാളേയും കാത്തു നോക്കി ഇരിക്കുകയായിരിക്കയില്ലേ? പല പ്രാവശ്യവും അവിടേക്കു പാഞ്ഞുചെല്ലാൻ തോന്നി. എങ്കിലും കരിക്കുന്ന ആശയെ കടിഞ്ഞാണിട്ടു പിടിച്ചു നിറുത്തി. അവൾ അയാളെ തീവ്രമായി വെറുത്തുകൊള്ളട്ടെ!

* * * *

എട്ടാമത്തെ ദിവസം രാത്രി അയാൾ താമസസ്ഥലത്തുചെന്നു. അവളുടെ ഇറയത്തു് വിളക്കു് എരിയുന്നില്ല. തേങ്ങാവിൻറെ അലർച്ച കേൾക്കുന്നുമില്ല അവൾ കാണാതെ തിരിച്ചുപോരാൻ കഴിഞ്ഞെങ്കിൽ!

നാലുപാടും സംശയത്തോടെ ഉറ്റുനോക്കി ചെന്നുകയറിയപ്പോൾ അയാളുടെ പാപ്പിടത്തിൻറെ ഇറയത്തു് അവൾ ഇരിപ്പുണ്ടു്! കരുണം കേഴുന്ന മിഴികളും കരഞ്ഞുവീർത്ത മുഖവും ദുഃഖം ഉടൽപൂണ്ടപോലെ തെളിഞ്ഞ നിലാവിൽ അവളുടെ കവിൾത്തടങ്ങളിലൂടെ കണ്ണീർത്തുള്ളികൾ ഒഴുകിവീഴുന്നതു് അയാൾ കണ്ടു വെണ്ണക്കല്ലിലൂടെയുള്ള നീരൊലിപ്പുപോലെ തുടിക്കുന്ന നെഞ്ചോടു് പറ്റിക്കിടക്കുന്ന കുപ്പായത്തിൽ കട്ടംചോരയുടെ പാടുകളുണ്ടു്. ചവിട്ടിയ മുറിവുകളിൽ നിന്നു ഉറഞ്ഞുവന്നതായിരിക്കും.

ജീവിതത്തിലാദ്യമായി അവളെ കണ്ടെന്നപോലെ നടിച്ചുകൊണ്ടു് അയാൾ മറ്റൊരിടത്തേക്കു നോക്കിനിന്നു. അവളുമായി യാതൊരു പരിചയവുമില്ലെന്നു വഞ്ചിക്കാൻ തുനിയുന്ന ഹൃദയത്തോടു് അയാൾ ഉറക്കെ വിളിച്ചുപറഞ്ഞു. എങ്കിലും പറഞ്ഞിയില്ല. നീരുറയുന്ന അവളുടെ കണ്ണുകളിലേക്കു നോക്കിയപ്പോൾ മനസ്സിൽ കെട്ടിയുയർത്തിയ പാഴ്മതിലുകളും എല്ലാം തകർന്നുപോയി

അവൾ അയാളുടെമുമ്പിൽ എണീറ്റുനിന്നു. കണ്ണുകൾ നിറഞ്ഞുവഴിയാൻപോകയാണ്. അവൾ വിക്കിവിക്കിപറഞ്ഞു: "എന്നെ മറന്നുപോയി അല്ലേ? കൊന്നിട്ടു പോവായിരുന്നു?

ചുണ്ടിൽവന്നുമുട്ടിയ കരച്ചിൽ അടക്കാൻ അയാൾ പാടുപെട്ടു അലിയാൻതുടങ്ങുന്ന കണ്ണുകൾ അകലെ തൂക്കുകൊണ്ടു് ചേതനയാറ പോലെനിന്നു.

"ഏതിയുന്ന ചൂളയിൽ കെടന്നു് ഞാൻ വേവേയിരുന്നു" ശബ്ദം തൊണ്ടയിൽ വന്നു മുട്ടി. അവൾ അയാളെ മിഴിപൂട്ടാതെ നോക്കിക്കൊണ്ടു നിന്നു പിന്നെയും തുടർന്നു "എത്ര നാള് ഇവിടെ വന്നു് ഞാൻ കാത്തിരുന്നെന്നാ വന്നില്ല. ഒരക്ഷരമെഴുതു് കാത്തിരുന്നിട്ടും കണ്ടില്ല."

കരച്ചിൽ ചേർന്നു നിന്നു അവൾ അയാളെ നോക്കി. ഒരിക്കലും അറുത്തി ഓടുങ്ങുകയില്ലെന്നു തോന്നി, കവിളുകളിലൂടെ കണ്ണീർ തുളുമ്പി റോസാപ്പൂവിൻറെ ഇതളുകളിൽ മഞ്ഞുനീർ പറ്റിയപോലെ തോന്നി. ശ്വാസോച്ഛ്വാസം അയാൾക്കു കേൾക്കാം. ഏതിയുന്ന കരളിൽ നിന്നു വമിക്കുന്ന ആവി പോലെ മാറിടത്തിൽ പുളകം വായുവന്നുതുമ്മുന്നു.

അകലേക്കുതന്നെ നോക്കിനിന്നുകൊണ്ടു് വിറയലോടെ അയാൾ വിക്കി "ഇവിടന്നു് ഞാൻ....പോവുകയാണു്. ഇനിയും നാം തമ്മിൽ കാണരുതു്. എന്നെ വെറുത്തേക്കു!"

മിന്നലോറ മാൻ പേടപോലെ അവൾ മരവിച്ചു നിന്നുപോയി. എന്താണീ പറയുന്നതു്? കരളിൽ അരംവെയ്ക്കുന്ന ഇരുമ്പു വാളിട്ടു് കീറുന്ന വേദനയോടെ അവൾ തേങ്ങി "പറയല്ലേ! ഇനിക്കൊരിക്കലും നിങ്ങളെ മറക്കാൻ മേല. ഒത്തകാലത്തും....പോകല്ലേ!"

അയാളുടെ മനസ്സിൽ അലിഞ്ഞുചേരുന്നു ചെയ്യാനെന്നപോലെ അവൾ മുന്നോട്ടാഞ്ഞു. അയാൾ നടുക്കത്തോടെ പിന്നോട്ടു് പിടഞ്ഞുമാറി. "വേണ്ട ഞാൻ പോവുകയാണു്. ഇനി ഇരുട്ടിക്കിൽ എന്നെയെങ്ങും കാണരുതു്.....കഴിഞ്ഞതെല്ലാം.....മറക്കല്ലേ?" കരയാതിരിക്കാൻ വേണ്ടി അയാൾ ചുണ്ടുകൾ കടിച്ചമർത്തി. ചോര ചാടിയിട്ടുണ്ടാകുമോ?

കൊടുങ്കാറ്റിലെ കതിർപോലെ അവൾ അയാളുടെ നേരെ വീഴാൻ ആഞ്ഞു അതിനുമുമ്പു് ദൂരംതുണ്ടു

★ "അല്പസ്നേഹം പ്രാണസങ്കടം" ★

(സുകുമാർ)

അല്പസ്നേഹം പ്രാണസങ്കടമാണെന്ന് പണ്ടേതോ പണ്ഡിതൻ പ്രസ്താവിച്ചിട്ടുണ്ട് എത്രത്തോളം പരമാർത്ഥമാണെന്ന് എനിക്കപ്പോഴാണ് മനസ്സിലായത്. ഇത്തരത്തിലൊരു ദുഃഖസത്യം മാലോകർക്കായി ഒരബദ്ധത്തിൽപ്പെടുത്തിയ ആ പാവത്തിനേയും ഏതോ ഒരു പുഷ്പാംശകൻ അളവെടുത്തിട്ടുണ്ടായിരുന്നിരിക്കണം. അങ്ങനെ ആരോഗ്യത്തിന്റെ ബോർഡിൽ നിന്നായിരിക്കണം മേല്പറഞ്ഞ മഹദ്വചനം രൂപമെടുത്തത്.

നേരത്തേകൂട്ടിത്തന്നെ ഇത്തരത്തിലൊരു ഗുലുമാലു് ഉണ്ടാകാൻ പോകുന്നു എന്നറിഞ്ഞിരുന്നെങ്കിൽ അന്നു വെകിട്ടു നടക്കാൻ തന്നെ ഇറങ്ങുകയില്ലായിരുന്നു, എന്നാൽ, നമുക്കൊക്കെ ഭാവിയെക്കുറിച്ചൊന്നും ഒരു പിടിപാടുമില്ലല്ലൊ.

അങ്ങനെ, ഞാൻ നടക്കാനിറങ്ങി. അയ്യവരെ എന്റെ ധാരണ, അല്പസ്നേഹത്തിന്റെ ഭൂതകാലം രണ്ടു വിധത്തിലാകാമെന്നായിരുന്നു. ഒന്നാമത്തേതു്, ആരെങ്കിലും ഒരു കൊച്ചു മന്ദസ്മിതത്തോടെ നമ്മെ സമീപിച്ചു് പരിചിതഭാവത്തിൽ "നമസ്കാരം!" അടിയ്ക്കുന്നു. നമ്മുടെ തിരിച്ചുവിടിക്കു കാത്തുനിൽക്കാതെ "എന്തെല്ലുപ്പാം വിശേഷം?" "വീട്ടിലെല്ലാർക്കും ക്ഷേമം തന്നെയല്ലേ?"

ന പാടെങ്കിലും സർവ്വശക്തിയുമെടുത്തു് അയാൾ മുന്നോട്ടു നീക്കി. അയാൾ നടക്കുമ്പോൾ കഠിന വേദനയുടെ കരച്ചിൽ കടിച്ചമർത്തുന്ന സ്വരം അയാൾ വിക്കി "നാം നമ്മിൽ ഇനിയൊരിക്കലും.....കാണണോ?"

ആത്മാവു് പിടയുന്നവേദനയോടെ ഏങ്ങിക്കരഞ്ഞു് അവൾ അലച്ചുവീഴുന്ന ശബ്ദം അയാൾ കേട്ടു

.....

"നടക്കാനിറങ്ങിയതായിരിക്കും" മുതലായ ഉപചോദ്യങ്ങളും! നാം രോഗം മനസ്സിലാക്കുന്നു, നമ്മുടെ വഴിയ്ക്കു പോകുന്നു. ആഗതൻ അയാളുടെ വഴിക്കും. രണ്ടാമത്തേതു് ഉടക്കുന്നതു് കുണ്ഠിതം കൈയ്യോടെയുമാണു്. പെട്ടെന്നു് മുഖഭാവം മാറി, ചിരിക്കാൻ ശ്രമിക്കുന്നു. നമുക്കും ചിരിക്കുകയല്ലാതെ നിവൃത്തിയില്ല. "ഭാര്യ, ആശുപത്രിയിൽ പ്രസവിച്ചു കിടക്കുന്ന സമയം!" നാം നമ്മുടെ ഭാര്യയായിരിക്കുമെന്നു് വിചാരിച്ചു്, ആശുപത്രിയിലേയ്ക്കു് ഓടാൻതുടങ്ങുമ്പോൾ, ആഗതൻ സംശയംതീർക്കുന്നു:

"സാറെ! വല്ലതും....." ഇവിടെയും നമ്മുടെ കൈമലർന്നുപോകുന്നു. ആഗതൻ സ്ഥലം ശൂന്യമാക്കുന്നു.

എന്നാൽ ഇതിൽ നിന്നൊക്കെ ഭീകരമായ ഫാഷനിലാണു്, നമ്മുടെ അല്പസ്നേഹക്കാരൻ അരങ്ങേറിയതു്.

"ഹല്ലോ!" എന്നൊരു ഹുങ്കാരത്തോടെ, റോഡിന്റെ മരുഭാഗത്തുനിന്നും ആ അപരിചിതസത്വം എന്റെ നേർക്കു് കുതിച്ചെത്തുകയായി! വാസ്തവം പറഞ്ഞാൽ ഞാൻ അന്തം വിട്ടുപോയി. സല്പുംപോലും ദയാദാക്ഷിണ്യമില്ലാതെ ഭരിദ്രവാസി എന്റെ വലതുകൈപിടിച്ചു വലിച്ചു കുടഞ്ഞു് ഹസ്തദാനം ചെയ്തു കൈവിട്ടപ്പോൾ ഞാൻ മേല്പോട്ടു നോക്കി. അയാളുടെ ചെവി എച്ചിലാകത്തക്കവണ്ണം പല്ലിളിച്ചുകാട്ടി.

ഇതു തടിമാടനേതു്? ആളുകളെ കൊല്ലാൻ അച്ചാരം മേടിച്ചിട്ടു് നടക്കുകയാണോ? ഒരു സി. ഐ. ഡി യെപ്പോലെ അയാളെ ചരിഞ്ഞു് ഏറുകണ്ണിട്ടു നോക്കി. ഞാനീ ജീവിതത്തിലാദ്യമായി ഇത്ര സഹജീവിതയെ കാണുകയാണു്. കറുത്തു തുടുത്തുരുണ്ട മുഖം. ഉറപ്പുള്ളതിനു കണ്ണിനുകത്തെ വെള്ളയും, നക്ഷത്രങ്ങളുമൊഴിച്ചാൽ, നമ്മുടെ പൂർണ്ണമുഖം കാർമേഘശ്യാമളവർണ്ണനാണു്. ഞാൻ മിഴിമിഴാനോക്കി നിന്നു.

"അറിയില്ലായിരിക്കും!"

"ക്ഷമിക്കണം, ഓർമ്മയില്ല"

"കളിമണ്ണന്തല പുഷ്പാംഗദൻ ഞാനാണു്"

"ഫയൽരേഖയായിരിക്കും; ഇവിടെ കൃഷ്ണിലാണോ?"

"അല്ല അല്ല; സാഹിത്യകാരനാണു്."

ഞാൻ അണ്ണാൻപഴംപോലെ പൂത്തുപോയി. ദൈവാധീനം ആഗതൻ പിടലിക്കു കൈവെക്കാത്തതു്!

"ഓഹോ! ഞാൻ ലേഖനങ്ങളൊന്നും കാണാറുണ്ടു്"

"സാറിനു തെറ്റിപ്പോയി. ഞാൻ ലേഖനം എഴുതാറില്ല. കഥ! കഥമാത്രം"

രണ്ടാമതും ഒരബദ്ധംപറ്റിയതിൽ ഞാൻ വിളറിപ്പോയി. ഏതായാലും മുഖത്തെ മഞ്ഞളിപ്പു പുറത്തുകാണിക്കാതെ.

"ശരി, അപ്പോൾ ഞാൻ പോകട്ടെ?"

"എങ്ങോട്ടേയ്ക്കു?"

വല്ല ആശുപത്രിയുടേയോ, അങ്ങാടിക്കടയുടേയോ പേരു പറഞ്ഞിരുന്നെങ്കിൽ അയാളുടെ കയ്യിൽനിന്നു് ചാടാമായിരുന്നു. പക്ഷേ കുരുത്തക്കേടിനു് ഉള്ള സത്യം നാക്കിൽവന്നു

"വെറുതെ നടക്കാനിറങ്ങിയതാ"

"ഞാനും അങ്ങനെ തന്നെ!"

ഞങ്ങൾ നടന്നുതുടങ്ങി. റോഡിൽ കൂടിപ്പോയ കാറിനകത്തും കുതിരവണ്ടിക്കകത്തും നോക്കി പുഷ്പാംഗദൻ പല്ലിളിച്ചു കാട്ടി. റേഡിയോയിൽക്കൂടി പ്രവഹിച്ചുകൊണ്ടിരുന്ന ഒരു ഗാനത്തിനൊപ്പം, കൈവിരലുകൾകൊണ്ടു് ടക് ടക് എന്നു തൊടുക്കേംപ്പിച്ചുകൊണ്ടു് ചാടിച്ചാടി നടന്നു. വിദൂരതയിലേയ്ക്കു നോക്കിക്കൊണ്ടു് ഒരു വില്ലന്റെ മുഖഭാവത്തോടെ അയാൾ മൊഴിഞ്ഞു.

"പൊയ്പോയവ മലയാളസാഹിത്യത്തിന്റെ ക്രൂയ്....

"അടഞ്ഞുപോയി!" അയാൾ ഞൊടിച്ചു പറഞ്ഞതു്,

"ഞാനിന്നാളു് കിഷ്കിന്ധാസന്ധിയിലെ കണ്ടു. അദ്ദേഹത്തിന്റെ അഭിപ്രായവും ഇതുതന്നെ മാർജ്ജാരപ്പിഷാരടിയും ഇതാണു പറഞ്ഞതു്"

വർത്തമാനം കേട്ടാൽ തോന്നും ഇയാളുടെ തറവാട്ടു വക കരിഞ്ഞുചമ്പലായിപ്പോയിഎന്നു്. പക്ഷേ നമ്മുടെ വായ തുറക്കുന്നതു സൂക്ഷിച്ചുവേണം. കാരണം, കളിക്കുന്നതു് കരടിയോടാണു് വശമില്ലാതെ വല്ല മർമ്മസ്ഥലത്തുമിട്ട കുത്തിയാൽ ആളു് കാലിയാകും.

ഞങ്ങളുടെ മുമ്പിൽ കൂടി രണ്ടു മൂന്നുപേർ എന്തോ തമാശ പറഞ്ഞു ചിരിച്ചുകൊണ്ടുപോയി. നമ്മുടെ മഹാനുഭാവനു അതത്ര പിടിച്ചില്ല.

"സംസ്കാരം, അതു വിലയ്ക്കു കിട്ടുകയില്ല!"

"ഇവർ ചെയ്യുന്നതെന്തെന്നു്....

.....

ശൊ! ശുഭപ്രതീക്ഷ! ദൈവനാമമായി ഒന്നു വെകിട്ടു് നടക്കാമെന്നു വെച്ചാൽ ഇങ്ങനെയുമുണ്ടോ അത്യാഴം മുടക്കികൾ! യാത്രയ്ക്കിടയായി ഒന്നു കണ്ടു, സലാം വെച്ചു, വർത്തമാനം പറഞ്ഞു, അവനവന്റെ പാടുനോക്കിപ്പോയി കാര്യം ഏതു മംഗളമായി! അതല്ലെങ്കിൽ, ഒന്നോ രണ്ടോ വാക്കു പറഞ്ഞിട്ടു്, അതുമില്ലെങ്കിൽ കരണക്കുറ്റി നോക്കി ഒന്നു തന്നിട്ടു് പോയിരുന്നെങ്കിൽ സമാധാനമുണ്ടായിരുന്നു, ഇതങ്ങനെയൊന്നുമല്ല! നാട്ടുകാരുടെ കേരം കൊണ്ടുള്ള മഹദ്വചനങ്ങളും തഞ്ചാവൂർക്കളും, സംസ്കാരപ്രസംഗങ്ങളും, ഒലക്കേടെ മൂട്ടും!



അദ്ദേഹമാരെക്കണ്ടാലും ഇതേ മനുഷ്യദ്രോഹി പറയുന്ന ഓരോ വാക്കിനും "ഉം" എന്നു മൂളും. പിന്നെ, പിന്നെ, ഒരു വാചകത്തിന്റെ അടുവിലൊന്നു മൂളാൻ തോന്നും, അതു കഴിഞ്ഞാൽ പത്തു വാചകത്തിനു ശേഷം മുറ്റത്തു മനസ്സില്ലാമനസ്സോടെ കൊട്ടിക്കും. അടുവിലൊടുവിലാവുമ്പോൾ, മനുഷ്യനല്ലേ? നമുക്കു മടുപ്പുതോന്നും! എന്തിനാണെന്നുവെച്ചാൽ! മിണ്ടണ്ട; ഇഷ്ടംപോലെ വിസർജ്ജിച്ചോട്ടെ. തോല്പിയാൻ. അല്ലെങ്കിൽ ഇതൊന്നും നമ്മുടെ കുറ്റമല്ല. നാം വളരെ മാന്യതയോടെ യാണു് പുറത്തിറങ്ങിയതും, നടക്കുന്നതും. അറിഞ്ഞുകൊണ്ടു് ആരെയും കഴിയിലാക്കാൻ നമുക്കു് ആഗ്രഹമില്ല. എന്നിട്ടും വലിഞ്ഞുവന്നു വീണ ഇടങ്ങിൽ നാം!

"ഇയേടയ്ക്കൊന്നും ഞാൻ അധികം എഴുതാറില്ല. വല്ലപ്പോഴുമെഴുതും. ആരെങ്കിലും ആവശ്യപ്പെട്ടാൽ മാത്രമെ അയയ്ക്കുകയുള്ളു പിന്നേ! ഇന്നാളൊരു പത്രാധിപരെ വഴിക്കുവെച്ചുകണ്ടു. ഉടനെവേണം ഒരു കഥ! നോക്കണേ! പിറ്റേദിവസം.....

"കെട്ടിയെടുത്തു ചുടുകാട്ടിൽ കൊണ്ടുപോയി" എന്നെനിക്കുപറയാൻതോന്നി. അയാളുടെ വായിൽനിന്നങ്ങനെ തോരാതെ ചോരിഞ്ഞുകൊണ്ടിരിക്കുകയാണു്. അവസാനം ഞാനിത്രമാത്രം കേട്ടു.

".....പോരെങ്കിൽ, ഞാൻ പിച്ചുവെച്ചു നടക്കുകയുമാണല്ലൊ!" എന്റെ വായിൽ നിന്നു് "ഉ്ഉ്", എന്നൊരു പൊട്ടലും "ട്ടർർ" എന്നൊരു മുഴക്കവും പുറത്തുവന്നുപോയി. എനിക്കു് ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല.

ഈ തടിമാടൻ പിച്ചുവെച്ചു നടക്കുന്നോ? ഇതു തൊലിക്കട്ടിയുള്ള മഹാത്മാക്കളുമുണ്ടോ? നാണവും മാനവും മരുന്നിനുപോലുമില്ലല്ലൊ!

ചിരിയുടെ അവസാനത്തിലാണു് പരിസരത്തെക്കുറിച്ചോർമ്മിച്ചതു്. കഴിയുന്നതും ചിരി അടക്കിപ്പിടിക്കുന്നുണ്ടു്. വായ്പൊത്തുകയും ചെയ്തിരുന്നു. പക്ഷേ, ഭയനിയമായി ഞാൻ അയാളെനോക്കി. സംഹാരരുദ്രനായ പുഷ്പാംഗദനെയാണു് എന്റെ മുമ്പിൽക്കണ്ടതു്. പുഷ്പാംഗദന്റെ ഉരുണ്ടു പുറത്തുവന്ന കണ്ണുകൾ എന്നെത്തന്നെതുറിച്ചുനോക്കുകയാണു്. എന്റെ കാൽമുട്ടുകൾ 'കടകടാ'ന്നു കൂട്ടി അടിക്കുകയാണു്. ശരീരമാകെ വിയർപ്പിൽ മുങ്ങിയിരിക്കുകയാണു്. ഇയാളെ, ആദ്യദർശനമുണ്ടായപ്പോൾതന്നെ ഓടിയിരുന്നെങ്കിൽ വീരപഠാരമായിരുന്നു. ഇവനിപ്പോൾ എന്നെ വകവരുത്തുമല്ലൊ! പുഷ്പാംഗദാ! പുരുഷോത്തമാ! പിള്ളേച്ചതിക്കല്ലെ! അതാ! അയാളും കാർമേഘംപോലെ അടുത്തടുത്തുവരികയാണു് ബുഷ്ഷിന്റെ രണ്ടുകൈയും ചുരുട്ടിയിട്ടുണ്ടു്. മുണ്ടു് മടക്കി ഉടുത്തുകൊണ്ടു് അതാ വരുന്നു!

എന്റെ കണ്ണുകളും യാദൃച്ഛികമായി പിച്ചുവെച്ചു നടക്കുന്നു, അയാളുടെ കൈകാലുകളിൽ പതിച്ചു. അപ്പോൾ കിംഗ് കോംഗിന്റേയോ, ധാരാസിംഗിന്റേയോ പോലെ ഉരുണ്ടുകൊഴുത്ത മസിലുകളുള്ള തടിയൻ കാലുകൾ! കൈകളും ഉരുണ്ട ഇരുമ്പു ഗുണ്ടുകൾപോലെ! ദൈവമേ ഇയാളിപ്പോൾ എന്റെ കച്ചുവടമൊതുക്കും മുന്നൊരുക്കം! അതാ തൊട്ടതൊട്ടില്ലെന്നായി.....

"എ....ന്റെ....ഒപ്പാ .... ന്നു.... പുഷ്പാം....ഗ ദ ണ്ണാ ..... കൊ.... ല്ല....ല്ലേ....."

പ്രാർത്ഥന ഫലിച്ചുലക്ഷണമാണു്. കണ്ണു പുറത്തുവന്നപ്പോൾ കണ്ടതു്, പുഷ്പാംഗദന്റെ പൊക്കിപ്പിടിച്ച കൈയ്യാണു്. അയാൾ അലറി:

"ഹേ! ഓടിക്കോ! ഇനി എന്റെ കണ്ണിൽ കണ്ണതു്!"

മാരത്തോൺമാത്രം അപ്പോൾ നടത്തിയിരുന്നെങ്കിൽ വിനീതനായി ഈ ലേഖകൻ റിക്കാർഡു ബ്രേക്കു ചെയ്യുമായിരുന്നു, എന്നുള്ളതിനുള്ള പ്രത്യക്ഷമായ തെളിവായിരുന്നു, ആ തറയിൽ തൊടാതുള്ള മരണപ്പാച്ചിൽ! ഏതുവഴിയേക്കുടിരക്ഷെ ഓടിയെന്നു യാതൊരു നിശ്ചയവുമില്ല. സ്വബോധം കൈവന്നപ്പോൾ വീട്ടിൽ വരാന്തയിലിട്ടിരുന്ന ബഞ്ചിൽ ചുരുണ്ടുകിടക്കുകയായിരുന്നു. വിശേഷിച്ചു് വേറെ അസ്വാസ്ഥ്യങ്ങളൊന്നുമില്ല, മനഃക്ഷീനകത്തുമാത്രം ഒരുമാതിരി പച്ചുടമിടിക്കുന്ന ശബ്ദം!

സഖി

★

(കൊച്ചുനോവൽ)

മധുരിക്കുകയാണു്
ജീവിതം — ഹർഷത്തിന്റെ
മഹാസത്രമാൽ — നൂനം
ചെയ്തു ഞാൻ തളരട്ടെ!
ചോരയും കണ്ണീരും ചേ-
ർന്നുറഞ്ഞു കഠിക്കുന്ന
കാലത്തിൻ പൂഴവക്കിൽ
നിൽപ്പൂതാരക സഖി!
അവളുജ്വലയായ
കൊച്ചുപൂവാണാമേഷ
മഖിലം നോക്കു, മുള്ളാ-
ണിലയാണെങ്കിലും തിങ്കി.....
തോഴി നീ യകലെ നി-,
ന്നങ്ങനെ കൺചിമ്മുമ്പോഴും
തോളെത്തിപ്പിടിക്കുവാ-
നെൻ കൈകളുയരുന്നു
പിന്നിലായിരമായി
യാറാണ്ടു നശിച്ചിട്ടും
പിന്നെയും ഭിവസങ്ങൾ
ചിരിച്ചുചലിക്കുവെ,
വിയർപ്പും കണ്ടുവീർപ്പു-
മായി ഞാനെൻ താരകേ-
വിശ്രമവേളിച്ചമേ,
നിൻനേർക്കു ചരിക്കുന്നു.....
മനസ്സിലാകുന്നിനു
മാമക സഖി പണ്ടേ-
മരിച്ചുപോയി.....നിയാ
പക്ഷിയാരുമറിഞ്ഞതി!

കൗമുദിവാരിക

	രൂ.	ണ.
മണിജൻറന്മാർമുഖേന ഒറ്റപ്രതി	0	8
വാർഷിക വരിസംഖ്യ പോസ്റ്റേജ്	10	8
" ഫോറിൻപോസ്റ്റേജ്	18	0

ക്കുറ്റൽ വിവരങ്ങൾക്കെഴുതുക:

മാനേജർ, കൗമുദി വാരിക
പോട്ട-തിരുവനന്തപുരം

മലയാള ചലച്ചിത്രങ്ങൾ എന്തുകൊണ്ടു പരാജയപ്പെട്ടു?

★

ആനൂർ കേശവൻനായർ

"സിനിമ എവിടെത്തുടങ്ങുന്നുവോ, അവിടെ കല അവസാനിക്കുന്നു" എന്നൊരഭിപ്രായം ഈ അടുത്തകാലത്തു പൊന്തിവന്നിട്ടുണ്ട്. അനുകരണങ്ങളുടേയും, അപഹരണങ്ങളുടേയും അകത്തുകകളായ നമ്മുടെ മലയാള ചിത്രങ്ങളെസംബന്ധിച്ചിടത്തോളം ആ അഭിപ്രായം ഏറ്റവും പരമാർത്ഥമായിട്ടാണു കാണുന്നതു. കലാപരമായി വിജയിച്ച ഒരൊറ്റ മലയാള ചിത്രം പോലും ഇന്നോളം പുറത്തുവന്നിട്ടില്ല. 'ബാലൻ' തുടങ്ങി 'പൊൻകതിർ' വരെയുള്ള ചിത്രങ്ങളും ഒരു പ്രകാരത്തിൽ അല്ലെങ്കിൽ മറ്റൊരു പ്രകാരത്തിൽ തികഞ്ഞ പരാജയങ്ങളായിട്ടാണു പരിണമിച്ചതു്. ഒന്നോ രണ്ടോ ചിത്രങ്ങൾ സാങ്കേതികമായി വിജയിച്ചിട്ടുണ്ടെങ്കിൽ അതു് ആ ചിത്രങ്ങളുടെ കലാപരമായ വിജയമായി കണക്കാക്കാവുന്നതല്ല. ശ്രീ. മുതുകുളത്തിന്റെ 'യാചകി' നാടകലോകത്തിൽ എങ്ങനെ സാമ്പത്തികമായി വിജയിച്ചുവോ, അതുപോലെ മുതുകുളത്തിന്റെ 'ജീവിതനൗക'യും സിനിമാലോകത്തു വിജയിച്ചു. രണ്ടും കലാപരമായി— ലക്ഷണയുക്തമായി ചിന്തിക്കുമ്പോൾ തികഞ്ഞ പരാജയങ്ങളായിരുന്നു എന്നതാണു വാസ്തവം. യാഥാർത്ഥ്യം പറഞ്ഞാൽ കേരളത്തിനു വെളിയിൽ തയ്യാർ ചെയ്ത 'കാഞ്ചന'യും 'അരശാണി'പവും' അതുപോലെ അല്പമെങ്കിലും കലാപരമായി വിജയിച്ച രണ്ടു മലയാള ചിത്രങ്ങളും അതു ചിത്രങ്ങളെ മലയാള ചിത്രങ്ങളായി കണക്കാക്കാൻ അഭിമാനം അനുവദിക്കാത്തതുകൊണ്ടു ഒഴിച്ചു നിറുത്തുകയാണു്. അങ്ങനെ, നാം ഇന്നോളം നിർമ്മിച്ച ചിത്രങ്ങളെല്ലാം തന്നെ കലാപരമായി പരാജയമടഞ്ഞതായിട്ടാണു അനുഭവപ്പെട്ടതു്. വിദ്യാഭ്യാസത്തിലും, പരിഷ്കാരത്തിലും സർവ്വോപരി സംസ്കാരത്തിലും ഇതരജനതയെക്കാളേറെ മുന്നിട്ടുനിൽക്കുന്ന നമുക്കു എന്തുകൊണ്ടു നമ്മുടെ വിദ്യാഭ്യാസത്തിനും സംസ്കാരത്തിനും യോജിച്ചു, കലാപരമായി വിജയിക്കുന്ന ചിത്രങ്ങളും ഇതേവരെ നിർമ്മിക്കാൻ സാധിച്ചില്ല?

നമ്മുടെ സിനിമാവ്യവസായം അതിന്റെ ശൈശവദശയിൽ നിന്നും കൈയ്യുംകാലുമിട്ടടിച്ചുഴന്നോവു മുന്നോട്ടേപോയിട്ടുണ്ടെന്നുള്ളതു സത്യം. അതിനിടയ്ക്കു അതിനെ തെറ്റുകുറ്റംമാത്രം പുറത്തുകാട്ടി നിരൂപകന്മാർ നിരൂപണവിദ്വേഷമാക്കുന്നതു കലാസ്നേഹത്തിന്റെ പാപ്പരത്വം മൂലമാണെന്നും, അല്പമെങ്കിലും ബോധമുണ്ടായിരുന്നുവെങ്കിൽ ശരികളെ അംഗീകരിച്ചുകൊണ്ടു സൃഷ്ടിപരമായി വിമർശിച്ചു പ്രോത്സാഹിപ്പിക്കേണ്ടതായിരുന്നു എന്നും അത്ഥം ജനിക്കത്തക്കവിധത്തിൽ ഒരഭിപ്രായം ചില 'തല്പര്യ' പരിരക്ഷകർ പുറപ്പെടുവിക്കുന്നുണ്ട്. എന്നാൽ അങ്ങനെയുള്ള അവരുടെ ആ വക അഭിപ്രായങ്ങളെ പൊളിച്ചുകാട്ടുവാൻ പര്യാപ്തമായ പല വിമർശനങ്ങളും നമ്മുടെ സിനിമയുടെ പുരോഗതിയിൽ ആഗ്രഹിക്കുകയും വിശ്വസിക്കുകയുംചെയ്യുന്ന താരാപഥം, കുമുദി, മാതൃഭൂമി തുടങ്ങിയ മാസികകളിലും വാരികകളിലും ലിഖിതപ്പെട്ടുകിടപ്പുള്ളതു് ബോധമുള്ള ജനങ്ങളും മറന്നിരിക്കയില്ല. 'അറിവുള്ളവരെക്കൊണ്ടു ചെയ്തിച്ചില്ലെങ്കിൽ അറിവുള്ളവർ പറയുന്നതെങ്കിലും കേൾക്കണം' എന്ന സാമാന്യതത്വമെങ്കിലും പാലിച്ചിരുന്നുവെങ്കിൽ ഈ 'വിഡ്ഢിത്തരങ്ങൾ' മലയാള ചലച്ചിത്രങ്ങൾക്കു വന്നു ഭവിക്കുമായിരുന്നോ യെന്നാണെനിക്കു ചോദിക്കുന്നതു്. വളരെ അടുത്തകാലത്തു മാത്രം ഇന്നാട്ടിൽ രൂപമെടുത്ത ഒരു കലാസമ്പ്രദായമാകുമല്ലോ, സാങ്കേതിക വൈദഗ്ദ്ധ്യം നേടിയവർ തന്മൂലം നമുക്കു ലഭിക്കുവാൻ പ്രയാസമാകകൊണ്ടും, അഥവാ, ഉണ്ടായാൽതന്നെ നമ്മുടെ ഭാഷയും സംസ്കാരവുമായി പരിചയത്തിനു ബുദ്ധിമുട്ടാകുമെന്നും അവർക്കുണ്ടായിരിക്കാൻ ഇടയില്ലാത്തതുകൊണ്ടും സാങ്കേതികമായി നമ്മുടെ ചിത്രങ്ങൾ വിജയിച്ചിട്ടില്ലയെന്നു പറയുന്നതു് ശരിയായിരിക്കാം; അതിനു നീതികരണവുമുണ്ടു്. പക്ഷേ നമ്മുടെ ഇന്നോളമുള്ള ചിത്രങ്ങളെല്ലാം പരാജയപ്പെട്ടുപോയതു് തികച്ചും സാങ്കേതികമായ അജ്ഞതമൂലം മാത്രമായിരുന്നോ? അതും ഒരു കാരണമായിട്ടംഗീകരിക്കാൻ നാം തയ്യാറാണു്. എന്നാൽ ആയിരക്കണക്കിനു മഠംനേകംകാരണങ്ങളും— തൽക്കാലമുണ്ടെങ്കിൽ തിരുത്താമായിരുന്ന പരശതം തകരാറുകളും, മൂലമാണു്. നമ്മുടെ ചിത്രങ്ങൾ പൂർണ്ണമായും പരാജയപ്പെട്ടിട്ടുള്ളതു്. എന്നുള്ളതിൽ തർക്കമില്ലതന്നെ. നമ്മുടെ സാംസ്കാരികനിലവാരങ്ങൾക്കനുഗുണമായി, കലാത്മകമായി ഉന്നതമാനദണ്ഡം സൃഷ്ടിക്കുന്ന ചലച്ചിത്രങ്ങൾ ഒന്നുതന്നെ നമുക്കിതുവരെ സൃഷ്ടിക്കാൻ സാധിക്കാതെ പോയതിന്റെ— പിന്നിൽ പല പരമാർത്ഥങ്ങളും പതുങ്ങിക്കിടപ്പുണ്ടെന്നുള്ള കാര്യം മറക്കാനോ, മറയ്ക്കാനോ കഴിയാത്ത വിധത്തിൽ തെളിഞ്ഞുകിടപ്പുണ്ടു്. അതിൽ ചില സംശതികളെ കുറിച്ചു് ചുരുക്കായിട്ടൊന്നു പ്രതിപാദിക്കാം.

ഒരു ചലച്ചിത്രത്തിന്റെ വിജയത്തിനു് ഒട്ടും അപ്രധാനമല്ലാത്ത ഒരു ഘടകമാണു് അതിന്റെ കഥ. ജനതയുടെ സാന്മാർഗ്ഗികവു, സാംസ്കാരികവുമായ മണ്ഡലങ്ങളിൽ കൈവച്ചു വളരാനുള്ള വൈഭവം ചലച്ചിത്രങ്ങൾക്കുണ്ടാകുന്നതു് അഭിനയത്തിലും, ഇതരസാങ്കേതികമാർഗ്ഗങ്ങളിലും കൂടി പുറത്തുവരുന്ന ഏതെങ്കിലും എലമെന്റ് കമായ കഥയെ ആശ്രയിച്ചാണെ സ്ഥിതിചെയ്യുന്നതു്. എന്നാൽ കഥാപരമായി, നമ്മുടെ ചലച്ചിത്രമേതെങ്കിലുമൊരെണ്ണം വിജയിച്ചുവെന്ന നമുക്കിതേവരെപ്പറയാൻ ഇടവന്നിട്ടുണ്ടോ? ഇല്ലാ-ഇല്ലാ-യെന്നാണുത്തരം. അതെന്തുകൊണ്ടു്? കലകളുടെ കലവറയായ കേരളക്കരയിൽ കഴിവുള്ള കാഥികരും, നാടകകർത്താക്കളുമില്ലാഞ്ഞിട്ടാണോ. അതോ. അവർ പരീക്ഷിച്ച പരാജയപ്പെട്ടതുകൊണ്ടാണോ സിനിമാകഥകളും പരാജയപ്പെട്ടതു്? കഴിവുള്ള വരെ തിരഞ്ഞെടുത്തു കഥയെഴുതിക്കാത്തതുകൊണ്ടന്നു, നമ്മുടെ കഥകളും വിജയിക്കാതെ പോയിട്ടുള്ളതു്. സംഗീതനാടകചിത്രത്തിൽ നായകൻ, നായിക, വില്ലൻ, വില്ലി എന്നീ കഥാപാത്രങ്ങളെ സൃഷ്ടിച്ചു് ഇവരിൽ ബഹുകോണപ്രേമസംഭവങ്ങളും ഇളക്കിവിട്ടു് സംഘട്ടനങ്ങളും ഉണ്ടാക്കി, അവസാനം നായികാനായകസമാഗമം സാധിക്കുന്ന തരത്തിലുള്ള ഒരുതരം ശ്രുഷ്കമായ ഇതിവൃത്തങ്ങളാണ് ഇന്നോളം സിനിമക്കു തിരഞ്ഞെടുത്തിട്ടുള്ളതു്. ആ കഥകളും സിനിമയ്ക്കു വേണ്ടിയെഴുതിയതുമാറാരുമല്ല, ആ 'മയങ്കര' നാടകമെഴുത്തുകാർതന്നെ, ജി. എൻ പണിക്കർ, കോയിക്കലേത്തു ചെല്ലപ്പൻപിള്ള, മുൻഷി, മുതുകുളം തുടങ്ങിയുള്ളവർ. പതിനെട്ടരംഗങ്ങളിൽ നാടകം തട്ടിക്കൂട്ടുന്നതുപോലെ സിനിമയും രംഗനമ്പരിട്ടതന്നു പണിഞ്ഞുവച്ചിട്ടുണ്ടു്. ഗ്യാസ് ലൈറ്റിന്റെ മുമ്പിൽ നിന്നുകൊണ്ടു് നാലുപാട്ടും നോക്കാതെ, കാണാതെ ഉരുവിടാനായി, ഏഴിതിക്കൊട്ടക്കെന്ന അത്തരം നിണ്ടനിണ്ട വാചകങ്ങളും തന്നെ സ്വാഭാവിക

ഇംഗ്ലീഷ് വ്യാകരണ പ്രവേശിക

ഇംഗ്ലീഷ് വ്യാകരണം മലയാളത്തിൽ

ഇംഗ്ലീഷ് വ്യാകരണം പഠിക്കാൻ ഒരേ ഒരു പുസ്തകം. ഒരു വർഷക്കാലത്തെ ട്യൂഷൻ ഒഴിവാക്കുവാനും ചെയ്യാൻ പഠിക്കാം. വില രൂപാ രണ്ടര തപാൽ ക്കൂലി 10 അണ

ഇംഗ്ലീഷ് മലയാളനിഘണ്ടു പദങ്ങൾ, ശൈലികൾ, പ്രയോഗവിശേഷങ്ങൾ എന്നിവയുടെ നാനാർത്ഥങ്ങളും കൂടിയും അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും തർജ്ജമക്കാർക്കും എന്നുവേണ്ട ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്ന എല്ലാ മലയാളികൾക്കും അത്യാവശ്യമായ ഒരു ഗ്രന്ഥം ഏതു, 600 പുറം. മുഴുകാഡി ക്രൌൺ ഒക്ടേവ്. വില രൂപ 6 തപാൽക്കൂലി രൂപാ 1

വിദ്യാധിരാജൻ ബുക്ക്ഡിപ്പോ
പഴവങ്ങാടി (K. W)

USHA

അതോന്നിക്കേണ്ട സിനിമയിലും അവർ സംഭാഷണത്തിനായി എഴുതിവിട്ടു. അങ്ങനെ, നമ്മുടെ ചലച്ചിത്രങ്ങൾ കഥയിലും സംഭാഷണത്തിലും പൂർണ്ണമായും പരാജയപ്പെട്ട എന്ന പറയുന്നതിൽ അത്ഭുതമെതിരുണ്ടാവില്ല.

സ്വാതന്ത്ര്യത്തിനുശേഷം സ്ഥാപിതതാല്പര്യത്തിനും മുൻനിറുത്തി പക്ഷപാതപരമായി നടത്തിയ "സിനിമയിലെ തെരഞ്ഞെടുപ്പാ"ണ് പരാജയത്തിന് വേറൊരു കാരണം. സംഗീതനാടക കർത്താക്കളോടൊപ്പം അവരുടെ നടീനടന്മാരും സിനിമാലോകത്തു പ്രവേശിച്ചു സ്റ്റേജിലെ ചിട്ടയിൽ അഭിനയിച്ച ശീലിച്ചുപോയ-ശരിപക്ഷവും വിദ്യാസമ്പന്നരല്ലാത്ത ആ പാവങ്ങൾക്ക് സ്വാഭാവികതയോടെ സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നത് എങ്ങനെ സാധിക്കും? തല്ലുകൊള്ളാത്തതുകൊണ്ടു മാത്രം കഴിവില്ലെങ്കിലും, സാധാരണക്കാർ അറിയപ്പെടുന്ന ആ 'താരവർ പാർട്ടി'കളെകൊണ്ടു ചിത്രത്തിലഭിനയിപ്പിച്ചപ്പോൾ ആ ചിത്രങ്ങൾ ഒരു തരം നാടകചലച്ചിത്രമായിട്ടുധ:പതിക്കുകയാണുണ്ടായത്. ഇനി തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളാകാൻ ശ്രമിക്കുന്ന ഉപോലെ കഴിവില്ലാത്ത പലതും നിർമ്മാണകന്മാരുടെ ദുർബ്ബലവശത്തെ മുതലെടുത്തു ചൂഷണം ചെയ്തു നടന്മാരായി മാറി. അങ്ങനെ നിർമ്മാണകൻ പറയുന്ന ഏതു 'കാറിച്ചൂലും' പടത്തിൽ നായകനായോ, നായികയായോ അഭിനയിക്കാമെന്നു വന്നു. ഈവിധം അഭിനേതാക്കളെ കഴിവനുസരിച്ചു തിരഞ്ഞെടുക്കുന്നതിനു മുമ്പു തന്നെടമില്ലാത്തതുകൊണ്ടു്, നമ്മുടെ ചിത്രങ്ങളിൽ പലതും പരാജയപ്പെട്ടു.

കലയിൽ വ്യവസായമനോഭാവം കടന്നുകൂടിയതു് നമ്മുടെ ചിത്രങ്ങളുടെ പരാജയത്തിനു് വേറൊരു കാരണമാണു്. പ്രചരണകലയാകയാൽ, സാമ്പത്തികശക്തി അനിവാര്യമായതുകൊണ്ടു ധനികർക്കേ ഈ കലാവ്യവസായം നടത്താൻ സാധിക്കയുള്ളു. അവർക്കു സ്വാഭാവികമായി കലാപരമായ വിജയത്തെക്കാളും ശ്രദ്ധ സാമ്പത്തിക വിജയത്തിലായിരിക്കും. നമ്മുടെ സംഗീതനാടകങ്ങളുടെ തകർച്ചയും ഇതേകാരണത്താൽതന്നെ, 'കയ്യൂക്കുള്ള' ചില പണക്കാരുടെ കുത്തകയാണു് സംഗീതനാടക സംഘങ്ങളും അവക്കു പണവും, മോഹവും നിറയെ കൊടുക്കണമെന്ന ലക്ഷ്യമല്ലാതെ, നാടകവേദിയെ കാലോചിതമായി പരിഷ്കരിക്കുന്നതിനോ—ഉന്നതമാനദണ്ഡം സൃഷ്ടിക്കുന്ന സാമൂഹ്യനാടകങ്ങളും കാണിക്കണമെന്നോ,—ഉള്ള നേരിയ ഒരു അഭിലാഷംപോലുമില്ല. ഏതാണ്ടു ഇതേ രീതിയിൽതന്നെ കേരളക്കരയിലെ ഇന്നാളുമുള്ള സിനിമാവ്യവസായവും സാധാരണക്കാരുടെടുർബ്ബലവാസനകളെ പുഷ്ടണംചെയ്തു പെട്ടിനിറയ്ക്കുവാൻ സിനിമയോളം പറ്റിയ ഒരു പ്രചരണവ്യവസായം ഇന്നോളം ഇവിടെ ശ്രുപം കൊണ്ടിട്ടില്ല പരസ്യങ്ങളുടെ മായാപ്രയോഗത്താലൊ, പ്രസ്സ്ഷോകളും നടത്തിയോ, എങ്ങനെയെങ്കിലും സാധാരണക്കാരെ പ്രലോഭിപ്പിച്ചു് അവരുടെ മടിശ്ശീലയിൽ കൈവച്ചു് പണം തട്ടിപ്പറിക്കണമെന്നതിൽ കവിഞ്ഞു ചിത്രം ജനതയുടെ സാംസ്കാരിക മണ്ഡലത്തെ എത്രകണ്ടു സ്പർശിക്കുന്നുവെന്നോ—ആ ചിത്രം കലാപരമായ വിജയമാണോ,—എന്നൊന്നുമുള്ള യാതൊരു ചിന്തയും അവരെ ബാധിക്കുന്നതേയില്ല.

ഏതു നല്ല കാര്യങ്ങൾക്കും പ്രതിബന്ധങ്ങളുണ്ടാക്കുന്നതിൽ ഏറ്റവും മുന്നിട്ടു നിൽക്കുന്നതു്. അതാതുകാലത്തെ ഗവൺമെൻറുകളാണു്. ഈ ചലച്ചിത്രപുരോഗതിക്കും പ്രതിബന്ധമുണ്ടാക്കുന്നതിൽ ഇന്നത്തെ ഗവൺമെൻറും അതിൻറെ കഴിവനുസരിച്ചു പ്രവർത്തിച്ചുപോരുന്നുണ്ടെന്നുമുള്ളതാണു് ഏറെ വിചിത്രം! ജനതയിൽ ഒളിഞ്ഞുകിടക്കുന്ന കലാഭിരുചികളെ വളർത്തുവാനും അതുവഴി കഴിവുള്ളവരെ കണ്ടെത്തി അവക്കു പ്രോൽസാഹനം കൊടുക്കുവാനുംകടലാസുപലതികൾ നിർമ്മിക്കുന്ന ഇന്നത്തെ ഗവൺമെൻറ് ജനങ്ങൾതന്നെ, കലാപരിപോഷണാർത്ഥം രൂപീകരിക്കുന്ന കലാസ്ഥാപനങ്ങൾക്കു പ്രോത്സാഹനംകൊടുക്കുന്നില്ലായെന്ന മാത്രമല്ല അതിനെറ വളർച്ചക്കു വേണ്ടുന്ന പ്രതിബന്ധങ്ങൾ സൃഷ്ടിക്കുവാൻ കഴിവുപോലെ ശ്രമിച്ചുകൊണ്ടിരിക്കയുമാണു്. നമ്മുടെ നാടകങ്ങളുടെ കഷ്ടകർമ്മം തന്നെ എടുക്കാം ഒരു കവിയുടെ, അഥവാ ഒരു കലാകാരൻറെ കഴിവിൻറെ പരമാവധിയിൽ നിന്നു ഒരു നല്ല നാടകം സാധാരണയായി ശ്രുപം കൊള്ളാറുള്ളു. ആ നാടകം പ്രദർശനയോഗ്യമാണെന്നു വിധികല്പിക്കേണ്ടതു് ക്ലേശകരം ക്ലേശിച്ചു വായിക്കാൻ പലപ്പോഴും മറിഞ്ഞുകൂടാത്ത ഒരു സാധുപോലീസുദ്യോഗസ്ഥനാണെന്നു വരുമ്പോൾ ശവമെൻറിനേറെകലാബോധംഏറെക്കുറെ ബോദ്ധ്യപ്പെട്ടുന്നതാണു്. സിനിമയ്ക്കാണെങ്കിൽ, അതിനെ തകർക്കുവാൻ ഒരു സെൻസർബോർഡും. ചുറ്റുംകാണുന്ന ലോകം കെട്ടിയുയർത്തുന്ന യാഥാർത്ഥ്യങ്ങളെ അതേപടി ചിത്രീകരിച്ചുപോയാൽ സെൻസർബോർഡിൻറെ 'കത്രിക' ആ ചിത്രീകരിക്കലിനെ അരിഞ്ഞുവീഴ്ത്തും അതാണു സെൻസർബോർഡിൻറെ നയം. എന്നാൽ, വ്യഭിചാരം, കൊല, കൊള്ളരുതായ്മ ഇതെല്ലാം ഒരുതരം 'ഫ്യൂജനാക്കി' മനുഷ്യരുടെ ആയതിലേയ്ക്കു പ്രേരിപ്പിക്കുന്നതിനു വേണ്ട പ്രലോഭനം കൊടുക്കുന്ന ഹോളിവുഡ് ചിത്രങ്ങളെ സഹർഷം സ്വാഗതം ചെയ്യുന്നതിനു് ഈ സെൻസർ ബോർഡ് മടിക്കയുമില്ല. നമ്മുടെ ചുറ്റും നിത്യമെന്നോണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലുമൊരു സംഭവം, പട്ടിണിയോ മാറാപരാധീനതകളോ അതേപടി ചിത്രീകരിച്ചുപോയാൽ ആ ചിത്രീകരിക്കൽ ബഹുമാനപ്പെട്ട ശവമെൻറിനെറ അന്തസ്സിനെ സ്പർശിക്കുമോലും! അങ്ങനെ സിനിമകളെ ജീവിതാനുഭവ വ്യാഖ്യാനങ്ങളായി മാറുന്ന കാര്യത്തിൽ വലിയ പ്രതിഷേധം ശവർമെൻറിനുമുണ്ടു്. എന്നാൽ, ഈ സെൻസർ ബോർഡിൻറെ പ്രവർത്തനം നമ്മുടെ കേരളക്കരയിലെ ചിത്രങ്ങളെ അധികമൊന്നും കരയിച്ചിട്ടില്ല അതിനു കാരണം ജീവൽസ്പർശികളായ കഥകളും നമ്മുടെ ചിത്രങ്ങളിലില്ലായിരുന്നുയെന്നുള്ളതുതന്നെ.

നമ്മുടെ ചിത്രങ്ങൾ പുരോഗമിക്കാൻ വളരെ സുഗമമാണെന്നുള്ള കാര്യത്തിൽ തുടക്കം അഭിപ്രായവ്യത്യാസമില്ല. തമിഴ്, തെലുങ്ക്, ഹിന്ദി, ഇംഗ്ലീഷ് എന്നീ ചിത്രങ്ങളും നമ്മുടെ നാട്ടിൻ പുറത്തെ പ്രദർശനശാലകളിൽക്കൂടി വിജയകരമായി കടന്നുപോകുമ്പോൾ—നമ്മുടെ പ്രിയപ്പെട്ട നടന്മാരാൽ, പ്രിയപ്പെട്ട സംഗീതനാടകം പ്രദർശനയോഗ്യമാണെന്നു വിധികല്പിക്കേണ്ടതു് ക്ലേശകരം ക്ലേശിച്ചു വായിക്കാൻ പലപ്പോഴും മറിഞ്ഞുകൂടാത്ത ഒരു സാധുപോലീസുദ്യോഗസ്ഥനാണെന്നു വരുമ്പോൾ ശവമെൻറിനേറെകലാബോധംഏറെക്കുറെ ബോദ്ധ്യപ്പെട്ടുന്നതാണു്. സിനിമയ്ക്കാണെങ്കിൽ, അതിനെ തകർക്കുവാൻ ഒരു സെൻസർബോർഡും. ചുറ്റുംകാണുന്ന ലോകം കെട്ടിയുയർത്തുന്ന യാഥാർത്ഥ്യങ്ങളെ അതേപടി ചിത്രീകരിച്ചുപോയാൽ സെൻസർബോർഡിൻറെ 'കത്രിക' ആ ചിത്രീകരിക്കലിനെ അരിഞ്ഞുവീഴ്ത്തും അതാണു സെൻസർബോർഡിൻറെ നയം. എന്നാൽ, വ്യഭിചാരം, കൊല, കൊള്ളരുതായ്മ ഇതെല്ലാം ഒരുതരം 'ഫ്യൂജനാക്കി' മനുഷ്യരുടെ ആയതിലേയ്ക്കു പ്രേരിപ്പിക്കുന്നതിനു വേണ്ട പ്രലോഭനം കൊടുക്കുന്ന ഹോളിവുഡ് ചിത്രങ്ങളെ സഹർഷം സ്വാഗതം ചെയ്യുന്നതിനു് ഈ സെൻസർ ബോർഡ് മടിക്കയുമില്ല. നമ്മുടെ ചുറ്റും നിത്യമെന്നോണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലുമൊരു സംഭവം, പട്ടിണിയോ മാറാപരാധീനതകളോ അതേപടി ചിത്രീകരിച്ചുപോയാൽ ആ ചിത്രീകരിക്കൽ ബഹുമാനപ്പെട്ട ശവമെൻറിനേറെ



സ്നേഹകളെല്ലാം ഉഗ്രനാ അല്ലേ? ഉഗ്രനാ എന്നു പറയുമ്പോൾതന്നെ ചിലക്ക് ഒരു വല്ലായ്മ ഉം, എന്താ കമലികളെല്ലാം കളിച്ചുതീർന്നിപ്പോ? ഇനി കുറെനാൾ സ്നേഹിൽപോയി പരീക്ഷകളെല്ലാം എഴുതി വീണ്ടും കളിക്കാമല്ലോ? ശരിതന്നെ. ഇടയ്ക്കിടയ്ക്ക് ആരെങ്കിലും ചേച്ചിയെ ഓർമ്മിപ്പിക്കുമോ? ഓർമ്മിപ്പിച്ചെങ്കിൽ ഭാഗ്യമായി. അവരോട് നന്ദി പറഞ്ഞുകൊള്ളുന്നു. ഇനി എന്തുണ്ടെഴുതാൻ. പറയൂ. ഓ! ഒന്നുമില്ലെങ്കിലും ഒരുകാര്യം.

മത്സരത്തിന്റെ അവസാനത്തിയതി ജനുവരി 15 ആണ്. എല്ലാവരും എഴുതി അയയ്ക്കുമെന്ന വിശ്വസിക്കുന്നു

അംഗത്വകാർഡുകളെല്ലാം അയച്ചുതുടങ്ങി. കിട്ടിയാലുടൻ അറിയിക്കണേ! പക്ഷേ ചിലരൊന്നും കവർ അയച്ചിട്ടില്ല. അയച്ചിട്ടില്ലാത്തവർ ഉടനെ അയയ്ക്കണം.

പുതിയ ക്ലബ്ബുകാർ ധാരാളം ഉണ്ട്. അവരെല്ലാം കത്തുകളയയ്ക്കുമ്പോൾ നമ്പർക്കൂടി എഴുതിഅയയ്ക്കാൻ മറക്കരുത്. എല്ലാവർക്കും മറുപടിയും ക്ലബ്ബുകാരെയും തന്നിരുന്നതാണ്. മറക്കരുതേ! ശേഷം അടുത്തയാഴ്ച.

സ്നേഹം, ചേച്ചി.

ജോസഫൈൻ, ആലപ്പുഴ. കാർഡു കിട്ടി. നല്ല കാർഡ്. എഴുതിയതിന്റെ അശ്രദ്ധയിൽനിന്നും നന്നായി പഠിക്കുന്നു. കത്തു വായിച്ചില്ല. വായിക്കട്ടെ എന്തുണ്ട് വിശേഷം. സുഖക്കേടുകളെല്ലാം ഭേദമായോ? ചേച്ചിയെ അറിയിക്കാത്തതെന്താ? ചേച്ചി പ്രാർത്ഥിക്കാം.

കെ. ഉമാദേവി, ചിറയിൻകീഴ്. കവിത പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം. കാത്തിരിക്കൂ. അനുജത്തിയെ സ്നേഹാന്വേഷണം അറിയിക്കണേ!

എ. ആർ. ഫർണാണ്ടസ്, കുമാരനാശാൻനഗർ. ക്ലബ്ബുകാരൻ കത്തയച്ചു എന്നാണ് ചേച്ചി അറിഞ്ഞതു. പിണങ്ങല്ലേ? ഇതാ ഒരു ലേഖനക്കാരൻ എം. എസ്. മണി, C/o കെ. സുകുമാരൻ ബി. എ. കേരളകൗമുദി, പേട്ട, തിരുവനന്തപുരം.

കരുവിള, പി. എസ്., പുത്തൻകുരിശ്. കാർഡ് ലഭിച്ചു. എന്താ! മരുന്നമാണോ? കത്തുകളൊന്നും കാണുന്നില്ലല്ലോ?

എൻ. രഘുനാഥ്, കൊട്ടിയം. കത്തു കണ്ടപ്പോൾ ആളെ മനസ്സിലായി. സാഹിത്യത്തിലാണല്ലോ കമ്പം. സന്തോഷമായി കത്തുകളും മുറയ്ക്കയയ്ക്കുമല്ലോ?

സി. കെ. എം. നായർ, തിരുവനന്തപുരം. മറുപടി കാണാതെ വിഷമിക്കുകയായിരിക്കും അല്ലേ? ഇതാ. സങ്കടപ്പെടേണ്ട, എപ്പോ അയച്ചാലും ചോദ്യങ്ങൾ ഇട്ടാൽ ചേച്ചി വിഷമിച്ചുപോകും. ലേഖനം എഴുതിയോ?

മേരിജോൺ, നാഗർകോവിൽ. കുട്ടുകാരി കത്തയയ്ക്കും. കാത്തിരിക്കൂ. ഫോട്ടോ അയച്ചുതരൂ. അടുത്ത വിശേഷാൽപ്രതിയിൽ ചേർക്കാനേ സാധിക്കൂ.

എം. എ. റഷീദ്, നെടുമങ്ങാട്. കത്തിനു മറുപടി അയക്കാത്തതിൽ ആരും ചേച്ചിയെ ഇടിക്കയില്ല. അതുകൊണ്ടാണ് ഒരു മുടിപ്പിന്നുത്തരം. ഏകസിഞ്ചിഷനും വരുമ്പോൾ കാണാമല്ലോ അല്ലേ?

പി. സുശീലാദേവി, പള്ളം. സമ്മാനം അയച്ചു. കിട്ടിയാൽ അറിയിക്കണേ! എന്താ, വേറെ വിശേഷം ഒന്നും ഇല്ലേ? കത്തു വായിക്കാൻ ഒരു രസവും ഇല്ല.

എസ്സ്. അബ്ദുൾറഹ്മാൻ, നെടുമങ്ങാട്. മന്ദഗതി ഉണ്ടായിരുന്നു. ഇപ്പോൾ 100 മൈൽ സ്പീഡിലാണ്. അപകടം ഉണ്ടാകാതെ സൂക്ഷിക്കുന്നതിനാലാണ് അല്പം സ്ലോസ്പീഡ്. ക്ഷമിക്കൂ.

വി. കൃഷ്ണൻകുട്ടി, നെന്മാറ്റുകുന്നം. കവിതയുടെ കയ്യും അല്പം പരുങ്ങലിലാണ്. അതാണ് മടുപ്പ്. ചേച്ചിയോടു ക്ഷമിക്കൂ

കെ. വി നടരാജൻ, ചങ്ങനാശേരി കാർഡുലഭിച്ചു. വളരെ ഉപകാരം കത്തുകളയക്കാൻ മറക്കരുത്!

സി. ജി. സുഗതൻ, പാരിപ്പള്ളി. ബഹുരസം കത്തുവായിക്കാൻ മലയാളമാണോ എഴുതിയിരിക്കുന്നതു. കൊള്ളാം അക്ഷരത്തെറ്റും വാചകത്തെറ്റും ധാരാളം ഉണ്ട്. നല്ലപുസ്തകം വായിക്കുകയും "തെറ്റുതിരുത്തൂ" നന്നാകാനായി എഴുതി പഠിക്കുകയും വേണം, സൂക്ഷിക്കണേ. ചേച്ചിയോടു പിണങ്ങരുതു. അംഗത്വകാർഡ് അയച്ചതാരാം കവർ അയച്ചിട്ടുണ്ടോ?

ജി. കൃഷ്ണൻ, തൈയ്ക്കാട്. കാർഡു മോശമില്ല. അല്പം കൂടി ശ്രദ്ധിച്ചു വരയ്ക്കണം. കുസുതി, രാജേന്ദ്രൻ ചേട്ടനെ ചോദിച്ചതായി പറയണം. സലീമിനെയും അനുജനേയും സ്നേഹാന്വേഷണം അറിയിക്കണം

കെ. പി. വനജാക്ഷിഅമ്മ, കല്ലറ. അംഗത്വകാർഡു് അയച്ചു കഴിഞ്ഞു. കത്തുകൾ അയക്കണേ! നമ്പർക്കൂടി എഴുതണം

എം. രാമചന്ദ്രവാര്യർ, വാമനപുരം. അംഗത്വ കാർഡു് അയക്കാൻ തുടങ്ങിയല്ലോ? കവർ അയച്ചിട്ടുണ്ടെങ്കിൽ ഉടനെ വരുന്നതാണ്.

എം. ജലീൽ, ഞാറയിക്കോണം. മറ്റു കവർ അയച്ചു അംഗത്വകാർഡു് അയച്ചു തരാം. ക്ലബ്ബുകാരനും പുറകേ വരുന്നതാണ്. കഥ വായിച്ചില്ല. നോക്കട്ടെ പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം.

ശാന്തകുമാരി, തലവടി ശാന്ത തലവടി സ്കൂളിലാണോ പഠിക്കുന്നതു. അയ്യോ! തെറ്റിപ്പോയി വിജയചേച്ചി ആരാ? കഥ അയച്ചു. രാജഗോപാലിന്റെ കത്തുകൾ പ്രതീക്ഷിക്കുന്നു എന്നായിരുന്നു. കത്തിൽ നമ്പർ——മറന്നുപോയി അല്ലേ?

കെ. ശ്രീനിവാസൻ, വൈയ്ക്കം. ചേച്ചി എന്തു പേരിടണം. ചേച്ചി ഒന്നു പറയാം. ഇഷ്ടമാണെങ്കിൽ സ്വീകരിച്ചാൽ മതി. "ഉഷസ്സു". ഇതാ ക്ലബ്ബുകാരൻ എം ഡി വാമദേവൻ, IV E. Boys E. H സ്കൂൾ ആറിങ്ങൽ. ഫോട്ടോയ്ക്കു ഉഷചേച്ചിക്ക് എഴുതൂ.

പി. കെ. രാജഗോപാൽ, നമ്പർ 1394 കത്തിൽ സ്ഥലത്തിന്റെ പേരു് എഴുതണ്ടേ? കഴിഞ്ഞ കവിത ഭീർഘിച്ചുതായതുകൊണ്ടാണ് പ്രസിദ്ധീകരിക്കാത്തതു. ഇത്തവണ തീർച്ചയായും പ്രസിദ്ധീകരിക്കുന്നുണ്ട്.

കെ. എം. എ. ഗഫൂർ, കൊച്ചിൻ–2. കത്തുകിട്ടി. ചോദ്യം ഇടാൻ പ്രയാസമാണ്. അല്പം താമസിക്കും. അനുജന്റെ ഞരിപ്പായം ഇപ്പോഴത്തെ പരിതസ്ഥിതികളിൽ പഠിയതല്ലെന്നാണ് തോന്നുന്നതു.

എം. വിശ്വംഭരൻ, ചങ്ങനാശേരി. ചേച്ചി ക്രിസ്തുമസ് അവധിക്ക് അങ്ങോട്ടുവന്നില്ല വരുമ്പോൾ അറിയിക്കാം. ക്രിസ്തുമസ്സു

ടുന്ന ഉടനെ ഉണ്ടാക്കുന്ന കാര്യം വിഷമമാണ്. കുറേ കഴിയുമ്പോൾ ഉണ്ടാക്കാം.

ലളിതകുമാരി, ചങ്ങനാശേരി. ചേച്ചി കളിയാക്കിയതല്ല. വായിച്ചാൽ ലളിതയും നല്ലതാണ്. വീട്ടിൽ ആരും കളിയാക്കിയതല്ല. ചേച്ചി ചങ്ങനാശേരിയിൽ വരുമ്പോൾ നമുക്ക് പകരംചോദിച്ചേക്കാം. എന്താ സമാധാനമായോ?

എം. ലീല, മൺറോത്തുരുത്ത്. ലളിതയും പരാതി ഇതുതന്നെ. ചേച്ചിയെ കാണണമെങ്കിൽ ഇവിടെ വരണം ലളിതയും കത്തയച്ചു പിണക്കരുതേ!

കെ. സോമസുന്ദരം, കണിയാപുരം. നല്ല കൈയ്യക്ഷരം. ചേച്ചി മാന്നിട്ടില്ല ഇതാ ഇനി തുടർന്നും കത്തയച്ചാൽ തുടർന്നും മറുപടിയും ലഭിക്കും.

ജഗമ്മ, ചങ്ങനാശ്ശേരി കടിശിലെ ജോലിയെല്ലാം തീർത്തു് ശരിയാക്കിയിട്ടേയുള്ളു. ഇനി സർക്കീട്ട്. ജോലി ലീഗിലെ ജോലി തന്നെ ധാരാളം ഉണ്ട്. ഇവിടെ വരു സഹായിക്കാൻ, വരുമോ? ജഗമ്മയെക്കണികാണുന്നതുകൊണ്ടാണ് ഇപ്പോഴും ചങ്ങനാശ്ശേരിയിലോട്ട് വരാത്തതു്.

കമലാദേവി, പ്രാക്കുളം. ബാലേട്ടനു് അയയ്ക്കുന്ന ചോദ്യങ്ങൾ— പത്രാധിപർ കുമുദി, പേട്ട, തിരുവനന്തപുരം. എന്നയച്ചാൽ മതി. അതിനു് ചേച്ചി പറയണമെന്നില്ല. കുട്ടുകാരിയെ തരാം. പരീക്ഷ പാസ്സാകുന്നതിലേയ്ക്കു് പ്രാർത്ഥിക്കാം. കമലം നിർഭാഗ്യയാണെന്നാരു പറഞ്ഞു വി. മാലതി, C/o വി. ശ്രീധരൻനായർ, പെരുമ്പടപ്പു് P. O, പൊന്നോനി.

കുമുദിപ്പൂവ്

പേരു്.....

മേൽവിലാസം .....

.....

ബാലിക / ബാലൻ വയസ്സു്.....

ഏതു ക്ലാസ്സിൽ പഠിക്കുന്നു.....

പ്രത്യേക വാസനകൾ.....

.....

(ഇവിടെ സ്വാമുശേഖരണം, സംഗീതം, നൃത്തം തുടങ്ങി എന്തിലാണു് പ്രത്യേകതാല്പര്യമെന്നെഴുതണം.)

രക്ഷകർത്താവിന്റെ പേരു് .....

എന്നെ കുമുദി ലീഗിൽ രംഗമായി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു. എന്റെ മേൽവിലാസമെഴുതിയ ഒരു കവർ ഉള്ളടക്കം ചെയ്തിട്ടുണ്ടു്.

"തത്തയുടെ വിലാപം"

ജി. രാധാകൃഷ്ണൻനായർ നമ്പർ 2613 കൊട്ടാരക്കര

പാടിപ്പുകഴ്ന്നതു ഞാൻ—
സഖിയെയുണ്ടു സ്വതന്ത്രയായ്
ഓർത്തിടുന്നു ഞാനാ—
പൊൻപുലർകാലശോഭ,
തോട്ടത്തിൻ ദൃശ്യം, വിട്ടാ—
ശോഭയാർന്ന കാർമേഘം
തെറ്റെടുത്തിതൻ പത്രങ്ങ—
ളിവയേവമിനു ഞാൻ
സ്മരിച്ചുകാലമോർത്തെൻ —
മുത്തുതപിച്ചിടുന്നു
പൊൻപുലരിതൻ ശോഭ, —
യേറെറാരാമലർവാടി,
ഹിമകണങ്ങളെത്തൻ—
പൊൻകരങ്ങളാൽ പൂണ്ടു
ജലകണങ്ങളാക്കി—
മാരിപോൽ വീഴ്ത്തിടുന്നു
സന്തോഷത്താൽത്തന്നെ ഞാൻ—
പഞ്ജരത്തിലേക്കായി
പാരെനൻ ജീവിതമ
ധികാംശമൊടുക്കി ഞാൻ.
ഇന്നേവമവയുണ്ടു—
വിലപിച്ചിടുന്നു ഞാൻ
കാർക്കശം നിങ്ങളേവ—
മീഞാനരച്ചുതല്ലയും
സ്വാതന്ത്ര്യമില്ലാകയാൽ—
പുലയും പരാതികരം.

ചെറുകഥ

അവർക്കു വേണ്ടി

By

(തലവടി ശാന്തകുമാരി.)

സൂര്യൻ പശ്ചിമാബ്ധിയിൽ മറയുവാൻ പോകുന്നു. വേല കഴിഞ്ഞു് മുഷിഞ്ഞുനാറിയ കീറിപ്പറിഞ്ഞ മുണ്ടും ചരിച്ചു കയറി മുട്ടറംവരെ ആക്കിയിട്ടുടുത്തു്, ഇടംതോൾമുടിയും ഏലിവാലുപോലെ അഴിച്ചിട്ടു് വലിയ പുട്ടിൽ നിറയെ കഠാരയും; ഒരു കക്ഷത്തിൽ തേസി, അരിവാളുംപിടിച്ചു മാറത്തു് നഗ്നതമറയ്ക്കുവണ്ണമുള്ള ചെറിയ ബ്ലൗസ്സുകളും ധരിച്ചു് അങ്ങിനെ കണങ്കിക്കണങ്കി തപ്പുംതുള്ളിയുടെകാര്യങ്ങളും പറഞ്ഞുകൊണ്ടു പോകുന്ന ആ ആബാലവൃദ്ധം പുലയികളെ നോക്കി ഞാനങ്ങു നിന്നുപോയതിനാൽ സമയം പോയതറിഞ്ഞില്ല. ഏതു സന്തോഷഭരിതരായിട്ടാണ് അവരുടെ പോക്കു്! വയറ്റത്തു് ഉണങ്ങിപ്പിടിച്ച ആ മല്ല്'കമട്ടുപോലെ' ഉള്ള നെഞ്ചകം വെളിയിലാക്കിക്കൊണ്ടു് "കൊച്ചെയ്യാട്ടി ഏന്നാ ഇങ്ങനെ ഇവിടെ വന്നു നിക്കുന്നു. ഏടീ! നീ കൊച്ചയ്യാട്ടിനെക്കണ്ടില്ലേ. ഏ ബയിമാറി കൊട്ടക്കടീ" അന്നിലാത്ത മുത്ത പുലയി തന്റെ ഇളയ പെണ്ണിനെ ശാസിച്ചപ്പോഴാ മാത്രമാണ് ഞാനെണീറ്റതു്.

* * * * *

അവർ മറഞ്ഞു. എന്തെങ്കിലും അവരോട് ചോദിക്കണമെന്ന് എനിക്കുണ്ടായിരുന്നു. പക്ഷേ എന്റെ പിഞ്ചു ഹൃദയം ഒന്നിനും അനുവദിച്ചില്ല. ഞാൻ വീർപ്പുമുട്ടി പാകവാൻ പോകുന്നതുപോലെ തോന്നി. വീട്ടിൽ അച്ഛന്റെയും, അമ്മയുടെയും, ചേച്ചിമാരുടെയും ചേട്ടന്മാരുടെയും ലാളനയിൽ സന്തോഷഭരിതയായിക്കഴിയുന്ന എന്റെ ജീവിതം അവരോട് ഉലമനം പറയുന്നതിനോക്കി മനസ്സിനൊരു വേദന. അവർ മറഞ്ഞു. ഞാൻ ഉറക്കെ കരഞ്ഞില്ല; കണ്ണങ്ങിക്കരഞ്ഞു. ചിരിച്ചുകൊണ്ടും, ചാപിചാപാഞ്ഞുകൊണ്ടും ഇടയ്ക്കിടയ്ക്ക് അരിവാളും തലയിൽ കെട്ടിക്കൊണ്ടുള്ള പുറപ്പാടുകൾ അയ്യപ്പന്റെ ജീവിതങ്ങളും എന്റെയുപോലെയല്ലേ? അവരും മരിക്കും—ഞാനും മരിക്കും. പാവങ്ങൾ! സന്ധ്യയായി അപ്പൂട്ടിലിനുള്ളിലുള്ള കഠിനമെതിച്ച് പുഴുങ്ങി വെയ്ക്കുന്നതുപോലെ കഴിക്കേണ്ടതുണ്ട്? അവർ അടിക്കേണ്ടി കഷ്ടപ്പെടുന്നു? ഞാനോ? വീട്ടിൽ ചെന്നാൽ ചോറു ചോദിക്കുമ്പോൾ കിട്ടുന്ന പാവങ്ങൾ! എന്നാലോ? അവരുടെ സന്തുഷ്ടികളിയാട്ടുന്ന ആ മുഖങ്ങൾ അവർക്ക് വേദനയില്ല—പരിഭവമില്ല. അവരുടെ കർത്തവ്യമാണ് തമ്പുരാക്കന്മാർക്ക് പണിയെടുക്കുക—എന്നുള്ളതു്. പുലർച്ചയാകുമ്പോൾ വയലിലിറങ്ങി മുട്ടുനീർചോലിലിറങ്ങുന്ന ആ മാരോ ജീവിതവും അന്തിയാകുമ്പോഴായിരിക്കും ചോറിൽനിന്നും കയറുന്നതു്. എന്നിട്ടോ? അവരുടെ ക്ഷീണിയോ? തമ്പുരാന്റെ നിശ്ചയംപോലെ.

ഞാൻ ആലോചിച്ച് കുറച്ചുകൂടി നിന്നുപോയി. ജീവിതം? ഒരു കുടുംകഥയായി എന്റെ മുൻപിൽ നിൽക്കുന്നതുപോലെ എനിക്കു തോന്നി. അവർക്കും ആഗ്രഹങ്ങളും, അഭിലാഷങ്ങളും ഇല്ലേ? അവർക്കും ജീവിതം സുഖിക്കണമെന്നില്ലേ? ഉണ്ടായിരിക്കും. പക്ഷേ എന്തുചെയ്യട്ടെ! സമുദായത്തിന്റെ ദൃഷ്ടിയിൽ—നിയമത്തിന്റെ ദൃഷ്ടിയിൽ—അവർ വെറും പുലയികളാണ്. ലോകം പുരോഗമിക്കുന്നു; പുരോഗമനവാദികളും പുസ്തകങ്ങളിൽക്കൂടിയും സ്റ്റേജുകളിൽക്കൂടിയും പാടിപ്പുകഴ്ത്തിയ സമുദായത്തിന്റെ ദൃഷ്ടിച്ചുനാറിയ വശം എടുത്തുപറയുന്നുണ്ട്. ലോകം ദിനംപ്രതി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഫലം ഒന്നും കാണുന്നില്ല. അതെങ്ങിൽപ്പിന്നെ ഞാൻ നിന്നുപോയി. എനിക്കവിടെനിന്നും ഇളകണമെന്നു തോന്നി. പക്ഷേ എന്റെ കാലുകൾ അനങ്ങിയില്ല ഞാൻ നിന്നുപോയി. "അമ്മാനിക്കുന്ന വള്ളിക്കാക്കവേണ്ടി ജീവിക്കുക" എന്നതെങ്കിലും പറയണമെന്നു തോന്നി. അവരും ജീവിക്കുന്നു—അവരും വളരുന്നു—അവരും കൂടുംബം നയിക്കുന്നു—ആ പാവങ്ങളും മരിക്കുന്നു പക്ഷേ ഒന്നവർ മറന്നുപോയിരിക്കുന്നു. അഥവാ അവരുടെ 'ലോകം' ഓർമ്മപ്പെടുത്തിയിട്ടില്ല. ജീവിക്കേണ്ടതെങ്ങനെയാണെന്നുള്ളതു്? ഈശ്വരൻ അവരേയും ഇഷ്ടമില്ലേ? അവർക്ക് സുഖക്കേടില്ല. അഥവാ സുഖക്കേടുണ്ടായാൽ തന്നെ ആശുപത്രിയോ, മരുന്നുകളോ അവർക്കില്ല അവർ ആ സുഖക്കേടിനു പ്രാധാന്യം കൊടുക്കുന്നില്ല. വയലാണ് അവരുടെ നിധി. കിടക്കുവാൻ കിടപ്പാടവും, കഴിക്കുവാൻ കഞ്ഞിയും, ഉടുക്കുവാൻ മുണ്ടും. തേക്കുവാൻ എണ്ണയും അവർക്കില്ല. പക്ഷേ ഒന്നുണ്ട് 'മനുഷ്യത്വം' വിദ്യാഭ്യാസം അവർക്കുള്ളതായ ഒന്നായി അവർ കരുതിയില്ല അതു് തമ്പുരാക്കന്മാർക്കുള്ളതാണു്.

എതായാലും ഞാനവിടെ നിന്നുണ്ടു. പെട്ടെന്നു് ഒരു കറുത്തരൂപം ഓടിവന്നു അതു് നീലിപ്പുലയി ആയിരുന്നു. യൗവ്വനയുക്തയായ ആ കൊച്ചുപുലയി പെട്ടെന്നു എന്നോടുചോദിച്ചു "തമ്പുരാട്ടി നേരം ഇരുട്ടിയില്ലേ അയ്യോടേ അതു വല്യമ്പ്രാൻ ഇങ്ങ് ഓടിവരും അടിയങ്ങളു് പാടത്തുന്നു് കേറിപ്പോയപ്പം തമ്പുരാട്ടി ഇവിടെ നിന്നതാ ഏന്നു വരിച്ചു നിക്കണെ"

ഞാനുണ്ടു "എവിടെപ്പോകുവാ നീലി സന്ധ്യയായില്ലേ നീ ഈ കുപ്പിയും, വട്ടിയുംകൊണ്ടെങ്ങോട്ടാണു്?" എന്റെ തമ്പുരാട്ടി പിടിയേപ്പോവുവാ. ഉപ്പും, മുളകും, കപ്പേം, മീനും, മണ്ണെണ്ണേം ഒക്കെ വാങ്ങിക്കാൻ"

"അപ്പോൾ നീ തനിച്ചു് ഇനിയും തിരിച്ചുവരുമോ?" എന്തിനാ ഇങ്ങനെ തനിച്ചു് പോകുന്നതു്?" എന്റെ തമ്പുരാട്ടി. തമ്പുരാട്ടിടെ കൊച്ചുമനസ്സല്ലേ അടിയങ്ങളെ കഷ്ടപ്പാടു് വല്ലതും തമ്പുരാട്ടിക്കായുമോ? അടിയങ്ങളു് ദിവസോം ഇങ്ങനാ, ദേ, ഈ വട്ടി കണ്ടോ കഠിനയാ അതു പിടിയേക്കാണ്ടു് മെതിച്ചു്, അളന്നു്, പോറിക്കൊണ്ടാൽ വല്ലോം മുഴുക്കെ കാണോം. അതോ! ആ പിടിയെക്കാളും തമ്പുരാക്കളുണ്ടു്. അടിയങ്ങളു് ചെന്നാൽ ഒരു ശബ്ദമോ ഇല്ല വല്ല്യ തമ്പുരാക്കന്മാരെ ഒക്കെ പിരിച്ചിട്ടെ ഇതൊന്നു് അളക്കുന്നുള്ളു. അതോ! പകുതീം മുക്കാലും പതിരാണെന്നു പറഞ്ഞു കളയും ബാക്കിയുള്ളതിനു് കൂടുതലുള്ളതും തരും. അടിയന്റെ തള്ളേനു് സുഖമില്ല. തന്നേനും വാതം വന്നു കിടക്കുകയാ. അവരു രണ്ടുപേരും പാടുപണിയില്ല കൊറെ ഏളേത്തുങ്ങളൊണ്ടു്, ഒരു വകേം പറഞ്ഞാ കേക്കത്തില്ല. എനീം അടിയൻ ചെന്നുവേണം വല്ലോം അന്നത്താൻ. നേരം ഇരുട്ടി. കൊച്ചുമ്പാട്ടി അകത്തു കേറി പോ. അടിയൻ പോവട്ടെ."

അവളും ആ അഴിച്ചിട്ട മുടിയും, അട്ടിമലച്ചു് ആ ഇരുട്ടത്തു് ഓടിപ്പോകുന്നതു് ഞാൻ നിറയുന്ന കണ്ണുകൊണ്ടു് നോക്കി നിന്നുപോയി. ആ കണ്ണുനീർപ്രവാഹംകൊണ്ടു് കണ്ണുകാണുവാൻ കഴിഞ്ഞില്ല. കഷ്ടം ഇവരുടെ 'കഥ' ആരുമറിയുന്നുണ്ടില്ലേ. എനിക്ക് എന്റെ അച്ഛനമ്മമാരോടും, എന്റെ സമുദായത്തിനോടും, നാട്ടുകാരോടും ദ്വേഷ്യം തോന്നി. ഞാൻ ഉണ്ണുന്ന ചോറു് ഈ പാവങ്ങളുടെ അദ്ധ്വാനംകൊണ്ടുള്ളതല്ലേ. ഞാൻ ഒരു നിശ്ചയത്തോടു് അവിടെനിന്നുണർന്നു് ഒരു നർച്ചിലേയ്ക്കു പറഞ്ഞു. 'നാളെ' നമുക്കുള്ളതാണു്. 'ഇന്നലെ'യെപ്പറ്റി നിശ്ചയത്തോടെ ചിന്തിച്ചു് ഒരു നല്ല 'നാളെ'യെ ഞാനുണ്ടാക്കും

R. S. P. TIMBER DEPOT,

EAST THAMPANOOR

TRIVANDRUM 1

തേക്ക്, ഈട്ടി, വേങ്ങ, തേന്മാവു്, മരുതു് ആഞ്ഞലി, മുതലായ എല്ലാത്തരം ഉരുപ്പടികളും അറുത്ത ഷെയ്സ് ഉരുപ്പടികളും മിതമായ വിലയ്ക്കു് ഇവിടെ കിട്ടുന്നതാണു്.

N. B. ഓർഡർപ്രകാരം ഏതിനം ഷെയ്സ് ഉരുപ്പടികളും കൃത്യസമയത്തു് അയച്ചുകൊടുക്കുന്നതാണു്,

Phone 2743. Prop: ബാങ്കർ, R. ശ്രീധരപ്പണിക്കർ

പാവങ്ങൾക്കുവേണ്ടി ഞാൻ ജീവിക്കും. നിശ്ചയം. കഷ്ടം! ഈ പ്രാസം ഗികന്മാരും, ഈ ബൂർഷ്വാമാരും, കൊന്നിക്കുന്നവരും, ഈ മഹാത്മാക്കളും ഒന്നും കാണുന്നില്ലേ ഇവരുടെ ജീവിതം അവർക്കു കണ്ണില്ലേ ആ അഭിപ്രായിക്കുന്നവന്റെ ജീവിതം കാണുവാൻ. കരയൂ! മുണ്ടൂ! ജീവിക്കൂ! 'അവർക്കുവേണ്ടി.'

അച്ഛൻ വരും

(പി. കെ. ഗോപാലൻ നമ്പർ 1394)

രാരിരം രാരിരം രാരോ–രാരോ
രാരിരം രാരിരം രാരോ
കാമന കണ്ണേ എൻ മോനേ–തങ്കം
കേഴുന്നതെന്തിനു ചൊല്ലേ?
ആനന്ദമൊക്കെയകറ്റി–നല്ല
പാലൊത്ത പുഞ്ചിരി തൂകൂ
അമ്മനിൻ സന്തോഷ വായ്പിൽ–തെല്ലും–
ന്നാസഭിക്കേട്ടെ എൻ തങ്കം.
ആയിരമായിരം കാര്യം – ഇന്നു
ചെയ്യുവാനുണ്ടെന്റെ മോനേ.
വേഗമുറങ്ങെടാ മോനേ അമ്മ
രാരിരംപാടി ഉറക്കാം.
അച്ഛൻ വരുമെടാ മോനേ—പൂമ
വർഷത്തിൻ സന്ദേശമായി.
നിന്റെയീ ദർശനം കാംക്ഷി–ച്ചച്ഛൻ
എത്രയോ നാളുകൾ നീക്കി
ഇച്ഛയാലച്ഛൻ വരുമ്പോൾ—നല്ല
തേനോലും പുഞ്ചിരിമാത്രം
ഓളമലയടിപോലെ—അച്ഛൻ
സന്തോഷിച്ചന്തിയിലെത്തും
ചെമ്പനിനീർ പൂവുപോലെ—മുഖ
ശീതളമായ മുഖത്ത്,
ഏകിട്ട മച്ഛനമ്മേ–ഇപ്പോ–
ളമ്മതരുന്നു പോലെ
ഭാവിയെ ചിന്തിച്ചിനിയും–വൃഥാ
കേഴുകവേണ്ടെടാ തങ്കം
അച്ഛൻ വരുമുടനെ–പൂൽ
മേടതൻ സന്ദേശമായി
നിന്റെ ഈ ശോകത്തെ കണ്ടാ–ലച്ഛൻ
വല്ലാതെ ചിന്തിക്കും മോനേ!
പൊയ്പോയ ദുരന്തത്തെ ഓർത്തോ–നിന്റെ
ഭാവിതൻ ദൈർഘ്യത്തെ ഓർത്തോ;
എന്തിനു കേഴുന്നു തങ്കം—നല്ല
പുഞ്ചിരി തൂകിടുവേഗം.
കൊണ്ടലേക്കാണും മയൂരം—തന്റെ
ആനന്ദപ്പീലി വിടർത്തും
അല്ലുതിൻ നല്ല പകർപ്പാ—ണിന്നു
നിന്റെ വദനാംബുജത്തിൽ
അച്ഛൻ നിനക്കുള്ള നൽകാൻ—വേഗ
മേടിയണയുന്ന മോനേ!
അങ്ങനെ പുഞ്ചിരിതൂകൂ—തങ്കം
അമ്മയിതാ വരുന്നിപ്പോം.
അച്ഛനിതാ വന്നുപോയി—മേലേ
രാരിരം രാരിരം രാരോ.

കുമുദി ജൂൺ ചിപ്പുതിപ്പ്

ചില മികച്ച കൃതികൾ

		രൂ.	ണ.
ഏതൻറെ ശ്രീകോവിൽ	വി. കുഞ്ഞുരാമൻ	0	12
പഞ്ചവടി	,,	0	14
ഒരു നൂറാണ്ടിനുമുമ്പ്	,,	0	12
പ്രണയരാവണൻ	കെ. രാമോഭരൻ ബി. എ.	1	0
കാമന	,,	1	0
ജീവിതസമരം (ആത്മകഥ)	സി. കേശവൻ	3	0
ഇ. വി. യുടെ ആത്മകഥ vol 1	ഇ. വി. കൃഷ്ണപിള്ള	2	8
മരിയ്ക്കാൻവയ്യ	കിഷൻചന്ദർ	0	12
അമരമോഹിനി	എം. ആർ. രാമകുമാരൻ	1	4
പട്ടേലും ചിന്തയും	പെരുന്ന കെ. വി. തോമസ്	1	0
ചൈനയിൽ	പൂജപ്പുര കൃഷ്ണൻനായർ	1	12
അച്ഛൻ	പൊറ്റക്കാട്ട	1	0
സ്വപ്നങ്ങൾ	ചെമ്പുമ്മി	0	12
പ്രതീക്ഷകൾ	തകഴി	1	8
ജീവിതവല്ലി	കരോട്ട ജനാർദ്ദനൻ	1	4
പൂലരിപ്പൂക്കൾ	,,	1	0
പാവങ്ങൾ	വിക്ടർയുഗോ	1	8
വെള്ളിമുള്ളുകൾ	ടാറാപുരം സുകുമാരൻ	1	4
കൃസ്തു ജീവിച്ചിരുന്നില്ല.	ഠാ. കെ. ചന്ദ്രജി.	2	0
മാതൃഹൃദയം	കേശവദേവ്	0	8
ശിശുസംരക്ഷണം	ഡാ: എ. കെ. മാർത്തോ	1	0
മധുവിധു	ജോസ് ചാലങ്ങാടി	1	0
രതിവികൃതികൾ	,,	1	0
വേശ്യയുടെ ഡയറി	മിസ്സ് ഏലൻ	1	0
വേശ്യയുടെ ആത്മകഥ	,,	1	8
വിശപ്പിന്റെ വിളി.	ജോർജ്ജവല്ലാട്ട	1	4
അഭൂതവിക്രമൻ	കെ. ജെ. പിള്ള	1	4
കോമളവല്ലി	എം. ആർ.	2	0
സ്ത്രീധനം.	ഭിഷാകരൻ വൈദ്യൻ.	0	12
വെറും പെണ്ണ്,	അബ്ദുൽഖാദർ.	1	4
ചലനങ്ങൾ	(ചെറുകഥകൾ)	1	8
കാമുകൻ	ആലപ്പുഴ ഖാദർ.	1	0
മാലിനി മാലിന്യം		3	0
സംസാരിക്കുന്ന ശവങ്ങൾ	വള്ളംകുളം പി. ജി. പിള്ള.	1	0
ഇലക്ഷൻ പ്രണയം.	മേക്കൊല്ല.	1	4
അവളോ വേശ്യ	ബി. ജി. കുറുപ്പ്	1	0
സ്ഥലത്തെ പ്രധാന വേശ്യ	എൻ പി ചെല്ലപ്പൻനായർ	0	8
മധുലീല	പി. സി. കോരുത്	1	0
ജീവിതരഹസ്യം (ചിത്രങ്ങളടങ്ങിയത്)	കെ. ജെ.	1	8
പേരില്ലാത്ത വേശ്യ	പൂയപ്പള്ളി രാഘവൻപിള്ള	0	8

മറ്റു പല പുസ്തകങ്ങളും വില്പനയ്ക്കുണ്ട്.

N B:–രണ്ടു രൂപയിൽ കുറഞ്ഞ വി. പി. അയയ്ക്കുന്നതല്ല.

അശോകാ പബ്ലിഷിംഗ് ഹൗസ്

പബ്ലിക്ഹൗസ് റോഡ്–കൊല്ലം.

പുതിയ ലോകത്തിന്റെ വെളിച്ചം

(സി. ജെ. മണ്ണമ്മൂട്)

നിങ്ങളെൻ നാടിൻപുറ
മെങ്ങാനും മർത്തിച്ചെന്നാൽ
തിങ്ങിടും ശോകത്താലെ-
ഹൃദയം വിങ്ങിപ്പൊട്ടും.
പട്ടിണിയുടെ കരിം-
ചൂളയിൽ നിരന്തരം
പൊട്ടിപ്പോവുകയാണെൻ
നാടിന്റെ പ്രിയമക്കൾ.
വേലയില്ലതോ പോട്ടെ
വല്ലതും ചെയ്താൽപോലും
കൂലിയില്ലാത്ത മട്ടി-
ലെങ്കിലും ജീവൻപോറാൻ
രക്തചൈതന്യംമുഖ-
ത്തല്പമില്ലാതെ വിള-
ത്തർമ്മാനഗ്നരായ് വേച്ചു
വേച്ചുവർ നിങ്ങിടുന്നു.
ഓജസ്സും ചൈതന്യവു-
മില്ലാത്ത കിടാങ്ങളു-
ണ്ടോടാനും കളിക്കാനും
വയ്യാതെ വലയുന്നു.
ഇവിടെ പാവങ്ങളാ
ണധികം—അവർ വീണ്ടു-
മധികം പാവങ്ങളായ്
പിന്നെയും പതിക്കുന്നു.
ഉദ്ധരിക്കുവാനായ്
പിന്നെയും കഴിയുമാ
റല്ലാത്ത നിലപാടാ-
ണിന്നിടെക്കണ്ടിടുന്നു.
അവരാസന്നത്തിന്റെ
ശൃംഗത്തിലോറ്റിപ്പാറാ-
നവശന്മാരെ വീണ്ടും
ചവിട്ടിത്താഴ്ത്തിടുന്നു.
നാളുകളേറെ തള്ളി-
നീക്കുകയാണെൻ നാടി-
ലാളുകളുകലയാ-
രാമർലോകം നോക്കി.

ii

കാര്യമിങ്ങനെ നിൽക്കെ
യെൻനാടിൻ ചരിത്രത്തിൽ
കാര്യമായുണ്ടായ് രണ്ടു
സംഭവം മഹനീയം.
അതു ഞാൻ വർണ്ണിച്ചെന്നാ-
ലെന്റെ പിൻ തലമുറ-
യധികാദരവോടെ
കൈകൂപ്പി പുകഴ്ത്തിടും.
വിപ്ലവം ജ്വലിക്കുന്ന
നാളത്തെത്തലമുറ-
യിട്ടയക്കുകില്ലെന്നെ
ഞാനതു പ്രസ്താവിച്ചാൽ.
പഠിയാൻപോകുന്ന ഞാ-
നെങ്കിലുമെൻ നാടിന്റെ
നിറവും ചരിത്രവും
നിങ്ങളുമറിയേണ്ടേ.

* * *

പരിചിൽ മനുഷ്യനെൻ
നാടുമായിണങ്ങിട്ട
പലതും കടന്നുപോയ്
ക്ഷണനേരം ശതാബ്ദങ്ങൾ!
സഹ്യമീ തിരതല്ല-
മാറത്തുരുമ്മിയിട്ടത്തെ
സമൈത്രി വർണ്ണിക്കുവാൻ
വാക്കുകൾപോരാവില്ലല്ലോ
എങ്കിലുമെന്തിനോ
വന്നിതുമതമെന്ന-
പങ്കമീനാട്ടിൻ സ്വർഗ്ഗ
ശാന്തിയെ മുഞ്ചിക്കുവാൻ
മതത്തിൻ നെടുങ്കോട്ട-
പൊങ്ങുവെയെൻനാട്ടിലെ
മനുഷ്യർ തമ്മിൽ തമ്മിൽ
വേർതിരിയുകയായി.
അമ്പലങ്ങളും പിന്നെ
പള്ളിയും മനുഷ്യരെ-
യഭിമുഖീകരിക്കയായ്
തങ്ങളിൽ കലഹിക്കാൻ.
ഇന്നുമെൻ നാട്ടിൻ കോയ്മ
മതത്തിൻ പിണിയാളിൽ
തന്നെയാണിരിപ്പതു
പരമാർത്ഥം ഞാൻ ചൊന്നാൽ.
പള്ളിയുമമ്പലദേവീ-
ക്ഷേത്രവും മനുഷ്യരെ
പ്പങ്കിട്ടനിഞ്ചിടുന്നി-
തെന്റെ യിക്കൊച്ചാമത്തിൽ.
വൽസരംതോറും വമ്പ-
മാഘോഷങ്ങളിനാട്ടി-
ലുൽസവങ്ങളും പെരു-
നാളുകളും പതിവുപോൽ.
അച്ചടങ്ങുകൾക്കൊക്കെ
നേതൃത്വമേളിക്കൊ-
ണ്ടക്കരനാഥന്മാരെ
ക്കണ്ടിടാം മുൻപന്തിയിൽ.
അവർ തൻ പ്രതാപങ്ങൾ
നാലുപേരുടെ മുമ്പി-
ലാറിയിക്കുവാനവ-
രണ്ടെന വേഷംകെട്ടും.
പള്ളിയും ക്ഷേത്രങ്ങളു-
മെന്നന്നും ഭരിക്കുവാ-
നുള്ളവരവരാണെ-
ന്നാണവരുടെ ഭാവം
പള്ളിയിലവരുടെ
സംഘമീയിടക്കൂടി
പൊന്നുകൊണ്ടോരു കിരീ-
ടമുണ്ടാക്കി പ്രതിഷ്ഠിച്ചു.
ക്ഷേത്രാധിപന്മാർ പിന്നെ-
മടിച്ചില്ലവരുടൻ
തീർത്തൊരു സ്വർണ്ണാഭര-
ണമെന്തും മനോജ്ഞമായ്!
ആയതിൻ പ്രതിഷ്ഠയും
നടത്തീ പൊടിപൂര-
മായിട്ടീ നാട്ടിൻപുറ-
മിന്നോളം കണ്ടാത്തപോൽ.
അങ്ങനെ ലോകത്തിലെ
രണ്ടു സംഭവങ്ങളും
ഭംഗിയിൽ നടത്തിയെ-
ന്നവർ വീമ്പിളക്കുന്നു.

* * * *

പട്ടിണിക്കാരിൽ നിന്നു
പാരിതോഷികം വാങ്ങി
കൊട്ടിപ്പാൻ കരിങ്കിന്നും
പൊൻ കൊടിമരത്തിനും
അയിരക്കണക്കിനു
രൂപവുണ്ടവയ്ക്കെന്നാ-
ണായവരുടെ നിണ
പട്ടികസംസ്കാരിച്ചു.
അപ്പോഴീ വിശപ്പിനാ-
ലക്കൊച്ചു നാട്ടിൽ വിയ-
ർപ്പിച്ച മനുഷ്യരിൽ
പലരും മരിക്കുന്നു.
അന്നുകണ്ടുകൊണ്ടവർ
പൊന്നുവാങ്ങിച്ചു ക്ഷേത്ര
ക്കൊടി മാമരത്തിനും
പള്ളിയിൽ കുരിശിനും
മനുഷ്യൻ വിശന്നാലും
മരിച്ചുപോയെന്നാലും
മഹിയിൽ സ്വർണ്ണരഥ-
മുയർത്തും മനുഷ്യരെ,
പള്ളിയി 'ലിടവക'
പട്ടിണി കിടന്നാലും
പൊൻകുരിശുയർത്തുവാൻ
രണ്ടമ്പിടം നാമന്മാരേ,
പുതിയ ലോകത്തിന്റെ
വെളിച്ചം നിങ്ങൾപോറ്റും
മതത്തിന്നിതളുകെ
മാച്ചിടാൻ പാടെന്നുള്ളും!

ചെക്കോവിന്റെ രണ്ടു നാടകങ്ങൾ

★ എ. ഖദീജാബീവി, വർക്കല ★

ചെക്കോവിന്റെ നാടകങ്ങളിലെ പ്രധാനകഥാപാത്രങ്ങളെ പിടിച്ചു നിരത്തിനിറുത്തിയാൽ അവരിൽ ഒരു നല്ല ഭാഗം ദുഃഖിതരായ മനുഷ്യരാണെന്നു കാണാം. പ്രതിബന്ധങ്ങളാകുന്ന കോട്ടയിൽചെന്നു തട്ടിത്തകർന്നു, മുന്നോട്ടേക്കുള്ള ഗതിമുട്ടി നിരാശരായിതിന്നിരിക്കുന്ന ഒരുകൂട്ടം മനുഷ്യരാണവർ. സാമ്പത്തികരംഗത്തിലും, പ്രേമത്തിലും, മനുഷ്യത്വത്തിലും അങ്ങനെ നിത്യജീവിതത്തിലെ എല്ലാ രംഗങ്ങളിലും സന്തോഷിക്കാനാവാത്ത സന്ദർഭങ്ങൾ പശ്ചാത്തലത്തിലുള്ള നിർഭാഗ്യരായ കഥാപ്രേമികളുടെയും പ്രതീക്ഷകളുടെയും നേർക്കു നിരാശരോടെ ഉറ്റുനോക്കിക്കൊണ്ട്. ഇനി എന്താണ് വേണ്ടതെന്ന ചോദ്യവുമായി നിങ്ങളുടെ മുൻപിൽ നിൽക്കുകയാണ്. അങ്ങനെ കഥാപാത്രങ്ങളിൽ രണ്ടുപേരെ മാത്രമാണ് ഇവിടെവിവരിക്കുന്നത്.

മരിക്കാൻ ആഗ്രഹിക്കുന്ന മനുഷ്യൻ

ടോംകാച്ചോവു ഒരു പിതാവാണ്. ഒരു കുടുംബത്തിന്റെ തലവനാണ്. ഉത്തരവാദിത്വമുള്ള ഒരുദ്യോഗസ്ഥനുമാണ്. പക്ഷേ അയാൾ ജീവിക്കാൻ ആഗ്രഹിക്കുന്നില്ല അയാൾക്ക് മരിക്കണം. അയാൾ തന്റെ ഒരു കൂട്ടുകാരനോടു വിവാഹം വർ അവശ്യപ്പെടുന്നു. ആ കൂട്ടുകാരനാകട്ടെ അതൊട്ടു കൊടുക്കാൻ തയ്യാറുമില്ല. ടോംകാച്ചോവിന്റെ തീരുമാനം ഒരു മനുഷ്യനെ പ്രത്യേകിച്ച് ഒരു കുടുംബത്തിന്റെ നായകൻ, അതിലും പ്രത്യേകിച്ചു ഉത്തരവാദിത്വമുള്ള ഒരുദ്യോഗസ്ഥൻ ഒട്ടും യോജിച്ചതല്ലെന്നും അങ്ങനെചെയ്യുന്നതു ഭീരുത്വമാണെന്നും കൂട്ടുകാരൻ പറയുന്നു.

ടോംകാച്ചോവിന് തന്റെ നിലപാടു ന്യായീകരിക്കാൻ വളരെ പറയാനുണ്ട്. അയാളെ ആ തീരുമാനത്തിലേയ്ക്കു തള്ളിവിട്ടതു അയാളുടെ അസുഖകരമായ ജീവിതസാഹചര്യങ്ങളാണ്. ഒരു നിമിഷനേരത്തിലാണ് സ്ഥിരമായ ഒരു നിലപാടുകൂടിയില്ലാത്ത ആ തീരുമാനത്തിന് അയാൾ തയ്യാറായതെങ്കിലും, അതിന്റെ കാരണം ഒരു നിമിഷത്തെയോ ദിവസത്തെയോ സംഭവങ്ങളല്ല. "ഞാൻ ഒരു രക്തസാക്ഷിയാണ്. ഞാൻ ലോകത്തിന് ഒരു ഭാരമാണ്. ഞാൻ ഒരു മഹാപാപിയാണ്. നിങ്ങൾ പറയണം, ഞാനെന്തിനു ജീവിക്കണം? മാനസികവും ശാരീരികവുമായി ഇത്രയേറെ ദുരിതങ്ങൾ ഞാനെന്തിന് അനുഭവിക്കണം? എനിക്കു മതിയായി ഇനി എനിക്ക് ജീവിക്കണമെന്നില്ല."

ടോംകാച്ചോവു പറയുന്നതു ശരിയാണ്. വർഷങ്ങളായി അയാളെ ദുരിതംനിറഞ്ഞ ഒരു ജീവിതം നയിക്കുകയാണ്. ഒരു രാത്രി സുഖമായിമുറങ്ങിയിട്ടോ, ഒരുമണിക്കൂർ മനഃക്ലേശമില്ലാതെ വിശ്രമിച്ചിട്ടോ, ഒരു നേരമെങ്കിലും സംതൃപ്തിയോടെ ആഹാരംകഴിച്ചിട്ടോ അയാൾ വളരെ വർഷങ്ങളായി. അയാൾക്ക് യാതൊരുസുഖവും തോന്നാത്ത ഭാരമേറിയ ഒരു പണി അയാൾ നിത്യവും ചെയ്യണ്ടിവരുന്നു. നാലുമണിക്ക് അയാൾ ഓഫീസിൽ നിന്ന് പുറത്തിറങ്ങുന്നതു തകർന്ന ഒരു മനുഷ്യനായിട്ടാണ്. പുറത്തുപോകുകയും കാണുന്നതിന് കണ്ണുകൾക്ക് ശക്തിമാത്രം അവശേഷിച്ചിരിക്കുമെന്ന് അയാൾ പറയുന്നു. അയാളുടെ കുടുംബാംഗങ്ങൾക്കായി പലതും ദിവസവും വാങ്ങിക്കൊണ്ടുപോകേണ്ടിവരും. അതു വാങ്ങിയില്ലെങ്കിൽ അയാൾക്ക് വീട്ടിൽ നിയന്ത്രിയില്ല. വാങ്ങാനാണെങ്കിൽ മിക്കപ്പോഴും സാധിക്കയുമില്ല. അയാളുടെ വീട്ടിൽ മിക്കപ്പോഴും അതിഥികൾ വരും. സ്നേഹമുള്ള ആ അതിഥികളെ സ്വീകരിക്കാൻ അയാളുടെ ഹൃദയം അത്മാർത്ഥമായി കൊതിക്കുന്നുണ്ടാവും. പക്ഷേ അയാൾക്കതിനു തരപ്പെടുകയില്ല മിക്കപ്പോഴും. അയാൾ അവരിൽനിന്ന് ഒളിച്ചിരിക്കേണ്ടിവരുന്നു. കുട്ടികളുടെ പൊന്നാപിവരും അല്ലപോലുള്ള ചേഷ്ടകളും ഓരോ അടുക്കളയിലുമുണ്ടാകും. അന്നന്നത്തെക്കുള്ളതിനുപോലും കൊണ്ടേ അയാൾക്കു വീട്ടിൽചെല്ലാൻ പാടുകയുള്ളൂ. പക്ഷേ അതയാൾക്കു സാധിക്കുകയില്ല. കഴിയുന്നതു അയാൾ ശ്രമിച്ചുനോക്കും. അർദ്ധരാത്രിവരെ അയാൾ ശ്രമിച്ചുനോക്കും. ചിലപ്പോൾ കിട്ടിയെന്നുവരാം. പക്ഷേ സാധാരണ അയാൾക്കു ലഭിക്കുന്നതു നിരാശയാണ്.

"ജീവിതത്തെ വെറുത്തു കൊണ്ട് പട്ടണത്തിന്റെ തെരുവുകളിലൂടെ, നാക്കും വെളിയിൽ തള്ളി ഓടിനടക്കുന്ന ഒരു പട്ടിയാണു ഞാൻ" എന്ന് ടോംകാച്ചോവു തന്റെ കൂട്ടുകാരനോടു പറയുന്നു.

വീട്ടിലും അയാൾക്ക് രസപ്രദമില്ല. വൈകുന്നേരംവരെ ഓഫീസിലിരുന്ന് എല്ലുമുറിയെ പണിയെടുത്തിട്ട്, പിന്നെ കുറേനേരം ഒരു പട്ടിയെപോലെ പട്ടണത്തിൽ പല ആവശ്യങ്ങൾക്കായി ഓടിനടന്നിട്ടു വീട്ടിലെത്തുമ്പോൾ അവിടെയും അയാൾക്ക് രസപ്രദമല്ല. ഭാര്യയും കുട്ടികളും അയാളെ ഒരു അപരിചിതനെപോലെ കാണുന്നു. അവരുടെ ഇടയിൽ അയാൾ ഒരു അന്യനാണ്. അവരുടെ ഒരു കാര്യത്തിലും അയാൾക്കു താൽപര്യമില്ല. അവരുടെ ഒരു കാര്യത്തിലും അയാൾക്കു ഉത്സാഹമില്ല. അവരുടെ ഒരു കാര്യത്തിലും അയാൾക്കു അഭിപ്രായമില്ല. അവരുടെ ഒരു കാര്യത്തിലും അയാൾക്കു ശ്രദ്ധയില്ല. അവരുടെ ഒരു കാര്യത്തിലും അയാൾക്കു ഒരു ഉത്തരവാദിത്വവുമ

EFFICIENT PERSONAL POSTAL TUITION

For

M. A. Degree Examination (Economics) Nagpur
B. A. Degree Examination Nagpur for ladies only
Intermediate Examination Nagpur for ladies only
Ajmir Intermediate (for both sexes)
Madras Matriculation
Banaras Matriculation No mathematics, no cience, no age restriction)
S. S. L. C. (T. C. State).
Sahitya Visarad Examination
This is the proper time for you to join When applying state the class in which you studied last.

Manager,

The Cambridge College,

Kythamukku, (K. W.) Trivandrum.

USHA

വച്ചു കെട്ടിയ ഒരു വലിയ കെട്ടും പിന്നെ കുറെ ചെറിയ സാമഗ്രികളും എല്ലാം രണ്ടു കൈയ്യിൽ വളരെ പ്രയാസപ്പെട്ടു പിടിച്ചുകൊണ്ടു ടൊറിക്കാച്ചോവു തന്റെ ക്ലൂകാരന്റെ മുന്നിൽ നിന്നു് വിടചോദിക്കുകയാണു്.

ഉടനെ, ആ ക്ലൂകാരൻ ടോറിക്കാച്ചോവു് ഒരു സഹായം ചെയ്യണം. മറ്റൊന്നുമല്ല അയാളുടെ ഒരു ക്ലൂകാരി ടോറികാച്ചോവിന്റെ വീട്ടിനടുത്തു താമസമുണ്ടു്. അവർക്കു് ഒരു തയ്യൽ മെഷീനും അതാതൊപ്പം ഒരു പക്ഷിയും അതിന്റെ ക്ലൂടം അയാൾ കൊണ്ടു ചെന്നു് കൊടുക്കണം എങ്കിൽ വലിയൊരുപകാരമായി.

ടോറികാച്ചോവു് അമ്പരന്നു. രണ്ടു കൈകൊണ്ടും വളരെ പ്രയാസപ്പെട്ടാണു് അയാളുടെ സാധനങ്ങളും തന്നെ അയാൾ പിടിച്ചിരിക്കുന്നതു്. പിന്നെ എങ്ങനെ അയാൾ ഇതുകൂടി കൊണ്ടുപോകും? അതും, ഒരു പക്ഷിയും അതിന്റെ ക്ലൂടം, ഒരു തയ്യൽമെഷീനും. ടോറികാച്ചോവു് വിഷമിച്ചുപോയി. അതുനിമിഷം അയാൾ മതിമറന്നു.

"നിങ്ങൾ എന്നെ അവഗണിച്ചതിനോടു. എന്നെ കൊല്ലുക, അതാണു നല്ലതു്" അങ്ങനെ പറഞ്ഞു അയാൾ ഒരു ഭ്രാന്തനെപോലെയായിത്തീരുന്നു.

ഇതാണു്, A tragedian in spite of himself എന്ന പേരുള്ള ചെക്കോവിന്റെ ഒരു കൊച്ചു നാടകം. രണ്ടു കഥാപാത്രങ്ങളിലും, ഒരേരാറ രംഗത്തിലും അവസാനിക്കുന്ന ഈ കൊച്ചുനാടകത്തിൽ ചെക്കോവു് സ്വാഭാവികതപം നിറഞ്ഞ സംഭവങ്ങളും ആശയഗാംഭീര്യമുള്ള തത്വങ്ങളും ഒളിക്കിനിറുത്തുന്നു. ടോറികാച്ചോവിനു് തന്റെ വിഷമതകളിൽനിന്നു് കളിയോടാൻ നിവൃത്തിയില്ലെന്നു കാണിക്കാനാണു് ചെക്കോവു് അവസാനഭാഗത്തിൽ ശ്രമിക്കുന്നതു്. അയാൾ ചുമക്കേണ്ടിയിരിക്കുന്ന ഭാരങ്ങളുടെകൂടെ, അയാൾക്കു് എടുക്കാനാവാത്ത കുറെ ഭാരങ്ങൾകൂടി ആ ക്ലൂകാരൻ കൊടുക്കാൻ ശ്രമിക്കുകയാണു്. നിത്യജീവിതത്തിൽ വളരെയധികം ബുദ്ധിമുട്ടി, ജീവിതത്തെ പരിപൂർണ്ണമായി വെറുത്തു, മരണം ഒരനുഗ്രഹമായി കരുതി, അതേ സമയം ഹൃദയത്തിന്റെ അടിത്തട്ടിൽ ജീവിക്കാനുള്ള അഭിവാഞ്ഛയുമായി കഴിയുന്ന ഒരു വലിയ സംഘം മനുഷ്യരുടെ പ്രതിനിധിയാണു് ചെക്കോവു് വരച്ചുകാട്ടിയ ടോറികാച്ചോവു്.

പ്രേമിച്ചു, പാപ്പരായി!

"On the high road" (ഹൈറോഡിൽവച്ചു്) എന്ന ചെക്കോവിന്റെ നാടകം വളരെ പ്രസിദ്ധമാണു്. ചുരുപാട്ടുകാരൻ മനുഷ്യനിൽ വരുത്തുന്ന പരിവർത്തനങ്ങളും മനുഷ്യസഹജമായ പല ദൗർബ്ബല്യങ്ങളും മനുഷ്യരുടെയിടയിൽ ഉണ്ടായേക്കാവുന്നതുമായ സ്നേഹാദരങ്ങളുമെല്ലാം ചെക്കോവു് ഈ നാടകത്തിൽ ചിത്രീകരിക്കുന്നു.

ബോർട്ടസോവു് വലിയൊരു ജന്മിയായിരുന്നു. സ്വത്തും, പണവും മാളികകളും, കുതിരകളും ഒക്കെ അയാൾക്കുണ്ടായിരുന്നു. പക്ഷെ അതെല്ലാം നശിച്ചു അയാൾ പാപ്പരായി. അയാളുടെ ആ പരിവർത്തനത്തിൽനല്ലൊരു പങ്കു വഹിച്ചതു ഒരു പെണ്ണാണു്. "ഈ വിശാലമായലോകത്തിൽ ഇതുപോലെ സുന്ദരമായ മറ്റൊന്നില്ല." എന്നു് കരുതിബോർസോവു സ്നേഹിച്ചു ഒരു പെണ്ണു്. പക്ഷെ അവളാണെങ്കിൽ, നിമിഷത്തിനു മാറിക്കൊണ്ടിരുന്ന ഒരു ചിരി കട്ടക്കയായിരുന്നു. കുറെക്കാലം അവൾ ബോർട്ടസോവിന്റെകൂടെ ക്രൂടി. നല്ല രാത്രികളിൽ പിയാനോവിന്റെ മധുരമായ ശബ്ദം അവരെ സന്തോഷിപ്പിക്കുമായിരുന്നു. "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു" എന്നവൾ പറഞ്ഞപ്പോൾ ബോർട്ടസോവു് അയാളുടെ പണം അവളുടെ മുൻപിൽ വാരിവിതറി. അവരുടെ വിവാഹവും നിശ്ചയിച്ചു. വിവാഹം പ്രമാണിച്ചു് ഒരു വമ്പിച്ച വിരുന്നു സൽക്കാരവും നടത്തി. വിരുന്നു സൽക്കാരം നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ അവൾ അങ്കലയുള്ള ഒരു പട്ടണത്തിലേക്കു് കടന്നു കളഞ്ഞുവത്രേ. അവിടെ, ഒരു അഭിഭാഷകനെ അവൾ നേരത്തെ സ്നേഹിച്ചിരുന്നു.

അങ്ങനെ ബോർട്ടസോവു് ദരിദ്രനായി. അയാൾക്കു് എല്ലാം നഷ്ടപ്പെട്ടു. എന്നിട്ടും അയാൾ അവളെ സ്നേഹിക്കുന്നു. അവൾ ചെയ്ത വഞ്ചനാപരമായ പ്രവർത്തികളെപ്പറ്റി അയാൾ ചിന്തിക്കുന്നതുപോലുമില്ല. പഴയതുപോലെതന്നെ ഒരു പക്ഷെ അതിലുമധികം അയാൾ അവളെ സ്നേഹിക്കുന്നു. അവളെ ഒരു നോക്കു കണ്ടാൽ മതിയെന്നായി. അങ്ങനെ അയാൾ ഇറങ്ങി കാൽനടയായി പട്ടണത്തിലേയ്ക്കു പുറപ്പെട്ടിരിക്കുകയാണു്. കൈവശം ഒന്നുമില്ല അവളുടെ ചിത്രമുള്ള ഒരു ലോക്കറ്റുമെഡലുണ്ടു്. ബോർട്ടസോവു് മിക്കവസരവും എടുത്തു നോക്കി പൂജിക്കുന്ന ഒന്നാണതു്. അതുമെടുത്തുകൊണ്ടു്, ഹൈറോഡിലൂടെ അയാൾ നടന്നു. വളരെ ദൂരെ ട്ടിയപ്പോൾ അയാൾ ഒരു സത്രത്തിലെത്തി. ടിഫോൻ എന്നൊരാൾ നടത്തുന്ന, ഒരു മദ്യഷാപ്പുകൂടിയാണു് ആ സത്രം, ബോർട്ടസോവു എത്തിയപ്പോഴേക്കും കാറ്റും മഴയും തുടങ്ങി. ഇടിശബ്ദങ്ങളും തുടരെ കേട്ടുകൊണ്ടിരുന്നു. ഇരുട്ടിനെ കീറിമുറിക്കുന്ന മിന്നൽപിണരുകളും.

സത്രത്തിനടുത്തു കുറെ തീർത്ഥയാത്രക്കാരുണ്ടു്. ഒരു തൊഴിലാളിയായ ഫെദിയയും അതിനിടയിലുണ്ടായിരുന്നു.

ബോർട്ടസോവിനു് കളിതു് സഹിക്കുന്നില്ല അയാൾക്കു മനോവേദനയുമുണ്ടു്. ആകെക്കൂടി അയാൾ തകരുകയാണു്. അയാൾ ടിഫോനിടുത്തുചെന്നു.

"ക്രിസ്തുവിന്റെ പേരിൽ എനിക്കു് ഒരു ഗ്ലാസ്സു് മദ്യംതരിക അതിന്റെ വില ഞാൻ പിന്നീടുതരാം" ടിഫോൻ ആ അപേക്ഷ നിരസിച്ചു. ബോർട്ടസോവു വീണ്ടും അപേക്ഷിച്ചു. 'നിങ്ങൾ മനസ്സിലാക്കണം, ഞാനല്ല മദ്യമാവശ്യപ്പെടുന്നതു്. എന്റെ ഉടമസ്ഥയാണു്, എന്റെ സുഖക്കേടാണു് അതുകൊണ്ടു് നിങ്ങൾ മയവുചെയ്യുന്നതുകൊണ്ടു്" പക്ഷെ ടിഫോൻ കേട്ടുകയില്ലെന്നും പറഞ്ഞു.

"പക്ഷെ, ഞാനിപ്പോൾ കടം തരില്ലെങ്കിൽ എന്തെങ്കിലും കുറെകൂടി വിലയുള്ള പ്രവൃത്തികൾ ഞാൻ ചെയ്യാം. അതുകൊണ്ടു ദൈവത്തെവിചാരിച്ചു തരിക"

പണം കൊടുക്കാതെ കിട്ടുകയില്ലെന്നു് ടിഫോൻ തീർത്തുപറഞ്ഞു.

ബോർട്ടസോവിന്റെ പക്കൽ ഉള്ളതു ഒരു പഴഞ്ചൻ തൊപ്പി മാത്രമാണ്. അതായാലും മുരിയെടുത്തു ടിഹോനെകൊടുത്തു ടിഹോൻ അതു പിരുത്തുനോക്കി. തൊപ്പി തിരയെ കീറലുകളാണ്. "ഇതാണ് ഒരു മാന്യന്റെ തൊപ്പി" എന്നു പറഞ്ഞു ഫെഡിയപോലും പൊട്ടിച്ചിരിച്ചു പോയി. ടിഹോൻ അതു തിരിച്ചു കൊടുത്തു.

താൻ തിരിച്ചുവരുമ്പോൾ കൊടുക്കാമെന്നു പറഞ്ഞു വീണ്ടും ബോർട്ടസോവു മദ്യം ആവശ്യപ്പെട്ടു.

"എന്റെ ക്ഷമ പരിശോധിക്കുമെങ്കിൽ, ഞാൻ നിന്നെ പിടിച്ചു പുറത്തുതള്ളും" എന്നായി. ടിഹോൻ. ബോർട്ടസോവു് നിരാശനായി ടിഹോന്റെ മുൻപിലിരുന്നു കരഞ്ഞുതുടങ്ങി.

അല്പനേരം കഴിഞ്ഞു അയാളുടെ പഴഞ്ചൻ കോട്ടുമുരി പിടിച്ചുകൊണ്ടു ടിഹോന്റെ അടുത്തെത്തി. പക്ഷെ ടിഹോൻ അതു സ്വീകരിച്ചില്ല "അതു പാപം എനിക്കു് ഏൽക്കാൻ വയ്യ" എന്നു പറഞ്ഞു അപ്പോഴും അയാളുടെ നിരസിച്ചു. പാപം താനോറുകൊള്ളാമെന്നായി ബോർട്ട സോവു്. ടിഹോനു് ദേഷ്യം പിടിച്ചു. "കടന്നോ, പുറത്തു്" എന്നു് ഒച്ചയാടെ വിളിച്ചു പറഞ്ഞു.

വളരെ നേരം ബോർട്ട സോവു് പോയി ആലോചിച്ചിരുന്നു. സുഹൃത്തിനെക്കുറിച്ചു പലതും വന്നു അവിടം ആകെത്തിരക്കിലായി എല്ലാവരും സംസാരിക്കുകയാണു്. മിക്കപേരും ജീവിക്കാനുള്ള വൈഷമ്യങ്ങളെപ്പറ്റിയാണു് പറയുന്നതു് വളരെ നേരം കഴിഞ്ഞപ്പോൾ ബോർട്ട സോവു് വീണ്ടും എണീറ്റു.

"ഉ" എനിക്കു് കഴിയുകയില്ല. ടിഹോൻ, ഞാൻ അവസാനമായി ചോദിക്കുന്നു അരറ്റാസു് മതി."

പണമില്ലാതെ താൻ കൊടുക്കുകയില്ലെന്നു് ടിഹോൻ തീർത്തു പറഞ്ഞു. "നിങ്ങളും അവിടിരിക്കുന്ന ആരോടെങ്കിലും ചോദിക്കണം അവർക്കാർക്കെങ്കിലും ദയയുണ്ടെങ്കിൽ അല്പം പണം നിങ്ങൾക്കു് തരും ഞാനാണെങ്കിൽ റൊട്ടിമാത്രമെ ദാനംകൊടുക്കാമുള്ളു."

ബോർട്ടസോവു് ആ തീർത്ഥാടകന്റെ അടുത്തുചെന്നു 5 കോവ്ക്കു്സു (റഷ്യൻ നാണയം) തരണമെന്നു ദൈന്യത്തിൽ പറഞ്ഞു.

അവന്റെ ഉണ്ടായിരുന്ന "ഒമരിക്ക" എന്നൊരാൾ മദ്യത്തോന്നി അതു കൊടുക്കാമെന്നേറ്റു. എങ്കിലും കീശയിൽ തപ്പിനോക്കി, പക്ഷെ അതെവിടെയോ നഷ്ടപ്പെട്ടുപോയിരുന്നു.

ഒടുവിൽ ബോർട്ടസോവു് ടിഹോന്റെ അടുത്തുചെന്നു. അയാളും ഒരു സ്വർണ്ണാരേണു കൊടുക്കാമെന്നേറ്റു. ബോർട്ടസോവിന്റെ പക്കലുണ്ടായിരുന്ന സ്വർണ്ണമെഡൽ ടിഹോനെ ഏല്പിച്ചു.

"ഞാൻചെയ്യുന്നതു ഒരു ദ്രോഹപ്രവൃത്തിയാണ്, പക്ഷെ തിരിച്ചുവരുമ്പോൾ ഇതു തിരിയെതരാമെന്നുള്ള വാഗ്ദാനത്തോടെ നിങ്ങളും എടുത്തുകൊള്ളു. മെഡലിലുള്ള പടത്തിൽ അമ്മുഖത്തിൽ നിങ്ങളുടെ കൈ തൊടരുതു്. ആ മുഖത്തു നിങ്ങളും നോക്കുകയും അരുതു്."

ടിഹോൻ അതു വാങ്ങിയിട്ടു ഉടൻതന്നെ ബോർട്ടസോവിനു് ഒരു ഗ്ലാസ്സു് മദ്യം കൊടുത്തു. അത്തിയോടെ അവനതു കുടിച്ചു.

ബോർട്ടസോവിനെ നല്ലമാതിരി അറിയാവുന്ന ഒരു ഡ്രൈവർ, കസ്റ്റംവിശ്രമത്തിനായി സത്രത്തിൽവന്ന ബോർട്ടസോവിനെ കണ്ടമാത്രയിൽ അയാളും ആശ്ചര്യപ്പെട്ടു. ബോർട്ടസോവിന്റെ ദുരന്തകഥ, മറ്റുള്ളവരോടും അയാളും പറഞ്ഞു കേൾപ്പിച്ചു.

ആ കഥ കേട്ടപ്പോൾ മിക്കപേർക്കും ബോർട്ടസോവിനോടു അനുകമ്പതോന്നി അതുവയെയും കാരുണ്യത്തിന്റെ നേരിയചിഹ്നംപോലും കാണിക്കാതിരുന്ന ടിഹോനെപോലും അനുകമ്പതോന്നി, ഒരു ഗ്ലാസ്സു മദ്യംകൂടികൊടുത്തു.

അതു കുടിച്ചുകൊണ്ടിരിക്കെ ബോർട്ടസോവു് പറഞ്ഞു.

'അപ്പോൾ, ഞാൻ നിങ്ങൾക്കു് രണ്ടു ഗ്ലാസ്സിന്റെ പണം തന്നുവല്ലേ?"

"താനെനിക്കു് ഒന്നും തരാനില്ല. താൻ കുടിച്ചു് തന്റെ ദുഃഖങ്ങൾ ശമിപ്പിച്ചാൽ മതി." ടിഹോൻ അങ്ങനെ മറുപടി പറഞ്ഞു ബോർട്ടസോവിന്റെ യാഥാർത്ഥ്യങ്ങൾ കേട്ടപ്പോൾ കുലുങ്ങിപ്പോയ കഠിനമല്ലാത്ത ഒരു ഹൃദയമായിരുന്നു ടിഹോനിന്റേതു.

ഫെഡിയക്കും അനുകമ്പതോന്നി അഞ്ചുകോവ്ക്കു് എടുത്തു ബോർട്ടസോവിനു് കൊടുത്തു. അതിനു പുറമെ കുടിയും കുടിച്ചുകൊള്ളാൻ അയാളും പറഞ്ഞു.

മൂന്നാം ആ സ്വർണ്ണമെഡൽ കയ്യിൽ വാങ്ങിച്ചു്, അതിലിരുന്ന ചിത്രത്തിൽ നോക്കിയിട്ടു "ഹും, നീ ഓടിപ്പോയി" എന്നു് പറഞ്ഞു് താഴെയിട്ടു. ബോർട്ടസോവിനു് അതു സഹിച്ചില്ല "നീ ഒരു മൃഗമാണു്" എന്നു പറഞ്ഞു അയാൾ താഴെയിട്ട ആളിനോടു കോപിച്ചു. അപ്പോഴും ബോർട്ടസോവു അവളെ പ്രേമിക്കുകയാണു്.

കുറെകഴിഞ്ഞു ഒരു യുവതിയു് അവളുടെ ഭർത്താവുംകൂടി സത്രത്തിൽവന്നു. അവരുടെ വാഹനത്തിന്റെ സ്പ്രിംഗു പൊട്ടിപ്പോയിയെന്നും, അതു ശരിപ്പെടുത്തിക്കൊടുത്താൽ 10 റൂബിളും പ്രതിഫലം കൊടുക്കാമെന്നും ഭർത്താവു ടിഹോനോടുപറഞ്ഞു. അവളും അകത്തുവന്നു് ഇരുപ്പായി. ബോർട്ടസോവു അവരെ സൂക്ഷിച്ചുനോക്കി. അടുത്ത നിമിഷം അയാളും ചാടിഎണീറ്റു അവളുടെ അടുത്തെത്തി "മേരി, ഇതു നീയാണോ, നീ എവിടെ നിന്നും വരുന്നു...." എന്നൊക്കെ ബോർട്ടസോവു ചോദിച്ചു.

അവളാണ് ബോർട്ടസോവിന്റെ കാമുകി, അവിടെ ഉണ്ടായിരുന്നവരെല്ലാം ഉടനെ പാഞ്ഞെത്തി. ചിലർ സംശയിച്ചു്, ആ സ്വർണ്ണമെഡലിലെ ചിത്രത്തിൽ നോക്കി. അതെ അവരുതന്നെ ബോർട്ടസോവിനെ മാറിമാറിനോക്കിയിട്ടു് ഓടിപൊയ്ക്കളഞ്ഞ ആ വഞ്ചകി!

പക്ഷെ അവരും സമ്മതിച്ചില്ല. ബോർട്ടസോവിനെ അവരുംകൂടി ഞെക്കുടെന്നു അവരും ഭാവിച്ചു. അതുകൊണ്ടു കഴപ്പുമായി. അവളും ഭർത്താവും ഒരു വിധത്തിൽ അവിടെനിന്നു രക്ഷപ്പെട്ടു

ബോർട്ടസോവു്, ഒന്നുമറിയാതെ, അവളുടെ പേരു വിളിച്ചു ക്രുദ്ധനായി.

പ്രേമത്തിന്റെപേരിൽ, ബോർട്ടസോവു് എല്ലാം നഷ്ടപ്പെടുകയും, എന്നിട്ടും അയാളും ആ വഞ്ചകിയെ സ്നേഹിക്കുകയും, സാധുക്കളായ മറ്റുള്ളവർക്കു ബോർട്ടസോവിൽ അനുകമ്പ ഉണ്ടാകുകയും ചെയ്യുന്നതിനെ ചെക്കോവു തന്മയത്വത്തോടെ ചിത്രീകരിക്കുന്നു.

ദി നവഭാരത് ബാങ്കു് & ചിട്ടിഫണ്ടു് ആലപ്പുഴ


1947-ൽ സ്ഥാപിച്ചതു്

5800 രൂപയുടെ ലേലച്ചിട്ടി വീണ്ടും ആരംഭിക്കുന്നു

പ്രതിമാസം	(ക്യാഷ് സെക്യൂരിറ്റി)			പ്രതിമാസം			
50 രൂപാവീതം	40 തവണ	2000	രൂപാ	30 രൂപാവീതം	40 തവണ	1200	രൂപ
25 ,,	40 ,,	1000	,,	15 ,,	40 ,,	600	,,
12½ ,,	40 ,,	500x2	,,	തുടരെ ചിട്ടികളും ആരംഭിക്കുന്നു.			

തപാൽവഴിയും ആവശ്യപ്പെടുക:

പ്രൊ: പി. കെ. കരുണാകരൻ.



മഹായുദ്ധം പാൻസായ്

മദിരോത്സവങ്ങൾ

★

(എൻ. ശ്രീകണ്ഠൻനായർ എം. വി.)

അദ്ധ്യായം 17

പലഹാരങ്ങളുടെ സ്വാദിനും, വൈവിധ്യത്തിനും, മദ്യത്തിന്റെ അളവില്ലാത്ത പ്രവാഹത്തിനും ചൈനയിലെ വിരുന്ന് സല്ക്കാരങ്ങൾ പ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ട്. ടോസ്റ്റർ പറഞ്ഞുകൊണ്ട് കടിക്കുന്നതു് സല്ക്കാരവേളയിലെ ഏറ്റവും പ്രധാനപ്പെട്ട ഇനമാണ്. ഒരാളിന്റെ കഴിവുകൾ അളക്കുന്നതു് അയാൾക്ക് എത്രമാത്രം മദ്യം ഉള്ളിലാക്കാമെന്നുള്ളതിനെ ആശ്രയിച്ചിട്ടാണ്. ആ ബഹുമതിനിർണ്ണയത്തിന്റെ പ്രലോഭനങ്ങളെ ചെറുത്തു് നില്ക്കാൻ വളരെപേർക്കു് കഴിഞ്ഞെന്നു വരികയില്ല. ടോസ്റ്റിന്റെ പ്രാരംഭഘട്ടങ്ങളിൽ പറയാനായി പുതിയ പുതിയ മുദ്രാവാക്യങ്ങളും അസാധാരണമായ ബുദ്ധിവൈഭവത്തോടുകൂടി കണ്ടുപിടിക്കപ്പെടുന്ന പരക്ഷേ, കോക്കഴിയുമ്പോഴേയ്ക്കും, മദ്യത്തിന്റെ മത്തു പിടിച്ച പ്രാസംഗികന്മാരുടെ അവ്യക്തവും അസംബന്ധവും വിരസവുമായ പ്രഭാഷണങ്ങളാണു് ചടങ്ങുകൾ അങ്ങേഅറ്റം അപഹാസ്യമായിത്തീരുക.

ഈ ടോസ്റ്റിന്റെ സമ്പ്രദായം പറഞ്ഞാൽ ഒരു സാധാരണ കികസമ്പ്രദായമായിത്തീർന്നിട്ടുണ്ട് എല്ലാ സമ്മേളനങ്ങളുടെയും സ്വീകരണങ്ങളുടെയും അനിവാര്യമായ ഒരു ഘടകമാണതു്. 1952-ലെ ഒക്ടോബർ വിപ്ലവ വാർഷികത്തിനു് ഞാൻ സംബന്ധിക്കപ്പെട്ട സോവിയറ്റ് യൂണിയനെപ്പറ്റി പുതിയതായിട്ടെന്തെങ്കിലും കേൾക്കാനും അറിയാനും കഴിയാതെന്നും ആധുനിക വികസന പദ്ധതികളെപ്പറ്റിയും സങ്കേത വിശേഷങ്ങളെപ്പറ്റിയുമുള്ള ചലച്ചിത്രങ്ങൾ കാണാമെന്നും, റഷ്യയുടെ അഭ്യന്തരവും വൈദേശികവുമായ നയപരിപാടികളെ പുരസ്കരിച്ചുള്ള കഴമ്പുള്ള പ്രസംഗങ്ങൾ കേൾക്കാമെന്നും മറ്റുമുള്ള പ്രതീക്ഷയിലാണ് ഞാൻ അവിടെ ചെന്നതു്. ഞാൻ നിശ്ശേഷം നിരാശനായിപ്പോയി. ഇടവിടാതെ വോഡ്ക (ഒരു തരം റഷ്യൻ മദ്യം)യുമായുള്ള സംബന്ധമായ ഒരു പരിചയം മാത്രമാണ് എനിക്കു ലഭിച്ചു ഒരേ ഒരു പുതിയ അനുഭവം ഞങ്ങളിന്റെ ഒരു പടവും, കുടിച്ചു് ലക്കുകെട്ട ചെണ്ണങ്ങളുടെയും ആണുങ്ങളുടെയും ഒരു കൂത്തഴിഞ്ഞ കൂട്ടവും മാത്രമാണ് ഞാൻ അവിടെ കണ്ടതു്. ആഘോഷങ്ങളും സാർവ്വലൗകിക സമ്മേളനങ്ങളും ഏറ്റക്കുറച്ചിലുകളോടെ സഹോദരത്തിന്റെ മദിരോത്സവങ്ങളാണെന്നു് അന്നു ഞാൻ മനസ്സിലാക്കി.

പുറമെ ചൈനയിലും ഈ മന്ദഗതിയിലും വ്യക്തമായ ഒരു സംഭാവന ചെയ്യുവാനുണ്ട് സല്ക്കാരമുറിയിൽ മുഴങ്ങിക്കേൾക്കുന്ന 'കാംപൈ' എന്നുള്ള ആക്രോശവും, അതിന്റെ പ്രതിധ്വനിയും ആ പ്രതിധ്വനിയുടെ പ്രതിധ്വനിയും ഇപ്പോൾ സാർവ്വലൗകികപ്രാധാന്യം ആർജ്ജിച്ചുകഴിഞ്ഞിട്ടുണ്ട്. അക്കാര്യം ടോസ്റ്റർ പറയാം. പക്ഷേ, 'കാംപൈ' എന്നുള്ള ആക്രോശത്തിനാണ് ഏറ്റവും ഉച്ചത്തിലുള്ള കരഘോഷം ലഭിക്കുന്നതു് നിറഞ്ഞു തുളുമ്പുന്ന കോപ്പ അവസാന തുള്ളിയും തിരുവരെ കുടിച്ചുതീർത്തിട്ട് തലതിരിച്ചു പിടിക്കുന്നതെന്നാണ് അതിന്റെ അർത്ഥം.

പര്യടനത്തിന്റെ പ്രാരംഭഘട്ടങ്ങളിൽ ഒരു വിനോദയാത്രയുടെ സുഖമുണ്ടായിരുന്നു. വിദ്യാർത്ഥികളും, വിദ്യാർത്ഥിനികളും, തൊഴിലാളികളും, കുശാംഗികളായ സുന്ദരികളും എല്ലാവരും ചുവന്ന വീഞ്ഞ് പകർന്നു് ടോസ്റ്റർ പറയുന്നു. അവരോടൊത്തുകൂടി, എന്റെ ഈ സ്ഥലിച്ച ശരീരഘടനയ്ക്കു് ലേശം മദ്യം താങ്ങാൻ കഴിയുമെന്നു് തെളിയിക്കാൻ തോന്നി. കുറച്ച് പോർട്ട് വൈൻ കുടിച്ച് ഞാൻ ഒരു പരീക്ഷണം നടത്തിനോക്കി. അന്നു രാത്രിവളരെ വൈകിയിട്ടും എന്റെ യാത്രാക്ഷീണം കരുതിക്കരിക്കുവാൻ തക്കസ്വാസ്ഥ്യം എനിക്കുണ്ടായിരുന്നു. മുക്ഡണിൽ വച്ചു് നടന്ന വിരുന്നു സൽക്കാരത്തിൽ ഞാൻ യഥാർത്ഥത്തിൽ കുടിച്ചു ആ ഒറ്റക്കാരണം കൊണ്ടു്, വീഞ്ഞോ മറ്റു മദ്യങ്ങളോ നിശ്ശേഷം വർജ്ജിക്കണമെന്നും ഞാൻ തീരുമാനിച്ചു. എന്റെ ആ തീരുമാനത്തെ ഇളക്കുവാൻ ചൈനക്കാരും ഇതരരാജ്യക്കാരുമായ പല സുഹൃത്തുക്കളും പരിശ്രമിച്ചു എങ്കിലും ടി. യു. സി. പ്രതിനിധിസംഘത്തിന്റെ നേതാവായ യൂസുഫ് അയിരുന്നു അതിൽ മുമ്പൻ. ചൈനയിൽ ചെല്ലുന്നതിനുമുമ്പു് അദ്ദേഹം മദ്യം കുടിച്ചിട്ടേയില്ല എങ്കിലും കുറച്ച് കുടിച്ചുനോക്കാൻ അദ്ദേഹം എന്നെ ഉപദേശിച്ചു. ഒന്നിനു് പുറകേ ഒന്നായി ടോസ്റ്റർ പറയുന്നതിനിടയ്ക്ക് ചൈനയിൽവച്ച് ആക്കം അതിൽനിന്നു് ഒഴിഞ്ഞുമാറാൻ ഏർപ്പാടൊന്നുമില്ലെന്നു് അദ്ദേഹത്തിന്റെ അനുഭവം തെളിയിച്ചു.

1953 മേയ് ഇരുപത്തിഞ്ചാംതീയതി ഷാംഹായ് ടേഡ്യൂണിയൻ കൗൺസിൽ ഞങ്ങൾക്കു വമ്പിച്ചതോതിൽ ഒരു വിരുന്നു സല്ക്കാരം നൽകുകയുണ്ടായി. സമുദ്ധാമായി ടോസ്റ്റർ നടന്നു; സ: യൂസുഫ് ആത്മാർത്ഥതയും വികാരവായ്പുമുള്ള ഒരാളാണ്. ഷാംഹായ് തൊഴിലാളികളുടെ വിപ്ലവചരിത്രവും 1927-ലെ കൂട്ടക്കുരുതിയിലുള്ള ആ ചരിത്രത്തിന്റെ ശോകാന്ത്യവും അദ്ദേഹത്തിന്റെ മോഹനമായ ആളിരമ്പിച്ച വീഞ്ഞും അദ്ദേഹത്തിന്റെ നാവിന്റെ നിയന്ത്രണശക്തി നഷ്ടപ്പെടുത്തി. ഉച്ചാശിനിയുടെ മുമ്പിൽ ചെന്ന് അത്യുത്സാഹത്തിൽ അദ്ദേഹം മുഴുകി കൂട്ടിത്തുടങ്ങി. ആവർത്തനങ്ങളുണ്ടായിരുന്നെങ്കിലും അതു സുദീർഘമായ പ്രസംഗം തികച്ചും പ്രലോഭനകരമായിരുന്നു.

പ്രസംഗത്തിന്റെ അവസാനത്തിൽ, "ഷാംഹായിലെ രക്തസാക്ഷികളെ നീണാൾ വാഴട്ടെ" എന്നു വിളിച്ചു പറഞ്ഞുകൊണ്ട് അദ്ദേഹം ടോസ്റ്റ് പറഞ്ഞു.

ഡാ: ഇയ് സൂര്യ മെഴിനേറ പക്ഷെ, അദ്ദേഹം സാധാരണ കാണുന്ന മട്ടിലായിരുന്നില്ല ദേശീയ ഗാനത്തോടുകൂടെ അദ്ദേഹം സംസാരം തുടങ്ങി.

"ഒരു സ്ത്രീയെ മരുക്കിയെടുക്കാം. പക്ഷെ ഒരു പൂച്ചയെ മരുക്കാൻ സാദ്ധ്യമല്ല."

പോലീസുകാരന്റെ അടയാളം. പ്രതീക്ഷിച്ച്, വഴികടക്കാൻ കാത്തുനിൽക്കുന്ന ഒരു പൂച്ചയെ അണഒരു അദ്ദേഹം അന്തരംഗത്തിലെയ്ക്കു മുമായി കണ്ടത്. ചൈനയിലെ സുശിക്ഷിതമായ ജീവിതരീതിയെപ്പറ്റി അദ്ദേഹത്തിന് അങ്ങനെ ബോദ്ധ്യമുണ്ടായി. നിഷേധത്തുങ്ങളുടെയും മുതുകളിയുടെയും ഒരു കൂടായിരുന്ന ഷാംഹായ് നഗരം ചിട്ടയും ക്രമവും പുലരുന്ന ഒരു മാതൃകാനഗരമായി അവർ പരിവർത്തനം ചെയ്തു. പ്രസംഗത്തിന്റെ അന്ത്യം മുതൽ അവസാനം വരെ അദ്ദേഹം "ഒരു സ്ത്രീയെ മരുക്കിയെടുക്കാം എന്നാൽ ഒരു പൂച്ചയെ സാദ്ധ്യമല്ല" എന്ന് ആവർത്തിച്ചുകൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹം പുത്തൻ ചൈനയിൽ ചിട്ടയായ ജീവിതക്രമത്തിന് ടോസ്റ്റ് പറഞ്ഞു. വിയറ്റ്നാമിൽ നിന്നും, ബർമായിൽ നിന്നും, ഫ്രാൻസിൽ നിന്നും ഇൻഡൊനേഷ്യയിൽ നിന്നും മുള്ള പ്രതിനിധിസംഘങ്ങളുടെ നേതാക്കന്മാർ ഒന്നിനുപുറകെ ഒന്നായി പ്രസംഗങ്ങൾനടത്തി ടോസ്റ്റ് പറയുന്നതിന് മദ്ധ്യക്കുടെ വേണ്ടി വന്നുകൊണ്ടാണെന്ന് അപ്പോഴാണ് ഞാൻ മനസ്സിലാക്കിയത്. ലഹരിദ്രവകമുപയോഗിച്ച് ഇന്ദ്രിയങ്ങളെ മരവിപ്പിച്ചില്ലാതെ ഇത്തരം വിസ്തൃതങ്ങൾക്ക് കൂട്ടനിൽക്കുക സാദ്ധ്യമല്ല.

അടുത്തതായി ബോബ്ദ അദ്ധ്യാപകസംഘടനയുടെ പ്രതിനിധിയായ രാജ്പെർകർ സംസാരിക്കാനാരംഭിച്ചു. വിമോചനസമരത്തിന് അദ്ധ്യാപകരുടെ മഹത്തായ സംഭാവനയ്ക്ക് അദ്ദേഹം ടോസ്റ്റ് പറഞ്ഞു. 'ഭൂമി ഭൂമിയെ മുറുകെ' എന്ന തത്വം തെളിയിക്കുന്നതിലേയ്ക്ക് ഒരു ഉപകരണം കണ്ടുപിടിച്ച ഒരു ഭൂമിശാസ്ത്ര അദ്ധ്യാപകന്റെ പ്രവൃത്തിയെ അദ്ദേഹം ഉദാഹരണമായി ചൂണ്ടിക്കാണിക്കുകയുണ്ടായി. തുടർന്ന് ചൈനയും ചെയർമാൻ മാത്രോയും അദ്ധ്യാപകവർഗ്ഗത്തിന് പ്രോത്സാഹനം നൽകുവാൻ വളരെയേറെ ചെയ്തുണ്ടെന്നദ്ദേഹം സമർത്ഥിച്ചു ചിരഞ്ജീവിയെ സംബന്ധിച്ചിടത്തോളം ആ പ്രസംഗം കയ്പേറിയ ഒരു പരീക്ഷണമായിരുന്നു. ആശയങ്ങൾ ഏറ്റവും മംഗിയായി പ്രകടിപ്പിക്കുക എന്നുള്ളതിനേക്കാൾ കാലുകൾ ഉറപ്പിച്ചു നിർത്തുക എന്നുള്ളതിലായിരുന്നു പ്രാസംഗികന്റെ ശ്രദ്ധയും ഉല്ക്കണ്ഠയും.

അദ്ദേഹത്തിന്റെ പ്രസംഗം തീർന്നയുടൻ, രക്തസമ്മർദ്ദത്തിന്റെ ക്രമം ക്രമപ്പെടുത്തുവാൻ ഉണ്ടാക്കിയിരുന്ന സ്ഫിഗ്മോമാനോമീറ്റർ

★ കേരളസംസ്കാരവും കലകളും ★

★

ഐക്യകേരള രൂപീകരണവുമായി അതിനുള്ള അഭിവൃദ്ധി എങ്ങിനെ ബന്ധപ്പെട്ടിരിക്കുന്നു?

(എം. എസ്സ്.)

മലയാളികൾക്ക് ഭേദപ്പെട്ട ഒരു ജീവിതം വാർത്തുണ്ടാക്കുവാൻ കഴിയണമെങ്കിൽ ഐക്യകേരളം ഉടനടിയേ കഴിയുകയുള്ളൂ എന്നതു പുതിയ ആശയമല്ല. ഇന്ത്യയിലെ സാമ്രാജ്യ വിരുദ്ധ പ്രസ്ഥാനങ്ങളിൻറെ ആവിർഭാവം നമ്മുടെ ബോധത്തിലേക്ക് പകർത്തിയതും ചരിത്രപരമായി നമ്മുടെ ഉള്ളിലേക്ക് പകർന്നതുമായ ഒരാശയമാണ് അതു്. ഈ ആശയത്തെ — ഐക്യകേരളമെന്ന ആവശ്യത്തെ, കേരളത്തിലെ കലാപ്രേമികളും സാംസ്കാരിക പ്രവർത്തകരും സ്വീകരിച്ചുള്ളൂ. കേരളത്തിലെ കലകളേയും നമ്മുടെ ദേശീയ സാംസ്കാരിക സമ്പത്തുകളെയും അതുപോലെ തങ്ങളുടെ അഭിരുചികളേയും വളർത്തുവാനും വികസിപ്പിക്കുവാനും ജനങ്ങളുടേതായ ഒരു ഐക്യകേരളത്തിൽ മാത്രമേ സാധിക്കയുള്ളുവെന്നതുകൊണ്ടാണ്.

ശ്രീപൂരാഗതിയെ ഉൾക്കൊള്ളുന്നതെല്ലാം നമ്മുടെ ഭാഷയും കലകളും സംസ്കാരവും വികസിക്കണം നമ്മുടെ സഹോദരജനതകളുടെ പരിശ്രമങ്ങളിലും ഇന്ത്യൻ സംസ്കാരത്തിനും നമ്മുടേതായ സംഭാവനകൾ നമുക്ക നൽകണം. അങ്ങിനെ കേരളീയരോടൊപ്പം മറ്റു ജനതകളും വളരുകയും പുരോഗതിയുടെ നടക്കാവുകളിലേയ്ക്ക് നീങ്ങുകയും ചെയ്യണം.

അതിനു മലയാളഭാഷയ്ക്ക് കെൽപ്പുണ്ടോ എന്ന കാര്യത്തിൽ യാതൊരു സംശയത്തിനും അവകാശമില്ല. എന്തുകൊണ്ടെന്നാൽ ഒന്നേകാൽ കോടി ജനങ്ങളും സംസാരിക്കുന്ന മലയാളം, രാഷ്ട്രഭാഷയായി ഇൻഡ്യാഗവൺമെൻറംഗീകരിച്ചിട്ടുള്ള ഹിന്ദിഭാഷയെക്കാളും പഴക്കവും പാരമ്പര്യവുമുള്ളതാണ്. ഇന്ത്യൻ സാംസ്കാരികസമ്പത്തുകളിൽ ഒന്നായ കഥകളി കേരളത്തിൻറെ സംഭാവനയാണ്. സാഹിത്യപുരോഗതിയിൽതന്നെ മലയാളഭാഷയോട് കിടനിൽക്കുന്ന ദേശീയഭാഷകളും ഒന്നോ രണ്ടോ മാത്രമേയുള്ളൂ.

കേരളത്തിനു സ്വന്തമെന്നഭിമാനിക്കാവുന്ന ഒട്ടേറെ സമൂഹനൃത്തങ്ങളും ഗാനങ്ങളും കലാരൂപങ്ങളും പുറത്തുള്ളവരെയപ്പോലും അറിയപ്പെടാതെയും ഉണ്ട്. തിരുവാതിര വെള്ളാട്ടം മുതലായവ ഇന്നു ലഘുപ്രചാരമാണെങ്കിലും ഒട്ടൻതുള്ളൽ നമുക്കഭിമാനിക്കാവുന്നതും പ്രചാരമുള്ളതുമായ ഒരു നൃത്തരീതിയാണ്. ഞാറ്റുപാട്ട്, കുമ്മാട്ടിപ്പാട്ട്, തമ്പുരാൻപാട്ടുകൾ, കാണിപ്പാട്ടുകൾ, ഇടനാടൻപാട്ടു, പൂരക്കളിപ്പാട്ട് മുതലായവ കേരളത്തിൻറെ അനർഘസമ്പത്തുകളാണ്. കാലപ്പഴക്കത്തേക്കാളും ഫ്യൂഡൽ ശക്തികളും പിന്നീടു സാമ്രാജ്യമേധാവിത്വവും വരുത്തിട്ട വലകളിലമർന്നുമൂലവും ഇവയിൽ പലതും ലുപ്തപ്രായങ്ങളായി മൺമറഞ്ഞുപോയിട്ടുണ്ടെങ്കിലും അവശേഷിച്ചവയെങ്കിലും നമ്മുടെ ദേശീയൈക്യത്തിൻറെ തുടിപ്പുകളിൽ കിന്നരിവച്ച കേരളസംസ്കാരത്തെ ഉയർത്തിക്കൊണ്ടുവന്നിട്ടുള്ളവയാണ്.

പ്രാചീനകാലം മുതൽക്കിങ്ങോട്ടു നോക്കുമ്പോൾ ഗ്രാമസമ്പ്രദായത്തിൻറെ പ്രതിഫലനങ്ങളും കലാസൃഷ്ടികളുടെ പ്രചാരത്തിലും ഉണ്ടായിട്ടുള്ളതായി കാണാം. മദ്ധ്യകേരളത്തിലെ അറുപത്തിനാലു ഗ്രാമങ്ങളിൽ പ്രചാരത്തിലിരുന്ന കലാസൃഷ്ടികളും കലാരൂപങ്ങളും കേരളത്തിൻറെ മറ്റു ഭാഗങ്ങളിലും പ്രചരിച്ചിരുന്നുവെന്നതിനു തെളിവുകളില്ല. ഭക്ഷിണതിരുവിതാംകൂറിൽ പ്രചാരത്തിലിരുന്ന തമുരാൻപാട്ട മുതലായവ മലബാർ പ്രദേശത്തോ വടക്കേ മലബാറിൽ പ്രചാരത്തിൽ വന്ന മാപ്പിളപ്പാട്ടുകളും ഭക്ഷിണതിരുവിതാംകൂർ ഭാഗങ്ങളിലോ പ്രചരിച്ചിരുന്നില്ല. ഉപരിതിരുവിതാംകൂറിൻറെ ഭക്ഷിണഭാഗങ്ങളിൽ പ്രചരിച്ചിരുന്ന മാവാരത്തുപാട്ട് ഉത്തരതിരുവിതാംകൂർ ഭാഗങ്ങളിലോ അവിടെ പ്രചാരത്തിലിരുന്ന മഹാഭാരതം ശീതങ്ങളിലോ പ്രചുരപ്രചാരമുള്ളായിരുന്നു. എന്നാൽ സാർവ്വത്രികമായ പ്രചാരം ലഭിച്ച കലാരൂപങ്ങളിൽ പ്രധാനമായവ തിരുവാതിരക്കളി, കഥകളി തുടങ്ങിയവയാണ്.

എന്നാൽ ഇവയിലൊക്കെ ഉടനീളം ഉയിരിട്ടു നിലനിൽക്കുന്ന ഒരു നേരിയ ഇഴയുണ്ട്. പുരാണകഥയായാലും അർദ്ധചരിത്രകഥയായാലും ക്രിസ്ത്യാനിപ്പാട്ടുകളായാലും അവയിലെല്ലാം കേരളത്തിലെ മണ്ണിൻറെയും മനുഷ്യൻറെയും മണമുണ്ട്. അവ കേരളീയതയുണർത്തുവിച്ചിരുന്നതും കേരളത്തിലെ ജനങ്ങളെ പ്രതിഫലിപ്പിച്ചിരുന്നതുമാണ്.

ഇന്ത്യയുടെ പടവുകളിൽ സാമ്രാജ്യമേധാവിത്വം വരിഞ്ഞുവീഴാൻതുടങ്ങിയപ്പോൾ കേരളത്തിൻറെ ഒരു ഭാഗത്തെ നേരിട്ടും രണ്ടു ഭാഗങ്ങളെ രണ്ടു രാജാക്കന്മാരുടെ കീഴിലും ഭരണവിധേയമാക്കി മുറിച്ചുനിറുത്തിയതുമൂലം പുതിയരീതിയിലുള്ള അതിർത്തിമേഖലകളുണ്ടായതു്; തന്മൂലം ഇഴയിടെവരെ മലബാർപ്രദേശത്തു പ്രചരിച്ചിരുന്ന ഒട്ടേറെ ഗ്രന്ഥങ്ങളും തിരുവിതാംകൂർഭാഗത്തുള്ളവർക്ക് സുപരിചിതമല്ല. ഒരു സഞ്ജയനും, പി സി ബാലകൃഷ്ണപണിക്കരും നാലപ്പാട്ടനും മറ്റും മാത്രമാണ് താരതമ്യേന തിരുവിതാംകൂർഭാഗത്തും അറിയപ്പെട്ടിരുന്നതു് അതേഅവസരത്തിൽ സമീപത്തുള്ള കൊച്ചി രാജ്യത്തെ ഏതൊരു ഗ്രന്ഥങ്ങളും ഗ്രന്ഥകാരന്മാരും ഇന്നും തിരുവിതാംകൂർകാരുടെ അറിവിൽപ്പെടാതെ കിടപ്പുണ്ട്. ഈ കൃത്രിമമായ വിഭജനവും സമ്പർക്കമില്ലായ്മയുംമൂലം പല സ്ഥലത്തേയും സംസ്കാരഭാഷകളുടെ ഒരുവിധ്യംപോലും വളരെ ക്രൂരതരമാണ്. ഈ വിഭജനവും വരിഞ്ഞിടലും കേരളസംസ്കാരത്തിൻറെയും കലകളുടെയും വികാസത്തെയുംവളർച്ചയേയും തടയുകയും പിന്നോക്കമടിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഫ്യൂഡൽ-സാമ്രാജ്യശക്തികളും വീശിയ വലകളെപ്പൊട്ടിച്ചുകൊണ്ടു ജനാധിപത്യശക്തികളും ഉയർന്നവരുടെ തുടങ്ങിയതിൻറെ ഫലമായിട്ടാണ് മലബാറും കൊച്ചിയും തിരുവിതാംകൂറും പരസ്പരം അടുക്കുവാനും അറിയുവാനും തുടങ്ങിയതു്. മറ്റു വാക്കുകളിൽ പറഞ്ഞാൽ മുതലാളിത്തസാമൂഹ്യബന്ധങ്ങൾ ത്വരിതമായി വളർന്നുവരാൻ തുടങ്ങിയതിനുശേഷമാണ് ദേശീയസ്വാതന്ത്ര്യപ്രസ്ഥാനം വളർന്നുവരാൻ തുടങ്ങിയതിനു ശേഷമാണ് — ഒരു രാഷ്ട്രജനതയെന്നനിലയിലേക്ക് ഐക്യത്തിനുള്ള ശക്തി വികസിച്ചു പടരുവാൻ തുടങ്ങിയതും ഇതിനുമുമ്പത്തേക്കാളേറെ പരസ്പരം കൈകോർത്തുപിടിക്കുവാൻ നമുക്കു കഴിഞ്ഞതും. കേരളം ഒന്നായാൽമാത്രമേ കേരളജനതയ്ക്കും കേരളസംസ്കാരത്തിനും വളരാനും വികസിക്കാനും കഴിയുകയുള്ളുവെന്ന നാം മനസ്സിലാക്കിയതിൻറെ ഫലമായിട്ടാണ് ഐക്യകേരളമെന്ന മുദ്രാവാക്യം നാം മുഴക്കിയതു് എന്നത്തിനും അതുകൊണ്ടായിരുന്നുവോ കേരളത്തിലെ കവികളും കലാകാരന്മാരും സാഹിത്യകാരന്മാരും ദേശീയ സമരത്തിൻറെ ഭാഗത്തു വന്നതും

അന്നു ഐക്യകേരളത്തിൻറെ മുദ്രാവാക്യവും കൊണ്ടു ജനാധി

പത്രപ്രസ്ഥാനത്തിന്റെ മുന്നണിയിൽ നിന്ന കാൺഗ്രസ്സ് സംഘടന ഭരണാധികാരകക്ഷിയായിട്ട് ഇന്നേയ്ക്ക് ആറുവർഷം കഴിഞ്ഞിരിക്കുന്നു. ഫ്യൂഡൽ സാമ്രാജ്യത്വശക്തികൾ വിലങ്ങിട്ട നിറുത്തിയിരുന്ന ദേശീയ സംസ്കാരങ്ങളേയും ദേശീയ കലകളേയും മോചിപ്പിക്കുവാൻവേണ്ടി തങ്ങാം നിലകൊള്ളുന്നതെന്നും കാൺഗ്രസ്സ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വാഗ്ദാനങ്ങളുടെയൊന്നും അലകും പിടിയും മാഞ്ഞുകഴിഞ്ഞിട്ടില്ല.

എങ്കിലും ഐക്യകേരളം ഇന്നും കരഗതമായിട്ടില്ല മലബാർ മദ്രാസ് പ്രവിശ്യയുടെ ഭാഗമാണ്. മലയാളികൾതന്നെ ഭരിക്കുന്ന മന്ത്രിസഭ തിരു-കൊച്ചിയിലുണ്ടെങ്കിൽക്കൂടി ഈ ആറുവർഷത്തിനുള്ളിൽ ഐക്യകേരള ശ്രുവല്ലൂരണത്തിനുവേണ്ടി ഒരു വിരൽ അനക്കുകപോലും ചെയ്തിട്ടില്ല. എന്നാൽ കേരളകലകളെ സംരക്ഷിക്കാനും കേരളത്തിന്റെ പ്രാചീന സമ്പത്തുകളെ കണ്ടുപിടിച്ചു സൂക്ഷിക്കുന്നതിനും അവയെ പരിരക്ഷിക്കുന്നതിനും മറ്റുമൊക്കെ എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നു പരിശോധിക്കുമ്പോഴാണ് ഐക്യകേരളംവന്നാൽക്കൂടി ഈ കാൺഗ്രസ്സ് ഭരണമാണ് നിലനില്ക്കുന്നതെങ്കിൽ കേരള സംസ്കാരത്തിന്റെ സ്ഥിതിയെന്തായിരിക്കുമെന്ന കാര്യത്തിൽ ഭാഷാഭിമാനികൾക്കും ഭയപ്പെട്ടുപോവുന്നത്.

ഏതാനും ഉദാഹരണങ്ങൾ പറയാം

1. കേരളത്തിനു പൊതുവായ ഒരു സർവ്വകലാശാല സൃഷ്ടിക്കുവാൻ ഈ ആറുവർഷത്തെ കോൺഗ്രസ്സ് ഭരണത്തിനു കഴിഞ്ഞിട്ടില്ല. ഇന്നുള്ള സർവ്വകലാശാലതന്നെ കോൺഗ്രസ്സ് ഭരണം വന്നതിനു മുമ്പ് സൃഷ്ടിക്കപ്പെട്ടതുമാണ്. ഒരു കേരള സർവ്വകലാശാലയുടെ പ്രാഥമിക പടിയെന്ന നിലയിലാണ് തിരുവിതാംകൂർ സർവ്വകലാശാല സ്ഥാപിക്കപ്പെട്ടതു്. എന്നാൽ തൃശ്ശൂർ ഡിസ്ട്രിക്ടിലെ പല കോളേജുകളും ഇന്നും മദ്രാസ് സർവ്വകലാശാലയുടെ നിയന്ത്രണം ഇഷ്ടപ്പെടുകയാണ്. എന്നുവച്ചാൽ കേരളസംസ്കാരത്തെ ഉന്നമിപ്പിക്കുവാനും വളർത്തുവാനും സ്ഥാപിക്കപ്പെട്ട തിരുവിതാംകൂർ സർവ്വകലാശാലയ്ക്കു തിരു-കൊച്ചി സംയോജനം കഴിഞ്ഞു ഇരുനാളായിട്ടും തൃശ്ശൂർ ഡിസ്ട്രിക്ടിലെ ഒരു വിഭാഗം ജനങ്ങളുടെപോലും വിശ്വാസമാർജ്ജിക്കാൻ കഴിഞ്ഞിട്ടില്ലെന്നർത്ഥം.

2 പ്രാചീനഗ്രന്ഥങ്ങളും മറ്റും ശേഖരിക്കുന്നതിനു കാൺഗ്രസ്സ് ഭരണം വരുന്നതിനു മുമ്പേ തന്നെ ഇവിടെയൊരു മാനസ്ക്രിപ്റ്റ്സ് ലൈബ്രറിയുണ്ട്. എന്നാൽ 1947 ആഗസ്റ്റ് 15-നു ശേഷം മലയാള സാഹിത്യകുതുകികൾക്ക് ഏതെങ്കിലും കണ്ടുപിടിച്ചു നൽകുന്നതിനു് ഇതുവരെ കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. അപ്രകാരമായ ഒലൈബ്രറി പഴയ ഗ്രന്ഥങ്ങളും മറ്റും ശേഖരിച്ചു ജനങ്ങൾക്കിടയിൽ വിപുലമായി പ്രചരിപ്പിക്കുവാൻ എന്തെങ്കിലും ചെയ്തതായി അറിവില്ല.

3. മലയാളഭാഷയ്ക്കു് ഇതുവരെ നല്ല ഒരു ശബ്ദകോശം ലഭിച്ചിട്ടില്ല. അതു നിർമ്മിക്കുവാൻ മലയാളികളുടേതെന്നു അവകാശപ്പെടുന്ന തിരുവിതാംകൂർ സർവ്വകലാശാലയ്ക്കോ കഴിഞ്ഞിട്ടില്ല ശബ്ദകോശനിർമ്മാണത്തിനുള്ള തിരുവിതാംകൂർ സർവ്വകലാശാലയുടെ ഇടനിലനടപടികളുടെ പിന്നിൽ ഒരു കഥയുണ്ട്; ഭാഷാഭിമാനികളെ അമർഷംകൊള്ളിക്കുന്ന കഥ

ബ്രിട്ടീഷ് ഭരണകാലത്തു് മദ്രാസ് സർവ്വകലാശാല (1940-ൽ) മലയാളഭാഷയ്ക്കു ഒരു ലക്സിക്കൺ നിർമ്മിക്കുവാൻ തീരുമാനിച്ചു കൊണ്ടു് തിരുവിതാംകൂർ ശവമെൻറിന്റെയും കൊച്ചി ശവമെൻറിന്റെയും സഹായം ആവശ്യപ്പെട്ടു. അന്നത്തെ കൊച്ചി ശവമെൻറ് അതിനുവേണ്ടി രണ്ടര ലക്ഷം രൂപയും മദ്രാസിനു നൽകി. തിരുവിതാംകൂർ ശവമെൻറാകട്ടെ തങ്ങളുടെ ഒരു കേരളസർവ്വകലാശാല സ്ഥാപിക്കുവാനുള്ള ശ്രമങ്ങളിൽ വ്യാപൃതരായിരിക്കുകയാണെന്നും അതുകൊണ്ടു മദ്രാസ് ശവമെൻറിനു് നൽകാൻ കഴിയുന്ന സഹായങ്ങളോടൊപ്പം കൊച്ചി ശവമെൻറും നൽകിയ രൂപയും തിരുവിതാംകൂർ സർവ്വകലാശാലയുടെ നേതൃത്വത്തിൽ ലക്സിക്കൺ നിർമ്മിക്കുന്നതിനു് നൽകണമെന്നും ആവശ്യപ്പെട്ടു. ഉടനെതന്നെ മദ്രാസ് ഗവൺമെൻറിന്റെ വകയായി 7 ലക്ഷംരൂപ ഉൾപ്പെടെ ഒൻപതര ലക്ഷം രൂപ തിരുവിതാംകൂർ ശവമെൻറിനു് അയച്ചുകൊടുക്കുകയും പിന്നീടാവശ്യമായിവന്ന ചെലവിൽ ഒരു പങ്കു തങ്ങളും വഹിക്കാമെന്നേൽക്കുകയും ചെയ്തു

അക്കാലത്തെ ദിവാൻ ഭരണവും അനുമതിച്ച കേരളസർവ്വകലാശാലാവാദികളായ കാൺഗ്രസ്സുകാർ ഭരണത്തിൽവന്നിട്ട് ആറുവർഷം കഴിഞ്ഞിട്ടും ലക്സിക്കൺ എഡിറ്റർമാരെപ്പോലും നിയമിക്കുവാൻ അവർക്കു സമയം ലഭിച്ചില്ല അവസാനം ശ്രീ. ശ്രീനാട്ട കുഞ്ഞൻപിള്ളയെ ലക്സിക്കൺ ചീഫ് എഡിറ്ററായി നിയമിക്കുകമാത്രമാണിതുവരെ ചെയ്തതു്.

4. കേരളത്തിന്റെ സാഹിത്യ-കലാചരിത്രത്തെ സംബന്ധിച്ചു അധികൃതമോ നിഷ്പക്ഷമോ അയ ഒരു ഗ്രന്ഥം നാളിതുവരെ നിർമ്മിക്കുവാൻ തിരുവിതാംകൂർ സർവ്വകലാശാലയ്ക്കോ ശവമെൻറിനോ കഴിഞ്ഞിട്ടില്ലെന്നതുമാത്രമല്ല അതിനു യാതൊരു ഏർപ്പാടും ഇതുവരെ ഉണ്ടാക്കിയിട്ടില്ല. ആർ. നാരായണപ്പണിക്കർ സ്വന്തം പരിശ്രമങ്ങളിൽ ഒരു സാഹിത്യചരിത്രം എഴുതി പ്രസിദ്ധപ്പെടുത്തി. മഹാകവി ഉള്ളൂർ തന്റെ ഭീർ ലൈകയുടെ പഠനങ്ങളുടെയും ഗവേഷണങ്ങളുടെയും വെളിച്ചത്തിൽ രചിച്ച കേരളസാഹിത്യചരിത്രത്തിന്റെ ഒന്നാമംശം പ്രസിദ്ധീകരിച്ചതുപോലും അദ്ദേഹത്തിന്റെ നാലാം ചരമദിനത്തിനുശേഷമാണ്. ബാക്കിയുള്ള അവ ഭാഗങ്ങൾ എന്നത്തേയ്ക്കു പൂർത്തിയാക്കുമെന്ന് യാതൊരാശ്വാസവുമില്ല.

സാഹിത്യചരിത്രം തയ്യാറാക്കുവാൻ തങ്ങളുടെ മുഴുവൻ സമയവും ഉപയോഗിച്ച സാഹിത്യചരിത്രഗ്രന്ഥകാരന്മാരുടെ പരിശ്രമങ്ങൾക്കു ഏതെങ്കിലും പാരിതോഷികം നൽകി അവരെപ്പോലുള്ള മറ്റൊരാളെക്കൂടി ഉൾപ്പെടുത്തി നിഷ്കൃഷ്ടമായ ഒരു അധികൃത സാഹിത്യചരിത്രം നിർമ്മിക്കുവാൻ സർവ്വകലാശാലയും ശവമെൻറും തയ്യാറാകുമെന്നു പലരും പ്രതീക്ഷിച്ചുവെങ്കിലും ശവമെൻറോ സർവ്വകലാശാലയോ അതിനിതുവരെ മുതിർന്നിട്ടില്ല.

5. ഇനിയും ശേഖരിക്കാൻ കഴിഞ്ഞിട്ടില്ലാത്തവയും കണ്ടെടുത്തിട്ടുള്ളവയിൽത്തന്നെ പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ലാത്തവയുമായ നൂറോളം പ്രാചീനഗ്രന്ഥങ്ങളും നാടോടിപ്പാട്ടുകളും മറ്റും ഉണ്ട്. അവയെല്ലാം കണ്ടുപിടിച്ചു അച്ചടിച്ചു ജനങ്ങളുടെയിടയിൽ പ്രചരിപ്പിച്ചു അവയുടെ സംസ്ഥാരിക നിലവാരം ഉയർത്തുകയാണ് ഏതൊരു ജനകീയ ശവമെൻറും ചെയ്യുക ഒരുദാഹരണം മാത്രം പറയാം: ഉത്തര തിരുവിതാംകൂർ മാത്രം പാട്ടു പ്രചാരത്തിലിരുന്ന മഹാഭാരതം ശബ്ദവും ഒട്ടേറെ പ്രാചീന സമൂഹഗാനങ്ങളും വിശ്വകേരളം പത്രാധിപർ ശ്രീ പി കെ. ശിവശങ്കരപിള്ള കണ്ടുപിടിച്ചു സംരിച്ചിട്ടുണ്ട്. കേരളീയതത്വം തുളുമ്പിത്തുളുമ്പി നിൽക്കുന്നതാണ് പ്രസ്തുത മഹാഭാരതം ശബ്ദം. അതു അച്ചടിപ്പിക്കുവാൻ സർവ്വകലാശാലയെപോലുള്ള സ്ഥാപനങ്ങൾക്കു മാത്രമേ ഇന്നു കഴിയൂ. അതു വലുതാണ് അതു ഗ്രന്ഥം. സാമ്പത്തികമായ സഹായം ലഭിക്കായ്കയാൽ അദ്ദേഹത്തിന് അവ അച്ചടിപ്പിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല

6. കാൺഗ്രസ്സ് ഭരണം വന്നതിനുശേഷം ഏതെങ്കിലും ഒരു പുതിയ കലാകേന്ദ്രം കേരളത്തിലെവിടെയെങ്കിലും സ്ഥാപിക്കുവാൻ ശവമെൻറു ജനങ്ങളിയിട്ടില്ല കലാമണ്ഡലത്തിനു് ധനസഹായം ലഭിച്ചതു് 1110-ാമാണ്ടായിരുന്നു. സുപ്രസിദ്ധനർത്തകനായ ശ്രീ. ഗോപിനാഥൻ തിരുവനന്തപുരത്തു സ്ഥാപിച്ചിരുന്ന നർത്തകാലയത്തിനു ധനസഹായം ലഭിക്കായ്കയാൽ കാൺഗ്രസ്സ് ഭരണത്തിന്റെ ആവിർഭാവത്തോടെ നിറുത്തിവയ്ക്കുകയും അദ്ദേഹം മദ്രാസിലേക്കു പോവുകയും ചെയ്തു. അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ പലരും സ്വന്തമായി കലാകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടു ഗ്രാന്റിനുവേണ്ടി ഇന്നും മാടിനടക്കുന്നുണ്ട്.

സംഗീതാദ്ധ്യാപനത്തിനു് ശവർമെൻറിന്റെ സഹായം ലഭിക്കുന്ന ഏകസ്ഥാപനം * സ്വാതിതിരുനാൾ മ്യൂസിക്ക് അക്കാഡമിയാണ് എന്തു ഭാഗ്യംകൊണ്ടോ അതു നിലനിറുത്തുവാനുള്ള കലാബോധം സർക്കാരിനുണ്ടായിരുന്നു.

---

* 1939-ലാണ് സ്വാതിതിരുനാൾ മ്യൂസിക്ക് അക്കാഡമി സ്ഥാപിച്ചതു്.

തിരുവിതാംകൂറിലും കൊച്ചിയിലും പല സ്ഥലങ്ങളിലും കഥകളിയോഗങ്ങൾ നടത്തിവന്നിരുന്നു. ഇപ്പോൾ അവയിൽ പലതും സാമ്പത്തികവൈഷമ്യങ്ങൾമൂലം നടക്കുന്നില്ലെന്നാണ് അറിയുന്നത്. കൊട്ടാരം കഥകളിസംഘത്തിനു മാത്രമേ അന്തരാ ഒന്നുകിലും സാമ്പത്തികമായ സഹായം ഗവൺമെൻറിൽനിന്നോ രാജകുടുംബത്തിൽനിന്നോ ലഭിച്ചിരുന്നുള്ളൂ. മറ്റുള്ളവയിൽ ഭൂരിഭാഗവും കേരളത്തിലുള്ള കലാകുതുകികളായ നമ്പൂതിരിമാരുടെ രക്ഷാധികാരത്തിൻകീഴിലാണ് നടന്നിരുന്നത്. ഇവയൊക്കെ കേന്ദ്രീകൃതമായ ഒരു കലാകേന്ദ്രത്തിൽ ലയിപ്പിച്ച് കഥകളിയെ സംരക്ഷിക്കുവാനോ കഥകളിയിൽ അഭിരുചിയുള്ളവരുടെ കഴിവുകളെ ഒരു വഴിയിൽ വികസിപ്പിക്കുവാനോ കോൺഗ്രസ്സ് സർക്കാർ തരിമ്പും അനങ്ങിയിട്ടില്ല.

7. ഓട്ടൻതുള്ളൽക്കാരുടെ സംഘങ്ങളുടെ നേരെയുള്ള ഗവൺമെൻറിൻറെ നിലപാടും ഇതുതന്നെ. അമ്പലങ്ങളിലെ ഉത്സവക്കാലത്തു കുറഞ്ഞ തുകയ്ക്കു തുള്ളൽ നടത്താൻ തയ്യാറാവുന്നതുകൊണ്ടുമാത്രം ഏതാനും പേർ തുള്ളൽ മൂലം അർദ്ധപട്ടിണിയിൽ എങ്കിലും കഴിയുകയാണ്. കേരളത്തിലെ ഒരു ജനകീയകലയായിരുന്നു തുള്ളൽ. ഇന്ന് അധ്വങ്ങളിൽ നൽകുന്ന 'പ്രാധാന്യം' തന്നെ തുള്ളൽ കലയെ അവഹേളിക്കുന്നതിനു സമമാണ്. തൻമൂലം തുള്ളൽ കലയെ ആശ്രയിക്കുവാൻ തയ്യാറുള്ളവരുടെ സംഖ്യയും കുറഞ്ഞുവരുന്നു. സാഹിത്യപഠിതാക്കൾക്കുവേണ്ടിയുള്ള രസിക്കാൻമാത്രമുള്ള ഗ്രന്ഥമായി തുള്ളൽക്കഥകൾ അവശേഷിക്കുകയാണ്.

8. പ്രാചീനകേരളത്തിൽ ഉപയോഗിച്ചുവന്നിരുന്ന ഏതുതരം സംഗീതോപകരണങ്ങളും ഇന്നു നിലവിലുണ്ട്. അവയിൽ പലതും തിരുവനന്തപുരം മ്യൂസിയത്തിൽ പണ്ടേതന്നെ അപൂർവ്വവസ്തുക്കളായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇവ ഇന്നത്തെ സിക്കു അക്കാഡമിയിൽപോലും ഈ പ്രാചീന സംഗീതോപകരണങ്ങൾ വായിക്കുവാൻ പഠിപ്പിക്കുകയോ വർഷങ്ങളിലൊരു ദിവസമെങ്കിലും ഇവയെയെല്ലാം ഉപയോഗിച്ചു കൊണ്ടുള്ള സംഗീതോത്സവങ്ങളും നടത്തുകയോ അതിനു പ്രോത്സാഹനം നൽകുകയോ ചെയ്യാൻ കോൺഗ്രസ്സ് ഗവൺമെൻറ് ഇതുവരെ തയ്യാറായിട്ടില്ല.

9. നാടകസമിതികളും നാടകസമിതികളും ഉയർന്നുവരുന്നുണ്ട്. ഇവയിൽ നിന്നെല്ലാം ഉയർന്നുവരുന്ന കലാകാരന്മാരെ വളർത്തിക്കൊണ്ടുവരുന്നതിനുള്ള കേന്ദ്രങ്ങളും ഉണ്ടാക്കുവാൻ നമ്മുടെ കോൺഗ്രസ്സ് ഗവൺമെൻറിനു സാധിച്ചിട്ടില്ല. അതിനൊരുങ്ങുന്നവരെ സഹായിക്കുവാൻപോലും തയ്യാറായതായി നമുക്കറിയാതൊരാവുമില്ല.

10. കേരളത്തിലെ ഏതുയോ മികച്ച സാഹിത്യകാരന്മാരും കലാകാരന്മാരും മൺമറഞ്ഞുപോയിട്ടുണ്ട്. അവർ കേരളത്തിനുനൽകിയിട്ടുള്ള സംഭാവനകളെ ആദരിക്കുവാനോ അനുസ്മരിക്കുവാനോ തയ്യാറായ ജനപ്രവർത്തകരുടെ ഗവൺമെൻറ് സഹായിച്ചിട്ടില്ല. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ അസ്ഥിയുംപേറി കോൺഗ്രസ്സ് പ്രമാണികൾ നടത്തിയ അപമാനകരമായ വേതാള താണ്ഡവങ്ങൾ നാമിനിയും മറന്നിട്ടില്ല.

11, ഗവേഷണപഠനവും കേരളത്തിലെ ഒട്ടധികം സാഹിത്യകാരന്മാരേയും പത്രപ്രവർത്തകരേയും ആചാര്യനായി അറിയപ്പെടുന്ന:വന്ദ്യവയോധികനുമായ ശ്രീ. ഏ. ആർ കൃഷ്ണപിള്ളയുടെ അനേകം അനേകം ഉപന്യാസങ്ങളിലെങ്കിലും എന്തെങ്കിലും ധനസഹായം ചെയ്യുവാനോ അദ്ദേഹത്തിൻറെ ഗവേഷണപരങ്ങളായ ലേഖനങ്ങളെ—അവയിൽ പലതും ഇന്നാട്ടിപ്രായം ഉണ്ടെങ്കിൽത്തന്നെയും—പ്രസിദ്ധപ്പെടുത്തുവാനോ അദ്ദേഹത്തിൻറെ ധീരമായ പ്രവർത്തനങ്ങളിൽ വേണ്ട ആത്മാർത്ഥമായി നൽകുവാനോ ചേരും നമ്മുടെ കോൺഗ്രസ്സ് ഗവൺമെൻറ് കൈക്കൊണ്ടിട്ടില്ല.

ഐക്യകേരളത്തിനുവേണ്ടി 'മഹ' ങ്ങളും നടത്തിയവരും കേരളീയരുമായവർ ഭരിക്കുന്ന തിരു-കൊച്ചി ഗവൺമെൻറിൻറെ സ്ഥിതിയിതാണെങ്കിൽ കേരളീയനെന്നു പറയുന്ന ഒരു കോൺഗ്രസ്സ് മന്ത്രിമാരുമുള്ള മദ്രാസ് ഗവൺമെൻറിൻറെ കീഴിലെ മലബാറിൻറെസ്ഥിതി എന്തായിരിക്കും എന്നു ഊഹിക്കുകയേ വേണ്ടൂ. കേരളത്തിലെ കലകളുടെയും സംസ്കാരത്തിൻറെയും നേർക്കുയരുന്ന ലജ്ജയുംകൂടാതെ പുറംതിരിഞ്ഞുനിൽക്കുന്ന ഒരു ഗവൺമെൻറാണ് കോൺഗ്രസ്സ് ഗവൺമെൻറെന്നു മുൻപ്രസ്താവിച്ച വസ്തുതകളിൽനിന്നു വ്യക്തമല്ലേ? പട്ടിക അവസാനിച്ചില്ല. ഇനിയും അക്കമിട്ടു എഴുതുവാണമെങ്കിലും എഴുതുവാനുണ്ട്. സ്ഥലച്ചുരുക്കം അതിനു നമ്മെ അനുവദിക്കുന്നില്ലാത്തതിനാൽ മാത്രം പട്ടിക തുടരുന്നില്ലെന്നേയുള്ളൂ.

ഐക്യകേരളരൂപീകരണത്തിൻറെയും കേരള സംസ്കാരവികസനത്തിൻറെയും നേരെ കോൺഗ്രസ്സും സർവ്വകലാശാലയും സ്വീകരിച്ചിരിക്കുന്ന പൂർണ്ണ തിരിഞ്ഞുള്ള നിൽപു വിദ്യാർത്ഥിസമൂഹത്തിനും നമുക്കു കാണുവാൻ സാധിക്കും. ഇന്നു ഹൈസ്കൂൾ ക്ലാസ്സുകളിൽ ഇംഗ്ലീഷ് ഒഴിച്ചുള്ള വിഷയങ്ങളെല്ലാം മലയാളത്തിൽത്തന്നെയാണു പഠിപ്പിക്കുന്നതെന്നതു ശരിയാണ്. അതു നല്ലതുതന്നെ. പക്ഷേ മുൻപു മലയാളം ഒൻപതാംക്ലാസ്സും കഴിഞ്ഞു ഫോർത്തുഫോമിൽ പഠിക്കുവാൻ വരുന്ന വിദ്യാർത്ഥിയേയും ഇന്നത്തെ സ്കൂൾഫൈനൽ പാസ്സായ വിദ്യാർത്ഥിയേയും വിളിച്ചു അവരുടെ മലയാള ഭാഷാപരിജ്ഞാനം പരിശോധിച്ചുനോക്കിയാൽ അറിയാം 'മലയാളീകരിച്ചിരിക്കുന്ന' ഇപ്പോഴത്തെ വിദ്യാഭ്യാസത്തിൻറെ കഴിവുകേട്.

ഹൈസ്കൂൾ ക്ലാസുകളിൽ മലയാളത്തിൽ ഇംഗ്ലീഷ് ഒഴികെയുള്ള എല്ലാ വിഷയങ്ങളും പഠിപ്പിക്കുന്ന നമ്മുടെ സംസ്ഥാനത്തെ രാജപ്രമുഖൻറെ നയപ്രഖ്യാപനപ്രസംഗവും ധനകാര്യമന്ത്രിയുടെ ബഡ്ജറ്റുപ്രസംഗവും മലയാളത്തിൽ തർജ്ജമചെയ്തു വച്ചുകൊണ്ടു ഇംഗ്ലീഷിലെ നടത്തുകയുള്ള മലയാളത്തിൽ കൊടുക്കണമെന്ന അപേക്ഷകളിലും മറ്റും സെക്രട്ടറിമാരും മറ്റും കുറിപ്പു എഴുതുന്നതും ഇംഗ്ലീഷിലാണ്.

മലയാളഭാഷയേയും സംസ്കാരത്തെയും ഉന്നമിപ്പിക്കാൻ സൃഷ്ടിച്ചിരിക്കുന്ന തിരുവിതാംകൂർ സർവ്വകലാശാലയിലെ ആഫീസ് മാധ്യമം ഇംഗ്ലീഷാണ്.

ഈ ഇംഗ്ലീഷ് മേധാവിത്വം ബ്രിട്ടീഷ് സാമ്രാജ്യഭരണം നമ്മുടെ മേൽ അടിച്ചേല്പിച്ചതാണ്. ഇന്നിതാ ഹിന്ദി രാഷ്ട്രഭാഷയും അതുപോലെ അടിച്ചേല്പിക്കപ്പെടുന്നു. ഒരുപക്ഷെ അടുത്ത ഭാവിയിൽ ഇംഗ്ലീഷിൽ എഴുതുന്ന 'കറിപ്പുകളും' ചെയ്യുന്ന പ്രസംഗങ്ങളും ഇനി ഹിന്ദിയിൽ ആയിയെന്നും വരാം. അതു അവിടെ നില്ക്കട്ടെ.

ശാസ്ത്രപരമായ പുരോഗതി അതിവേഗം നീണ്ട കാലടികളും വച്ചു മുന്നോട്ടു പോവുകയാണ്. അവയുടെയൊപ്പമെത്തിച്ചു രാജ്യത്തേയും ജനതയേയും പുരോഗമിപ്പിക്കണമെങ്കിൽ ആ ജനതയുടെ ദേശീയഭാഷയും ആ ഭാഷയുടെ കലകളും അവയുടെ രൂപഭദ്രതയിലിരുന്ന സംസ്കാരവും വികസിക്കണം.


ഇതിനു വേറെ വേറെ ഘടകങ്ങളിൽ വേർതിരിഞ്ഞുനിൽക്കുന്ന മലയാളികളുടെ ക്രൂരയായതാങ്ങളും വളർത്തിയെടുത്തിയായിരുന്നു; അതിൻറെ ആദ്യത്തെ നടപടിയെന്ന നിലക്കു, സർവ്വപ്രധാനമായ നടപടിയെന്നനിലയ്ക്കു, ഐക്യകേരളസംസ്ഥാനം രൂപീകരിക്കണം. ഒരേയൊരു ദേശീയഘടകമായി കേരളം ഉയർന്നുവരികയും ജനാധിപത്യത്തിൻറെ നീതിയിലടിയുറച്ച ഒരു കേരളഗവൺമെൻറ് നിലവിൽ വരുകയും ചെയ്തുകഴിഞ്ഞാൽ കേരളത്തിലെ ജനങ്ങളുടെ ഭൗതികജീവിതം അഭിവൃദ്ധിപ്പെടുത്താനെന്നപോലെ സാംസ്കാരികജീവിതവും വികസിപ്പിക്കുന്നതിനുതക്കതായ നടപടികളും കൈക്കൊള്ളാൻ കഴിയുന്നതാണ്. അപ്പോൾ ഇന്നു പുരോഗതിയുടെ മാർഗ്ഗത്തിലുള്ള തടസ്സങ്ങൾ തട്ടിത്തെറിപ്പിക്കുന്നതിനുതകുന്ന പദ്ധതികളും വെട്ടിത്തുറക്കാനും അനുപേക്ഷണീയമാണെന്നാണ്.

.....

ലേഖകന്മാരുടെ ശ്രദ്ധയ്ക്ക്

പ്രസിദ്ധീകരണത്തിനയയ്ക്കുന്ന ലേഖനങ്ങൾ, കഥകൾ കവിതകൾ തുടങ്ങിയവയുടെ വിവരങ്ങൾ അറിഞ്ഞുകൊണ്ട് ധാരാളം കത്തുകൾ ഓഫീസിൽ വരാറുണ്ട്. എല്ലായ്പോഴും ഇത്തരം കത്തുകൾക്കു മറുപടി അയയ്ക്കാൻ സൗകര്യപ്പെട്ടെന്നു വരികയില്ല. മാന്യസുഹൃത്തുക്കൾ ക്ഷമിക്കണമെന്നപേക്ഷ.

പത്രാധിപർ.



അങ്ങനെയിരിക്കുമ്പോഴാണ് 1108-ലെ പ്രസിദ്ധമായ ഭരണപരിഷ്ക്കാരം ഉണ്ടായത്. അതിന്റെ പിൻപിൽവന്ന നിവർത്തനപ്രക്ഷോഭണത്തിന്റെ സൂക്ഷ്മസ്വഭാവം മനസ്സിലാക്കണമെങ്കിൽ പൂർവചരിത്രം അല്പം അറിഞ്ഞിരിക്കേണ്ടതുണ്ട്. ഞാൻ ഇപ്പോൾ ഏറ്റുപറഞ്ഞുകൊണ്ടിരുന്നകാലമാണ് മന്നത്തു കൃഷ്ണൻനായരുടെ തൊണ്ണൂറാഞ്ചിലെ പഞ്ചമഗ്രഹോപഹാരം നടപ്പിൽവന്നത്. അത് യഥാർത്ഥത്തിൽ ഒരു "പഞ്ചമ" ഗ്രഹോപഹാരം തന്നെ ആയിരുന്നു. എങ്കിലും അതിനെ സഫലീകരിച്ചതും കൊണ്ടാടിയതും അതിന്റെ കർത്താവിനെ ഇന്നാട്ടിൽ ഉണ്ടാകാതിരുന്നില്ല. ചങ്ങനാശ്ശേരി മുതലായവർ അതിനെ എതിർക്കുകയും മള്ളൂർ പ്രഭൃതികൾ അതിനെ എന്തുകാര്യസാദ്ധ്യത്തിനും അനുകൂലിക്കുകയും ചെയ്തവരാണ്. കുന്നുകഴിയിൽ അന്ന് ഒരു കാസ്മോപോളിറ്റൻ ഹാൾ ഉണ്ടായിരുന്നു. അവിടെ പ്രസിദ്ധപ്പെട്ട പല യോഗങ്ങളും നടന്നിട്ടുണ്ട്. പ്രൊഫസർ സി വി. ചന്ദ്രശേഖരൻ സാഹിത്യത്തെപ്പറ്റി അതിഗംഭീരമായൊരു പ്രസംഗം ആ ഹാളിൽവച്ചു ചെയ്തതു ഞാൻ കേട്ട ഓർമ്മ വിശേഷമായുണ്ട്. ആ ഹാൾ ഇപ്പോൾ ഉണ്ടോ എന്ന് നിശ്ചയമില്ല. പക്ഷേ മറ്റൊരു ഗ്രഹോപഹാരത്തെ ഏതിർക്കാൻ ചങ്ങനാശ്ശേരിയുടേയും അനുകൂലിക്കാൻ മള്ളൂരിന്റെയും അദ്ധ്യക്ഷതയിൽ അവിടെ യോഗങ്ങൾ കൂടിയിരുന്നു. എന്തായാലും ഞങ്ങൾ കോളേജു വിദ്യാർത്ഥികൾ ആ യോഗങ്ങളിൽ സന്നിഹിതരായി ചങ്ങനാശ്ശേരിയെ ഹർഷാരവങ്ങളാൽ കൊണ്ടു പ്രോൽസാഹിപ്പിക്കുകയും മള്ളൂരിനെ കൂക്കിവിളികളും അട്ടഹാസങ്ങളും ചോദ്യങ്ങളുംമൂലം നിസ്സഹകരിക്കുകയും ചെയ്ത ഓർമ്മ എനിക്കുണ്ട്. രണ്ടിലും ഞാൻ മുൻകൈ എടുത്തിരുന്നു. ആ റെസല്യൂഷന്റെ ചരമാക്ഷരങ്ങൾ ഏങ്ങനെയോ എഴുതപ്പെട്ടു. ഒരു പ്രകാരത്തിലും അന്നേവരെ ഉണ്ടായിരുന്ന നിയമസംവ്യവസ്ഥകളിൽനിന്നും ചില്ല അടികൊം മുന്നോട്ടുപോയ ഒരു പരിഷ്ക്കാരമാണ് തൊണ്ണൂറോഴിൽ രാഷ്ട്രവയ്യാ നിയമസഭക്ക് വരുത്തിയത്. ഈ പരിഷ്കാരങ്ങളിലേക്കു പൊന്തിനിന്ന ഒരു ന്യൂനത ഈ രാജ്യത്തെ പിന്നോക്കസമുദായങ്ങളെ ഇവ കേവലം അവശണിച്ചിരുന്നു എന്നുള്ളതായിരുന്നു. ഇഴവർ മുതലായ അവർണ്ണഹിന്ദുക്കളും ചില അഹിന്ദുസമുദായങ്ങളും അതിശീഘ്രം സ്വതോമുഖമായി പുരോഗമിച്ചുവന്ന കാലമാണ് രാഷ്ട്രീയബുദ്ധിയും സ്വാതന്ത്ര്യപ്രബോധവും കടിഞ്ഞാണുകളെല്ലാം പൊട്ടിക്കുന്നതിനുള്ള വ്യഗ്രത അവർക്കു വളർത്തിക്കൊണ്ടിരുന്നു. മൂലംതിരുനാളിന്റെ കാലംകഴിഞ്ഞു റീജൻസി ഭരണമായി. കാലത്തിന്റെ ഗതി അവർണ്ണഹിന്ദുക്കളുടേയും അഹിന്ദുക്കളുടേയും ശക്തിയെ ഒന്നിനൊന്നു വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ഏഴാമാണ്ടാണ് റീജൻസി ഭരണം ആരംഭിച്ചത്. പതിനാറുവയസ്സു തികഞ്ഞ അന്നു നിലനിന്നു. വിദ്യാധനനായ ചിത്രമെഴുത്തു രവിവർമ്മയുടെ ദേഹിതൃമാരാണ് റീജന്റും അമ്മമഹാറാണിയും. റീജൻറിനെപ്പറ്റി ജനങ്ങളുടെ ഇടയിൽ വലിയ സ്നേഹാദരങ്ങളും എങ്ങനെയൊ ഉണ്ടായിക്കഴിഞ്ഞിരുന്നു. ആ ഇടവത്തിൽ രാജ്ഞിയുടെ ഉദ്യോഗകാലാവധി അവസാനിച്ചു അടുത്ത ദിവാൻ ആരായിരിക്കുമെന്ന പ്രശ്നം രാജ്യത്തിന്റെ മുമ്പിൽ ഉണ്ടായി. അപ്പോഴാണ് ഒരത്ഭുതപ്പോ ആശ്ചര്യമൊ സകലർക്കും ഉളവാകുമാറ് മിസ്റ്റർ വാട്സിന്റെ നിയമനം പ്രഖ്യാപനം ചെയ്യപ്പെട്ടതു്. ഈ മിസ്റ്റർ വാട്സ് ആരെന്നോ എന്തെന്നോ അന്നു കേട്ടിരുന്നില്ല. റീജൻറിന്റെ ഉറ്റമിത്രമായി കഴിഞ്ഞിരുന്ന വിമൻസ് കോളേജു പ്രിൻസിപ്പാൾ മിസ്സ് വാട്സിന്റെ സഹോദരനും അതിനാൽ വളരെക്കാലം തിരുവിതാംകൂർ ശവർമ്മെൻറിന്റെ ചീഫ് സെക്രട്ടറിയായിരുന്ന മിസ്റ്റർ വാട്സിന്റെ പുത്രനും അന്തർകൊട്ടാരനും ആണ് അദ്ദേഹമെന്ന അറിവാണ് ആദ്യം എല്ലാവർക്കും കിട്ടിയതു്. അദ്ദേഹം ഡൽഹി സെക്രട്ടറിയേറ്റിൽ സൂപ്രണ്ടായിരുന്നു, അനന്തരം ഇംഗ്ലണ്ടിൽപോയി ബാരിസ്റ്റർപരീക്ഷ പാസ്സായി അവിടെ പ്രാക്ടീസുചെയ്കയാണ്, നല്ല ഒരു പത്രലേഖകനാണ് എന്നൊക്കെയുള്ള വിവരങ്ങൾ പിന്നീടു വെളിവായി അദ്ദേഹത്തിന്റെ സാമർത്ഥ്യവിശേഷങ്ങൾ അന്നത്തെ ആളും അറിഞ്ഞിരുന്നില്ല. എങ്കിലും അഹിന്ദുക്കളേയും അവർണ്ണരേയും ഒന്നുപോലെ ആഹ്ലാദിപ്പിച്ച ഒരു നിയമനമായിരുന്നു അതു്. നൂറ്റാണ്ടു ശതാബ്ദങ്ങൾക്കാലമായി പഴയ ചേരരാജ്യം ശത്രുക്കളുടെ സന്തതിപരമ്പരയിൽപ്പെട്ടു് തിരുവിതാംകൂർ വാണ രാജവംശത്തിനു് സാഹിത്യം വഹിക്കാൻ സവർണ്ണഹിന്ദുക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇടക്കാലത്തു് പ്രത്യേക പരിതഃസ്ഥിതികളിൽ കിഴ്ന്നൽ മൺറോ സിഡിനർ ദിവാനായതു പരിശോധിക്കേണ്ട ആവശ്യമില്ല. അതിനാൽ ആദ്യത്തെ അഹിന്ദു ദിവാൻ തിരുവിതാംകൂർ ചരിത്രത്തിൽ [illegible] നിയമനത്തിൽ അനേകരെ ഭരണചക്രം തിരിച്ചുകൊണ്ടിരുന്ന സമുദായങ്ങളും അവരുടെ പത്രങ്ങളും ഉണ്ടാക്കിയ ബഹളങ്ങളും കേട്ടിട്ടുണ്ടാവുമല്ലോ. അന്നു ശ്രീവാഴുംകോട്ട്, വീരകേരളൻ മുതലായ പത്രങ്ങളും കൗമുദിയുടെ മുഖപ്രസംഗങ്ങളും [illegible] നിരവധി ആയിരുന്നു. ദേവസ്വങ്ങളും ദേവസ്വങ്ങളും ഇന്നു ഉപജീവനം വലിക്കുന്ന ശക്തി ഏറ്റവും വലിയ ആയുധം. സർക്കാർ സർവീസിൽ മതിയായ പ്രാതിനിധ്യം നേടുന്നതിനുള്ള അവിരാമമായ പ്രക്ഷോഭണത്തിൽ ഏർപ്പെട്ടിരുന്നു. അവർണ്ണർക്കും അന്നത്തെ സ്ഥിതിഗതികളും അതിനു ഏറെക്കുറെ അനുകൂലിക്കേണ്ടിവന്ന വാട്സിന്റെ നിയമനംമൂലം വർദ്ധിച്ച ദേവസ്വം വിജൃംഭനം നടന്ന എന്നു മാത്രമല്ല റീജൻറിനോടു് നേരിട്ടു ഉത്തരവാദിത്വം ചെയ്യുന്ന ഒരു ദേവസ്വം കമ്മിഷണർ നിയമിതനാവുകയും ചെയ്തു. ഇതു് ഒരു വലിയ കാര്യംതന്നെ ആയിരുന്നു. എന്തുകൊണ്ടെന്നാൽ ഹിന്ദുദേവന്മാരുടെ ഉണർത്തിനും ഉറക്കത്തിനും തുടങ്ങിയ ചെയ്യുക രാജ്യഭരണത്തിന്റെ ഒരു പ്രധാന പങ്കു് ആണെന്നുള്ള സത്യം ഏവരും നിശ്ശേഷം മറന്നുകളഞ്ഞിരുന്ന ഇക്കാലത്തു് ഇതുമൂലം ഉണ്ടായതു്. ശ്രീ. [illegible] നാണു് അർച്ചിക്കാനുള്ള പൂക്കൂടകൾ കിഴക്കൻ ഭിക്ഷകളിൽനിന്നു സമയത്തിനെത്തുന്നില്ലെന്നും കണ്ടതു് തിരുവിതാംകൂറിൽ അങ്ങോട്ടും ആദ്യമായി നടപ്പായതു് നോമ്പിക്കയോ ഭരണകർത്താക്കളിൽ ഈ ദേവന്മാർക്കു് ഉണ്ടായിരുന്ന കൈകാര്യകർതൃത്വം വ്യക്തമാക്കുന്നതാണു്. പല ആശങ്കകൾക്കും എതിർപ്പുകൾക്കും ഇടയിലാണു് അജ്ഞാതനായ മിസ്റ്റർ വാട്സ് ഭരണഭാരം ഏറ്റതു്. നാലുകൊല്ലത്തെ അദ്ദേഹത്തിന്റെ ഭരണം ഭാഗ്യപ്രദമായിരുന്നുവെന്നു് അദ്ദേഹത്തിന്റെ ബദ്ധശത്രുക്കൾപോലും സമ്മതിക്കും. കണ്ടുകൃഷിയിലും കൃഷിക്കും സർക്കാർപാട്ടം മോകൃക്കരം നെല്ലായും ഇനമായും കൊടുക്കണമെന്നുള്ള വ്യവസ്ഥ നിർത്തൽചെയ്തതും കുടിയാന്മാരെ ഉദ്യോഗസ്ഥന്മാരുടെ അനാവശ്യവേലകളിൽനിന്നും നിർബ്ബന്ധിച്ചുള്ള [illegible] കൊടുപ്പിച്ചതും, കൊട്ടാരത്തിലേയ്ക്കു്

100 ശതമാനം അനുഭവസിദ്ധമായ

അഗസ്ത്യസിന്ദൂരം

(എല്ലാ ഭവനങ്ങളിലും സൂക്ഷിക്കേണ്ട ഒരു മഹൌഷധം)

എല്ലാവിധ ജ്വരങ്ങളും, കഫക്കെട്ട്, വരട്ടറിളക്കം — വിശേഷിച്ചും — കോളറ, മൂത്രദോഷം, ശുക്ലദോഷം, ധാതുക്ഷയം, കാസശ്വാസം, എന്നിങ്ങനെ നിരവധി രോഗങ്ങളാൽ നരകയാതന അനുഭവിക്കുന്നവർക്ക് സഹായസന്നദ്ധനായ ഒരു ഡോക്ടർ അരികിലുണ്ടായിരുന്നാൽ ലഭിക്കുന്ന എല്ലാ പ്രയോജനങ്ങളും **അഗസ്ത്യസിന്ദൂരം** നൽകുന്നു. യുവലോകത്തെ അനുനിമിഷം കരണ്ടു തിന്നുകൊണ്ടിരിക്കുന്ന **ഡൈനോറിയ, സിഫിലിസ്** എന്നീ രോഗങ്ങൾക്കും **അഗസ്ത്യസിന്ദൂരം**തന്നെയാണ് ഏക സിദ്ധൌഷധം. 41 നേരം സേവിക്കാനുള്ള മരുന്നിന്റെ വില പത്തുരൂപ. തപാൽ ക്ലേശം ഒരു രൂപ. ഉടൻ അപേക്ഷിക്കുക:

ആർ. അച്യുതൻതമ്പി ബി. എ. അഗസ്ത്യമന്ദിരം,

പഴവങ്ങാടി (K. W.) തിരുവനന്തപുരം.

N. B. ഞങ്ങളുടെ ഔഷധങ്ങൾ നിർദ്ദേശാനുസരണം സേവിച്ച് തീർന്നിട്ടും രോഗശാന്തി ലഭിക്കാത്തപക്ഷം ഔഷധവില മടക്കിക്കൊടുക്കും.

USHA

രിനെല്ലും ഞവരയും അമ്പലപ്പുഴ ധർമ്മപ്പല്ലും കൊടുക്കുന്നതു് ഇളവു ചെയ്യലും ഒക്കെ തിരുവിതാംകൂർ ജനതയുടെ സ്വാതന്ത്ര്യസമരത്തിനു് വാട്സ് നൽകിയ അംഗീകരണമായിവശേഷിക്കുകതന്നെ ചെയ്യും, സർ. ടി. മാധവരായരുടെ കാലശേഷം പബ്ലിക് വർക്സിനെ ഏറ്റവും വലിയ അഭിവൃദ്ധി വാട്സിന്റെ കാലത്താണ് ഉണ്ടായതു് ചേർത്തല അർത്തുങ്കൽ റോഡ്, നേരിയമംഗലം പള്ളിവാസൽ റോഡ്, നീണ്ടകർപ്പാലം, നേരിയമംഗലംപാലം, പുതിയ വിമൻസുകാളേജ് കെട്ടിടം മുതലായവയെല്ലാം വാട്സിന്റെ സന്താനങ്ങളാണ്. തിരുവനന്തപുരം വാട്ടർ സപ്ലൈ, ഇലക്ട്രിസിറ്റി കരണം, ഒന്ധ്യയിനേജ് മുതലായവയും വാട്സിന്റെ രൂപീകൃത്വത്തിൽ രൂപമെടുത്തവയാണ്. പിൽക്കാലങ്ങളിൽ ഇവയിൽ ചിലതിനുള്ള യശസ്സ് വേറെ ചിലർ സ്വായത്തമാക്കാൻ ഒരുമ്പെടുമെങ്കിലും നടക്കുമെന്നതിന്റെ കഥ എന്റെ ഉള്ളിൽ ഇരിക്കുന്നതുകൊണ്ടാണ് ഇവിടെ ഞാൻ ഇവയെല്ലാം എടുത്തു പറയുന്നതു്. കെയിറോവിലെ തെരുവുകളിൽക്കൂടി കുതിരക്കൽ വാട്സ് പോകുമ്പോൾ അർദ്ധചന്ദ്രാകൃതിയിൽ മനോഹരമായ ഒരു മുക്കൽ കെട്ടിടംകണ്ടുവെന്നു. അതിന്റെ മാതൃകയിലാണ് വിമൻസ് കാളേജ് മിസ്സർ വാട്സ് രൂപകൽപ്പന ചെയ്തതെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. അതൊക്കെപോകട്ടെ തിരുവിതാംകൂർകാക്ക പലപ്രകാരത്തിലുള്ള കടപ്പാടു് മിസ്സർ വാട്സ് ഉണ്ടാക്കിയിട്ടുള്ളതിൽ ഒന്നു് നിശ്ചയമായും ഒരിക്കലും വിസ്മരിക്കാവതല്ല. അതു് ബട്ലർ കമ്മിഠിക്കു് അദ്ദേഹം സമർപ്പിച്ച മെമ്മോറാണ്ടം ആകുന്നു. അതു് തിരുവിതാംകൂർ ചരിത്രത്തിനേറയും ഭരണവ്യവസ്ഥയുടേയും സൂക്ഷ്മവും സമഗ്രവുമായ ഒരു അപഗ്രഥനം ആകുന്നു. അതിന്റെ കോപ്പികളും അത്യന്തം വിരളവുമാണ്. മിസ്റ്റർ. വാട്സുമായി വലിയ അടുപ്പത്തിൽ കഴിഞ്ഞിരുന്ന ശ്രീ ഐ. സി. ചാക്കോയുടെ കൈവശം ഉണ്ടായിരുന്ന അതിന്റെ ഒരു കോപ്പി ഞാൻ കണ്ടിട്ടുണ്ട്. പല തവണ വായിച്ചിട്ടുണ്ട്. വാട്സിന്റെ മിടുക്കുകളിൽ അൽഭുതപ്പെട്ടിട്ടുണ്ട്. ശ്രീ ഐ. സി. ചാക്കോയുടെ അറിവുകൂടാതെ ആ മെമ്മോറാണ്ടം അപ്പടി പകർത്തിയെടുത്തു സൂക്ഷിച്ചിട്ടുണ്ട്. തിരുവിതാംകൂറിന്റെ അവകാശസംരക്ഷണത്തിനവേണ്ടിയുള്ള അതിസമർത്ഥമായ ഒരു സമര സന്നാഹത നിർദ്ദേശമായി അതിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുണ്ട്. ടി കെ വേലുപ്പിള്ളയുടെ സ്റ്റേറ്റ് മാനുവൽ സർ സി. പി. യുടെ ശ്രമഫലമെന്നു് കൊണ്ടോടിയിട്ടുള്ള പല നേട്ടങ്ങളും ഈ രാജ്യത്തിനു് വരുത്താൽ ആദ്യമായി അതി സമർത്ഥമായി കരംഗ്രഹികയും ഉന്നമിപ്പിച്ചതു് വാട്സാണെന്നുള്ള സത്യം ഈ റിപ്പോർട്ടുവായിക്കുന്നവർക്കു് ബോദ്ധ്യമാകാതിരിക്കുകയില്ല. അന്നത്തെ സ്ഥിതിഗതികളും മാറിയിരിക്കുന്നുവെങ്കിലും ചരിത്രപ്രാധാന്യത്തെ പരിഗണിച്ചെങ്കിലും ഈ റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തേണ്ട കടമ ഗവൺമെന്റിനുണ്ടെന്നു് ഞാൻ കരുതുന്നു.

റീജൻസി ഭരണം സാമൂഹ്യമായ പല പരിഷ്കാരങ്ങളും വരുത്തിയ ഒരു പ്രധാന കാലഘട്ടം ആയിരുന്നു. ക്ഷേത്രറോഡുകളും ഊന്നുവഴി നിരോധിച്ചതും മറ്റും ദേവദാസി (കടിക്കാരി) ഇടപാടു് ഇല്ലാതാക്കിയതും ഒക്കെ അവയിൽ ഉൾപ്പെടുന്നു. ചേർത്തല കാർത്ത്യായനിയുടെ തിരുമുമ്പിൽ ഒരു നീക്കുപോക്കും കൂടാതെ നടത്തുവാനിരുന്ന പൂരപ്പാട്ടു് നിരോധിച്ചതു് വേറൊരു വലിയ കാര്യമായിരുന്നു.

"പീനൽകോടൻ വകുപ്പൊരുത്തുണ്ടെങ്കിലും, മീനരേണിക്കു് മാറാ മില്ല്" എന്നാവിരുന്നു എല്ലാവരും കരുതിയിരുന്നതു്. കാർത്ത്യായനിയുടെ മുമ്പിൽനടന്ന നാറിയ പാട്ടുകളേയും ഇടപാടുകളേയും ഹൈന്ദവധർമ്മത്തിന്റെ മുഖത്തിരുന്നുകൊണ്ടു പറഞ്ഞിരുന്ന തിരുവിതാംകൂറിലെ ഹൈന്ദവഗവർമ്മെന്റ് അക്കാലംവരെ ഹൃദയശുദ്ധമായി കടാക്ഷിച്ചുകൊണ്ടിരിക്കയാണുണ്ടായതു്. 1068-ൽ ഒരു പാതിരി ഈ പാട്ടുകളുടെ നാറ്റംമൂലം സഹികെട്ട് ഒരു പരാതി സർക്കാരിൽ ബോധിപ്പിച്ചു. അതിന്റെ ഫലമായി പാട്ടു പാടുന്നതിനു ഗവർമ്മെന്റിൽനിന്നു് അനുവാദം വാങ്ങിക്കുകയും സ്ഥാപിച്ചുവെന്നു പറഞ്ഞാൽ സംശയിവിശ്വാസമാകുകയില്ല. ഈ സങ്കേതത്തിനകത്തെ പാട്ടുകൾ പാടി കാർത്ത്യായനിക്കു് പുളകംകൊള്ളിക്കാവുന്നതാണ് ഏർപ്പാടായി ഈ പാട്ടുകളുടെ ഉൽഭവത്തെപ്പറ്റി ഒരു നണക്കഥയുള്ളതും പറഞ്ഞുകൊള്ളട്ടെ. വില്വമംഗലത്തു സ്വാമിയാർ കാർത്ത്യായനിയെ തലമുടി പിടിച്ചു് പ്രതിഷ്ഠിക്കാൻ പലവണ നോക്കിയെങ്കിലും ഉറച്ചിരിക്കാൻ അവർ സമ്മതിയായില്ല സ്വാമിക്കു് കലികൊണ്ടു് "ഛീ! ഇരിപ്പുപോയാട്ടി" എന്നു് സ്വാമി അരുളിച്ചെയ്തതായും കാർത്ത്യായനിയുടെ പ്രതിഷ്ഠാ ഉച്ചതായും ആണ് കഥ. തന്നെ സംബോധനചെയ്ത പരുഷത്തിന്റെ മാധുര്യം കൊണ്ടു് അത്യുമായി അനുഭവിച്ച കാർത്ത്യായനി പൂരപ്പാട്ടുകൊണ്ടല്ലാതെ മേലാൽ പ്രസാദിക്കയില്ലെന്നും വന്നുകൂടിയതുകൊണ്ടായിരുന്നു ഈ ഏർപ്പാടു നിറുത്തൽ ചെയ്യാൻ റീജൻസി തിരുമനസ്സിനോടു് നാം കൃതജ്ഞരായുക. റീജൻസി ഭരണകാലമാണ് മരുമക്കത്തായത്തിന്റേയും തറവാട്ടുകളുടേയും കടപുഴക്കിത്തള്ളിയ നായർഴവ റഫോർമേഷനുകൾ ഉണ്ടായതെന്നും ഓർക്കേണ്ടതുണ്ട്. ഈ സമുദായങ്ങളുടെയിടയിൽ വിവാഹത്തിനും മായക്രമത്തിനും നിയപ്പെടുത്തിക്കൊണ്ടുണ്ടായ ഈ നിയമങ്ങൾ ഇൻഡ്യയിലെ ഹൈന്ദവജനസമുദായങ്ങൾ നിലവിൽ വന്നിട്ടുള്ള ഏറ്റവും പുരോഗമനപരമായ രണ്ടു നിയമസംബന്ധങ്ങളാണെന്നു് ഡാക്ടർ അംബേദ്കർ ഒരു സംഭാഷ



നവവത്സരസമ്മാനങ്ങൾ

★

ണമല്ലൊ. ഞാൻക്കടിയുള്ളപ്പോൾ പറയുകയുണ്ടായിരുന്ന കാര്യം ക്കടി ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളട്ടെ. ഇങ്ങനെ സാമൂഹ്യമായും രാഷ്ട്രീയമായും വലിയ പരിവർത്തനങ്ങളുടെ തിരത്തള്ളൽ പലതും റീജൻസി ഭരണകാലം സംഭവിപ്പിച്ചുകൊണ്ടിരുന്നു പക്ഷേ ഒരു "അശുദ്ധ" റീജൻസി ഭരണകാലത്തു് വാട്ട്സും ഇടാതിരുന്നില്ല. അതു് വത്തമാനപ്പത്രത്തിന്റെ ഇലേഷനായിരുന്നു. പത്രം തുടങ്ങുന്നതിനു ഗവൺമെൻറനുമതിയും ലൈസൻസ് ഫീസും വേണമെന്നു് അതു് കർശനമാക്കിച്ചില പത്രങ്ങളും, ശ്രീവാഴുംകോട്ടു് വീരകേരളം മുതലായി വാട്സിനെ കാരുമാകിലും അകാര്യമാകിലും തെറിപറയുന്നതിൽ ഉദ്ധവ്രതരായിരുന്നു. അവക്കു് അങ്കുശമിടാനായിരുന്ന ഈ നിയമമെങ്കിലും അതു് വാട്സിന്റെ രാജ്യതന്ത്രജ്ഞതയ്ക്കു് കളങ്കം ചേർക്കുകയെന്നു ചെയ്ത മലയാളനാരദ അന്നു് ആ നിയമനിർമ്മാണത്തെ സാധുകരിച്ചുകിലും സർസി പി. യുടെ കാലത്തു് ആ നിയമം അതിന്റെ വിരപ്പല്ലുകൾക്കിടയിൽ മനോരമയെത്തന്നെ ചവച്ചു കുടഞ്ഞു കളഞ്ഞു എന്നുള്ള ഒരു വിധിവിനോദം ആകുന്നു. മനപ്പൂർവ്വം രാജ്യദ്രോഹസ്സ് കെവത്തുവാൻ റീജന്റ ജാഗ്രതയായിരുന്നു എന്നു് വിശദമായി ഏഴാംകൊല്ലക്കാലത്തെ റീജൻസിഭരണം ഈ രാജ്യചരിത്രത്തിലെ ഒരു നാഴികക്കല്ലു് ആയി ശോഭിക്കും. ഒരു വലിയ സാമൂഹ്യപരിവർത്തനദശയാണു് ആ ഭരണംതരണം ചെയ്തതു്.

1107 ഇലാത്തിൽ ചിങ്ങിരതിരുനാളിന്റെ ഭരണാധികാരപ്രതിഷ്ഠാപനം ഉണ്ടായി. അന്നനടന്ന ഡർബാർ പ്രസംഗത്തിനു സർ സി. പി. രാമസ്വാമിഅയ്യരെ നിയമോപദേഷ്ടാവായി നിയമിച്ചിരിക്കുന്നവനും ശ്രീമൂലം പ്രജാസഭക്കു് നിയമാധിഷ്ഠാനം നൽകാൻ ഉദ്ദേശിക്കുന്നതായും പ്രഖ്യാപനമുണ്ടായി. അതുസരിച്ചു് ഭിവാനായി അവരോധിക്കപ്പെട്ട 118 അംഗം പ്രസിദ്ധമായ നിയമസഭാപരിഷ്കാരം നടപ്പിൽവന്നു.

താഴെ പറയുന്ന പേരുകാർക്കു് അതാതു പേരോടു ചേർത്തു് പറഞ്ഞിട്ടുള്ള നവവത്സരസമ്മാനങ്ങൾ നൽകുന്നു.

ഫൈസനോവർ—ഒരു പഴഞ്ചൻ ആറംബാംബു്.

ചർച്ചിൽ—മോസ്ക്കോയിൽ പോയിവരാൻ ഒരു ടിക്കറ്റു്.

ആറ്ലി—ഒരു ചർച്ചിലിയൻ ചുരുട്ടു്.

മലങ്കോവു്—ഡൽഹിയിലേക്കുള്ള ക്ഷണനം.

മാവോസേതുംഗ്—ഐക്യരാഷ്ട്രസമിതിയിൽ ഒരു സീറ്റു്.

ഡുള്ളസ്—പേരിന്റെ അവസാനത്തിൽ ഒരു "ാറ്" ക്രടി.

ഐസനാർ മൈക്കുത്തി—എലിപ്പാഷാണം.

ചിയാങ്ങ്കൈഷക്കു്—ഫോർമോസായിൽനിന്നു് വാഷിംഗ്ടണിലേക്കു് പോകാൻ മാത്രം ഒരു ടിക്കറ്റു്.

സിംഗ്മാൻ റീ—ചിയാങ്ങ് കൈഷക്കിന്റെ കീറിപ്പറിഞ്ഞ ഒരു മേലങ്കി.

ഡാ: ജഗാൻ—ബ്രിട്ടീഷ് സാമ്രാജ്യത്തോടു് സമരം ചെയ്യാൻ 10 ലക്ഷം രൂപാ.

മുഹമ്മദാലി—(പാക്കി: പ്രധാനമന്ത്രി) ഒരു കളിത്തോക്കു് (അമേരിക്കയിൽ നിർമ്മിച്ചതു്.)

ഇലാംമുഹമ്മദു്—(പാക്കി ശവ: ജനാൽ) വിമാനത്തിന്റെ മോഡൽ (അമേരിക്കയിൽ നിർമ്മിച്ചതു്.)

സഫറുള്ളഖാൻ—ഒരു ഗിഫ്റ്റു് ഷേവിംഗ്സെറ്റ്. (അമേരിക്കയിൽ നിർമ്മിച്ചതു്)

ബ്രിട്ടീഷ് ഗിനിയായിലെ കാട്ടാളൻ—'മെയിൻകാംഫ്' (ഹിറ്റ്ലർ എഴുതിയതു്.)

മലാൻ കീലും തുവലുകളും

മുസ്സാഡിക്കു്—"കരയുക— എന്റെ പ്രിയപ്പെട്ട രാജ്യമേ"

ജനറൽനജീബു്—സുഡാൻ

ടിറ്റോ—ക്രൊയിനിൽനിന്നുള്ള ക്ഷണം.

* * *

നെഹ്റു—അദ്ദേഹത്തിന്റെ ബട്ടൺ സുഷിരത്തിലേക്കു് ഷാലിമാറുഭ്യാനങ്ങളെപ്പോലെ പരിമളം ഉകന്നതും പ്രപഞ്ചത്തോളം ബഹുമതിയുള്ളതുമായ ഒരു പൂവു്.

തിമ്മയ്യ—സമാധാനത്തിനു വേണ്ടി പുനഃസംഘടിപ്പിക്കപ്പെട്ട ഐക്യരാഷ്ട്ര ലോകസേനയുടെ കമാൻഡു്.

കട്ജു—ഒരു പോലീസുകാരന്റെ ലാത്തി.

ആസാദ്—ഒരു സ്റ്റോറിൻപെൻസിൽ.

അമൃത്കൗർ—ഒരു കുപ്പി മീനെണ്ണ.

സി. ഡി. ദേശ്മുഖ്—നികുതി കൊടുക്കാതെ ഒഴിഞ്ഞുമാറുന്ന ഏതാനുംപേർ.

കേസ്കർ—അഖിലേന്ത്യാ റേഡിയോപരിപാടികളും മാത്രമേ കേൾക്കുകയുള്ളുവെന്നു് ശ്രീമതിയുള്ള ഒരു മോഡൽ റേഡിയോസെറ്റു്

കപിലോയി—ഫിറോയിക്കിടക്കുന്ന ഒരു ഷെർവാണി.

രാധാകൃഷ്ണൻ—ഫിലാസഫേഴ്സ് സ്റ്റോൺ (ഭാർഗ്ഗവനിലയത്തിലെ കല്ലു് എന്നു് വാക്യാർത്ഥമുള്ള ഇല്ലുവരെ കണ്ടുപിടിക്കപ്പെടാത്തും സാധാരണ ലോഹങ്ങളെ സ്വർണ്ണമാക്കിമാറ്റാൻ കഴിവുള്ളതെന്നു് വിശ്വസിക്കപ്പെട്ട പോർണന്തുമായ ഒരു സാങ്കല്പിക പദാർത്ഥം)

* * * *

എസ്. കെ. പട്ടീൽ—തൊണ്ണൂറ്റേഴനയ്യുള്ള ഗ്രന്ഥികകം

വി. കെ. കൃഷ്ണമേനോൻ—ഒരു വധു.

മാസ്റ്റർ താരാസിംഗ്—മരംകൊണ്ടുള്ള ഒരു വാതം.

കെ. എം. മുൻഷി—മജീദ് അലിഷായുടെ സിംഹാസനം.

ബി. സി. റായി—ഒരു വീണ, (നീറോ ചക്രവർത്തിയുടേതു്)

ഭീമസേനസച്ചാർ—ചാന്ദിഗർ

ഗോവിന്ദവല്ലഭ് പാന്തു്—വണ്ണം കുറയ്ക്കാനുള്ള ഗ്രന്ഥികകം

പ്രകാശം—അന്ധ്രാ.

മൊറാർജിദേശായി—മോണ്ടികാർലോയിൽ ഒരു വിനോദവേള.

* * *

വിനോബാഭാവേ—ഭോ-ബിഗാ ജമീൻ

ഗ്രന്ഥസാരിലാൽ നന്ദാ "മോസ്കോയ്ക്കു് ഒരു പ്രതിയുണ്ടു്."

സി രാജഗോപാലാചാരി—പാണ്ടിച്ചേരിയിൽ ഒരു ആശ്രമം.

ജയപ്രകാശ് നാരായൺ—"ഞാൻ ഇൻറലിജൻറ് വുമൻസ് ഗയിഡാറ സോഷ്യലിസം ആൻഡ് കുപ്പിറാലിസം" (സോഷ്യലിസത്തെപ്പറ്റിയും കുപ്പിറാഫിസത്തെപ്പറ്റിയുമുള്ള ബാലപാഠങ്ങൾ) സാധാരണബുദ്ധിയുള്ള ഒരു സ്ത്രീക്കു് മനസ്സിലാകത്തക്കരീതിയിൽ ബർണാഡ്ഷാ എഴുതിയ ഒരു പുസ്തകം)

ഡാ: ലോഹിയാ—"ഡോക്ടേഴ്സ് ഡയലമാ" (ഇതു് ബർണാഡ്ഷാ എഴുതിയ ഒരു നാടകമാണു്)

അശോക്മേത്താ—ഒരു ടൺ പർളിയിലവ പുല്ലു്.

അജയഘോഷ്—മേയുടെ പാർലമെൻററി നടപടിക്രമം എന്ന പുസ്തകത്തിന്റെ ഒരു പ്രതി.

എസ് ഏ. ഡാങ്കോ—മോസ്കോയിലേക്കുള്ള പാസ്സ്പോർട്ടു്.

ഏ കെ ഗോപാലൻ—എടുത്തുമാറ്റപ്പെടാവുന്ന മീശ.

ബി, ടി, രണ്ടിവേ—മെനിൻ ഏഴുതിയ "ഇടതുപക്ഷക്കമ്മ്യൂണിസത്തിന്റെ അപകടങ്ങൾ" എന്ന പുസ്തകം.

അങ്കണാ ആസഫാലി—"ദി ഇന്ത്യോർട്ടൻസ് ഓഫ് ബീയിംഗ് ഏർണസ്റ്റ്." (ഓസ്കർ വൈൽഡിന്റെ ഒരു നാടകമാണിത്. ആത്മാർത്ഥമായും ശുഷ്കാന്തിയായും നിലകൊള്ളുന്നതുകൊണ്ടുള്ള പ്രധാന്യം എന്നാണ് അതിന്റെ വാക്യാർത്ഥം)

* * *

കെ. ബി. കൃപലാനി—സഭാജനങ്ങൾക്കുള്ള ഒരു മുടിവെട്ട്.

പുരുഷോത്തമദാസ് താണ്ഡൻ—തെച്ചുകളിക്കുന്നതിനുള്ള ഒരു സോപ്പ് (ഗുരുക്കൾപ്പട്ട് ചേരാത്തത്).

എം. ആർ. മസാനി—"ഒരു പുതിയ പുസ്തകം" "അങ്കിൾസാം നിങ്ങളുടെ ഇൻഡ്യ"

ഷേക്ക് അബ്ദുള്ള തന്റെ ജീവിതത്തിലെ ഏറ്റവും ശ്രദ്ധേയമായ ഈ മഞ്ഞുകാലത്ത് പുതയ്ക്കാൻ ഒരു പാഷ്മിനാ ഷാൾ.

ബക്ഷി—ഷേക്ക് അബ്ദുള്ളയുടെ പഴയ രഹസ്യവാണികൾ.

* * *

ഡാ: കിച്ച്ലു....കാൺഗ്രസിൽ നിന്നും പിരിഞ്ഞുപോകാനുള്ള നോട്ടീസ്.

മൻക്കൻരാജ് ആനന്ദ്—സാഹിത്യം, കല, വസ്തുശില്പം, ബാഡ്മിന്റൺ, ഗുസ്തി നാടകം, ചലച്ചിത്രം, സമാധാനം, പുരോഗതി, തുടങ്ങി അനവധി അനവധി കാര്യങ്ങൾക്കുള്ള സ്റ്റാമ്പിൻ സമ്മാനങ്ങൾ.

ടെൻസിംഗ്—ഒരു റെഫ്രിജറേറ്റർ.

സേത്ത് ജാൽമിയം വേണ്ടാത്ത ഭാര്യ.

ജെ. ആർ. ഡി. ടാറ്റാ—ഒരു വാൽനക്ഷത്രം.

ജി പി. ഹത്തീസിംഗ്—"പെരുങ്കിങ്കിൽ ഒരു നിമിഷം."

ഡി. എഫ്. കാരകട—പാരിസിൽ ഒരു സായാഹ്നം. (ഈ പേരിലുള്ള ഒരു ഹെയർ ഓയിലുമുണ്ട്.)

കെ. എ. അബ്ബാസ്—താനും, വായനക്കാരും തമ്മിൽ ക്രോസ് വേഡ്സ് (വഴക്കുകൾ) ഒന്നും കൂടാതെ അവസാനത്തെ പേജിന്റെ സ്ഥിരമാക്കാം.

—

ചലച്ചിത്രം

ചൈനയിലെ ചലച്ചിത്ര വ്യവസായം

★

(വി. പി. സാഠെ)

ചൈനയിൽനിന്നു വന്ന സാംസ്കാരികസംഘം കഴിഞ്ഞയാഴ്ച ബോംബെ സന്ദർശിക്കുകയുണ്ടായി. ജനുവരി ഒന്നാംതീയതിയാണ് സംഘാംഗങ്ങൾ ബോംബെയിലെത്തിയത്. മൂന്നു ദിവസത്തെ താമസത്തിനിടയിൽ സിനിമാലോകത്തു വിവിധയിടങ്ങളിൽ പ്രവർത്തിക്കുന്ന പലരേയും അവർ സന്ദർശിക്കുകയുണ്ടായി. അവരുടെ പരിപാടിയിൽ ആദ്യമായുണ്ടായിരുന്നതു്, കെ. എ അബ്ബാസ് നൽകിയ ഒരു സ്വീകരണസൽക്കാരത്തിൽ പങ്കെടുക്കുകയായിരുന്നു. അമിയാ ചക്രവർത്തി, അനിൽ ബിസ്വാസ്, ജയരാജ് ഡോവിഡ്, മൻമോഹൻ കൃഷ്ണൻ, രാജേന്ദ്രസിംഗ് ബേഡി, മജ്റൂസുൽതാൻപൂരി, അച്ചാര്യ ദേവ്, വെൽരാജ് സഹാനി, ഹർബർട്ട് മാഷൽ തുടങ്ങി ഒട്ടനവധി വ്യക്തികളും ആ സൽക്കാരത്തിൽ പങ്കെടുത്തിരുന്നു. ചൈനീസ് കൾച്ചറൽ ജനറൽ ശനിയാഴ്ച വൈകുന്നേരം നൽകിയ സ്വീകരണസല്ക്കാരത്തിലും എം. ബി. ബില്ലിമോറിയ, നിത്രപറായി, വീരേന്ദ്രദേശായി, ബിമൽറായി തുടങ്ങിയ അനേകംസിനിമാപ്രവർത്തിസ്സുകളും പങ്കെടുത്തിരുന്നു. സംഘാംഗങ്ങൾ ഇന്ത്യൻചിത്രങ്ങളിൽ വളരെയധികം താൽപര്യം പ്രകടിപ്പിക്കുകയും ഉദയശങ്കർ തന്റെ ചലച്ചിത്രങ്ങളും കഴിയുംവേഗം ചൈനയിൽ പ്രദർശിപ്പിക്കുമെന്നു പ്രതീക്ഷിക്കുകയും ചെയ്തു തുടങ്ങിയതിനുശേഷം ഇന്ത്യൻ ചിത്രങ്ങളുടെ ചൈനീസ് പതിപ്പുകളും നിർമ്മിക്കുകയുണ്ടായി. സ്റ്റോറി നേരിട്ട് നടത്തുന്ന ഷാംഹായ് സ്റ്റുഡിയോകളിൽ ഏതാണ്ട് രണ്ടായിരത്തോളം ജീവനക്കാരുണ്ടുള്ളതു്.

പൂനൻ ചൈനയിൽ, ചലച്ചിത്രനിർമ്മാണം സ്റ്റേറ്റിന്റെ നിയന്ത്രണത്തിലാണ്. പക്ഷെ, ചലച്ചിത്രലോകമൊക്കെ സ്റ്റേറ്റിന്റെ നിയന്ത്രണത്തിലാണെന്നു പറഞ്ഞുകൂടാ, സഹകാരിവ്യക്തികളും നടത്തുന്ന ഒട്ടേറെ പ്രദർശനശാലകളും (തിയേറ്ററുകളും) ചൈനയിലുണ്ട്. ഇരുപതു ചിത്രങ്ങൾ മാത്രമേ നിർമ്മിക്കുന്നുള്ളുവെങ്കിലും, രാജ്യമാകെ എത്തിച്ചു കൊടുക്കുന്നതിനായി ഓരോ ചിത്രത്തിന്റെയും മുന്നൂറ് പതിപ്പുകളും നിർമ്മിക്കപ്പെടുന്നുണ്ട്. താരങ്ങൾക്ക് ഉയർന്ന പ്രതിഫലമാണ് ലഭിക്കുന്നതു് പ്രസിദ്ധിയാർജ്ജിച്ച ഒരു ഷാംഹായ് താരത്തിന് പ്രതിമാസം അറായിരം രൂപാ വരെ ലഭിക്കുന്നുണ്ട്. നടീനടന്മാർക്ക് അയാസകരമായ വിധത്തിൽ റിഹേഴ്സലുകൾ ഏർപ്പെടുത്തിയിട്ടുണ്ടു്. സിനിമയിൽ ജോലിയില്ലാതെവരുന്ന സമയങ്ങളിൽ അവർ നാടകവേദിയിൽ പ്രവേശിക്കുക പതിവാണ്. ചലച്ചിത്രലോകത്തിന് നടീനടന്മാരെ സംഭാവനചെയ്യുന്നതു് നാടകവേദിയും, അഭിനയം അഭ്യസിപ്പിക്കുന്ന ഒരക്കാഡമിയുമാണ് ധവളകേശി (White haired girl) എന്ന ചൈനീസ് ചിത്രം മാത്രമാണ് ഇന്ത്യയിൽ പ്രദർശിപ്പിക്കപ്പെട്ടിട്ടുള്ളതു് എന്നുള്ളതു കൊണ്ടും അതും രണ്ടു വർഷങ്ങൾക്കു മുമ്പാണെന്നുള്ളതുകൊണ്ടും, ചൈനയിൽ ഇന്നു നിർമ്മിക്കപ്പെടുന്ന ചിത്രങ്ങളുടെ നിലവാരത്തെപ്പറ്റി ഒർമിപ്രായം രൂപീകരിക്കുക വിഷമമാണ്. ഇപ്പോൾ ചൈനയിൽനിന്നും ഏതാനും ഡാക്യുമെന്ററി ചിത്രങ്ങളും ഇന്ത്യയിലേയ്ക്കു വന്നിരുന്നുവെന്നും അവയെല്ലാം സെൻസർ ചെയ്തു കഴിഞ്ഞുവെന്നും റിപ്പോർട്ടുണ്ടായിരുന്നു കഴിയുംവേഗം അവയെല്ലാം കാണാനുള്ള സന്ദർഭം നമുക്കുണ്ടാവുമെന്നു പ്രതീക്ഷിക്കുക. ബാർട്ടർ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ, ഇന്ത്യൻ ചിത്രങ്ങളും ഇറക്കുമതി ചെയ്യാൻ ചൈനീസ് ഗവർമെന്റ് തയ്യാറാണെന്നും കേൾക്കുന്നുണ്ട്.

* * *

ശാന്താറാമിന്റെ അടുത്ത ചിത്രമായ "സുഭദ്രാ ഹരണ" (പ്രഭാത നക്ഷത്രം) യിൽ അഭിനയിക്കാൻ അദ്ദേഹത്തിന്റെ സഹധർമ്മിണിയായ ജയശ്രീ സമ്മതിച്ചിരിക്കുന്നു. അവർ ആദ്യം അതിന് വിസമ്മതിക്കുകയുണ്ടായിയെന്നുള്ളതു് ഈ അവസരത്തിൽ സ്മരണീയമാണ്.



കഴിഞ്ഞലക്കം

കഴിഞ്ഞലക്കം "കൗമുദി" ആഴ്ചപ്പതിപ്പ് എന്നെ വളരെയധികം ആകർഷിച്ചു. അതിൽ രണ്ടു ചെറുകഥകളുണ്ടായിരുന്നു എന്നുള്ളതാണതിന്റെ പ്രധാന കാരണം. എല്ലാലക്കം കൗമുദിയിലും കഥയുണ്ടെങ്കിലും രണ്ടു ചെറുകഥകൾ ഒരുമിച്ചു പ്രസിദ്ധീകരിക്കുന്നതു നന്നായിരിക്കും. കൗമുദിയുടെ നിലവാരം ഉയർത്താൻ അതിനുള്ളപങ്കു ചില്ലറയാണെന്നുമല്ല. അടുത്തതായി എന്നെ ആകർഷിച്ചതു് ശ്രീമതി നളിനകുമാരിയുടെ "അവളുടെ കണ്ണു്" എന്ന കവിതയാണു്. വനിതാപംക്തിയിലെ ഇത്തവണത്തെ ലേഖനം ഇതുവരെ പ്രസിദ്ധീകരിച്ചതിൽ മുൻപന്തിയിൽ നിൽക്കുന്നതാണു് അത്രമാത്രം കാര്യങ്ങളും നല്ല ഭാഷയിലതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. എങ്കിലും ശ്രീമതി സതീഭായിയുടെ എല്ലാ അഭിപ്രായങ്ങളോടും പരിപൂർണ്ണമായി യോജിക്കുവാൻ സാധ്യമല്ല. എല്ലാം കൊണ്ടും ഇത്തവണത്തെ കൗമുദി ഒരു വിജയമായിരുന്നുവെന്നുവേണം പറയാൻ.

കെ. രാമചന്ദ്രൻ,
നെടുങ്ങണ്ട.

പ്രകടനപത്രിക

ഐക്യമുന്നണി തെരഞ്ഞെടുപ്പു പ്രകടനപത്രികയെക്കുറിച്ചുള്ള കൗമുദിയുടെ നിർദ്ദേശം തികച്ചും സ്വാഗതാർഹമാണു്. നമുക്കിന്നു വ്യക്തമായ പദ്ധതികളും പരിപാടികളുമാണാവശ്യം. അദ്ഭുതമോഹനമായ ലക്ഷ്യങ്ങളല്ല, നമ്മുടെ നാട്ടിന്റെ എരിയുന്ന പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാനുള്ള ക്രിയാത്മകവും അടിയന്തിരവുമായ നടപടികളും വിഭാവനം ചെയ്തുകൊണ്ടുള്ള ഒരു പ്രകടനപത്രിക ഐക്യമുന്നണി എഴുതിയുണ്ടാക്കുമെന്നു് പ്രതീക്ഷിക്കുന്നു.

കെ. രാമഭദ്രൻ
കിളിരൂർ

ചൈനാക്കുറിപ്പുകൾ

സഖാവു് എൻ. ശ്രീകണ്ഠൻനായരുടെ ചൈനാക്കുറിപ്പുകൾ അത്യുജ്ജ്വല അഞ്ചോലക്കങ്ങളും മനോഹരമായിരുന്നു. അതുകഴിഞ്ഞു് കുറിപ്പുകൾ കാര്യമാത്രപ്രസക്തവും വിരസവുമായിത്തീർന്നു. ഒരു നല്ലൊരു കുറിപ്പിനു് ആവശ്യമില്ലാത്ത ഒട്ടുവളരെ വസ്തുസ്ഥിതികഥനം പ്രസ്തുത കുറിപ്പുകളിൽ സ്ഥലംപിടിച്ചിരിക്കുന്നതു കണ്ടു. അത്യുജ്ജ്വലങ്ങളിൽ പ്രത്യക്ഷമായികണ്ട മനോഹരമായ ശൈലിയും പിന്നീടങ്ങോട്ടു് അപ്രത്യക്ഷമായി. അറിയാൻ അതികാംക്ഷയുള്ളവർക്കു് വളരെയധികം വിഭവങ്ങളും പ്രദാനം ചെയ്യുന്നുണ്ടെങ്കിലും, ഒരു യാത്രാവിവരണക്കുറിപ്പിന്റെ ഏകതാനതയും ലാളിത്യവും മറ്റും പ്രതീക്ഷിക്കുന്ന ഒരു വായനക്കാരൻ നിരുത്സാഹനായിപ്പോകുന്ന പുസ്തകരചനയിലെ ജീവിതത്തിന്റെ വിവിധമണ്ഡലങ്ങളിൽ കടന്നുചെല്ലുന്ന ശ്രീകണ്ഠൻനായരുടെ തൂലിക, ക്ലൃപ്തതയും സ്ഥിതിവിവരക്കണക്കുകളിൽ കുരുങ്ങിക്കിടന്നുപോവുകയാണെന്നു് പറയാതിരിക്കുവയ്യ. ശ്രീകണ്ഠൻനായരുടെ കുറിപ്പുകൾക്കു് അത്യുജ്ജ്വലമായ ഒരു വിദ്യാർത്ഥിയുടെ 'മധുരോദാരമായ' വാൻസ്സായ് വളരെ പ്രയോജനപ്പെട്ടേനെ.

വി. നാരായണക്കുറുപ്പു്
മൂവാറ്റുപുഴ.

മാപ്പു്

ശ്രീ. ജി. വിവേകാനന്ദൻ "മാപ്പു്" എന്ന ഏകാങ്കനാടകത്തിൽ വരച്ചുകാണിക്കുന്ന യഥാസ്ഥിതികനായ കിട്ടപിള്ള മരിച്ചു മണ്ണടിഞ്ഞുകഴിഞ്ഞ ഒരു തലമുറയിലെ ജീവനില്ലാത്ത കഥാപാത്രമാണു്, "തീയന്നം ചോവന്നം നിഴച്ചിട്ടാൽ നാഥനും മറ്റുമൊക്കെയിരിക്കുമോ?" എന്നു് ചോദിക്കുന്ന മനുഷ്യൻ ഇക്കാലത്തും ജീവിച്ചിരിപ്പുണ്ടോ എന്നു് സംശയമാണു്. അതുപോലെതന്നെ "ശാന്ത"യും ഇരുപതും രാഷ്ട്രീയപ്രബുദ്ധത പുലർത്തുന്നില്ല, പക്ഷേ പരസ്പരവിരുദ്ധമുള്ള ഒരു അന്തരാളഘട്ടത്തിൽ ആ കഥാപാത്രത്തിനു് കൂടുതൽ സ്നിഗ്ധത കൊടുക്കുകയാവശ്യമായിരുന്നുവെന്നു് തോന്നുന്നു. അതുകൊണ്ടാടകം അത്ര ഏറ്റിലല്ലെന്നുവേണം പറയാൻ.

ഡി ചന്ദ്രസേനൻ, മണക്കാട്ടു്

രാഷ്ട്രീയനാടകം

ഇത്തവണത്തെ കൗമുദിയിൽ ചേർത്തിരുന്ന "മാപ്പു്" എന്ന ഏകാങ്കനാടകം ഞാൻ സശ്രദ്ധം വായിച്ചു. വിവേകാനന്ദന്റെ മറ്റു നാടകങ്ങളെ അപേക്ഷിച്ചു് ഇതിനു് ഒരു പ്രത്യേകതയുള്ളതുപോലെ. ഈ നാടകം സജീവമായ ഒരു രാഷ്ട്രീയ നാടക സങ്കൽപത്തെ അതിന്റെ എല്ലാ വികാരവായ്പോടും ചിത്രീകരിക്കുന്നു എന്നുള്ളതാണു് സ്നേഹനിധിയായ അച്ഛനും ഭർത്താവിന്റെ കഷ്ടതകളിൽ വിങ്ങിപ്പൊട്ടുന്ന ഹൃദയവുമായി എന്തിനും സന്നദ്ധയായി നിൽക്കുന്ന ഒരു ഭാര്യയും ആ നാടകത്തിലെ ജീവിക്കുന്ന കഥാപാത്രങ്ങളാണു്.

കെ. സി. പുരുഷോത്തമൻ,
ഏറണാകുളം.

സതീഭായിയുടെ ഉൽബോധനങ്ങൾ

ഇന്നത്തെ സ്ത്രീയുടെ കടമയെപ്പറ്റി ശ്രീമതി എം. എൻ സതീഭായി എഴുതിയിരുന്ന ലേഖനം തികച്ചും ശ്രദ്ധേയമാണു്, പഴഞ്ചൻ കുമാർഗവിശ്വാസങ്ങളും നൂതനമായ ആശയങ്ങളും തമ്മിൽ ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ സ്ത്രീ അവളുടെ കടമകൾ എങ്ങിനെ നിർവഹിക്കണമെന്നതിനെപ്പറ്റി ശ്രീമതി സതീഭായി നൽകുന്ന നിർദ്ദേശങ്ങൾ തികച്ചും ആദരണീയങ്ങളാണു്. കുഞ്ഞുങ്ങളെ വളർത്തിക്കൊണ്ടുവരുമ്പോൾ അവരിൽ സ്വതന്ത്രമായ ചിന്താഗതികൾ വളർത്തിക്കൊണ്ടുവരുന്നതിനു് അമ്മമാർ ശ്രദ്ധിക്കണമെന്നുള്ള മുന്നറിയിപ്പും വളരെ അവസരോചിതമാണു്. ശ്രീമതി സതീഭായി മേലിലും ഇത്തരം ശാസ്ത്രനങ്ങളായ ലേഖനങ്ങൾ എഴുതുമെന്നു പ്രതീക്ഷിക്കുന്നു. സുന്ദരമായ ശൈലിയിൽ ശാസ്ത്രനമായ കാര്യങ്ങൾ എഴുതാനുള്ള കഴിവു് ആ സ്ത്രീരത്നത്തിനു് ഉപയോഗപ്പെടുത്താമെന്നു വിശ്വസിക്കുന്നു.

എൻ. മീനാക്ഷി, ആലപ്പുഴ

താരാപഥം
ജനുവരിലക്കം

★

കേരളകൗമുദി വിശേഷാൽപ്രതിയുടെ അച്ചടി സംബന്ധിച്ചു് പ്രസ്സിനു് ഒഴിവില്ലായ്കയാൽ താരാപഥം ജനുവരി ലക്കം ജനുവരി പതിനഞ്ചാം തീയതി മാത്രമേ പുറപ്പെടുകയുള്ളൂ. അനിവാര്യമായുണ്ടായ ഈ തീയതിവ്യത്യാസത്തിൽ താരാപഥം വ്യുജന്മാരും വായനക്കാരും ക്ഷമിക്കുമെന്നു് പ്രതീക്ഷിക്കുന്നു.

മാനേജർ,
താരാപഥം
പേട്ട, തിരുവനന്തപുരം

Printed and Published by K. Balakrishnan at the Indira Printing Works Pettah, Trivandrum

Phone No. 2128

PRICE As. 3

REG: M. 5661

THE
KAUMUDI WEEKLY
PUBLISHED EVERY MONDAY

VOL: IV
11th MONDAY
JANUARY 1954
No. 42

★ കഥാമാലിക ★

(ചെറുകഥാമാസിക)

പത്രാധിപസമിതി

തകഴി

കെ. ബാലകൃഷ്ണൻ

സി. എൻ. ശ്രീകണ്ഠൻനായർ

മാർച്ച് ആദ്യവാരം
പ്രസിദ്ധീകരിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കെഴുതുക:

മാനേജർ,
കഥാമാലിക
പോസ്റ്റ്–തിരുവനന്തപുരം.